**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വലിയ ആലോചനകളോ തയ്യാറെടുപ്പുകളോയില്ലാതെ തട്ടിക്കൂട്ടിയൊരു നിയമമാണിത്. അതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് ലീഗൽ ഒബ്ജക്ഷൻസ് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രസ്തുത ബില്ലിലെ ഖണ്ഡം 2 (ബി) പ്രകാരം കാർഷിക സർവ്വകലാശാല നിയമത്തിൽ പകരം ചേർക്കുന്ന വകുപ്പ്

എന്നതിലെ 27(11)-ൽ ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ പ്രൊ-വൈസ്-ചാൻസലറെ വൈസ് ചാൻസലറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി നിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മറ്റ് സർവ്വകലാശാലകളുമായി ബന്ധപ്പെട്ടും സമാന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് 2018-ലെ യു.ജി.സി. ഗൈഡ് ലൈനിലെ പ്രൊ-വൈസ്-ചാൻസലറെ സംബന്ധിച്ചുള്ള ഖണ്ഡിക 7 (2)-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. അതിൽ പറയുന്നത്, 'The Pro-Vice-Chancellor shall hold office for a period which is co-terminus with that of Vice-Chancellor……...', എന്നാണ്. അതായത് ചാൻസലറുടെ കാലാവധിയിൽ മാത്രമേ പ്രൊ-വൈസ്-ചാൻസലർക്ക് ഇരിക്കാൻ കഴിയുകയുള്ളൂ. ചാൻസലർ ഇല്ലാതായാൽ പ്രൊ-വൈസ്-ചാൻസലറും ഇല്ലാതാകുകയാണ്, അത് യു.ജി.സി. നോംസാണ്. സർവ്വകലാശാലകളുടെ നിയമത്തിൽ യു.ജി.സി.-യുടെ ഗൈഡ് ലൈനിന് വിരുദ്ധമായ കാര്യങ്ങളുള്ളതുകൊണ്ട് യു.ജി.സി. നിയമം മാത്രമേ നിൽക്കുകയുള്ളൂവെന്നും അതുമാത്രമേ നോമിനേറ്റ് ചെയ്യുകയുള്ളൂവെന്നും സംസ്ഥാനത്തിന്റെ നിയമത്തിൽ താല്പര്യമില്ലെന്നും

നേരത്തെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുണ്ടായിരുന്നു. അതുകൊണ്ടാണ് വൈസ് ചാൻസലർമാരുടെ നിയമനം ക്രമവിരുദ്ധവും നിയമവിരുദ്ധവും അസാധുവുമാണെന്ന് സുപ്രീംകോടതി വിധിയിൽ പറഞ്ഞത്. ആർട്ടിക്കിൾ 254 അനുസരിച്ച് കേന്ദ്ര നിയമത്തിന് വിരുദ്ധമായൊരു സംസ്ഥാന നിയമം ലെജിസ്ലേച്ചർ പാസ്സാക്കിയാൽ അത് നിൽക്കില്ല. അത് റിപഗ്നൻസി ഇഷ്യൂവാണ്. സുപ്രീം കോടതി വൈസ് ചാൻസലർമാരുടെ വിധിയിൽ പറഞ്ഞതിന് സമാനമായും യു.ജി.സി. ഗൈഡ് ലൈനിന് വിരുദ്ധമായും ഒരു ക്ലോസ് ഈ സംസ്ഥാന ആക്ടിൽ എഴുതിച്ചേർത്താൽ അത് ഒരു കാരണവശാലും നിൽക്കില്ല. അതുപോലെ 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) 2-ാം നമ്പർ ബില്ലിലെ ഖണ്ഡം 2- ൽ ഭേദഗതി ചെയ്യുന്ന കാർഷിക സർവ്വകലാശാല ആക്ട് എന്നതിലെ 25 (1 സി) പ്രകാരം പുതിയതായി നിയമിക്കപ്പെടുന്ന ചാൻസലറുടെ കാര്യാലയം സർവ്വകലാശാലയുടെ ആസ്ഥാനത്തായിരിക്കുമെന്നും സർവ്വകലാശാല പ്രസ്തുത കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നൽകണമെന്നും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മറ്റ്

സർവ്വകലാശാലകളെ സംബന്ധിച്ചും സമാന വ്യവസ്ഥകളാണ് ഇതിലുള്ളത്. കാർഷിക സർവ്വകലാശാല നിയമത്തിന്റെ സെക്ഷൻ 45 (1)-ൽ യൂണിവേഴ്സിറ്റി ഫണ്ടിനെപ്പറ്റി പറയുന്നത്, 'The University shall have a General fund to which shall be credited- (a) its income from fees, endowments and grants, if any; (b) contributions or grants which may be made by the Government to such fund on such conditions as they may impose; (c) other receipts', എന്നാണ്. ഈ സാഹചര്യത്തിൽ ബിൽ നിയമമാകുമ്പോൾ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നുമുണ്ടാകുന്ന ഈ ചെലവ്, അതായത് ചാൻസലർക്ക് പുതിയ സംവിധാനങ്ങളുണ്ടാക്കാൻവേണ്ടി യൂണിവേഴ്സിറ്റിയിലുണ്ടാകുന്നവ ആവർത്തനവും അനാവർത്തനവുമായ ചെലവ് ആയി വരും. അതുസംബന്ധിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല. ഒരു ചെലവും വരില്ലെന്നാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എഴുതിയിരിക്കുന്നത്. ഫിനാൻഷ്യൽ മെമ്മോറാണ്ടം പൂർണ്ണമല്ല. അതിവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല. ഇന്ന് രാവിലെ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പരാമർശിച്ച 1956-ലെ Essential Commodities Act-ൽ അന്നത്തെ സ്പീക്കർ Ganesh Vasudev

Mavalankar പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇതിനുമുമ്പ് ഈ ചെയറിലിരുന്ന നിരവധി സ്പീക്കർമാർ പറഞ്ഞിട്ടുള്ളതാണ്. Financial Memorandum incomplete ആയതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ കഴിയില്ലെന്നുള്ളതാണ്. മറ്റൊരുകാര്യം, കേരള സർവ്വകലാശാല നിയമത്തിലെ വകുപ്പ് 25 (1) അനുസരിച്ച് സർവ്വകലാശാലയുടെ ചാൻസലറെ നിയമിക്കുന്നത് സർക്കാരാണ്. അതായത് നിയമനാധികാരി മന്ത്രിസഭയാണ്. അതുപോലെ 26 (1) പ്രകാരം കൃഷി വകുപ്പുമന്ത്രിയാണ് പ്രസ്തുത സർവ്വകലാശാലയുടെ പ്രൊ-ചാൻസലർ. അതേ നിയമത്തിന്റെ 26 (2), 26 (3) എന്നിവ താഴെപ്പറയും പ്രകാരമാണ്; 26(2) - 'In absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the function of the Chancellor', 26(3) - 'The Pro-Chancellor shall also exercise such other powers and perform such other functions of the Chancellor as the Chancellor may by order in writing delegate to the Pro-Chancellor, and such delegation may be subject to such restrictions and conditions as may be specified in such order'. അതായത്, ചാൻസലർ

വന്നുകഴിഞ്ഞാൽ നിലവിലുള്ള നിയമമനുസരിച്ച് പ്രൊ-ചാൻസലർക്ക് ഡെലിഗേറ്റ് ചെയ്തുകൊടുക്കുകയാണ്. അപ്പോൾ സബോർഡിനേറ്റ് ആകുകയാണ്. ഈ പവർ ഡെലിഗേഷന്റെ കാര്യത്തിൽ നിയമത്തിന്റെ സാധുതയിൽ അവ്യക്തതകൾ ഉണ്ടെന്നുള്ളതാണ്. അതുപോലെ പ്രധാനപ്പെട്ടൊരു കാര്യം വിദ്യാഭ്യാസം ഭരണഘടനയുടെ 7th Schedule-ൽ concurrent list-ൽ ഉൾപ്പെടുത്തിയത്. ചില സ്റ്റേറ്റ് സബ്ജക്ടുകളുണ്ട്. പൊതുവായി ഹയർ എഡ്യൂക്കേഷനിൽ നിന്ന് ഒർജിനേറ്റ് ചെയ്തിരിക്കുന്ന ആക്ടുകളെല്ലാം കൺകറന്റ് ലിസ്റ്റിലുള്ളതാണ്. ഗവൺമെന്റ് ഓഫ് കേരളയുടെ റൂൾസ് ഓഫ് ബിസിനസ് 49 (2)-ൽ പറയുന്നത്, 'If a bill which is proposed to be introduced in the Legislature falls with in the concurrent legislative field, the Administrative Department principally concerned shall, whenever possible consult the Administrative Department of the Government of India dealing with the subject matter of the Bill on the proposed legislation. Consultation with the Government of India shall also be necessary in cases where a bill may seek to amend a law falling within the concurrent legislative

field even though such law applies only to the State of Kerala. Such consultation should be made after the stage indicated in clause (1)', എന്നാണ്. അപ്പോൾ ആ കൺസൾട്ടേഷൻ ഇവിടെ നടന്നിട്ടില്ല. Rules of business-ന്റെ 49 (2)-ന്റെ വയലേഷൻ കൂടിയാണ് ഇവിടെ വരുന്നത്. ചാൻസലർ നിയമനത്തിനായി ഒരു തെരഞ്ഞെടുപ്പ് പ്രക്രിയ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരാളുടെ മിനിമം ക്വാളിഫിക്കേഷൻ ബില്ലിൽ പറയുന്നില്ല. മന്ത്രിസഭയ്ക്ക് ഇഷ്ടമുള്ള ആരെവേണമെങ്കിലും നിയമിക്കാം. കോളേജിൽ പോകാത്ത വ്യക്തിയെയും ചാൻസലറായി നിയമിക്കാം. കാരണം ഇതിൽ മിനിമം വിദ്യാഭ്യാസ യോഗ്യതയെപ്പറ്റി പരാമർശിച്ചിട്ടില്ല. ചാൻസലറായി ആരെയും നിയമിക്കാമെന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. വൈസ് ചാൻസലർമാരുടെയും മന്ത്രിമാരുടെയുമെല്ലാം തലപ്പത്തുവരുന്ന ഒരാളുടെ, മിനിമം വിദ്യാഭ്യാസയോഗ്യതയെങ്കിലും നിശ്ചയിക്കേണ്ടേ; അതാണ് തട്ടിക്കൂട്ടിയ ബിൽ എന്നുപറഞ്ഞത്. എല്ലാ യൂണിവേഴ്സിറ്റികളിലും കോമൺ ആയിട്ടുള്ളൊരു കാര്യമാണ് പറയുന്നത്. സർക്കാർ എങ്ങനെയാണ് ചാൻസലറെ നിയമിക്കുന്നത്; വളരെ പ്രശസ്തനായൊരു വിദ്യാഭ്യാസ

വിചക്ഷണൻ അല്ലെങ്കിൽ കാർഷികവും വെറ്ററിനറി ശാസ്ത്രവും ഉൾപ്പെടെയുള്ള ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, വൈദ്യ ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ളൊരാളെ സർവ്വകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്. കൊച്ചി സർവ്വകലാശാലയുടെ ചാൻസലറായി ഈ പറയുന്ന കാറ്റഗറിയിൽ ആരെയും നിയമിക്കാം. ഒരു സയന്റിസ്റ്റിനെ നിയമിക്കണമെന്ന് നിർബന്ധമില്ല. ഒരു കലാകാരനെയോ സാഹിത്യകാരനെയോ ഹ്യൂമാനിറ്റീസ് പഠിച്ച വ്യക്തിയെയോ നിയമിക്കാം. ആ വ്യവസ്ഥതന്നെ എല്ലായിടത്തും വരികയാണ്. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിലും ഈ പറഞ്ഞ കലാകാരനെയും സാഹിത്യകാരനെയും ഹ്യൂമാനിറ്റീസ് പഠിച്ചയാളെയും നിയമിക്കാം. ഇതിലൂടെ ആരെവേണമെങ്കിലും നിയമിക്കാനാകും. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ വേണമെങ്കിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കാം. അങ്ങനെ ഓരോ സർവ്വകലാശാലയുടെയും ആക്ട് വേറെയല്ലേ; ഓരോ സർവ്വകലാശാലയ്ക്കും അനുരോധമായ രീതിയിൽ ഏത് കാറ്റഗറിയിൽ എന്ന് ബില്ലിൽ

കൊണ്ടുവരാതിരുന്നത് എന്തുകൊണ്ടാണ്? അതാണ് വളരെ നിസ്സാരമായി തയ്യാറാക്കിയ ബില്ലാണിതെന്ന് ഞാൻ പറഞ്ഞത്. കോമൺ ആയിട്ടുള്ള ക്ലോസുകളാണ് വച്ചിട്ടുള്ളത്. അങ്ങനെ വയ്ക്കുമ്പോൾ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള അപകടമാണ് ഞാൻ ഈ പറഞ്ഞത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലും ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും സയൻസുമായി ബന്ധമില്ലാത്തതും തുഞ്ചത്തെഴുത്തച്ഛൻ യൂണിയവേഴ്സിറ്റിയിൽ സാഹിത്യവുമായി ബന്ധമില്ലാത്ത ആളായിരിക്കാം വൈസ് ചാൻസലറായി നിയമിക്കുന്നത്. ഇതെല്ലാം ശ്രദ്ധയില്ലാതെ ചെയ്യുന്ന കാര്യങ്ങളാണ്. നിങ്ങളിപ്പോൾ ചാൻസലർ പദവിയിൽ നിന്ന് ഗവർണറെ മാറ്റാൻ പോകുകയാണ്. ഗവർണറുടെ കാര്യത്തിൽ ഞങ്ങൾ കൃത്യമായ നിലപാടാണ് സ്വീകരിച്ചത്. ഗവർണറുടെ ഭരണഘടനാപരമായ അധികാരങ്ങളുടെ വിഷയത്തിൽ കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന്റെ റെക്കമെന്റേഷനനുസരിച്ച് അദ്ദേഹം പ്രവർത്തിക്കണം. വിവേചനാധികാരങ്ങൾ ഒന്നുമില്ല. ധനകാര്യ വകുപ്പുമന്ത്രിയിൽ ഗവർണറുടെ പ്രീതി നഷ്ടപ്പെട്ടെന്ന് പറഞ്ഞ് അദ്ദേഹം രാജി വയ്ക്കുകയോ മുഖ്യമന്ത്രി അദ്ദേഹത്തെ പുറത്താക്കുകയോ ചെയ്യണമെന്ന രീതിയിൽ കാര്യങ്ങളെത്തിയപ്പോൾ അക്കാര്യത്തിൽ ഗവർണർക്ക്

യാതൊരു അധികാരവുമില്ലെന്ന് പറഞ്ഞ് അതിശക്തമായി എതിർത്തവരാണ് ഞങ്ങൾ. ദേശീയ തലത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിലപാടും കേരളത്തിലെ യു.ഡി.എഫ്.-ന്റെ നിലപാടും അതുതന്നെയാണ്. യൂണിവേഴ്സിറ്റികൾക്കുള്ള നിയമപരമായ അധികാരങ്ങൾ നമ്മൾ നിയമസഭകൂടി നൽകിയ അധികാരങ്ങളാണ്. അതുകൊണ്ടുതന്നെ ഗവർണർക്ക് നൽകിയിരിക്കുന്ന ആ അധികാരം പിൻവലിക്കാനുള്ള അവകാശം ഈ നിയമസഭയ്ക്കുണ്ട്. അക്കാര്യത്തിൽ സംശയമില്ല. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇത്തരത്തിൽ വലിയ പ്രശ്നങ്ങളുണ്ടാക്കിയ ഗവർണറെ ചാൻസലർ പദവിയിൽ നിന്ന് മാറ്റിയിട്ടുണ്ട്. ഗവർണറെ ചാൻസലർ പദവിയിൽ നിന്ന് മാറ്റുന്നുവെന്നതല്ല അതിന് ആനുപാതികമായി നിങ്ങൾ കൊണ്ടുവരുന്ന പ്രൊപ്പോസലാണ് പ്രശ്നം. സംഘിവല്ക്കരണം നടത്തുമെന്ന് പറയുന്നത് ഗവർണറാണ്. ഞങ്ങൾ അതിനെ എതിർക്കും. അതേ അവസരത്തിൽ മാർക്സിസ്റ്റ് വല്ക്കരണം നടത്താനുള്ള സൗകര്യമുണ്ടാക്കാനാണ് നിങ്ങളിത് ചെയ്തിരിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ള ആരെയും അവിടെ നിയമിക്കും. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവരെ നിർദ്ദേശം കൊടുക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രോ-

ചാൻസലർ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്നതും നിയന്ത്രിക്കുന്നതും അദ്ധ്യക്ഷത വഹിക്കുന്നതുമായ ഒരു മന്ത്രിസഭാ യോഗത്തിൽ നിയമിക്കുന്ന ഒരു ചാൻസലർക്ക്, പ്രോ ചാൻസലറായി പ്രവർത്തിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഡയറക്ഷൻ കൊടുക്കാം. ഇത് എന്ത് നിയമമാണ്? ഈ നിയമത്തിന് യാതൊരു പ്രസക്തിയുമില്ല. സർവകലാശാല വിഷയത്തിൽ ഗവർണറെ ഞങ്ങൾ ഏറ്റവും ശക്തിയായി എതിർത്തിട്ടുണ്ട്. നിങ്ങൾ ഇപ്പോഴാണ് എതിർക്കാൻ തുടങ്ങിയത്. ഗവർണറും ഗവൺമെന്റും ഒരേ പാതയിലാണ് സഞ്ചരിച്ചിരുന്നത്. നിങ്ങൾ രണ്ട് കൂട്ടരും ഒരുമിച്ചാണ് ക്രമവിരുദ്ധമായ, നിയമവിരുദ്ധമായ, ഭരണഘടനാ വിരുദ്ധമായ കാര്യങ്ങൾ മുഴുവൻ സർവ്വകലാശാലകളിൽ ചെയ്തത്. സുപ്രീംകോടതിയിലെ കേസിൽ സർവ്വകലാശാലയുടെ നിലപാട് എന്നത് സർക്കാർ നിലപാടാണല്ലോ; അതേ നിലപാട് തന്നെയായിരുന്നു ഗവർണർക്കും. അതുകൊണ്ടാണ് സർവ്വകലാശാലകളിൽ തോറ്റത് ഗവർണറും ഗവൺമെന്റുമാണെന്ന് ഞങ്ങൾ പറഞ്ഞത്. ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുടെ കാര്യത്തിൽ ഗവർണർക്കുവേണ്ടി കൊടുത്തിരിക്കുന്ന അഫിഡവിറ്റ് -

'Appointment is regular and legal' എന്നാണ്. അതുതന്നെയാണ് ഗവൺമെന്റിന്റെയും യൂണിവേഴ്സിറ്റിയുടെയും വാദം. യൂണിവേഴ്സിറ്റിയും സർക്കാരും ഗവർണറും ഒരേ നിലപാടാണ് സുപ്രീംകോടതിയിൽ സ്വീകരിച്ചത്. സുപ്രീം കോടതി വിധി വന്നപ്പോൾ ഗവർണറും സർക്കാരും ഒരുപോലെ തോറ്റു. ജയിച്ചത് ഞങ്ങൾ പ്രതിപക്ഷമാണ്. ഞാൻ പ്രതിപക്ഷനേതാവായപ്പോഴും ശ്രീ. രമേശ് ചെന്നിത്തല പ്രതിപക്ഷനേതാവായിരുന്നപ്പോഴും ഈ നിയമനങ്ങളെ ഞങ്ങൾ ചോദ്യം ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ വി.സി.-യെ റീ-അപ്പോയിന്റ് ചെയ്ത സമയത്ത് ഞങ്ങൾ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ഗവർണറും ഗവൺമെന്റും ഒരുമിച്ചാണ് ഈ സർവ്വകലാശാലകളിലെ പ്രശ്നങ്ങൾ മുഴുവൻ സൃഷ്ടിച്ചത്. അങ്ങോട്ടുമിങ്ങോട്ടും കൊടുക്കൽ വാങ്ങലുകൾ നടത്തിയ കാര്യമൊന്നും ഞാനിവിടെ പറയുന്നില്ല. ലീഗൽ ഒബ്ജക്ഷന്റെ ഭാഗമായി ഞാനത് പറയുന്നതിൽ ഒരു ഇംപ്രോപ്രൈറ്റിയുള്ളതിനാൽ ഇവിടെ സംസാരിക്കുന്ന മറ്റ് അംഗങ്ങൾ അത് പറയും. ഗവർണറുടെ കാര്യത്തിൽ, ദേശീയ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എടുത്തിരിക്കുന്ന നിലപാടും കേരളത്തിലെ യു.ഡി.എഫ്. എടുത്തിരിക്കുന്ന നിലപാടും

ഒന്നുതന്നെയാണ്. ഭരണഘടനാവിരുദ്ധമായ ഒരു അധികാരകേന്ദ്രവും ഉണ്ടാകാൻ പാടില്ലെന്നതാണ് ഞങ്ങളുടെ നിലപാട്. അത് ദുരുപയോഗം ചെയ്തത് നിങ്ങളാണ്. സർവ്വകലാശാലകളിൽ ഇഷ്ടക്കാരെ കൊണ്ടുവരാൻവേണ്ടി നിയമവും നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട് നിങ്ങൾ രണ്ടുകൂട്ടരും ഒരുമിച്ച് തെറ്റ് ചെയ്തു. ആ തെറ്റ് തിരുത്തണം. ഇപ്പോൾ ചാൻസലർ വന്നു കഴിയുമ്പോൾ യൂണിവേഴ്സിറ്റിയുടെ സ്ഥിതി എന്തായിരിക്കും? വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കാതെ, പ്രായപരിധിയില്ലാതെ, യാതൊരുവിധ നടപടിക്രമങ്ങളുമില്ലാതെ ആരെ വേണമെങ്കിലും നിയമിക്കാൻ കഴിയുന്ന അവസ്ഥയാണ്. അതിൽ പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെയും ചാൻസലറായി നിയമിക്കാം. ഏത് പാർട്ടിക്കാരനെയും ഈ സ്ഥാനത്തേയ്ക്ക് നിയോഗിക്കാം. പഴയകാലത്ത് ചാൻസലർ എന്നത് കോൺസ്റ്റിറ്റ്യൂഷണൽ പോസ്റ്റായിരുന്നു. സർവ്വകലാശാലയുടെ സ്വയംഭരണാധികാരം അവിടെ നിലനില്ക്കണം. ഓട്ടോണോമസ് ബോഡിയായി സർവ്വകലാശാല നിലനിൽക്കണം. (.....ബഹളം.....)

ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം നിരന്തരമായി ഞാൻ സംസാരിക്കുമ്പോൾ തടസ്സപ്പെടുത്തുകയാണ്. അങ്ങയുടെ സ്ഥാനത്തിരുന്ന,

ഞങ്ങളെല്ലാവരും ആദരിക്കുന്ന ബഹുമാന്യനായ ഒരു ആളുണ്ടായിരുന്നു. ആ വ്യക്തിയുടെ സ്ഥലത്തുനിന്നാണ് അങ്ങ് വരുന്നത്. (....ബഹളം....)

മി.സ്പീക്കർ: നിങ്ങൾ പരസ്പരം സംസാരിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം നിരന്തരമായി ശല്യപ്പെടുത്തുകയാണ്. അത് ശരിയല്ല.

മി. സ്പീക്കർ: അംഗങ്ങളെല്ലാവരും അവിടെയിരിക്കൂ... ബഹുമാനപ്പെട്ട എച്ച്. സലാം അവിടെ ഇരിക്കൂ.. പരസ്പരം സംസാരിക്കാതെ ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. ശ്രീ. വി. ജോയി........ അവിടെ ഇരിക്കൂ..... നിങ്ങൾ ഒബ്ജക്ഷൻ ഉന്നയിച്ചു. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, യൂണിവേഴ്സിറ്റിയെന്നത് ഓട്ടോണോമസ് ബോഡിയാണ്. അപ്പോൾ അതിന്റെ സ്വയംഭരണാവകാശം നിലനിർത്തണം. ഇപ്പോൾ ഇഷ്ടക്കാരായ ഒരാളെ ചാൻസലറായി നിയമിച്ച് യൂണിവേഴ്സിറ്റിയിലേയ്ക്ക് വിടുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി.

രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തടസ്സവാദം ഉന്നയിക്കാനാണ് നോട്ടീസ് നല്കിയിട്ടുള്ളത്. അദ്ദേഹത്തിന് അത് ഉന്നയിക്കാനുള്ള അവകാശവുമുണ്ട്. പക്ഷെ തടസ്സവാദത്തിന്റെ പരിധിക്കപ്പുറത്ത് ബില്ലിന്റെ മെരിറ്റിലേയ്ക്കും രാഷ്ട്രീയത്തിലേയ്ക്കുമാണ് അദ്ദേഹം കടക്കുന്നത്. അത്തരം കാര്യങ്ങൾ ഈ ഘട്ടത്തിൽ ചർച്ച ചെയ്യേണ്ടതല്ലായെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു മിനിട്ട് ആവശ്യപ്പെട്ടതുകൊണ്ടാണ് ഇടപെടാതിരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, പ്രതിപക്ഷനേതാവിനെയും മുഖ്യമന്ത്രിയെയും നിയന്ത്രിക്കാൻ അധികാരമുള്ളയാളാണ് സ്പീക്കർ. അങ്ങേയ്ക്ക് എപ്പോൾ വേണമെങ്കിലും പറയാം. ഞാനപ്പോൾ അവസാനിപ്പിക്കും. പക്ഷെ സ്പീക്കർ സ്ഥാനത്ത് നിന്നിറങ്ങി മന്ത്രി സ്ഥാനത്തിരിക്കുന്നയാൾ എന്നെ നിയന്ത്രിക്കാൻ വരേണ്ടതില്ല. (......ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൺക്ലൂഡ് ചെയ്യണം. ഭരണപക്ഷാംഗങ്ങൾ സീറ്റുകളിൽ ഇരിക്കൂ, ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കട്ടെ. പ്ലീസ്...

ശ്രീ. എം. ബി. രാജേഷ്: ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ അങ്ങയുടെ അനുമതിയോടുകൂടി ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക മാത്രമാണ് ചെയ്തത്. അതിന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ നിയന്ത്രിക്കാൻ ശ്രമിച്ചുവെന്ന രീതിയിൽ അദ്ദേഹം ആക്ഷേപം ഉന്നയിച്ചത് നിർഭാഗ്യകരമായി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ തടസ്സവാദം ഉന്നയിക്കുമ്പോൾ ഇതിനുമുമ്പും പ്രസക്തമായ വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. മുമ്പ് ചെയറിലിരുന്ന ശ്രീ. എം. ബി. രാജേഷ് ഇപ്പോൾ മന്ത്രിയായപ്പോൾ അത് വിസ്മരിച്ചുപോയതാകാം. തടസ്സവാദം ഉന്നയിക്കുന്നത് ഒരു ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ടാണ്. റിലവന്റായ കാര്യങ്ങൾ സപ്പോർട്ട് ചെയ്യുന്നതക്കരീതിയിൽ പറയുന്നത് പുതിയ കാര്യമല്ല. അങ്ങനെയൊരു പ്രീസിഡന്റ് ഇവിടെയുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പാക്കാം. യൂണിവേഴ്സിറ്റി ഓട്ടോണോമസ് ബോഡിയാണ്. ഇപ്പോൾ പതിവിലും വിരുദ്ധമായി കസേരയും മേശയും സംവിധാനങ്ങളും സ്റ്റാഫുകളുമായി ഒരാളെ യൂണിയവേഴ്സിറ്റിയിലേയ്ക്ക് വിടുകയാണ്. അതിനർത്ഥം സർക്കാരിന്റെ

ഡിപ്പാർട്ടുമെന്റുകളായി കേരളത്തിലെ സർവ്വകലാശാലകൾ സ്വയംഭരണാവകാശം നഷ്ടപ്പെട്ട് തകരാൻ പോകുകയാണ് എന്നാണ്. ഈ അപകടകരമായ സ്ഥിതി വിശേഷമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. നിയമപരമായ, ഭരണഘടനാപരമായ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. അതുകൊണ്ട് പ്രസ്തുത ബിൽ കുറച്ചുകൂടി നന്നായി തയ്യാറാക്കുന്നതിനുവേണ്ടി ഇപ്പോളിത് പിൻവലിക്കണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിക്കുന്ന ഗൗരവതരമായ ഒരു വിഷയമായതുകൊണ്ട് പ്രതിപക്ഷത്തോടുംകൂടി കൂടിയാലോചനകൾ നടത്തി ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ അവധാനതയില്ലാതെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ദോശ ചുടുന്ന വേഗതയിൽ ഇത്രയും സർവ്വകലാശാല നിയമങ്ങൾ പാസാക്കുന്ന നടപടി കേരള നിയമസഭയ്ക്ക് യോജിച്ചതല്ലെന്നാണ് എനിക്ക് പറയാനുള്ളത്. പത്തോളം സർവ്വകലാശാലാ നിയമങ്ങൾ ഇവിടെ ഒരുമിച്ച് കൊണ്ടുവരുമ്പോൾ അതിന് വേണ്ടത്ര ആലോചനകളോ ചർച്ചകളോ ഒരു രംഗത്തും നടക്കാതിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

അതുപോലെ, ഇത്ര തിടുക്കപ്പെട്ട് ഒരു നിയമം നിയമസഭയിൽ കൊണ്ടുവരുമ്പോൾ അതിലുണ്ടാകുന്ന അപാകതകളാണ് ചൂണ്ടിക്കാണിച്ചത്. ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ സർക്കാർ മാറ്റുന്നത് എന്തിനുവേണ്ടിയാണ്? ഗവർണറും സർക്കാരും തമ്മിലുള്ള തർക്കങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവരുന്നത്. ഈ ഗവർണറെ മാറ്റണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഓർമ്മയുണ്ടാകും. പൗരത്വ നിയമഭേദഗതിയുമായി ബന്ധപ്പെട്ട് അദ്ദേഹം പൊതുസമൂഹത്തിന്റെ മുമ്പിൽ കേരളീയ/ദേശീയ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായുള്ള നിലപാടുകൾ സ്വീകരിച്ചപ്പോൾ ഈ ഗവർണറെ മാറ്റണം, പിൻവലിക്കണം, റീകോൾ ചെയ്യണമെന്നൊക്കെ പറഞ്ഞ് ഞങ്ങൾ പ്രമേയം അവതരിപ്പിച്ച സംഭവം ഞാൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ആ പ്രമേയത്തിനെതിരെ വോട്ട് ചെയ്തവരാണ് ഇപ്പോഴത്തെ ഭരണകക്ഷികൾ. അവർക്ക് അന്ന് ഗവർണറോട് പ്രീതിയും താല്പര്യവുമായിരുന്നു. ഗവർണറും മുഖ്യമന്ത്രിയും തമ്മിൽ ചക്കരയും പീരയും പോലെയായിരുന്നു. ഇപ്പോൾ അതില്ലാതായപ്പോൾ ഒരു ദുരഭിമാനത്തിന്റെ പേരിലാണോ ഈ നിയമം കൊണ്ടുവരുന്നത്?

യു.ഡി.എഫ്. ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്. അതുകൊണ്ട് ഈ സഭയ്ക്ക് അതിന് അധികാരമില്ലെന്ന് ഞങ്ങൾ പറയുന്നില്ല. വിദ്യാഭ്യാസ വിചക്ഷണന്മാരെ സർവ്വകലാശാലയുടെ വൈസ് ചാൻസലർമാരായി നിയമിക്കാനാണ് ബില്ലിൽ പറയുന്നത്. ഇവരെ എങ്ങനെയാണ് നിയമിക്കുന്നത്; സർക്കാരിന് ഇഷ്ടമുള്ളവരെ നിയമിക്കാനായി ഒരു വ്യവസ്ഥകൊണ്ടുവരുന്നു. ഇത് കേരളത്തിലെ അക്കാദമിക്ക് സമൂഹത്തിന് യോജിച്ചതാണോ? സർവ്വകലാശാലകൾ എന്നത് സ്വതന്ത്ര സ്വഭാവമുള്ള, നിഷ്പക്ഷതയുള്ള ഒരു സംവിധാനമായി നിലനിൽക്കേണ്ടത് കേരളത്തിന്റെ ആവശ്യമെന്നുള്ളതുകൊണ്ടാണ് ഈ സഭതന്നെ നേരത്തെ ഇത്തരം നിയമം പാസാക്കിയത്. ഞാൻ രണ്ട് കാര്യങ്ങളാണ് ക്രമപ്രശ്നമായി ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ഒന്ന്, 'കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യമെമ്മോറാണ്ടത്തിൽ പ്രസ്തുത ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തനവും അനാവർത്തനവും എക്സ്പെൻഡിച്ചറിനെ കണക്കിലെടുത്തുകൊണ്ട് ധനകാര്യ മെമ്മോറാണ്ടം

പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതായിരുന്നു.' ഈ നിയമത്തിൽ അത് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 2022-ലെ സർവ്വകലാശാല നിയമഭേദഗതിയിൽ 2-ാം നമ്പർ ബില്ലിന്റെ കാര്യത്തിൽ സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവുമുണ്ടാകുന്നതല്ല എന്ന് വ്യക്തമാക്കുന്നു. ഇത് വസ്തുതാപരമാണോയെന്ന് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. കേരള കാർഷിക സർവ്വകലാശാലയടക്കം സംസ്ഥാനത്തെ 8 സർവ്വകലാശാലകളുടെ ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റി ആ സ്ഥാനത്തേയ്ക്ക് ഒരു വിദ്യാഭ്യാസ വിചക്ഷണനെയോ അല്ലെങ്കിൽ ബില്ലിൽ നിഷ്കർഷിച്ചിട്ടുള്ള മേഖലയിലെ പ്രാവിണ്യമുള്ള ഒരാളെയോ സർവ്വകലാശാലയുടെ ചാൻസലർമാരായി നിയമിക്കുന്നുവെന്നതാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് ഗവർണറാണ് യൂണിവേഴ്സിറ്റിയുടെ ചാൻസലർ. ഗവർണർക്ക് സ്വന്തമായി ഓഫീസും സ്റ്റാഫും ഔദ്യോഗിക ഭരണസംവിധാനവും വാഹനവുമുണ്ട്. ചാൻസലർ പോസ്റ്റിന്റെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട അധിക ധനകാര്യ കമ്മിറ്റ്മെന്റിനുള്ള സാധ്യത വളരെ കുറവാണ്. കാരണം, ഗവർണർക്ക് എല്ലാ സംവിധാനങ്ങളും നിലവിലുള്ളതുകൊണ്ട് ആ സംവിധാനം ചാൻസലർ എന്ന നിലയിലും

ഉപയോഗിച്ചുവരുന്നതാണ് ഇപ്പോഴത്തെ നടപടിക്രമം. എന്നാൽ പുതിയ ബില്ലിൽ ചാൻസലറുടെ സ്ഥാനത്തേയ്ക്ക് നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് പ്രതിഫലം വ്യവസ്ഥചെയ്യുന്നില്ലെങ്കിലും ചാൻസലറുടെ ഓഫീസ് സംവിധാനം, ഇനിഷ്യൽ ഫർണിഷിംഗ്, ടെലിഫോൺ, വാട്ടർ ചാർജ്, പത്രമടക്കമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ സബ്സ്ക്രിപ്ഷൻ ചാർജ്, ചാൻസലറുടെ ഔദ്യോഗിക വാഹനത്തിന്റെ പെട്രോൾ, ഡീസൽ, റിപ്പയറിംഗ് ചാർജ്, ചാൻസലറുടെ ഓഫീസിലേയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളം, അലവൻസ് തുടങ്ങിയവയ്ക്ക് നിശ്ചിതമായും ഒരു തുക ചെലവഴിക്കേണ്ടിവരുമെന്ന് എല്ലാവർക്കും ബോധ്യമുള്ള ഒരു കാര്യമാണ്. ഇപ്രകാരം ആവർത്തന-അനാവർത്തന ചെലവുകൾ യൂണിവേഴ്സിറ്റികളുടെ തനത് ഫണ്ടുകളിൽനിന്ന് നിർവ്വഹിക്കുന്നതെങ്കിൽ ഇതുസംബന്ധിച്ചുള്ള ഏകദേശ രൂപം ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി സൂചിപ്പിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടംകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത ബിൽ ഗവർണറുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കേണ്ടിവരുമെന്ന സാഹചര്യം ഒഴിവാക്കാനാണ് ഈ ബില്ലിൽ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ

വളഞ്ഞവഴി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പല സ്പീക്കർമാരുടെയും ഇത്തരത്തിലുള്ള റൂളിംഗ് ഈ സഭയിലുണ്ട്. അതുകൊണ്ട് ഇത് തെറ്റായ കീഴ്വഴക്കമുണ്ടാക്കും. സഭയോടുള്ള അനാദരവും സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതുമായ നടപടിയായിവേണം ഇത് വീക്ഷിക്കാൻ. ഈ സാഹചര്യത്തിൽ ചാൻസലർ പദവിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ചപ്രകാരം അനിവാര്യമായ ആവർത്തന-അനാവർത്തന ചെലവുകളുടെയും പ്രതീക്ഷിത വിവരങ്ങൾകൂടി ഉൾപ്പെടുത്തിയ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കാവൂ എന്നാണ് എന്റെ അഭിപ്രായം. ഓരോ പ്രീസിഡൻസിനെയും സംബന്ധിച്ചാണ് രണ്ടാമതായി പറയാനുള്ളത്. നിലവിൽ ഗവർണറാണ് യൂണിവേഴ്സിറ്റികളുടെ ചാൻസലർ സ്ഥാനം വഹിക്കുന്നത്. സർക്കാരിന്റെ ഓർഡർ ഓഫ് പ്രീസിഡൻസിൽ ഗവർണർ നാലാം സ്ഥാനത്താണ്. യൂണിവേഴ്സിറ്റികളുടെ പ്രോ-ചാൻസലറുടെ പദവി വഹിക്കുന്ന മന്ത്രിമാർ ഓർഡർ ഓഫ് പ്രീസിഡൻസിൽ പതിനഞ്ചാമത്തെ സ്ഥാനത്താണ്. എന്നാൽ പുതിയ ബില്ലിൽ ചാൻസലർമാരാകാൻ വ്യവസ്ഥ ചെയ്തിട്ടുള്ള വിദ്യാഭ്യാസ വിദഗ്ധരോ മറ്റ് വ്യക്തികളോ ഓർഡർ ഓഫ്

പ്രീസിഡൻസിന്റെ ഭാഗമായി ഉൾപ്പെടുന്നവരല്ല. അധികാര ശ്രേണിയുടെ ഈ പ്രകടമായ വ്യത്യാസവും പോരായ്മയും യൂണിവേഴ്സിറ്റികളുടെ ഭരണ നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. പ്രോട്ടോക്കോൾ പ്രകാരം പ്രോ-ചാൻസലറെക്കാൾ കുറഞ്ഞ പ്രോട്ടോക്കോളുള്ള ഒരു വ്യക്തി ചാൻസലറായി വരുന്നത്, യൂണിവേഴ്സിറ്റിയുടെ മഹത്വത്തെയും ദൈനംദിന പ്രവർത്തനങ്ങളെയും ബാധിക്കും. അതുകൊണ്ടുതന്നെ ഇത് അനുവദനീയമായ കാര്യമല്ല. യാതൊരു വ്യക്തതയും വരുത്താതെ ഒരു ബിൽ അവതരിപ്പിക്കുന്നത് ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പ്രധാനപ്പെട്ട ചില കാര്യങ്ങളുടെ പ്രസക്തി മാത്രം പറയുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത്, '………..would not involve any additional expenditure from the Consolidated Fund of the State', എന്നാണ്. എന്നാൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് ചട്ടം 73 പ്രകാരം പറയുന്നത്, 'A Bill involving expenditure

shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law', എന്നാണ്. ഇവിടെ സഞ്ചിതനിധിയിൽനിന്നും തുക ചെലവാകുന്നില്ല എന്ന് പറയുന്നതുകൊണ്ട് കാര്യമില്ല. നമ്മുടെ റൂൾ 73 പ്രകാരമാണെങ്കിൽ 'A Bill involving expenditure....എന്നുള്ളതാണ്. ഇവിടെ ചെലവ് വരുന്നുണ്ട്. നമ്മുടെ പല സർവ്വകലാശാലകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അപ്പോൾ പുതുതായി വരുന്ന ചാൻസലർക്ക് ആ ഓഫീസ് ക്രമീകരിക്കേണ്ടതായി വരും. അല്ലാതെ വൈസ് ചാൻസലറുടെയോ പരീക്ഷാ കൺട്രോളറുടെയോ വരാന്തയിൽ കൊണ്ടുപോയി ചാൻസലറെ ഇരുത്താൻ കഴിയില്ല. ഈ ബിൽ പ്രകാരമാണെങ്കിൽ പുതുതായി വരുന്ന ചാൻസലർ സ്വന്തമായി വാഹനമോടിച്ച് യൂണിവേഴ്സിറ്റിയിൽ എത്തുകയും സ്വന്തം ഫോൺ ഉപയോഗിക്കുകയും വേണം. കേരള യൂണിവേഴ്സിറ്റിയിൽ ചാൻസലറുടെ ഓഫീസ് അകത്തായിരിക്കുമല്ലോ; അദ്ദേഹത്തിന് ചായ കുടിക്കണമെങ്കിൽ പുറത്തുള്ള തട്ടുകടയിൽനിന്ന് സ്വന്തം പോക്കറ്റിൽനിന്നും

പൈസകൊടുത്ത് ചായ വാങ്ങികുടിച്ചതിനുശേഷം തിരികെ പോകണം. കാരണം, അവിടെയൊരു പ്യൂണിനെയോ, ക്ലാർക്കിനെയോ നിയമിക്കാൻ കഴിയില്ല. ഒരു ചാൻസലറുടെ ഓഫീസ് ക്രമീകരിക്കണമെങ്കിൽ ചെലവുണ്ട്. പക്ഷെ അതിനൊന്നുമുള്ള പ്രൊവിഷൻ ഇതിനകത്ത് കാണിച്ചിട്ടില്ല. ഒരു പ്രധാനപ്പെട്ട കാര്യംകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ അങ്ങയുടെ 25-11-2008-ലെ റൂളിംഗിൽ പറയുന്നത്, 'ഒരു ബിൽ നിയമമായാലുണ്ടാകുന്ന ആവർത്തന-അനാവർത്തന ചെലവുകൾ അറിയാനുള്ള അവകാശം ബഹുമാനപ്പെട്ട അംഗങ്ങൾക്കുണ്ട്. ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന-അനാവർത്തന മതിപ്പ് ചെലവ് കണക്കാക്കണമെന്നാണ് നിയമസഭാ ചട്ടം 73 അനുശാസിക്കുന്നതെങ്കിലും കഴിയുന്നിടത്തോളം കൃത്യമായി ചെലവുകൾ സൂചിപ്പിക്കുന്നത് നല്ലതാണ് എന്നാണ്. അന്ന് ഞാനും ഈ സഭയിൽ അംഗമായിരുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. പി. സി. വിഷ്ണുനാഥ്, പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വർക്കല രാധാകൃഷ്ണന്റെ സമാനമായ മറ്റൊരു റൂളിംഗുമുണ്ട് സമയക്കുറവുമൂലം ഞാനത് വായിക്കുന്നില്ല. ഇതിൽ

പറയുന്നത് സാംസ്കാരികം, നിയമം, പൊതുഭരണം എന്നിവയിൽ ഏതെങ്കിലും മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരാളെ ഇതിൽ ചാൻസലറായി നിയമിക്കണമെന്നാണ്. ഇതിൽ പ്രാഗത്ഭ്യം ആരാണ് തീരുമാനിക്കുന്നത്; പ്രാഗത്ഭ്യം എങ്ങനെയാണ് തീരുമാനിക്കുന്നത്; പ്രാഗത്ഭ്യം എന്താണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്? ഇത് നിർവ്വചിച്ചിട്ടില്ല. പ്രസ്തുത ക്ലോസിന്മേൽ സബോർഡിനേറ്റ് ലെജിസ്ലേഷന് അനുമതി നൽകണമായിരുന്നു. ഈ ബില്ലിൽ അങ്ങനെ സബോർഡിനേറ്റ് ലെജിസ്ലേഷന് അനുമതി നൽകുന്നതായി കാണുന്നില്ല. ഇങ്ങനെ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച വിശദമായ മെമ്മോറാണ്ടം ഉണ്ടാകണമെന്നത് സംബന്ധിച്ച് 01-03-2005-ൽ ശ്രീ. എം. വി. ജയരാജൻ എന്ന സാമാജികൻ ഉന്നയിച്ച ഒരു തടസ്സവാദത്തിന് അന്നത്തെ സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ റൂളിംഗ് പ്രകാരം, റൂൾ 74 ചട്ടപ്രകാരം വിശദമായ ഒരു മെമ്മോറാണ്ടം ഇതുസംബന്ധിച്ച് നൽകണം. കാരണം, സബോർഡിനേറ്റ് ലെജിസ്ലേഷനെ ചുമതലപ്പെടുത്തുന്ന വിശദമായ മെമ്മോറാണ്ടം കൊടുക്കണമെന്ന് പറയുന്നുണ്ട്. അത് ഇതിൽ നൽകിയിട്ടില്ല. ഈ രണ്ട് കാര്യങ്ങൾ ....

മി. സ്പീക്കർ: തടസ്സവാദത്തിന് ഇത്രയും സമയം എടുക്കരുത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഇതിൽ ലീഗൽ പോയിന്റും പഴയ റൂളിംഗും മാത്രമേ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നുള്ളൂ. മറ്റൊരുകാര്യം, ഞാൻ അങ്ങേയ്ക്ക് ഒരു കത്ത് നൽകിയിരുന്നു. ഇത് ഒരുപാട് നിയമപ്രശ്നങ്ങൾ ഭാവിയിലുണ്ടാകാൻ പോകുന്ന ബില്ലാണെന്നതിന് ഒരു സംശയവുമില്ല. ഇത് നിയമ കോടതിയിൽ ചോദ്യം ചെയ്യപ്പെടും. അവിടെ പരാജയപ്പെടാൻ സാദ്ധ്യതയുള്ള ഭരണഘടനാപരമായ പ്രശ്നങ്ങളും നിയമ പ്രശ്നങ്ങളുമുള്ള ബില്ലാണെന്ന് ഇപ്പോഴേ ഞങ്ങൾ മുന്നറിയിപ്പ് നൽകുകയാണ്. സർക്കാരിന് ഇപ്പോഴും ഈ ബിൽ പിൻവലിച്ച് കുറ്റങ്ങൾ തീർത്ത് വീണ്ടും കൊണ്ടുവരാൻ സാധിക്കും. ഞങ്ങൾ പ്രതിപക്ഷമെന്ന നിലയിൽ ആ ഉത്തരവാദിത്വത്തിൽ മുന്നറിയിപ്പ് നൽകുകയാണ്. 1994 ഏപ്രിൽ 21-ന് പഞ്ചായത്ത്രാജ് ബില്ലിന്റെ അവതരണവേളയിൽ അഡ്വക്കേറ്റ് ജനറലിനെ നിയമസഭയിലേയ്ക്ക് ക്ഷണിച്ചിരുന്നു. അന്ന് പ്രതിപക്ഷ എം.എൽ.എ.-മാരായിരുന്ന കൃഷ്ണൻ കണിയാംപറമ്പിൽ, വി. വി. രാഘവൻ, സി. കെ. ചന്ദ്രപ്പൻ, ശ്രീ. വി. ജെ. തങ്കപ്പൻ എന്നിവർ ആവശ്യപ്പെട്ടപ്രകാരം ബഹുമാനപ്പെട്ട സ്പീക്കർ അഡ്വക്കേറ്റ് ജനറലിനെ ക്ഷണിച്ച് നിയമസഭയിൽ

കൊണ്ടുവന്നിരുന്നു. ബില്ലിലെ ഭരണഘടനാ പ്രശ്നങ്ങളെയും നിയമ പ്രശ്നങ്ങളെയുംകുറിച്ച് സഭാംഗങ്ങൾ ചോദ്യം ചോദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തൊട്ടുപിറകിൽ, ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ സീറ്റിനടുത്ത സീറ്റ് എ.ജി. എപ്പോൾ വന്നാലും ഇരിക്കാൻവേണ്ടി ഒഴിച്ചിട്ടിരിക്കുന്ന സീറ്റാണ്. എ.ജി.-ക്ക് മാത്രമേ അവിടെ ഇരിക്കാൻ അവകാശമുള്ളൂ. 1994-ൽ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അഡ്വ. സിറിയക് ജോസഫ് ആണ് സഭയിൽ വന്നത്. അതുകൊണ്ട് ഈ ബിൽ ക്ലോസ് ബൈ ക്ലോസ് ചർച്ചയ്ക്ക് വരുന്നതിനുമുമ്പ് അങ്ങ് ഇപ്പോഴത്തെ ബഹുമാനപ്പെട്ട എ.ജി.-യെ തന്നെ ക്ഷണിച്ചുവരുത്തി ഇതിന്റെ നിയമ പ്രശ്നങ്ങൾ എ.ജി. നിയമസഭയോട് വിശദീകരിക്കാനുള്ള അവസരമൊരുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: സമയപരിമിതിയുള്ളതിനാൽ പുതിയ പോയിന്റുകൾ അവതരിപ്പിക്കണം.

<u>Dr. Mathew Kuzhalnadan</u>: Sir, I am not repeating anything which has been stated earlier. Though I had a point on the same, I am not repeating. എത്ര അവധാനതയില്ലാതെയാണ് ബിൽ കൊണ്ടുവന്ന്

എസ്റ്റാബ്ലിഷ് ചെയ്യുന്നത്. ഒരേയൊരു കാര്യം ഞാൻ പറയാം, earlier the Governor was acting as the Chancellor. The whole scheme of the Act was drawn in such a state that Governor will act as the Chancellor. So his stature has been respected. കേരള യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 65 -ൽ, 'Constitution of Appellate Tribunal -(1) The Government shall constitute an Appellate Tribunal for the purposes of this Act. (2) The Appellate Tribunal shall be a judicial officer not below the rank of District Judge nominated by the Chancellor in consultation with the High Court' എന്ന് പറയുന്നുണ്ട്. ഇവിടെ നിയമസഭാ സെക്രട്ടറിയുണ്ട്. ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. If you appoint a Chancellor as a new person, ആ ചാൻസലർക്ക് ഹൈക്കോടതിയുമായി കൺസൽട്ടേഷൻ നടത്താൻ സാധിക്കുമോ? There is a protocol issue. കാരണം, ഇപ്പോൾ സുപ്രീം കോടതിയുമായി കൺസൽട്ടേഷൻ നടത്തുന്നത് ആരാണ്? The President of India or the Prime Minister or the Opposition Leader can consult with the Supreme Court. കാരണം, the stature of that institution should be above that. When your Act says to

consult with the High Court, the person should be above the stature of High Court. Earlier it was Governor. Governor was of course the appointing authority, so he can do the consultation with the High Court. A Chancellor who is appointed out of place, he cannot come and consult with the High Court. How can you do that? My point is that, this law has been draught without any indepth study.

Mr. Speaker: Please conclude. You have presented your point.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറയുന്നത് കേരള യൂണിവേഴ്സിറ്റി ആക്ടിൽ മാത്രമല്ല, എല്ലാ നിയമത്തിലും ചാൻസലറുടെ stature ഗവർണറുടെ stature വച്ചാണ് ആ നിയമം മുഴുവൻ draw ചെയ്തിരിക്കുന്നത്. ഇവിടെ ഒരു പോയിന്റിൽ മാത്രം ചാൻസലറെ മാറ്റി ഒരു സെക്ഷൻ മാത്രം അമെന്റ് ചെയ്തുകൊണ്ടുവന്ന് ഫിറ്റുചെയ്യുമ്പോൾ അത് ആ സ്കീമിൽ ഫിറ്റാകില്ല. സർക്കാർ അത് കാണാത്തതാണെങ്കിൽ, you can correct it later also.

ശ്രീ. ടി. സിദ്ദിഖ്: സർ, ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റൂൾസ് ഓഫ് പ്രൊസീജ്യറിലെ ചട്ടം 73 അനുസരിച്ചല്ല ഇത് വന്നതെന്ന് പറയുമ്പോൾ

അതിന് നിയമസഭയുടെയും പാർലമെന്റിന്റെയും ശക്ധർ ആൻഡ് കൗളിന്റെയും ഉൾപ്പെടെ എല്ലാത്തിലും വിഭാവന ചെയ്തിരിക്കുന്ന സങ്കല്പങ്ങളെ മുഴുവൻ അട്ടിമറിച്ചാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. 73-ന്റെ കാര്യം ഇവിടെ പറഞ്ഞു. പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവുകൂടി ഇതിൽ നൽകേണ്ടതാണ്. ഈ ബില്ലിൽ ആവർത്തക ചെലവുമില്ല, അനാവർത്തക ചെലവുമില്ല, ഫിനാൻഷ്യൽ മെമ്മോറാണ്ടവുമില്ല.

ശക്ധർ ആൻഡ് കൗൾ വളരെ ഗൗരവമായി പറഞ്ഞിട്ടുണ്ട്, 'During discussion on the motion for reference of the Essential Commodities (Second Amendment) Bill, 1967 to a Select Committee, a point of order was raised that the financial memorandum appended to the Bill was incomplete as it did not give an estimate of the recurring and non-recurring expenditure involved. The point of order was upheld by the Chair...' ഇതാണ് പ്രധാനം. ' ...and further consideration of the

Bill was postponed with a view to enabling the Government to furnish a revised financial memorandum giving particulars of recurring and non-recurring expenditure involved.' ബില്ലിന്റെ further discussion വരെ postponed ചെയ്തു. പാർലമെന്റിൽ Essential Commodities Act-ന്റെ അമെന്റ്മെന്റ് ബിൽ വന്ന സന്ദർഭത്തിൽ ബിൽ മാറ്റിവച്ചെന്നുമാത്രമല്ല പ്രസിഡന്റിൽനിന്നും പുതിയ ശിപാർശ വാങ്ങി ഫിനാൻഷ്യൽ മെമ്മോറാണ്ടം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്താണ് ചർച്ച ആരംഭിച്ചത്. ഇതിൽ 69 (1) പാർലമെന്റ് പ്രൊസീജ്വർ അങ്ങേയ്ക്ക് അറിയുന്നതാണ്. 'Bill involving expenditure shall be accompanied by a Financial Memorandum, അസംബ്ലിയുടെയും പാർലമെന്റിന്റെയും ശക്ധർ ആൻഡ് കൗളിന്റെയും എല്ലാത്തിന്റെയും മാനദണ്ഡങ്ങളെ മുഴുവൻ കാറ്റിൽപ്പറത്തിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഒരു പ്രധാനപ്പെട്ട കാര്യംകൂടി ചൂണ്ടിക്കാണിക്കുകയാണ്. ഇതിൽ ആർട്ടിക്കിൾ 254-ഉം ആയി ബന്ധപ്പെട്ട് ഗുരുതരമായ കാര്യമുണ്ട്. ആർട്ടിക്കിൾ 254 ഉയർത്തുന്ന പ്രധാന ചോദ്യം യു.ജി.സി. ഗൈഡ്‌ലൈനിലെ 7.2-ൽ പറയുന്നത്, 'The Pro-Vice Chancellor shall hold office for a period, which is co-terminus with

that of Vice-Chancellor' എന്നാണ്. അത് വളരെ ശരിയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ പോയിന്റ് ഉന്നയിച്ചതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഇതിൽ പറഞ്ഞിരിക്കുന്നത് പി.വി.സി.-യെ ഏൽപ്പിക്കാമെന്നാണ്. ആർട്ടിക്കിൾ 254 മാത്രമല്ല, ബഹു. സുപ്രീംകോടതിയുടെ series of judgement വന്നിരിക്കുകയാണ്. ആ ജഡ്ജ്മെന്റിൽ മുഴുവൻ വളരെ കൃത്യതയോടുകൂടി ഒരു ആക്ട് വരുമ്പോൾ, U.G.C. guidelines vs. State enactment, ഇതുതമ്മിലുള്ള സംഘട്ടനം നടന്നു. എന്റെ കയ്യിൽ അഞ്ച് ജഡ്ജ്മെന്റുണ്ട്. സമയം നൽകുകയാണെങ്കിൽ ഞാൻ വായിക്കാം.

മി. സ്പീക്കർ: വേണ്ട, അത് സഭയിൽ എല്ലാവർക്കും അറിയാം.

ശ്രീ. ടി. സിദ്ദിഖ്: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായങ്ങളാണ്. അവസാനമായി ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ ഏതാണ് prevail ചെയ്യുന്നത്? Prevail ചെയ്യുന്നത് സുപ്രീംകോടതിയുടെ National Enactments ആണ്, State Enactment അല്ല.

മി. സ്പീക്കർ: ഈ പോയിന്റ് സബ്ജുഡീസ് ആണ്. It is pending before

the court.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഇത് null and void ആയിമാറും. കോടതിയുടെ വരാന്തയിൽ പോലും നിൽക്കില്ല. വൈസ് ചാൻസലർക്ക് പത്ത് വർഷത്തെ professorship വേണം. ചാൻസലറുടെ ക്വാളിഫിക്കേഷൻ എന്താണ്? ഒരു ക്വാളിഫിക്കേഷനുമില്ല. അപ്പോൾ ഓട്ടോണമി തകർത്ത് തങ്ങളുടെ വി.സി.-യുടെ political interference ചാൻസലറിലൂടെ കൊണ്ടുവരാനുള്ള ഒരു വലിയ രാഷ്ട്രീയപരമായ ശ്രമമാണ്. ഇത് ശരിയല്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ ഓട്ടോണമിയെയും sanctity-യെയും തകർക്കുന്ന ബില്ലാണിത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി <u>(ശ്രീ. പി. രാജീവ്):</u> സർ, ഇവിടെ അവതരിപ്പിച്ച തടസ്സവാദങ്ങളിൽ മൂന്നുനാല് ഘടകങ്ങളാണ് പരിശോധിക്കുകയെന്നുള്ളത് പാർലമെന്ററി പ്രൊസീജുവറിൽ വളരെ വ്യക്തമാണ്. ഒന്ന്, കേരള നിയമസഭയ്ക്ക് നിയമനിർമ്മാണ അധികാരമുണ്ടോ; രണ്ട്, ഈ നിയമം പൊതുവെയോ നിയമത്തിലെ വ്യവസ്ഥകളോ ഭരണഘടനയുമായി ചേർന്ന് നിൽക്കുന്നതാണോ; മൂന്ന്, ഈ നിയമത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും കേന്ദ്ര നിയമവുമായി തെറ്റി നിൽക്കുന്നുണ്ടോ;

നാല്, കേരള നിയമസഭ പാസ്സാക്കിയ ഏതെങ്കിലും നിയമങ്ങളുമായി വൈരുദ്ധ്യമുണ്ടോ? എന്നുള്ളതാണ് പൊതുവെ പരിശോധിക്കുന്നത്. അതിന്റെ ഒരുഭാഗം മാത്രം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിലേയ്ക്ക് ഞാൻ വരാം. ബാക്കിയെല്ലാം രാഷ്ട്രീയമായ കാര്യങ്ങളും ബില്ലിന്റെ ഉള്ളടക്കത്തിനകത്ത് കടന്നിട്ടുള്ള പ്രശ്നങ്ങളുമാണ്. സ്വാഭാവികമായും മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ അതുംകൂടി പരിഗണിക്കേണ്ടതുണ്ട്. കാരണം, അത് രേഖകളിൽ വന്നുകഴിഞ്ഞതാണ്. എല്ലാവരും പറഞ്ഞത് ഒരേ പോയിന്റുകളായതുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതും അതിനെ ശക്തിപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞതുമായ കാര്യങ്ങളാണ് ഞാൻ പ്രധാനമായും പരാമർശിക്കുന്നത്. ബഹുമാന്യരായ പി. സി. വിഷ്ണുനാഥും ഡോ. മാത്യു കുഴൽനാടനും ടി. സിദ്ദിഖും പറഞ്ഞത് അതിനെ സാധൂകരിക്കുന്ന പോയിന്റുകൾ മാത്രമാണ്. ഇതിൽ രണ്ട് വശങ്ങളുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ടതും രേഖാമൂലം നൽകിയ നോട്ടീസുകളിലും യു.ജി.സി. ഗൈഡ്ലൈൻ സംസ്ഥാന നിയമവുമായി കോൺട്രഡിക്ടറി വരുമ്പോൾ ഗൈഡ്ലൈൻ നിലനിൽക്കണം എന്നുള്ളതാണ്. അതിന് സുപ്രീംകോടതി

വിധി ഉദാഹരിക്കുകയാണ്. വളരെ അപകടകരമായ രാഷ്ട്രീയ പ്രസ്താവനയാണ് നിങ്ങൾ നടത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ കോൺഗ്രസ് പാർട്ടി എവിടെ നിൽക്കുന്നു; ആർട്ടിക്കിൾ 254-ൽ എന്താണ് പറയുന്നത്? Laws made by Parliament-ഉം laws made by the Legislative Assembly-യും തമ്മിൽ വൈരുദ്ധ്യം വന്നാൽ laws made by the Parliament കൺകറന്റ് ലിസ്റ്റിൽ നിലനിൽക്കും. What is Subordinate Legislation? Subordinate Legislation is a legislation made by an authority other than a Legislature. ഇപ്പോഴത്തെ അപകടകരമായ വ്യാഖ്യാനമാണ്. കോൺഗ്രസ് പാർട്ടിയുടെ അഖിലേന്ത്യാ നേതാവായ ശ്രീ. രമേശ് ചെന്നിത്തല ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ചുമതല വഹിച്ചിട്ടാണ് ഇങ്ങോട്ട് വന്നിരിക്കുന്നത്. നിങ്ങൾ ഈ നിലപാടാണ് എടുക്കുന്നതെങ്കിൽ കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഏത് വിഷയത്തിലും ഈ നിയമസഭ പാസ്സാക്കുന്ന ഏത് നിയമവും ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ കേന്ദ്ര ഗവൺമെന്റിന് annul ചെയ്യാം, മോഡിഫൈ ചെയ്യാം, അമെന്റ് ചെയ്യാം. നിങ്ങൾ അതിനൊപ്പമാണോ? ടെക്നിക്കൽ സൈഡ് ആയിക്കോട്ടെ. ഞാനതിലേയ്ക്ക് പിന്നീട് വരാം. ഞങ്ങൾ നിയമത്തിനനുസരിച്ചുതന്നെയാണ്

അത് കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതിൽ വൈരുദ്ധ്യമുണ്ട്. അങ്ങയുടെ നിലപാടിൽ വ്യക്തത വരുത്തണം.

ശ്രീ. പി. രാജീവ്: സർ, എന്തായാലും നിയമപരമായി ഈ നിയമം അതിനോട് ചേർന്നുനിൽക്കും. ഞാൻ അതിലേയ്ക്ക് വരാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് എനിക്ക് കുറച്ച് സമയം തരൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പരിണിതപ്രജ്ഞനായ ശ്രീ. രമേശ് ചെന്നിത്തലയും ഉൾപ്പെടെ ഈ നിലപാടെടുക്കുന്നുവെങ്കിൽ, ഇന്ത്യൻ ജനാധിപത്യത്തിന്റെ കുരുതിക്കുള്ള പ്രഖ്യാപനത്തിന് ഒരു ചുവടുവയ്പാണ് നിങ്ങൾ നൽകുന്നത്. കൺകറന്റ് ലിസ്റ്റിലുള്ള ഏതും നിങ്ങൾ പരിശോധിച്ചുനോക്കൂ. ഹയർ എഡ്യൂക്കേഷൻ മുഴുവൻ മാറ്റിയെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെ മാറ്റിയിട്ടില്ല. യൂണിവേഴ്സിറ്റീസ് എന്നുള്ളത് യൂണിയൻ, സ്റ്റേറ്റ്, കൺകറന്റ് എന്നീ മൂന്ന് ലിസ്റ്റിലുമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ നിങ്ങൾ പരിശോധിച്ച് നോക്കൂ. സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32, Incorporation and regulation of universities. എൻട്രി 25 ആണ് 42-ാം ഭേദഗതിയോടെ കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റിയത്. എൻട്രി 25-ലെ യൂണിവേഴ്സിറ്റീസ്

സ്വതന്ത്രമായി നിൽക്കുന്നതല്ല, പരിശോധിച്ച് നോക്കൂ, എൻട്രി 25-ൽ പറയുന്നതെന്താണ്? " universities, subject to the provisions of entries 63, 64, 65 and 66 of List I .....," എന്നാണ്. എന്നുവച്ചാൽ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32 അനുസരിച്ച് യൂണിവേഴ്സിറ്റിയുണ്ടാക്കാനും റെഗുലേഷൻ നടത്താനും സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട് എന്നാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടത്തെ പ്രധാന പ്രശ്നമെന്താണ്? പാർലമെന്റ് പാസ്സാക്കിയ ഒരു നിയമത്തിലെ കൺകറന്റ് ലിസ്റ്റിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. സംസ്ഥാന ഗവൺമെന്റിന് നിയമനിർമ്മാണമുണ്ടാക്കാം. പക്ഷേ, പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് വിരുദ്ധമാകരുത്. ഇവിടെ വന്നിട്ടുള്ള പ്രശ്നമെന്താണ്? 1956-ൽ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് യു.ജി.സി. നിയമം. അതിലുള്ള വ്യവസ്ഥകളെ മറികടക്കത്തക്ക വിധത്തിൽ സംസ്ഥാന നിയമസഭയ്ക്ക് ഒരു നിയമം പാസ്സാക്കാൻ അധികാരമുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അത് പൂർണ്ണമായി നോക്കാൻ അങ്ങേയ്ക്ക് സമയം കിട്ടിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ നൽകിയിട്ടുള്ള നോട്ടീസുകൾ അങ്ങ്

പരിശോധിച്ച് നോക്കൂ. അതിൽ നിയമമല്ല പറയുന്നത്. യു.ജി.സി.-യുടെ ഗൈഡ്‌ലൈൻ സംസ്ഥാന നിയമത്തിന് മുകളിലാണോ; അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. മാത്യു കുഴൽനാടൻ: സർ, വഴങ്ങുമോ?

ശ്രീ. പി. രാജീവ്: സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് വഴങ്ങാം. ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുകയാണെങ്കിൽ എനിക്ക് മലയാളത്തിൽനിന്നും ഇംഗ്ലീഷിലേയ്ക്ക് മാറേണ്ടിവരും.

മി. സ്പീക്കർ: നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നോക്കി സംസാരിച്ചാൽ ഇവിടെ ചെയറിൽ ആളിരിക്കേണ്ട കാര്യമില്ല. രണ്ടുപേരും ചെയറിനെ നോക്കി സംസാരിക്കൂ. ഇവിടെ ഒരാൾ ചെയറിൽ ഇരിക്കുന്നുണ്ട്. നിങ്ങൾ എന്നോട് സംസാരിക്കൂ. അല്ലാതെ നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ചാൽ ഞാനിവിടെ ഇരിക്കേണ്ട കാര്യമുണ്ടോ? നിങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുകയാണെങ്കിൽ ഞാനെഴുന്നേറ്റ് പോകാം. You should address me.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഒരു വാചകത്തിൽ പറഞ്ഞ് അവസാനിപ്പിക്കാം.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കട്ടെ. അദ്ദേഹം സംസാരിക്കുകയാണെങ്കിൽ എനിക്ക് മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേയ്ക്ക് മാറേണ്ടിവരും. എനിക്ക് രണ്ടുംകൂടി ഒരുപോലെ കൈകാര്യം ചെയ്യാൻ കുറച്ച് ബുദ്ധിമുട്ടുണ്ട്. പിന്നീട് മറുപടി ഇംഗ്ലീഷിൽ മാത്രമേ സംസാരിക്കാൻ കഴിയുകയുള്ളൂ. ഇവിടെ ഉന്നയിക്കപ്പെട്ട പൊളിറ്റിക്കൽ പ്രശ്നത്തിൽ എവിടെ നിൽക്കുന്നു? ഞാൻ പറഞ്ഞുവന്നതിന്റെ ഒഴുക്ക് കളഞ്ഞു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ആയതുകൊണ്ടാണ് ഞാൻ വഴങ്ങിയത്. എൻട്രി 25-ൽ പറയുന്നത് വ്യക്തമാണ്. എൻട്രി 63, 64, 65, 66-മായി ചേർന്ന് നിൽക്കുന്നു. എന്താണ് എൻട്രി 63-ൽ പറയുന്നത്? അതിൽ ഡൽഹി യൂണിവേഴ്സിറ്റി, ബനാറസ് യൂണിവേഴ്സിറ്റി, അലിഗഡ് യൂണിവേഴ്സിറ്റി, ഭരണഘടന വരുന്നതിനുമുമ്പുള്ള യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് പറയുന്നുണ്ട്. എൻട്രി 64-ൽ, Universities of national importance-നെക്കുറിച്ച് പറയുന്നു. എൻട്രി 65-ൽ, പുതിയ വൊക്കേഷണൽ, മെഡിക്കൽ, ടെക്നിക്കൽ ഇത്തരത്തിലുള്ള യൂണിവേഴ്സിറ്റികളെക്കുറിച്ചാണ് പറയുന്നത്. എൻട്രി 66-ൽ, determination of standards and co-ordination ആണ്. എൻട്രി 66 ആണ് യു.ജി.സി.-ക്ക് ആധാരം. ഭരണഘടനാ

അസംബ്ലിയിൽ കൊണ്ടുവന്ന ഡ്രാഫ്റ്റിൽ 57(a) അവതരിപ്പിച്ചുകൊണ്ട് ഡോ. ബി. ആർ. അംബേദ്കർ പറഞ്ഞത്, standard determination എന്നുള്ളത് very limited power of the Parliament എന്നാണ്. അതുവച്ചുകൊണ്ട് സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന നിയമത്തെ പാർലമെന്റ് ഇല്ലാതാക്കാൻ പാടില്ലെന്ന് Constituent Assembly Debate-ൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഡോ. ബി. ആർ. അംബേദ്കർ അതിനുദാഹരണവും പറഞ്ഞു. What is standards; Why this entry? ഇതാണ് ഡോ. ബി. ആർ. അംബേദ്കറുടെ ചോദ്യം. മദ്രാസ് യൂണിവേഴ്സിറ്റി ഡിഗ്രി ലഭിക്കാൻ 20 ശതമാനം മാർക്ക് മതിയെന്നും മുംബൈ യൂണിവേഴ്സിറ്റി ഡിഗ്രി ലഭിക്കാൻ 25 ശതമാനം മാർക്ക് വേണമെന്നും തീരുമാനിക്കുന്നു. കേരള യൂണിവേഴ്സിറ്റി the candidates should be a graduate എന്ന് പറയുന്നു. ഇവിടെയൊരു സ്റ്റാൻഡേർഡ് വേണം. ആ സ്റ്റാൻഡേർഡാണ് ഡോ. ബി. ആർ. അംബേദ്കർ ഉദ്ദേശിക്കുന്നത്. ഇതാണ്, Legislative intent of the entry 66 in the Union List. ഇപ്പോൾ എവിടേയ്ക്കുപോയി? ഇപ്പോൾ യു.ജി.സി. ആക്ട് വന്നു. യു.ജി.സി. ആക്ടിലെ സെക്ഷൻ 26(e)-യിൽനിന്നാണ് ഈ റെഗുലേഷന്റെ ഊർജ്ജം ലഭിച്ചിട്ടുള്ളത്. സെക്ഷൻ 26(e)-ൽ

പറയുന്നതെന്താണ്? മിനിമം സ്റ്റാൻഡേർഡ്സ് ഓഫ് ടീച്ചിംഗ് ഫാക്കൽറ്റിയാണ് അതിൽ പറയുന്നത്. അദ്ധ്യാപകരുടെ മിനിമം യോഗ്യത എന്തായിരിക്കണമെന്നുള്ളതാണ് യു.ജി.സി. ആക്ടിന്റെ സെക്ഷൻ 26(e). വൈസ് ചാൻസലർ യഥാർത്ഥത്തിൽ ടീച്ചിംഗ് പോസ്റ്റാണോ; മിനിമം യോഗ്യത നിശ്ചയിക്കുന്ന പ്രോ-വൈസ് ചാൻസലർ ടീച്ചിംഗ് പോസ്റ്റാണോ? യഥാർത്ഥത്തിൽ, regulation is ultra vires to the parent act. നിങ്ങൾ ഈ പ്രശ്നങ്ങളുന്നയിച്ചതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇത് ചെറിയ പ്രശ്നമല്ല. നിങ്ങളെന്താണ് പ്രസംഗിച്ചത്? നിങ്ങൾ കാട് കാണുന്നില്ല, മരംപോലും കാണുന്നില്ല, നിങ്ങൾ കേരളത്തിലെ അധികാരത്തിന്റെ ഒരു ചെറിയ മരക്കഷണം മാത്രമേ കാണുന്നുള്ളൂ. അതാണ് പ്രശ്നം. നിങ്ങൾ കാട് കാണണം. ഈ രാജ്യം എവിടേയ്ക്ക് പോകുന്നു; ഈ വ്യാഖ്യാനങ്ങളെവിടെ; നമ്മുടെ ജനാധിപത്യത്തെ എവിടെയെത്തിക്കുന്നു? നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനശില ഫെഡറലിസം, പാർലമെന്ററി ജനാധിപത്യം. മതനിരപേക്ഷത അവിടെ നിൽക്കട്ടെ. അതുസംബന്ധിച്ച് ചർച്ചാവേളയിൽ പറയാം. ഈ രണ്ടെണ്ണത്തിൽ നിങ്ങളെവിടെ നിൽക്കുന്നു? നമ്മളെല്ലാവരും ഇങ്ങനെ ചർച്ച

ചെയ്ത് നിശബ്ദത പാലിച്ചാൽ, ഈ പ്രശ്നത്തിൽ നിലപാട് വ്യക്തമാക്കാതിരുന്നാൽ, നാളെ കൺകറന്റ് ലിസ്റ്റിനകത്തുള്ള ഏത് വിഷയത്തിലും സബോർഡിനേറ്റ് ലെജിസ്ലേഷൻവഴി സ്റ്റേറ്റ് അസംബ്ലിയുടെ അധികാരം ഇല്ലാതാക്കാം. റൂൾസ് ഓഫ് ബിസിനസ് പ്രകാരം നിങ്ങൾ അനുമതി വാങ്ങിയിട്ടുണ്ടോ എന്ന് പരിണിതപ്രജ്ഞനായ നിയമവിദഗ്ദ്ധൻ ഇവിടെ ചോദിച്ചത് എന്നെ അത്ഭുതപ്പെടുത്തി. ഒരു നിയമസഭയിൽ ഒരിക്കലും ചോദിക്കാൻ പാടില്ലാത്ത ചോദ്യമാണത്. നിങ്ങളെന്തുകൊണ്ട് ഈ റൂൾസ് ഓഫ് ബിസിനസ് ഇങ്ങനെയുണ്ടാക്കിവച്ചുവെന്ന് വേണമെങ്കിൽ ചോദിക്കാം. ഭരണഘടനയുടെ ആർട്ടിക്കിൾ 246(2) പറയുന്നത് കൺകറന്റ് ലിസ്റ്റിലുള്ളതിൽ പാർലമെന്റിനും നിയമസഭയ്ക്കും നിയമനിർമ്മാണത്തിന് പൂർണ്ണാധികാരമുണ്ട് എന്നാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതിൽ കോൺട്രാഡിക്ഷൻ വന്നിട്ടുണ്ട്.

<u>ശ്രീ. പി. രാജീവ്</u>: അതിലേയ്ക്ക് ഞാൻ വരാം. 254-ൽ എന്താണ് പറയുന്നത്? Laws made by Parliament and laws made by the Legislature of States. നമ്മൾ ഉണ്ടാക്കുമ്പോൾ

കോൺട്രാഡിക്ഷനായിപ്പോയി. റൂൾസ് ഓഫ് ബിസിനസ് എന്തുകൊണ്ടുണ്ടാക്കിയെന്ന് നിങ്ങൾ ചോദിക്കണം. കൺകറന്റ് ലിസ്റ്റിൽ അവിടെ നിയമമുണ്ടാക്കുന്നു. സംസ്ഥാന നിയമസഭകളോട് ചോദിക്കുന്നുണ്ടോ? കേന്ദ്രത്തിലേയ്ക്ക് എല്ലാ അധികാരവും കൊടുക്കുന്നതിനെ കയ്യടിക്കുന്നവരായി എങ്ങനെ കോൺഗ്രസ്സിന് മാറാൻ കഴിയുന്നു? കൃഷി പൂർണ്ണമായും സ്റ്റേറ്റ് ലിസ്റ്റിലാണ് വരുന്നത്. എങ്ങനെയാണ് കേന്ദ്രം നിയമം പാസ്സാക്കിയത്? അങ്ങയുടെ പാർട്ടിയുടെ നേതാക്കന്മാരെല്ലാം സമരത്തിനുണ്ടായിരുന്നു. എൻട്രി 14 പരിശോധിച്ചുനോക്കൂ. Agriculture മാത്രമല്ല, Agriculture including Agriculture education and research, ഫിഷറീസ് യൂണിവേഴ്സിറ്റി, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി എന്നിവയെല്ലാം എൻട്രി 14-ലാണ് വരുന്നത്. സ്റ്റേറ്റിന്റെ അധികാരമാണ്; പൂർണ്ണമായും ഈ നിയമസഭയുടെ അധികാരമാണ്. നിങ്ങളുടെ രാഷ്ട്രീയം എന്തുമായിക്കൊള്ളട്ടെ; അപ്പുറത്തോ ഇപ്പുറത്തോ നിൽക്കട്ടെ; ഈ സഭ മുന്നോട്ടുപോകണ്ടേ; സംസ്ഥാനങ്ങൾ നിലനിൽക്കണ്ടേ; സംസ്ഥാന നിയമസഭകൾ ഉണ്ടാകേണ്ടതില്ലേ; നിയമസഭകൾക്ക് ഫെഡറലിസത്തിന്റെ അടിസ്ഥാനതത്വത്തിനനുസരിച്ച്

നിയമം പാസ്സാക്കാൻ അധികാരം വേണ്ടേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, കുറേകഴിഞ്ഞ് കേരളത്തിൽ വരാനിരിക്കുന്ന ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ഇപ്പുറത്തിരിക്കാൻ കഴിയുമോ എന്നുകരുതി നിങ്ങൾ താല്കാലികമായ നിലപാട് സ്വീകരിച്ചാൽ അതിലേയ്ക്ക് എത്തുന്നതിനുമുൻപ് ഈ രാജ്യം വല്ലാത്ത അപകടത്തിലേയ്ക്ക് പോകും. ഈ മാറ്റങ്ങൾ അങ്ങനെയാണ്.

ഇത് പൊളിറ്റിക്കൽ പൊസിഷനാണ്. ശരിയായ നിലപാടായി ഞങ്ങൾ കാണുകയും ചെയ്യുന്നു. ഇപ്പോൾ റെഗുലേഷൻ മാറി, യു.ജി.സി.-യുടെ ഒരു അഭിഭാഷകൻ ഇതാണ് യു.ജി.സി.-യുടെ നിലപാടെന്ന് കോടതിയിൽ പറഞ്ഞാൽ സ്റ്റേറ്റ് അവിടെ നിൽക്കില്ല. എത്രമാത്രം അപകടകരമായ ഇന്റർപ്രട്ടേഷനാണ്. യു.ജി.സി. റെഗുലേഷൻ prevail ചെയ്യും. യു.ജി.സി. ഗൈഡ്ലൈനും prevail ചെയ്യും, ഇപ്പോൾ യു.ജി.സി.-യുടെ അഭിഭാഷകൻ വാദിക്കുന്നത് സ്റ്റേറ്റ് നിയമത്തിനുമുന്നിൽ prevail ചെയ്യും. പിന്നെ നമ്മൾ എന്തിനാണ് ഈ നിയമസഭയിലിരിക്കുന്നത്; ഈ നിയമസഭയ്ക്ക് എന്താണ് പ്രസക്തിയുള്ളത്; ഭരണഘടനയുടെ അടിസ്ഥാനശിലയ്ക്ക് എന്താണ് പ്രസക്തി? അതുകൊണ്ട് അക്കാര്യത്തിൽ നമ്മൾ യോജിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് രാഷ്ട്രീയമാണ് പറഞ്ഞത്. ഞങ്ങൾ സംസാരിച്ചത് രാഷ്ട്രീയമല്ല, നിലവിലുള്ള നിയമങ്ങൾ, ഭരണഘടനാപരമായ കാര്യങ്ങൾ സംബന്ധിച്ചാണ് സംസാരിച്ചത്. യു.ജി.സി.-യുടെ നോട്ടിഫിക്കേഷൻ അങ്ങ് പറഞ്ഞതുപോലെ സബോർഡിനേറ്റ് ലെജിസ്ലേഷനാണെന്ന് ഞാൻ സമ്മതിക്കുന്നു. സബോർഡിനേറ്റ് ലെജിസ്ലേഷൻ നിയമത്തിന്റെ ഭാഗമല്ലേ; സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം ഗവൺമെന്റിന് എങ്ങനെയാണ് കിട്ടുന്നത്? പാർലമെന്റ് നിയമം പാസ്സാക്കുമ്പോൾ അതിൽ പ്രത്യേകം പ്രൊവിഷൻ വച്ചിട്ടാണ് സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം കൊടുക്കുന്നത്. നിയമസഭ പാസ്സാക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന് റൂൾ ഫ്രെയിം ചെയ്യാൻ സാധിക്കുന്നത്. നിയമത്തിന്റെ ഭാഗമായാണ് സബോർഡിനേറ്റ് ലെജിസ്ലേഷനുള്ള അധികാരം കൊടുക്കുന്നത്. ആ നിയമത്തിന്റെ ഭാഗമായാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ വരുന്നത്. അങ്ങ് പറഞ്ഞ വാദഗതി ശരിയാണെങ്കിൽ, നാളെ ഇവിടെ പാസ്സാക്കുന്ന ഒരു നിയമത്തിന്റെ ഭാഗമായി ഒരു റൂൾ ഫ്രെയിം ചെയ്ത് കഴിഞ്ഞാൽ, ആ റൂൾ ബാധകമല്ലായെന്ന്

പറഞ്ഞാൽ എന്ത് അർത്ഥമാണ്? അത് നിലനിൽക്കുന്നിടത്തോളം നിയമത്തിന്റെ ഭാഗമാണ്. അതിനകത്ത് എന്താണ് സംശയം? ഞങ്ങളുടെ പൊളിറ്റിക്കൽ നിലപാടല്ലല്ലോ ഇവിടെ പറയേണ്ടത്. ഒരു ബിൽ കൊണ്ടുവരുമ്പോൾ ഞങ്ങൾ പറഞ്ഞ ഒബ്ജക്ഷൻ അതാണ്. അങ്ങ് സുപ്രീംകോടതി വിധിക്കെതിരായിട്ടാണ് സംസാരിച്ചത്. സുപ്രീംകോടതിയാണ് ഈ repugnancy കാര്യം പറഞ്ഞത്. ഞാൻ സുപ്രീംകോടതി വിധിയാണ് ക്വാട്ട് ചെയ്തത്. വൈസ് ചാൻസലർ നിയമനം റദ്ദാക്കിയ സുപ്രീംകോടതി വിധിയിലാണ് യു.ജി.സി. നോട്ടിഫിക്കേഷൻ. It is a part of the law.

<u>ശ്രീ. പി. രാജീവ്</u>: സർ, ആ ഭാഗത്തേയ്ക്ക് ഞാൻ വരാം. ഗൗരവമായ പ്രശ്നത്തിൽ അദ്ദേഹം നിലപാട് പറഞ്ഞില്ല. സബോർഡിനേറ്റ് ലെജിസ്ലേഷൻ ആർട്ടിക്കിൾ 254-മായും പാരന്റ് ആക്ടുമായും നിൽക്കുമോ? അതിന് കോടതിയുടെ ഒരു litmus test ഉണ്ട്. ഒന്ന്, കോൺസ്റ്റിറ്റ്യൂഷണലായി നിൽക്കുമോ; രണ്ട്, പാരന്റ് ആക്ടിലെ വ്യവസ്ഥകൾക്ക് ultra vires ആണോ; ഇത് അങ്ങേയ്ക്കറിയാമല്ലോ. ഒരു നിയമനിർമ്മാണം നിയമസഭ നടത്തുന്നത് ഭരണഘടന നൽകുന്ന അധികാരത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ്.

ഇൻഡ്യൻ ഭരണഘടനയുടെ 194 മുതൽ 201 വരെയുള്ള ആർട്ടിക്കിളുകൾ, എങ്ങനെ ബിൽ അവതരിപ്പിക്കണം എന്നതാണ്. Introduction, Consideration, Passing മൂന്ന് പ്രോസസ്സ് ഉൾപ്പെടെയുള്ളതാണ്. ഈ മേശപ്പുറത്ത് എത്ര കടലാസ്സുകൾ വയ്ക്കുന്നുണ്ട്? ഇതിനകത്ത് വന്നുകഴിഞ്ഞാൽ അതിൽ വ്യവസ്ഥയുണ്ടാകും. ഇത്ര ദിവസത്തിനുള്ളിൽ പാർലമെന്റ് amend ചെയ്യുകയോ annul ചെയ്യുകയോ ചെയ്തില്ലെങ്കിൽ deemed to be approved by the House. 2012-ലെ IT Rules-ന്റെ ഒരു Annulment Motion ഞാൻ കൊണ്ടുവന്നു. പാർലമെന്റിലെ ആദ്യത്തെ Annulment Motion ആണ്. 10 കൊല്ലം മുൻപ് ശ്രീ. പ്രണബ് മുഖർജി ഒരു മോഡിഫിക്കേഷൻ പ്രമേയം കൊണ്ടുവന്നു. ഈ രണ്ട് പ്രമേയങ്ങൾക്കുശേഷം ശ്രീ. കെ. എൻ. ബാലഗോപാൽ ഒരു പ്രമേയം കൊണ്ടുവന്നു. കോൺസ്റ്റിറ്റ്യൂഷൻ നൽകുന്ന അധികാരത്തെ അടിസ്ഥാനപ്പെടുത്തി മൂന്ന് റീഡിംഗുകളിലൂടെ സൂക്ഷ്മമായ പ്രക്രിയയിലൂടെ നിയമസഭ പാസ്സാക്കുന്ന നിയമത്തെ കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് പാസ്സാക്കി സബോർഡിനേറ്റ് ലെജിസ്ലേഷനിൽ prevail ചെയ്യുന്നുവെന്ന വ്യാഖ്യാനം സുപ്രീംകോടതി വിധിയാണ്. Law of the Land ആണ്. അതിന്റെ അപകടകരമായിട്ടുള്ള പ്രത്യാഘാതം നമ്മൾ രണ്ടുകൂട്ടരും

തിരിച്ചറിയേണ്ടതുണ്ട്. ഇനിയിത് നിലനിൽക്കുമോ; അതാണല്ലോ നമുക്ക് ഇപ്പോൾ നോക്കാനുള്ളത്. ഇത് ഞങ്ങളുടെ പൊസിഷനാണ്. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, യു.ജി.സി.-യുടെ റെഗുലേഷൻ prevail ചെയ്യുമെന്ന് പറഞ്ഞു. ഇതിന്റെ അടുത്ത അപകടങ്ങൾ അങ്ങേയ്ക്ക് ഞാൻ പറഞ്ഞുതരാം. പെൻഷൻ പ്രായം എത്രയാക്കണം? യു.ജി.സി. റെഗുലേഷൻ അനുസരിച്ച് 65 ആക്കണം. യു.ജി.സി. റെഗുലേഷനിൽ പി.എസ്.സി. നിൽക്കുമോ; എങ്ങനെയാണ് ഓരോ കോളേജിലെയും അദ്ധ്യാപക നിയമനം; റെഗുലേഷൻ 2018 നമ്മൾ അംഗീകരിക്കുന്നുണ്ടോ? ഞങ്ങൾ നിയമിച്ച വൈസ് ചാൻസലർമാരുടെ കാര്യത്തിൽ തർക്കം നിലനിൽക്കുന്നതുകൊണ്ട്, അതുമാത്രം സുപ്രീംകോടതി പറയുന്നത് ശരി, ബാക്കി ഭാഗത്തെ യു.ജി.സി. റെഗുലേഷൻ ഞങ്ങൾ അംഗീകരിക്കുന്നില്ലായെന്ന് നാളെ പറയുമോ? ഇവിടെയൊരു കേസ് വന്നു. സുപ്രീംകോടതിയുടെ വ്യത്യസ്ത വിധികളുണ്ട്. പെൻഷൻ പ്രായം സംബന്ധിച്ച് ഇവിടെനിന്നും ഒരു കേസ് പോയിട്ടുണ്ടായിരുന്നു. വിജയൻ കേസ്, 2022-ലാണ്. അന്ന് സുപ്രീംകോടതി പറഞ്ഞത്, യു.ജി.സി. റെഗുലേഷൻ സ്റ്റേറ്റിന് മാൻഡേറ്ററിയല്ല, അതുകൊണ്ട് പെൻഷൻ പ്രായം സംസ്ഥാനത്തിന്

തീരുമാനിക്കാമെന്നായിരുന്നു. സർവ്വീസ് റൂൾസിൽ ആർട്ടിക്കിൾ 310, 311 നിലനിൽക്കുന്നുണ്ട്. അതുകൂടി ചേർത്ത് വ്യാഖ്യാനിച്ചു. ഗുജറാത്ത് കേസിലെ സുപ്രീംകോടതി വിധി എന്താണ്? അവിടത്തെ യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലറെ നിയമിച്ചു. ആ വൈസ് ചാൻസലർക്ക് 10 വർഷത്തെ ക്വാളിഫിക്കേഷനുമില്ല, കമ്മറ്റിയിൽ യു.ജി.സി. പ്രതിനിധിയുമില്ല. സ്റ്റേറ്റ് ആക്ട് മാത്രമേ നിലനിൽക്കുകയുള്ളൂ, ഒരു കുഴപ്പവുമില്ലായെന്ന് ഹൈക്കോടതി പറഞ്ഞു. സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും അതുതന്നെ പറഞ്ഞു. കേസ് സുപ്രീംകോടതിയിൽ പോയി. വിരമിക്കാൻ ഒരുമാസമേയുള്ളൂ അതുകൊണ്ട് ഞങ്ങൾ ഇടപെടുന്നില്ലായെന്ന് ബഹു. സുപ്രീംകോടതി പറഞ്ഞു. The question of law is open. ഗുജറാത്തിലെ ഗവൺമെന്റായതുകൊണ്ട് ഈ ഒഴിവിലേയ്ക്ക് വീണ്ടും യു.ജി.സി. നോമിനിയില്ലാതെ കമ്മറ്റിയുണ്ടാക്കി ഇതേ വൈസ് ചാൻസലറെതന്നെ വീണ്ടും നിയമിച്ചു. ഇതാണ് കേസ്. ആ കേസിലാണ് ബഹു. സുപ്രീംകോടതി ജസ്റ്റിസ് എം. ആർ. ഷായുടെ ജഡ്ജ്മെന്റ് വന്നത്. ആ കേസാണ് കെ.ടി.യു. വിധിയിലേയ്ക്ക് എത്തിയത്. ഇവിടെയൊന്നും ക്വാളിഫിക്കേഷൻ പ്രശ്നം പറഞ്ഞിട്ടില്ല. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് കഴിഞ്ഞ സഭയിൽ

പറഞ്ഞപ്പോഴും തമിഴ്നാട്ടിലെ കേസിലെ കാര്യം പറഞ്ഞു. അതിൽ സുപ്രീംകോടതി പറഞ്ഞത് UGC regulation is mandatory to the Central Universities, UGC regulation is directive for the State Universities എന്നാണ്. partially mandatory and partially directive. ബീഹാറിൽ 10 യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ നിയമനം സുപ്രീംകോടതി റദ്ദാക്കി. അതിനുകാരണം സംസ്ഥാന ഗവൺമെന്റുമായി കൺസൾട്ട് ചെയ്തില്ല എന്നതാണ്. സ്റ്റേറ്റ് നിയമത്തിൽ സംസ്ഥാന ഗവൺമെന്റുമായി കൺസൾട്ട് ചെയ്യണം. അപ്പോൾ ഗവർണ്ണർ പറഞ്ഞു, ഞാൻ മുഖ്യമന്ത്രിയുമായി ചായ കുടിക്കാനിരുന്നപ്പോൾ അദ്ദേഹത്തോട് ഈ പ്രശ്നം പറഞ്ഞിരുന്നു. നിങ്ങൾ ഉദ്ദേശിക്കുന്നവരുടെ ലിസ്റ്റ് ഗവൺമെന്റിന് കൊടുത്താൽ മാത്രമേ, ഗവൺമെന്റിന് മൈൻഡ് അപ്ലൈ ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് സുപ്രീംകോടതി പറഞ്ഞു. 10 സർവ്വകലാശാല വൈസ് ചാൻസലർമാരുടെ നിയമനം സ്റ്റേറ്റ് നിയമത്തിനനുസരിച്ചല്ലാത്തതുകൊണ്ട് ബീഹാറിൽ സുപ്രീംകോടതിതന്നെ റദ്ദ് ചെയ്തു. ഇപ്പോൾ സുപ്രീംകോടതി പറഞ്ഞിരിക്കുന്നു, UGC is mandatory for all Universities whether it is Central or State. അതിൽ ഞങ്ങൾക്ക് തർക്കമുണ്ടെങ്കിലും ഇതാണ് ഇപ്പോൾ

Law of the land. അപ്പോൾ അങ്ങുപറഞ്ഞ യു.ജി.സി. എല്ലാത്തിലും നടപ്പിലാക്കണം. നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്.

ഇപ്പോഴുള്ള പ്രശ്നം, void ab initio ആണെന്ന് പറഞ്ഞിട്ട് പറഞ്ഞു, co-terminus ആണ്. ഇപ്പോൾ ഒരു വിധി വന്നിട്ടുണ്ട്. ഇന്നലെയാണ് ഹൈക്കോടതിയുടെ പുതിയ ഇന്റർപ്രട്ടേഷൻ വന്നത്. ഞങ്ങൾ തയ്യാറാക്കുമ്പോഴുള്ള ഇന്റർപ്രട്ടേഷൻ എന്താണ്? യു.ജി.സി. റെഗുലേഷന്റെ ഹൈക്കോടതിയുടെ ഇന്റർപ്രട്ടേഷനാണ്, Justice A. Muhamed Mustaqe-ന്റെ വിധി, 'Being a pleasure appointment, the continuation of the Pro-Vice-Chancellor in the office therefore, depends upon the prerogative to be exercised by the Vice Chancellor. Thus, I am of the considered view that Pro-Vice-Chancellor cannot be ordered to vacate the office on account of demitting office by the Vice Chancellor before his term.' ഇതാണ് Co-terminus-ന് ഹൈക്കോടതി നൽകിയിട്ടുള്ള വിധി. ഞങ്ങൾ ഇത് ഫ്രെയിം ചെയ്യുമ്പോൾ ഇതാണ് വിധി. ഇന്നലെ വന്ന വിധിയിൽ എന്തെങ്കിലും പുതിയ മാറ്റമുണ്ടെങ്കിൽ ഈ ബിൽ സബ്ജക്ട് കമ്മറ്റിയിൽ വരുമ്പോൾ പരിശോധിക്കാം. ഞങ്ങൾ തയ്യാറാക്കുമ്പോൾ

Co-terminus-ൽ ഈ ജഡ്ജ്മെന്റിൽ പറഞ്ഞു, കാലാവധി പൂർത്തീകരിക്കുന്നതിനുമുൻപ് ഒരു വൈസ് ചാൻസലർ രാജിവച്ച് പോയി. അപ്പോൾ തന്നെ പി.വി.സി.-യെ വിടേണ്ട കാര്യമില്ല. പുതിയ പി.വി.സി.-ക്ക് pleasure ഇല്ലെങ്കിൽ അപ്പോൾ ഇദ്ദേഹത്തെ മാറ്റാം. Co-terminus related to the term of Vice-Chancellor. ഇതാണ് ഹൈക്കോടതിയുടെ ഇന്റർപ്രട്ടേഷൻ. ആ ഇന്റർപ്രട്ടേഷനാണ് ഞങ്ങൾ ഫ്രെയിം ചെയ്തത്. പക്ഷെ, ഇന്നലെ പുതിയ വിധി വന്നിട്ടുണ്ടെന്ന് പറയുന്നുണ്ട്. അതനുസരിച്ച് നമുക്ക് നോക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ഉന്നയിച്ച നിയമപ്രശ്നം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്നലെ ഹൈക്കോടതി വിധി വരുന്നതിനുമുമ്പുതന്നെ സുപ്രീംകോടതി വിധി നിലവിലുണ്ട്. To the extent that the State legislation is in conflict with Central legislation including subordinate legislation made by the Central legislation under Entry 25 of the Concurrent List shall be repugnant to the Central legislation and would be inoperative.

The UGC Regulations being passed by both the Houses of Parliament, though a subordinate legislation has binding effect on the Universities to which it applies എന്നാണ് സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത്. സുപ്രീംകോടതി വിധി നിലനിൽക്കേ പഴയ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ തയ്യാറാക്കിയതെന്ന് പറയുന്നതിൽ പ്രസക്തിയില്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇതിന്റെ വ്യാഖ്യാനം എങ്ങനെ നിലനിൽക്കുമെന്നതാണ് പ്രശ്നം. സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും ഇന്റർപ്രെട്ടേഷൻ നിലവിലുണ്ടായിരുന്നപ്പോഴും സംസ്ഥാനത്തിന്റെ നിലപാട് തെറ്റാണെന്നോ കേന്ദ്രത്തിന്റേത് ശരിയാണെന്നോ കേന്ദ്രത്തിന്റേത് തെറ്റാണ് സംസ്ഥാനത്തിന്റേത് ശരിയാണെന്നോ അല്ല ഈ വിധി. As per UGC regulations what is coterminous? സബോർഡിനേറ്റ് ലെജിസ്ലേഷൻ വിധിയിൽ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ആ ഭാഗം പ്രതിപക്ഷവും വിയോജിക്കേണ്ടതുതന്നെയാണ്. അത് അവിടെ നിൽക്കട്ടെ. ഇതിൽ ഒരു വ്യാഖ്യാനമേയുള്ളൂ. ഞങ്ങൾ നിയമനിർമ്മാണം നടത്തുമ്പോൾ law of

the land-ൽ coterminous എന്നാൽ term പൂർത്തീകരിക്കുന്നതുവരെയാണ്. അങ്ങ് പറഞ്ഞ ഭാഗം ഇപ്പോൾ ഏകദേശം ക്ലിയറായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു.

ബില്ലിൽ ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താത്തതിനെക്കുറിച്ച് ചോദിച്ചിരുന്നു. ഓഫീസ് സർവ്വകലാശാല ആസ്ഥാനത്ത് തന്നെയായതുകൊണ്ട് അഡീഷണൽ ചെലവ് പ്രതീക്ഷിക്കുന്നില്ല. സ്റ്റേറ്റ് എക്സ്ചെക്കറിൽ അഡീഷണൽ ചെലവ് വരുമ്പോഴാണ് ധനകാര്യ മെമ്മോറാണ്ടത്തിന്റെ ആവശ്യം വരുന്നത്. സാധാരണ ഇക്കാര്യങ്ങളെല്ലാം വിശദമായി പറയേണ്ടത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷമുള്ള ബില്ലിന്റെ പരിഗണനാവേളയിലാണ്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയുടെ പ്രസംഗത്തിലും അദ്ദേഹം എഴുതി നൽകിയതിലും ഒരു പ്രയോഗമുണ്ട്. അത് ശരിയായ പ്രയോഗമല്ല. 'ബിൽ ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടേണ്ടി വരുമെന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ ഇത്തരമൊരു വളഞ്ഞ വഴി' എന്നാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. ഞങ്ങൾക്ക് ഒരു വളഞ്ഞ വഴിയുമില്ല. ഈ ബിൽ

ഗവർണ്ണറുടെ അടുത്ത് പോയതാണ്. ഗവർണ്ണറുടെ അനുമതിയോടുകൂടിയാണ് ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ബില്ലുകൾ ഗവർണ്ണറുടെ അടുത്ത് പോകാതിരിക്കുവാനാണോ ഇത് ഒഴിവാക്കുന്നത്; Money bill ഗവർണ്ണറുടെ അനുമതിക്കായി പോയതാണല്ലോ. ഒരു ബിൽതന്നെ (1-ാം നമ്പർ) ബിൽ എന്നും (2-ാം നമ്പർ) ബിൽ എന്നും പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ്; ഒറ്റ ബിൽ മതിയാകുമായിരുന്നില്ലേ എന്നതായിരുന്നു പിന്നീട് ചോദിച്ചത്. മൂലനിയമം ഇംഗ്ലീഷിലാണെങ്കിൽ ഭേദഗതി ഇംഗ്ലീഷിലും മലയാളത്തിലാണെങ്കിൽ ഭേദഗതി മലയാളത്തിലുമായിരിക്കണം. കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 342 പ്രകാരം മലയാളത്തിൽ ഒരു ബിൽ വന്നാൽ ഇംഗ്ലീഷ് പരിഭാഷയ്ക്ക് ഗവർണ്ണറുടെ അനുമതി വേണം. അതനുസരിച്ച് ഗവർണ്ണറുടെ അനുമതിയോടെ കൊണ്ടുവന്നതാണ് ഈ ബിൽ. ഗവർണ്ണറെ ബിൽ കാണിക്കാതിരിക്കാൻ ഒരു സൂത്രപ്പണിയുമില്ല. ഈ ബില്ലുകളൊക്കെ ഗവർണ്ണർ കണ്ടതിനുശേഷം സഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകിയിട്ടുള്ളതാണ്. ഗവർണ്ണറുടെ അനുമതിയോടുകൂടിയാണ് സഭയിൽ ബിൽ അവതരിപ്പിച്ചത്. ഗവർണ്ണർ എന്ന തസ്തികയ്ക്ക് ഭരണഘടനാപരമായി നൽകിയിട്ടുള്ള ചുമതലകളുടെ

നിർവ്വഹണത്തിനോടൊപ്പം ഞങ്ങൾ നിൽക്കും. ഗവർണ്ണറുടെ നിലപാടിൽ രാഷ്ട്രീയപരമായി ഞങ്ങൾക്ക് വിയോജിപ്പുണ്ടാകാം. അടയും ശർക്കരയുമെന്ന് നിങ്ങൾ പറഞ്ഞല്ലോ; രാഷ്ട്രീയപരമായി വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരുന്നാലും ഭരണഘടനാ നിർവ്വഹണ ഘട്ടത്തിൽ അത് ഉണ്ടാകുകയില്ല. ഞങ്ങൾ ഗവർണ്ണർക്ക് അയയ്ക്കേണ്ടത് അയയ്ക്കും. ധനകാര്യ മെമ്മോറാണ്ടം ഇതുതന്നെയാണ് കാണിക്കുന്നത്. ഇതിൽ ആവർത്തന ചെലവുകളോ മറ്റു ചെലവുകളോ സ്റ്റേറ്റ് എക്സ്ചെക്കറുകളോ പുതിയതായി വരുന്നില്ല എന്നതുകൊണ്ട് അത് ഇതിന്റെ ഭാഗമല്ല.

പ്രോട്ടോകോൾ ലിസ്റ്റ് അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ചാൻസലർക്ക് താഴെയാണോ അതോ മുകളിലാണോ എന്നതാണ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. മുൻപ്രതിപക്ഷ നേതാവ് പരിണിതപ്രജ്ഞനാണല്ലോ; Order of Precedence-ന്റെ നാലാം സ്ഥാനത്ത് ഗവർണ്ണറും പതിനഞ്ചാം സ്ഥാനത്ത് മന്ത്രിമാരുമാണ് വരുന്നത്. ചാൻസലർക്ക് Order of Precedence-ൽ സ്ഥാനമുണ്ടോ; Discharging of the statutory duties-ന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി അവിടെപ്പോയി ഇരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും

ഡോ. മാത്യു കുഴൽനാടനുമൊക്കെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും ബഹുമാനപ്പെട്ട മന്ത്രിമാരുടെയും പ്രിവിലേജിനെക്കുറിച്ച് പറയാറുണ്ട്. ഭരണഘടനാപരമായിട്ടാണ് മന്ത്രിമാർക്ക് പ്രിവിലേജ് നൽകിയിരിക്കുന്നത്. സഭ നടക്കുമ്പോൾ ഏത് ഘട്ടത്തിലും മന്ത്രിമാർക്ക് ഇടപെടാം. നിങ്ങളെല്ലാവരും കുറെ കാലമായി സഭയിൽ ഇരിക്കുന്നവരാണല്ലോ; ആർട്ടിക്കിൾ 177 വായിച്ചുനോക്കൂ. ഭരണഘടനാപരമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുള്ള പ്രിവിലേജ് എന്താണ്? ജനാധിപത്യത്തിന്റെ അന്ത:സത്ത ഉയർത്തിപിടിച്ചുകൊണ്ട് കാലകാലാങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട കീഴ്വഴക്കമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുള്ളത്. ചിലപ്പോൾ അദ്ദേഹം I am on my legs എന്ന് സഭയിൽ പറയാറുണ്ട്. അങ്ങനെ പറയാൻ അദ്ദേഹത്തിന് അധികാരമില്ല. അങ്ങ് എഴുന്നേറ്റ് നിൽക്കുമ്പോൾ ഞങ്ങൾ ഇരിക്കേണ്ട കാര്യമില്ല. സഭയിൽ അത് പറയാൻ ചെയറിന് മാത്രമേ അധികാരമുള്ളൂ. ചെയർ I am on my legs എന്ന് പറഞ്ഞാൽ മറ്റുള്ള ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഇരിക്കണം. അത് ചെയറിനുള്ള സവിശേഷ അധികാരമാണ്. I am on my legs എന്ന് മന്ത്രി പറഞ്ഞാൽ നിങ്ങൾ

ഇരിക്കേണ്ട കാര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ഒരംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു അംഗം ഇടപെട്ടാൽ I am on my legs എന്ന് പാർലമെന്റിലും അസംബ്ലിയിലും എല്ലാവരും പറയുന്നതാണ്. Every member has got the right to say that. ഞാൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരു അംഗം ഇടപെട്ടാൽ ഞാൻ വഴങ്ങിയാൽമാത്രമേ അയാൾക്ക് ഇടപെടാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ I am on my legs എന്നുപറയുന്നത് സ്വാഭാവികമാണ്.

ശ്രീ. പി. രാജീവ്: സർ, ചെയർ എഴുന്നേറ്റ് നിൽക്കുമ്പോഴാണ് അംഗങ്ങളെല്ലാവരും ഇരിക്കേണ്ടതെന്നാണ് ഞാൻ പറഞ്ഞത്. ബാക്കി ഓരോരുത്തർക്കും തീരുമാനിക്കാം. പക്ഷെ എത്ര തർക്കമുണ്ടെങ്കിലും I am on my legs എന്ന് ചെയർ പറഞ്ഞാൽ ബാക്കിയെല്ലാവരും ഇരിക്കണം. (.....ബഹളം..) സ്പീക്കറുടെ സവിശേഷാധികാരത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ചാൻസലറുടെ കീഴിൽ പ്രോ-ചാൻസലർ എന്ന നിലയിൽ മന്ത്രി ഇരിക്കുന്നത്, അത് ആ നിയമം നൽകുന്ന അധികാരത്തിന്റെ പ്രയോഗം മാത്രമാണ്. അതിൽ വേറൊരു പ്രശ്നവുമില്ല. ഇന്ത്യയിൽതന്നെ എത്ര

യൂണിവേഴ്സിറ്റിയുടെ ചാൻസലർമാർ വേറെയുണ്ട്. ഭരണഘടനാപരമായി അലിഗർ യൂണിവേഴ്സിറ്റിയിൽ മാത്രമല്ല ഇന്ത്യയിലെ പല യൂണിവേഴ്സിറ്റികളിലും ചാൻസലർമാരെ കോടതിയാണ് തെരഞ്ഞെടുക്കുന്നത്.

മി. സ്പീക്കർ: Ignore the running commentaries.

ശ്രീ. പി. രാജീവ്: അങ്ങ് പറഞ്ഞതനുസരിച്ച് ഞാൻ ignore ചെയ്യാം. ഗവർണ്ണർ യൂണിവേഴ്സിറ്റിയുടെ ചാൻസലറാണ്. What is his capacity as a Governor or as a Chancellor, whether it is a constitutional position or statutory position. (...ബഹളം...)

മി.സ്പീക്കർ: പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ.

ശ്രീ. പി. രാജീവ്: അതുകൊണ്ട് ആ വാദം നിലനിൽക്കുന്നതല്ല. അതിൽ പ്രശ്നങ്ങളില്ല. പല യൂണിവേഴ്സിറ്റികളിലും അതേ രീതി തന്നെ തുടരുകയും ചെയ്യുന്നുണ്ട്. വൈസ്ചാൻസലറായി നിങ്ങൾ യാതൊരു വിദ്യാഭ്യാസ യോഗ്യതയുമില്ലാത്ത ആൾക്കാരെ വരെ നിയമിക്കുകയില്ലേ എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞൊരു കാര്യം. ഇത് വായിച്ചാൽ എങ്ങനെയാണ് അത്തരമൊരു വ്യാഖ്യാനത്തിൽ എത്താൻ കഴിയുന്നത്? ഒരു നിയമനിർമ്മാണത്തിന്റെയും ആവശ്യമില്ലാതെ

സംസ്ഥാന സർക്കാർ ഇപ്പോൾ കേരള കലാമണ്ഡലത്തിൽ ഒരു ചാൻസലറെ നിയമിച്ചു. ആരാണ് ചാൻസലർ; പത്മഭൂഷൺ മല്ലികാ സാരാഭായി. ഇതിൽ പാർട്ടി ബന്ധം നോക്കിയാൽ നാളെയൊരു പ്രശ്നം വരാനിടയുണ്ട്. അദ്ദേഹം പറഞ്ഞപ്പോഴാണ് അതിന്റെ അപകടം മനസ്സിലായത്. ശ്രീമതി മല്ലികാ സാരാഭായിക്ക് സുഭാഷിണി അലിയുമായി ഒരു ബന്ധമുണ്ട്. അത് ചിലപ്പോൾ പ്രശ്നമാകും. കാരണമെന്താണ്; സാരാഭായിയുടെയും മകളാണ് മല്ലികാ സാരാഭായി. മൃണാളിനി സാരാഭായിയുടെ സഹോദരിയാണ് ക്യാപ്റ്റൻ ലക്ഷ്മി. മൃണാളിനി സാരാഭായിയും ക്യാപ്റ്റൻ ലക്ഷ്മിയും അമ്മു സ്വാമിനാഥന്റെ മക്കളാണ്. അമ്മു സ്വാമിനാഥൻ ആരാണ്? പഴയ മദ്രാസ് സ്റ്റേറ്റിൽനിന്നും കോൺസ്റ്റ്യുവന്റ് അസംബ്ലിയിൽ വന്നയാൾ. 2016-ൽ മൃണാളിനി സാരാഭായി മരണപ്പെട്ടപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി ട്വീറ്റിൽപോലും ഒരു അനുശോചനം കൊടുത്തില്ല. എന്തുകൊണ്ടാണ്? ഗുജറാത്ത് വംശഹത്യക്കെതിരെ നിലപാട് സ്വീകരിച്ചു. ആ രാഷ്ട്രീയ നിലപാടാണോ ഞങ്ങളിവിടെ എടുത്തത്? ഇന്ന് ഇന്ത്യയിൽ കേരള കലാമണ്ഡലത്തിന്റെ ചാൻസലറായി നിയമിക്കാൻ കഴിയുന്ന ഏറ്റവും ഔന്നത്യമുള്ള ആളിനെതന്നെ വച്ചു. അതാണ് ഞങ്ങൾ ചെയ്യാൻ

പോകുന്നത്. ഞങ്ങൾക്ക് മുഖ്യമന്ത്രിയെ വച്ചുകൂടെ; നിങ്ങൾ അതല്ലേ ചെയ്യുന്നത്: രാജസ്ഥാനിലും ഛത്തീസ്ഗഢിലും മഹാരാഷ്ട്രയിലും നിങ്ങൾ മുഖ്യമന്ത്രിയെയല്ലേ ഉദ്ദേശിച്ചത്. പ്രതിപക്ഷനേതാവിന്റെ വ്യാഖ്യാനമെന്താണ്? ഗവൺമെന്റ് നിയമിക്കുന്ന ചാൻസലർ വന്നാൽ അത് ഗവൺമെന്റ് ഇടപെടലാകും. മുഖ്യമന്ത്രി വന്നാലോ; ഇതിൽ നിയമിക്കുന്ന ആളിന്റെ ഇടപെടൽ മാത്രമല്ലേയുള്ളൂ. മുഖ്യമന്ത്രി വന്നാലത് നേരിട്ടുള്ള ഇടപെടലല്ലേ; അങ്ങനെയാണെങ്കിൽ രാജസ്ഥാനിലും ഛത്തീസ്ഗഢിലും വെസ്റ്റ് ബംഗാളിലും നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്; ചാൻസലറുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് പറഞ്ഞു. ഇതിലെ വാചകം വളരെ വ്യക്തമല്ലേ; തമിഴ്നാട് നാഷണൽ ലാ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആരാണ്? ഹിസ്റ്ററി പ്രൊഫസറാണ്. യു.ജി.സി.യിൽ ഓരോ സബ്ജക്ടിനാണോ വൈസ് ചാൻസലർമാർ? യൂണിവേഴ്സിറ്റിക്ക് ആകെ ദിശാബോധം നൽകുന്ന വ്യക്തിത്വമാണ് ചാൻസലർ. ഏതെങ്കിലും സവിശേഷ വിഷയത്തിലുള്ള നൈപുണിയല്ല ചാൻസലറെ നിർണ്ണയിക്കുന്ന അടിസ്ഥാന യോഗ്യത. വിശാലമായ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയെ നയിക്കാൻ കഴിയണം, അതാണ്

ചാൻസലർ. ആർട്ടിക്കിൾ 157 വായിച്ചുനോക്കൂ. ഇപ്പോഴുള്ള ചാൻസലറുടെ യോഗ്യത അതാണ്. ഗവർണ്ണർ എന്ന കപ്പാസിറ്റിയിലാണ് നിയമിച്ചിട്ടുള്ളത്, അല്ലാതെ വേറെയൊന്നും നോക്കിയിട്ടല്ല. ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ വിചക്ഷണന്മാരെ തന്നെയാണ് സർക്കാർ ചാൻസലറായി നിയമിക്കാൻ ഉദ്ദേശിക്കുന്നത്. ഇതൊക്കെയാണ് പൊതുവെ ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങൾ. തടസ്സവാദങ്ങളൊന്നുംതന്നെ നിലനിൽക്കുന്നതല്ല. രാഷ്ട്രീയകാര്യങ്ങൾ ഇനിയുമുണ്ടെങ്കിൽ പിന്നീട് ചർച്ച ചെയ്യാം. ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: റൂളിംഗ് നൽകുന്നതിനുമുമ്പ് 139 നിയമസഭാ സാമാജികരോടും എനിക്ക് പറയാനുള്ളത്, ചെയറിനെ നോക്കി സംസാരിക്കണമെന്നാണ്. ഇല്ലെങ്കിൽ വളരെ awkward ആയി തോന്നും; അംഗങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പരസ്പരം സംസാരിക്കുമ്പോൾ ഞാൻ കളികാണാനിരിക്കുന്ന ആളിനെപ്പോലെയാണ് തോന്നുന്നത്. അതുകൊണ്ട് പരമാവധി ചെയറിനെ നോക്കി അഡ്രസ് ചെയ്യാൻ ശ്രമിക്കണം. എപ്പോഴും അങ്ങനെ സാധിക്കണമെന്നില്ല. മുമ്പ് ഞാൻ സംസാരിക്കുമ്പോൾ പരമാവധി ചെയറിനെ നോക്കി സംസാരിക്കാൻ ശ്രമിക്കാറുണ്ടായിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ നേരത്തെ ഇതുസംബന്ധിച്ച് പാനൽ ഓഫ് ചെയർമാനുമായി തർക്കിക്കുകയും ചെയ്തു. റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ ചെയറിനെ നോക്കി സംസാരിക്കണമെന്നല്ല ചെയറിനെ അഡ്രസ് ചെയ്ത് സംസാരിക്കണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ: ചില സമയങ്ങളിൽ ചെയറിനെ തീരെ അഡ്രസ് ചെയ്യുന്നില്ല. ഞാൻ ഒരാളിനെമാത്രം ഉദ്ദേശിച്ചല്ല പറഞ്ഞത്, ഇവിടെയുള്ള 139 സാമാജികരോടുമായാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: Let me complete......കഴിഞ്ഞ ദിവസം ചെയറിനെ നോക്കണമെന്ന് നിരന്തരമായി പറഞ്ഞത് അവിടേയ്ക്ക് നോക്കാൻ പാടില്ലെന്ന അർത്ഥത്തിലാണോ?

മി. സ്പീക്കർ: അങ്ങനെയല്ല.

ശ്രീ. വി. ഡി. സതീശൻ: ചെയറിനെ അഡ്രസ് ചെയ്യണമെന്ന വാക്കുമാത്രമേ റൂൾസ് ഓഫ് പ്രൊസീഡ്യുവറിലുള്ളൂ. സംഘർഷം ഒഴിവാക്കാൻ

ആ നിർദ്ദേശം നല്ലതാണ്. അങ്ങയോട് പറഞ്ഞാലും കമന്റുകൾ വന്നുകൊണ്ടിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ എപ്പോഴും അങ്ങയെ നോക്കിയാണ് പ്രസംഗിക്കുന്നത്. പാർലമെന്റിൽ പ്രസംഗിക്കുമ്പോൾ through you I like to request the Government....എന്നാണ് പറയുന്നത്. ചെയറിലൂടെ ഞാൻ ഗവൺമെന്റിനോട് പറയുന്നു. നേരിട്ട് പറയാൻ അധികാരമില്ല. പാർലമെന്റിലും അസംബ്ലിയിലും അതാണ് ബാധകം. Through the Speaker, I request the Government to do this എന്നാണ് പറയാറുള്ളത്. സ്പീക്കറിലൂടെയാണ് ഗവൺമെന്റിനോട് പറയുന്നത്, അതാണ് യഥാർത്ഥ പ്രാക്ടീസ്. അതാണ് അഡ്രസ് ചെയ്യുന്നുവെന്ന് പറയുന്നത്.

മി. സ്പീക്കർ: ഞാൻ കഴിഞ്ഞ ആറര വർഷവും സംസാരിച്ചത് പരമാവധി ചെയറിനെ നോക്കിയാണ്. പ്രതിപക്ഷത്തുനിന്നും പ്രകോപനമുണ്ടായ അവസരത്തിൽപോലും.

**റൂളിംഗ്**

ധനകാര്യ മെമ്മോറാണ്ടത്തിന്റെ അപാകത

മി. സ്പീക്കർ: ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2022-ലെ കേരള സർവ്വകലാശാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിന്റെയും 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലിന്റെയും അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. പി. സി. വിഷ്ണുനാഥ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. ടി. സിദ്ദിഖ് എന്നിവർ ഉന്നയിച്ച തടസ്സവാദങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഉന്നയിച്ച തടസ്സവാദങ്ങളും അതിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയും ചെയർ വിശദമായി പരിശോധിച്ചു.

ഈ ബില്ലുകൾ നിയമമാവുകയും നടപ്പിൽവരികയും ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും അധിക സാമ്പത്തികബാധ്യത ഉണ്ടാകുന്നതല്ലെന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ പരാമർശം വസ്തുതാപരമല്ലെന്നാണ് പ്രധാനമായും ഇവിടെ ഉന്നയിക്കപ്പെട്ട ആക്ഷേപം. സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളോടൊപ്പംതന്നെ ധനകാര്യ മെമ്മോറാണ്ടം നിർബന്ധമായും ചേർക്കേണ്ടതിന്റെയും അതിന്റെ

ഉള്ളടക്കത്തിന്റെ സാധുതയെയും സംബന്ധിച്ച് നിരവധി റൂളിംഗുകൾ മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇപ്പോൾ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം നിർബന്ധമായും ഉൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. അതുപോലെ, ധനകാര്യ മെമ്മോറാണ്ടത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുന്ന രീതിയും ഈ സഭയിൽ പുതുമയുള്ള കാര്യമല്ല. ഇവിടെ പരാമർശവിധേയമായ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുകയുണ്ടായി. ഈ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടം യാഥാർത്ഥ്യ ബോധത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന സർക്കാർ നിലപാടിനെ മുഖവിലയ്ക്കെടുക്കുകയാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട മറ്റൊരു സുപ്രധാന വിഷയം യു.ജി.സി. ഗൈഡ്ലൈനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമനിർമ്മാണം നടത്തിയാൽ അത് ഭരണഘടനയുടെ അനുച്ഛേദം 254-ന്റെ പരിധിയിൽ വരുമോ എന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും

സുപ്രീംകോടതിയുടെയും വിധി ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും പ്രസ്തുത വിധികൾ സംബന്ധിച്ച നിയമപോരാട്ടം ഇനിയും അവസാനിച്ചിട്ടില്ല. അതുകൊണ്ടുതന്നെ സഭയുടെ നിയമനിർമ്മാണാധികാരത്തെ അവയൊന്നും ദുർബലപ്പെടുത്തുന്നതായി കരുതാനാവില്ല.

ഇവിടെ ഉന്നയിക്കപ്പെട്ട പ്രോട്ടോക്കോൾ ലംഘനം ഉൾപ്പെടെയുള്ള മറ്റ് വിഷയങ്ങളൊക്കെത്തന്നെ ബില്ലിന്റെ വിശദമായ പരിഗണനാവേളയിൽ പരിഗണിക്കാവുന്നവയാണ്. നാല് സബ്ജക്ട് കമ്മിറ്റികൾ സംയുക്തമായിട്ടാണ് ഈ രണ്ട് ബില്ലുകളും പരിഗണിക്കുന്നത്. ബില്ലിൽ ഉൾപ്പെട്ടിട്ടുള്ളതായി ആശങ്കപ്പെടുന്ന വൈരുദ്ധ്യങ്ങൾ സബ്ജക്ട് കമ്മിറ്റിതലത്തിൽ വിശദമായി ചർച്ചചെയ്ത് പരിഹരിക്കാൻ കഴിയുമെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്. തടസ്സവാദങ്ങൾ ആയിട്ടാണെങ്കിൽപ്പോലും സ്വാഗതാർഹമായ നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും മറ്റ് അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. തടസ്സവാദങ്ങൾ തള്ളുന്നു. ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ കത്തിന് ഒരു കമന്റ് വേണം.

മി. സ്പീക്കർ: അഡ്വക്കേറ്റ് ജനറലിനെ സഭയിൽ വിളിക്കേണ്ടത് പൊതുവിലൊരു കൺസെൻസിലാണ്. ഇവിടെ അങ്ങനെയൊരു

കൺസെൻസസ് വരാത്ത പശ്ചാത്തലത്തിൽ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചില്ലെന്നേയുള്ളൂ. അങ്ങനെയാണ് ഞാൻ മനസ്സിലാക്കുന്നത്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലും 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബില്ലും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ കുറേയേറെ കാര്യങ്ങൾ സംസാരിച്ചതാണ്. ഈ ബില്ലിലേയ്ക്ക്

എത്താനുള്ള പ്രധാന കാരണം പുഞ്ചി കമ്മീഷന്റെ ശിപാർശകളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശിപാർശയുടെ അടിസ്ഥാനത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസത്തെ കുറേക്കൂടി മുന്നോട്ടുകൊണ്ടുപോകുന്നതിന് നേരത്തെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം സർക്കാരുകളെടുത്ത പൊതുനിലപാടുകൾ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ബില്ലായാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. നേരത്തെയെടുത്ത നിലപാടുതന്നെയാണ് ഞങ്ങൾ ഇപ്പോഴും സ്വീകരിച്ചിട്ടുള്ളത്. അതിനനുസരിച്ച് ഈ ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: രണ്ട് ബില്ലുകളും ഒരുമിച്ചാണ് ചർച്ചയ്ക്കെടുക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി അക്കാദമിക മേഖലയിലെ വിദഗ്ധരെ നിയമിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്താങ്ങുന്നു. വളരെ നിർണ്ണായകമായൊരു രാഷ്ട്രീയ സാഹചര്യത്തിലാണ് പ്രശസ്തമായ കേരളത്തിലെ സർവ്വകലാശാലകളുടെ ചാൻസലർമാർ വളരെ ഉന്നതമായ നിലവാരമുള്ളവരും സർവ്വകലാശാലകളുടെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുന്ന വിദഗ്ധരുമായിരിക്കണമെന്ന് തീരുമാനിച്ചുകൊണ്ട് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യവും ഭരണഘടനാദത്തമായ അവകാശങ്ങളും ഹനിക്കപ്പെടുന്നെന്നുതോന്നുന്ന നിർണ്ണായകമായ രാഷ്ട്രീയ സാഹചര്യത്തിൽക്കൂടിയാണ് ഇങ്ങനെയൊരു ബിൽ കേരള നിയമസഭ അവതരിപ്പിച്ച് പാസ്സാക്കാൻ ശ്രമിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. തുടക്കത്തിൽ ഇത്തരമൊരു സമീപനത്തെ ശക്തമായി എതിർത്തുകൊണ്ട്, ഗവർണ്ണർതന്നെ ചാൻസലറായി തുടരണമെന്ന് പ്രതിപക്ഷത്തെ ചില നേതാക്കന്മാരെങ്കിലും ആവശ്യപ്പെട്ടിരുന്നു. എന്നാൽ

ഇന്ന് സഭാതലത്തിൽ ഈ ബിൽ അവതരിപ്പിച്ചപ്പോൾ ആ നിലപാടിൽനിന്ന് മാറി കുറേക്കൂടി അയവേറിയ ഒരു സമീപനം പ്രതിപക്ഷം സ്വീകരിച്ചുകാണുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവുമൊക്കെ സംസാരിക്കുമ്പോൾ ഈ ബില്ലിലെ ചില കാര്യങ്ങളിൽ ക്ലാരിഫിക്കേഷനുണ്ടാകണമെന്നും കോടതിവിധിക്ക് എതിരായി വരുമോയെന്നുള്ള സംശയവുമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ചാൻസലർ ഗവർണ്ണർ തന്നെയാകണമെന്ന വാദത്തിൽനിന്ന് യു.ഡി.എഫ്. പിൻവാങ്ങിയതുതന്നെ ഒരു ശുഭലക്ഷണമായി കാണാൻ സാധിക്കും. പക്ഷേ തടസ്സവാദമുന്നയിച്ച് യു.ഡി.എഫ്. ഇന്ന് ഇവിടെ ഉന്നയിച്ച കാര്യങ്ങളിൽനിന്നും യഥാർത്ഥത്തിൽ അവർ സംസ്ഥാന നിയമസഭയുടെ അധികാരങ്ങൾ നിലനിർത്തുന്നതിനും നിയമസഭയുടെ വിശുദ്ധി നിലനിർത്തുന്നതിനുംവേണ്ടി പരിശ്രമിക്കുകയല്ല, പകരം വ്യക്തിയധിഷ്ഠിതമായ കാര്യങ്ങളായി ഇതിനെ കാണാൻ ശ്രമിക്കുകയാണ് എന്നാണ് മനസ്സിലാകുന്നത്. ഇപ്പോൾ അധികാരത്തിലുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ആയതുകൊണ്ട് യു.ഡി.എഫ്. അതിനെ എതിർത്തേ മതിയാവുകയുള്ളൂയെന്ന രീതിയിലുള്ള എതിർപ്പാണ് പ്രകടിപ്പിക്കുന്നത്.

നമ്മുടെ ഭരണഘടനയിൽ ജനാധിപത്യവും seculiarism-വും socialism-വും അതുപോലെതന്നെ sovereignty-യും ഊന്നി പറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ പരമാധികാരം കവരുന്ന രീതിയിലാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പരിശ്രമിക്കുന്നതെന്നും കാണാൻ സാധിക്കും. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ തമ്മിലുള്ള ജനാധിപത്യപരമായ നിലനിൽപ്പിനെ പലപ്പോഴായി ഇവിടെ ചോദ്യം ചെയ്തിട്ടുള്ളതാണ്. അത്തരമൊരു ചർച്ച നമ്മുടെ നാട്ടിൽ ഉയർന്നുവന്നപ്പോൾ അതുപരിശോധിക്കുന്നതിനാണ് 2007-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റ് ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി അധ്യക്ഷനായ പുഞ്ചി കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് നമ്മുടെ ജനാധിപത്യപരമായിട്ടുള്ള കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ എങ്ങനെ നിലനിർത്താമെന്ന് പരിശോധിച്ചത്. തുടക്കത്തിൽ യു.ഡി.എഫ്. അതുമറന്നുപോയിരുന്നു. പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവൊന്നും അതുകേൾക്കാൻ ഇപ്പോൾ ഇവിടെയില്ല. എങ്കിലും ഈ സഭാരേഖകളിൽ അതുവരുമല്ലോ. പുഞ്ചി കമ്മീഷനെ നിശ്ചയിച്ച കാര്യംപോലും മറന്നുകൊണ്ടാണ് ചാൻസലർ സ്ഥാനത്തുനിന്നും ഗവർണറെ മാറ്റണമെന്ന വാദത്തെ എതിർത്തുകൊണ്ട് ഗവർണർ തന്നെ ആയിരിക്കണം ചാൻസലർ

എന്ന് പ്രതിപക്ഷത്തുള്ള ചിലരെങ്കിലും സൂചിപ്പിച്ചത്. 2007-ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യു.പി.എ. ഗവൺമെന്റാണ് ജസ്റ്റിസ് മദൻമോഹൻ പൂഞ്ചിയെ അധ്യക്ഷനാക്കികൊണ്ടുള്ള പൂഞ്ചി കമ്മീഷനെ നിശ്ചയിച്ചതെന്ന കാര്യം പെട്ടെന്നാണ് അവർക്ക് ഓർമ്മ വന്നത്. ഇക്കാര്യം വിശദമായി പരിശോധിക്കണം. കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പരിശോധിക്കുമ്പോഴാണ് പൂഞ്ചി കമ്മീഷൻ വിദ്യാഭ്യാസ ഭരണനിർവ്വഹണം സംബന്ധിച്ച ഭാഗം പരിശോധിച്ചത്. അതിൽ ഗവർണറുടെ ചാൻസലർ പദവി ഭരണഘടന വിഭാവനം ചെയ്യുതല്ലെന്ന് അദ്ദേഹം വിലയിരുത്തി. അതിനനുസരിച്ചാണ് പിന്നീട് ഗവർണറുടെ ചാൻസലർ പദവിയെകുറിച്ച് ഒട്ടേറെ ചർച്ചകൾ ഉണ്ടായത്. ഇതുഭരണഘടനാപരമായ ചുമതലകൾ നിഷ്പക്ഷമായി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ഗവർണർമാരെ ചാൻസലർ ആക്കുമ്പോൾ ഉണ്ടാകാം. അങ്ങനെ വരുന്ന സമയത്ത് ഗവർണർ എന്നുള്ള പദവിതന്നെ വലിയ തോതിലുള്ള വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടാൻ സാധ്യതയുണ്ടെന്നാണ് പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. ഗവർണ്ണർക്ക് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം സാധാരണരീതിയിലുള്ള ചുമതലകൾ നൽകരുതെന്നും വളരെ വ്യക്തമായി

പുഞ്ചി കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. അതുതന്നെയാണ് ഇപ്പോൾ അനുഭവത്തിൽ വന്നിട്ടുള്ളത്. നേരത്തെ പ്രതിപക്ഷം സംസാരിക്കുമ്പോൾ പറഞ്ഞത് ഇപ്പോൾ കേരളത്തിൽ ഗവർണറുമായി സർക്കാർ എപ്പോഴും ശണ്ഠയാണെന്നാണ്. മുഖ്യമന്ത്രിയും ഗവർണറും തമ്മിൽ എന്താണെന്ന് ഒരു ഉദാഹരണവും പറഞ്ഞു. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത് തേങ്ങയും പീരയും പോലെയാണെന്നും പീരയും ശർക്കരയും പോലെയാണല്ലോയെന്നുമാണ്. അങ്ങനെയൊരു പദപ്രയോഗമല്ല വേണ്ടത്. ഇതെല്ലാം ഒരു സമന്വയത്തിന്റെയും അതുപോലെ ജനാധിപത്യപരമായിട്ടുള്ള ഉൾക്കാഴ്ചയുടെയും ഭാഗമാണ്. ഗവർണർ പദവി തീരുമാനിക്കുന്ന സമയത്തുതന്നെ ഭരണഘടന നിർമ്മാണ കമ്മിറ്റി ഇക്കാര്യം ചർച്ച ചെയ്തതും അതൊക്കെ പലപ്പോഴായി സഭാതലത്തിൽ വന്നിട്ടുള്ളതുമാണ്. ജനാധിപത്യപരമായി കൈകാര്യം ചെയ്തില്ലെങ്കിൽ ഈ പദവി ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും പറയുകയുണ്ടായി. അതുവരാതിരിക്കുന്നത് ഗവർണർ പദവിയുടെ അന്തസ്സ് ജനാധിപത്യത്തിന് അനുസരിച്ച് കൈകാര്യം ചെയ്യാൻ കഴിയുന്ന ഗവർണറും ജനാധിപത്യപരമായി കാര്യങ്ങൾ ഗവർണറുമായി ആലോചിച്ച് ചെയ്യാൻ

കഴിയുന്ന ഗവൺമെന്റും തമ്മിലുള്ളൊരു സമന്വയത്തിന്റെ ഭാഗമായതുകൊണ്ടാണ്. അതൊരു നൂൽപാലമാണ്. ഇതിൽ ഏതെങ്കിലും ഒന്ന് ലംഘിക്കപ്പെട്ടാൽ ജനാധിപത്യം തകരുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അപ്പോഴും ഭരണഘടന നിർമ്മാണ കമ്മിറ്റി പ്രതീക്ഷ പുലർത്തുന്നത് ഗവർണർ സ്ഥാനത്തുവരുന്ന ആളുകൾ അങ്ങനെയൊരു തരംതാഴ്ന്ന പ്രവർത്തനത്തിലേക്ക് പോകില്ലായെന്നതന്നെയാണ്. പക്ഷേ അങ്ങനെ വന്നാൽ അതിനെ മറികടക്കാനുള്ള അധികാരം ലെജിസ്ലേച്ചറിനുണ്ടോ എന്നുള്ളതാണ് ചോദ്യം? ലെജിസ്ലേച്ചറിന്റെ അധികാരം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യയുടെ ജനാധിപത്യം ഒരു പ്രത്യേക തരത്തിലുള്ളതാണെന്ന് എല്ലാവർക്കും അറിയാം. Legislature, Executive, Judiciary എന്നതിൽ ഒന്ന് ഒന്നിനെ മറികടക്കാൻ ശ്രമിച്ചാൽ ഉണ്ടാകുന്ന ജനാധിപത്യ ലംഘനം പലപ്പോഴും നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെ ലംഘിക്കപ്പെടാനുള്ള സാഹചര്യം ഒഴിവാക്കികൊണ്ട്, ജനാധിപത്യപരമായി Legislature-നെയും Executive-നെയും Judiciary-യെയും എങ്ങനെ നിലനിർത്താൻ സാധിക്കുമെന്നാണ് പൂഞ്ചി കമ്മീഷനും പരിശോധിച്ചത്. ലെജിസ്ലേച്ചറിന് വലിയ അധികാരമുണ്ട്. ഒരു

സംസ്ഥാനത്തിന്റെ കാര്യങ്ങൾ തീരുമാനിക്കാനുള്ള നിയമനിർമ്മാണം ലെജിസ്ലേച്ചറാണ് നടത്തുന്നത്. ഇത് കേന്ദ്ര നിയമത്തിന് വിരുദ്ധമാകുമോയെന്ന് പറഞ്ഞല്ലോ. അതിലെ പരാമർശം മാത്രമേ ശ്രദ്ധിക്കേണ്ടതുള്ളൂ. ഇതിനുസമാനമായിട്ടുള്ള നിയമം കേന്ദ്രഗവൺമെന്റ് പാസ്സാക്കിയിട്ടില്ലെങ്കിൽ കേരള ലെജിസ്ലേച്ചറിന് ആവശ്യമായിട്ടുള്ള പുതിയ നിയമം പാസ്സാക്കുന്നതിന് ഭരണഘടനാപരമായി ഒരു തടസ്സവുമില്ല. പക്ഷേ ഇപ്പോൾ പാസ്സാക്കുന്ന നിയമത്തിന് സമാനമായിട്ടുള്ള നിയമം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ടെങ്കിൽ അതിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമാകുമോ സംസ്ഥാനത്തിന്റെ നിയമം എന്നതാണ് പരിശോധിക്കേണ്ടത്. ഇപ്പോൾ ഒരുതർക്കം വന്നിട്ടുള്ളത് സബോർഡിനേറ്റ് ലെജിസ്ലേച്ചറിനുകൂടി വിധേയമാകണോ സംസ്ഥാന നിയമസഭകളുടെ നിയമനിർമ്മാണമെന്നുള്ളതാണ്. സുപ്രീംകോടതി വിധി ഉദ്ധരിച്ചുകൊണ്ട് പ്രതിപക്ഷനേതാവും മറ്റും സംസാരിച്ചു. ഇത് ഗൗരവകരമായ വിഷയമാണ്. സംസ്ഥാന ലെജിസ്ലേച്ചറിന് പിന്നെയെന്താണ് പ്രാധാന്യം. സംസ്ഥാന ലെജിസ്ലേച്ചർ പാസ്സാക്കുന്ന ഏതെങ്കിലുമൊരു നിയമത്തെ ഒരു സബോർഡിനേറ്റ് ലെജിസ്ലേഷൻ വഴി കീഴ്പ്പെടുത്തിയാൽ

ജനാധിപത്യപരമായിട്ടുള്ള എന്ത് അവകാശമാണ് സംസ്ഥാനത്തിനുള്ളത്. അതുതന്നെയാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ ജനാധിപത്യപരമായിട്ടുള്ള വശം കാത്തുസൂക്ഷിക്കണമെന്ന് പറയുന്നതിന്റെ അർത്ഥം. ഇതിപ്പോൾ വന്നു വന്ന് അധികാരം മുഴുവൻ സെൻട്രലിലേക്ക് കേന്ദ്രീകൃതമാകുന്നു. കേന്ദ്ര ഗവൺമെന്റ് ആര് ഭരിക്കുന്നു എന്നതിലല്ല, അധികാരം മുഴുവൻ കേന്ദ്രീകൃതമാകുന്നത് ഗാന്ധിജി അങ്ങേയറ്റം ഭയന്ന കാര്യമാണ്. ഗാന്ധിജി പറഞ്ഞ ഗ്രാമസ്വരാജ് നടപ്പിലാകണമെങ്കിൽ കേന്ദ്രീകൃതമായിട്ടുള്ള മാനസികാവസ്ഥയിലുള്ളവർക്ക് പറ്റുന്നതല്ല. കോൺഗ്രസിന്റെ ചില നേതൃത്വമെങ്കിലും അത്തരം ഒരു അധികാര ഭ്രാന്ത് കാണിക്കുന്നുണ്ടെന്ന് മനസ്സിലാക്കി കോൺഗ്രസ് പിരിച്ചുവിടുന്നതായിരിക്കും നല്ലത്, കുറെക്കൂടി ജനാധിപത്യപരമായിട്ടുള്ള രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെ ഇന്ത്യയുടെ ഭരണം ഏൽപ്പിക്കുകയായിരിക്കും ഭംഗിയെന്ന് മഹാത്മജി ഒരു പ്രവചനാത്മകമായിട്ടുള്ള രീതിയിൽ അന്ന് സൂചിപ്പിച്ചത് ഇതുമുന്നിൽ കണ്ടുകൊണ്ടാണ്. ഗാന്ധിജി ഭയന്നത് സംഭവിക്കുകയാണ്. ഒരു ഗ്രാമസ്വരാജ് നടപ്പിലാക്കാൻ ജനാധിപത്യപരമായിട്ടുള്ള കേന്ദ്രീകരണം നടത്തുന്ന കേന്ദ്ര ഗവൺമെന്റിന്റെ

കൺമുന്നിൽ സാധിക്കില്ല. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് സംസ്ഥാനം കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾകൂടി കേന്ദ്ര ലിസ്റ്റിൽ നേരിട്ട് ഉൾപ്പെടുത്താതെ കൺകറണ്ട് ലിസ്റ്റിൽ ചേർക്കുന്നത്. വിദ്യാഭ്യാസത്തെ കൺകറണ്ട് ലിസ്റ്റിൽ ചേർക്കുമ്പോൾ ഒരുപിടി നിയമവിദഗ്ദ്ധരിൽനിന്ന് വിമർശനം ഉണ്ടായിട്ടുള്ളതാണ്. ജനാധിപത്യത്തിന്റെ അംശമായ കേന്ദ്രഭരണാധികാരികൾ ഭരണഘടന തൊട്ട് സത്യം ചെയ്തിട്ടാണല്ലോ അധികാരത്തിൽ ഇരിക്കുന്നത്. അതുകൊണ്ട് ഭരണഘടനാദത്തമായിട്ടുള്ള ജനാധിപത്യത്തിന്റെ വികേന്ദ്രീകൃതമായിട്ടുള്ള സാധ്യതയിൽ കേന്ദ്ര ഗവൺമെന്റ് കൈവയ്ക്കില്ല എന്നൊരു പ്രതീക്ഷ നിലനിർത്തുകയല്ലാതെ മറ്റെന്താണ് ചെയ്യാൻ പറ്റുക? ഇപ്പോൾ കൈവച്ചിട്ടുള്ളത് ജനാധിപത്യപരമായിട്ടുള്ള സംസ്ഥാനങ്ങളുടെ അധികാരത്തിൽതന്നെയാണ്. സംസ്ഥാനങ്ങൾ നോക്കുകുത്തികളായി മാറുന്നു. പൂർണ്ണമായിട്ടും കേന്ദ്രീകൃതമായ അമിതാധികാര പ്രവണതയിലേക്ക് നമ്മുടെ രാജ്യം കടന്നുചെന്നിരിക്കുന്നു. വളരെ ഭയാനകമായിട്ടുള്ള അവസ്ഥയാണ്. അതിന്റെ ഒരുപ്രതിഫലനം തന്നെയാണ് ഗവർണർ സർവ്വകലാശാലകളുടെ ചാൻസലർ എന്നുള്ള നിലയിൽ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളെയും

നിയന്ത്രിക്കാൻ പുറപ്പെടുന്നത്. ഇവിടെ എന്ത് ന്യായമാണ് പറഞ്ഞത്. സംസ്ഥാന നിയമസഭ അംഗീകരിക്കുന്ന അതിന്റെ തീരുമാനപ്രകാരമുള്ള യൂണിവേഴ്സിറ്റിയുടെ സെർച്ച് കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റ് ഗവർണർക്ക് എങ്ങനെയാണ് തള്ളിക്കളയാൻ സാധിക്കുന്നത്. മുൻകാലങ്ങളിൽ സാധാരണ അത്രത്തോളം ചെയ്യാറില്ല. ആ ലിസ്റ്റിൽനിന്നും ഒരാളെ നിശ്ചയിച്ചിട്ട് ഗവർണർ തരുമെന്നുള്ളതാണ്. ഇവിടെ പറയുന്നത് ഒരുപേരല്ല മൂന്നുപേരെയെങ്കിലും കൊടുക്കണമെന്നാണ്. എന്താണ് അതിന്റെ അർത്ഥം? സെർച്ച് കമ്മിറ്റിയിലുള്ള അംഗങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ കൂടുതൽ പേരുടെ പേര് കൊടുക്കാം. പക്ഷേ, സെർച്ച് കമ്മിറ്റിയിലെ എല്ലാവർക്കും ഒരേ അഭിപ്രായമാണ്. ഒരാളെക്കുറിച്ച് എന്തിനാണ് വിശ്വാസ്യത കുറവ്. അങ്ങനെ കൊടുത്തുകഴിഞ്ഞാൽ ആ വ്യക്തിയുടെ പേര് അംഗീകരിക്കാൻ ഗവർണർ തയ്യാറാകണ്ടേ. ചുരുങ്ങിയ പക്ഷം ആ പേരിന് ഒരു യൂണിവേഴ്സിറ്റിയുടെ ചാൻസലർ ആകാൻ കഴിയാത്തവിധം ദൂഷ്യമുണ്ടെങ്കിൽ എന്തൊക്കെയാണ് ആ ദൂഷ്യമെന്നുള്ളത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടല്ലോ. ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ക്രമക്കേടോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള

ബുദ്ധിഭ്രമമോ മറ്റേതെങ്കിലും തരത്തിൽ സൂചിപ്പിച്ചിട്ടുള്ള പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ സാധിക്കുന്നതാണ്. പക്ഷേ അത് ചൂണ്ടിക്കാണിക്കുന്നതിനുപകരം സർക്കാർ പറഞ്ഞ ഒരു പേരും എടുക്കാൻ പറ്റില്ലായെന്നാണ് പറയുന്നത്. വളരെ പ്രശസ്തരായ ആളുകൾ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർമാരായി വന്നപ്പോൾ അവരെ ക്രിമിനലെന്നും ഗുണ്ടയെന്നുമെല്ലാം ഗവർണറുടെ പദവിയിലിരുന്ന് വിളിക്കുമ്പോൾ അതെങ്ങനെയാണ് നമ്മുടെ നിയമസഭയ്ക്ക് അംഗീകരിക്കാൻ സാധിക്കുക, ഈ നാടിന് അംഗീകരിക്കാൻ സാധിക്കുക? അത്തരമൊരു അപകടകരമായ നീക്കത്തിലേക്ക് വന്നതുകൊണ്ടുതന്നെയാണ് പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാരായി പ്രമുഖരായ ആളുകൾ വരണമെന്ന് പറയുന്നത്. ഇന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ പറഞ്ഞത് വളരെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. നമ്മുടെ കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയുടെ ചാൻസലർ ആയി ഇങ്ങനെയാണ് നിയമിക്കുക, ഇത്തരം നിയമനം ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ. പ്രതിപക്ഷത്തുനിന്നും ആരും എതിർത്തില്ലല്ലോ. കേരള കലാമണ്ഡലം കൽപ്പിത സർവകലാശാല ചാൻസലറായി

പത്മഭൂഷൺ ബഹുമതി നേടിയിട്ടുള്ള മല്ലിക സാരാഭായിയെ നിയമിച്ചു. പ്രശസ്തമായ പാലക്കാട് ആനക്കരയിലെ വടക്കത്ത് തറവാട്ടംഗമായ പ്രശസ്ത നർത്തകി മൃണാളിനി സാരാഭായിയുടെയും ബഹിരാകാശ ശാസ്ത്രജ്ഞൻ വിക്രം സാരാഭായിയുടെയും മകളാണ് മല്ലിക സാരാഭായ്. അതുകൊണ്ടാണ് നിഷേധിക്കാൻ തയ്യാറാകാത്തത്. ഞാൻ അതല്ല പറഞ്ഞത്. അത് എന്തോ ഒരു ഇടതുപക്ഷ ചായ്‌വ് കണ്ടുപിടിച്ചിട്ട്....... ഇന്ന് നിലനിൽക്കുന്ന യാഥാസ്ഥിതിക സമൂഹത്തോട് കടുത്ത പോരാട്ടം നടത്തുന്നൊരു വ്യക്തികൂടിയാണ് ശ്രീമതി മല്ലികാ സാരാഭായ്. അവരുടെ നൃത്തം, സാഹിത്യം, തുടങ്ങിയ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തി ഇന്നത്തെ സമൂഹത്തിലെ സ്ത്രീ വിരുദ്ധതയോടും ജനാധിപത്യ വിരുദ്ധതയോടും കലഹിച്ചുകൊണ്ടേയിരിക്കുന്ന ഒരാളാണ് ശ്രീമതി മല്ലികാ സാരാഭായ്. അങ്ങനെ കലഹിക്കുന്നവരെയെല്ലാം ഇടത് എന്നുമുദ്രകുത്തി പരിഹസിക്കുന്ന ഒരു ഏർപ്പാട് നിലനിൽക്കുന്നുണ്ടല്ലോ; അതെങ്കിലും പറയാൻ കഴിയാത്തത് ഇതുകൊണ്ടാണെന്നാണ് ഞാൻ പറഞ്ഞത്. അവർ പദ്മഭൂഷൺ അവാർഡ് നേടിയിട്ടുണ്ട്. അവരുടെ സമ്മാനപ്പട്ടിക വലുതാണ്. അതുകൊണ്ട് ഞാൻ അതൊന്നും പറയുന്നില്ല. ഇതുപോലുള്ള പ്രഗത്ഭരെ ചാൻസലർമാരായി

കൊണ്ടുവന്നാൽ എല്ലാ സർവ്വകലാശാലകൾക്കും ഈ അനുഭവം തന്നെയാണുണ്ടാകുന്നത്. അതിനെ എന്തിനാണ് നിഷേധിക്കുന്നത്; എന്തിനാണ് എതിർക്കുന്നത്; ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ സർവ്വകലാശാലകളിൽ പുതിയ ചാൻസലർമാരെ നിശ്ചയിക്കാൻവേണ്ടി പുറപ്പെടുന്നതെന്നുള്ളകാര്യവും പറയുകയാണ്. വളരെ യോജിപ്പോടുകൂടി ഭരണ-പ്രതിപക്ഷ കക്ഷികളൊരുമിച്ച് പാസ്സാക്കേണ്ട ബില്ലാണിത്. അതിന് തടസ്സവാദമുന്നയിക്കുമ്പോഴും പറഞ്ഞിട്ടുള്ള കാര്യങ്ങൾ ദുർബ്ബലമാണ് എന്നുള്ളതാണ്. തട്ടിക്കൂട്ടി ഒപ്പിച്ച ബില്ലാണിത്, ധനകാര്യ മെമ്മോറാണ്ടം പറഞ്ഞിട്ടില്ല. ധനകാര്യ മെമ്മോറാണ്ടം understood അല്ലേ; കാരണം ഇവിടെനിന്നും അതിന് വാദമുന്നയിച്ചുകൊണ്ട് നിയമവിദഗ്ദ്ധരടക്കം പറഞ്ഞത് ഗവർണ്ണറുടെ ഓഫീസിലെ ചെലവിൽ ഇതെല്ലാം നടക്കുമല്ലോ എന്നാണ്. ഗവർണ്ണറുടെ ഓഫീസിലെ ചെലവ് ആരാണ് നിർവ്വഹിക്കുന്നത്; സംസ്ഥാന ഗവൺമെന്റല്ലേ അതിന്റെ മിക്ക ചെലവുകളും നിർവ്വഹിക്കുന്നത്; നമ്മുടെ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനങ്ങൾ കഴിവുകെട്ടതാണോ; ബില്ലിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചാൻസലർക്ക് ആവശ്യമായിട്ടുള്ള

ഓഫീസും അതിന്റെ സ്റ്റാഫിനെയുമെല്ലാം യൂണിവേഴ്സിറ്റി പ്രൊവൈഡ് ചെയ്യണം. യൂണിവേഴ്സിറ്റിയെ അങ്ങനെ under estimate ചെയ്യേണ്ടതുണ്ടോ; അവർക്കതെല്ലാം നിർവ്വഹിക്കാൻ സാധിക്കും. പക്ഷേ സഞ്ചിതനിധിയിൽ നിന്ന് അതിന് പ്രത്യേകിച്ച് ചെലവ് വഹിക്കേണ്ടതില്ലായെന്ന സൂചനയല്ലേ ഇവിടെ നൽകിയത്. അതിനുവേണ്ടി തട്ടിക്കൂട്ടിയ ഒരു ബില്ലാണ് എന്നുപറയേണ്ട കാര്യമില്ലല്ലോ; സുപ്രീംകോടതി വിധിയുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ നിയമവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. സുപ്രീംകോടതി വിധികൾ സംസ്ഥാനത്തിന്റെ ജനാധിപത്യ അവകാശങ്ങൾക്ക് നിരക്കുന്നതല്ലായെന്നുതോന്നുമ്പോൾ അതിനെ വിമർശിക്കാനുള്ള അധികാരമുണ്ട്, മറികടക്കുന്നില്ല; വിധി തള്ളിക്കളയുന്നു എന്നല്ല നമ്മൾ പറയുന്നത്. പക്ഷേ ആ വിധിക്കകത്ത് ചില പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ നമുക്കവകാശമില്ലേ? ബിൽക്കിസ് ബാനു കേസ്സിലെ പ്രതികളായ 11 പേരെ കോടതി ശിക്ഷിച്ചു. പക്ഷേ ഗവൺമെന്റ് വെറുതെ വിടാൻ തീരുമാനിച്ചു. കോടതി തന്നെ അവരെ വെറുതെ വിടാൻ തീരുമാനിച്ചാലും ഈ രാജ്യത്ത് ഒരു വിമർശനം ഉയരില്ലേ; കാരണം വർഗ്ഗീയ ലഹളയുടെ ഭാഗമായി ആ പാവപ്പെട്ട സ്ത്രീയെ എങ്ങനെയാണ് ദ്രോഹിച്ചത്

എന്നുള്ളത് കണ്ടുകൊണ്ടുനിൽക്കുകയാണ്; തെളിവുകളുമുണ്ട്. അത് കണ്ണുകൊണ്ട് കണ്ടുനിൽക്കുന്ന ജനാധിപത്യ വിശ്വാസിയായ ഒരു പൗരന് വിധിയുണ്ട്; അതുകൊണ്ട് ഒന്നും പറഞ്ഞുകൂടാ എന്നുപറയാൻ പറ്റുമോ? ജനാധിപത്യം നിലനിർത്തപ്പെടുന്നത് നല്ല വിമർശനങ്ങളുടെയും നല്ല ഇടപെടലുകളുടെയും അടിസ്ഥാനത്തിലാണ്. അത്തരമൊരു ഇടപെടലാണ് കേരളനിയമസഭ കൊണ്ടുവരുന്നത്. ഈ സാഹചര്യം ഏതാണ്? നമ്മൾ ഓർമ്മിക്കണ്ടേ; ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് കേന്ദ്രത്തിൽ ചെയ്യുന്നത് എന്താണ്; തനി ഫാസിസ്റ്റ് രീതിയിൽ നരേന്ദ്ര മോദി ഗവൺമെന്റ് പ്രവർത്തിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ സെക്കുലറിസത്തിന് പോറലേൽക്കുന്ന കാര്യങ്ങൾ തീരുമാനിച്ചു കൊണ്ടേയിരിക്കുകയാണ്. ആലോചിച്ചുകൊണ്ടിരിക്കുകയല്ല. തീരുമാനമെടുത്തിരിക്കുന്നു.

1930-കളിലെ ഹിറ്റ്ലറുടെ കാലമോർത്തിട്ടാണ് ശരിക്കും ഭയപ്പെടുന്നത്. ഹിറ്റ്ലറുടെ നാസിസം അവിടെ ന്യൂനപക്ഷ മതവിഭാഗങ്ങളെ കശാപ്പുചെയ്തത്, അവരെ കൂട്ടത്തോടെ ഇല്ലാതാക്കിയത് എന്നിവയുടെ തനിയാവർത്തനം പോലെ നരേന്ദ്ര മോഡി ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനങ്ങളെ എതിർക്കുക എന്നുള്ളതുകൂടി ബില്ലിന്റെ ഭാഗമാണ്. യു.ഡി.എഫ്.-ന്

എങ്ങനെയാണ് അതിനെ എതിർക്കാൻ സാധിക്കുന്നത്; അതിനെ പരിഹസിക്കാൻ സാധിക്കുന്നത്; ഗവർണ്ണറുടെ പദവി സംബന്ധിച്ച് ഏതെങ്കിലും തരത്തിൽ അവഹേളിക്കുന്ന രീതിയിൽ പ്രവർത്തിച്ചോ; പക്ഷേ കേന്ദ്രഗവൺമെന്റിന്റെ സെക്കുലറിസത്തിനെതിരായ സമീപനത്തിന് ചൂട്ടുപിടിക്കാൻ വേണ്ടിയുള്ള സമീപനമാണ് ഇപ്പോൾ ഗവർണ്ണർ എടുക്കുന്നത്. ജനങ്ങളുടെ മസ്തിഷ്കപ്രക്ഷാളനം നടത്തുകയാണ് ഹിറ്റ്ലർ ജർമ്മനിയിൽ ചെയ്തത്. അതായത്, indoctrinate ചെയ്യാൻ, ഏതെങ്കിലുമൊരു പ്രത്യയ ശാസ്ത്രത്തിന്റെ വിധേയത്വത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവന്ന് ചോദ്യം ചോദിക്കാനും ചിന്തിക്കാനും കഴിയാത്ത അവസ്ഥയിൽ ജനതയെ പാകപ്പെടുത്തിയെടുക്കാൻ ഏറ്റവും നല്ല മീഡിയം വിദ്യാഭ്യാസമാണെന്ന് കണ്ടെത്തുകയാണ്. ഹിറ്റ്ലർ പിടികൂടിയത് യൂണിവേഴ്സിറ്റികളെയും സ്കൂളുകളെയുമാണ്. ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളാൻ കഴിയണം. നമ്മൾ മറന്നുപോകരുത്. അതിന്റെയെല്ലാം തനിയാവർത്തനം കാണുമ്പോൾ ഭയക്കേണ്ടിടത്ത് ഭയക്കണം, പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കണം. ഇവിടെ കൂട്ടുത്തരവാദിത്വത്തോടുകൂടി നമ്മളെല്ലാവരും ചെയ്യേണ്ട ഒരു കാര്യത്തെ ഇടതുപക്ഷത്തോടുള്ള വിരോധം കാണിക്കാനുള്ള അവസരമായി

ഉപയോഗിക്കുന്നത് ശരിയല്ല എന്നാണ് പറയാനുള്ളത്.

വിദ്യാഭ്യാസരംഗം കയ്യടക്കാൻവേണ്ടി ഹിറ്റ്ലറുടെ കാലത്ത് അവിടെ നിയമംതന്നെ കൊണ്ടുവന്നു. 1933-ലെ 'Law for the Restoration of the Professional Civil Service'. ഇവിടെ ഇപ്പോഴുള്ളത് ഏകദേശം മോദിയുടെ ഫാസിസ്റ്റ് ചിന്താഗതി തന്നെയാണ്. എല്ലാ യൂണിവേഴ്സിറ്റികളെയും അവരുടെ വരുതിയിലാക്കി. എല്ലാ ടെക്സ്റ്റ് ബുക്കുകളും അവർ ഇഷ്ടപ്പെടുന്ന രീതിയിൽ മാറ്റിയെഴുതി. ടെക്സ്റ്റ് ബുക്കിന് അംഗീകാരം കിട്ടണമെങ്കിൽ നാസി പാർട്ടിയുടെ അംഗീകാരം വേണമായിരുന്നു. ഇവിടെ അതല്ലേ നടന്നുകൊണ്ടിരിക്കുന്നത്?

ചെയർപേഴ്സൺ: സമയം കൂടുതൽ വേണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുറച്ചുകൂടി മാത്രമേ പറയുന്നുള്ളൂ. ആ നാസി പാർട്ടിയുടെ തീരുമാനം പോലെയല്ലേ ഇപ്പോൾ കർണ്ണാടകയിൽ പാഠപുസ്തകത്തിൽ മനുസ്മൃതി ഉൾപ്പെടുത്തിയിരിക്കുന്നത്. ഞാനതിന്റെ വിശദാംശത്തിലേക്ക് കടക്കുന്നില്ല. മറ്റൊന്ന്, ഭിന്നിപ്പിച്ച് കീഴടക്കുക എന്നതാണ്. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് എപ്പോഴാണ് മനസ്സിലാകുന്നത്; ഹിറ്റ്ലർ സ്വീകരിച്ച ഭിന്നിപ്പിക്കൽ തന്ത്രം ഇവിടെ

ശ്രീ. നരേന്ദ്രമോഡി സ്വീകരിക്കുന്നു. മുസ്ലീങ്ങളെ ഉന്മൂലനം ചെയ്യലാണ് തങ്ങളുടെ അജണ്ടയെന്ന് വിചാരധാരയിൽ എഴുതിവച്ചിട്ടുണ്ട്. ഹിറ്റ്ലർ അവിടെ അധികാരത്തിൽ വന്നപ്പോൾ ജൂതന്മാരെ ഉന്മൂലനം ചെയ്യുകയാണ് ആദ്യം ചെയ്തത്. ജൂതന്മാരായ പ്രൊഫസർമാരെ മുഴുവൻ ഡിസ്മിസ് ചെയ്തു. അപ്പോൾ കത്തോലിക്കക്കാരും പ്രൊട്ടസ്റ്റന്റുകാരും വിചാരിച്ചത് അവരെ ഒന്നും ചെയ്യില്ലെന്നാണ്. പ്രൊട്ടസ്റ്റന്റ് ഫാദർ Martin Niemoller പറഞ്ഞത് 'എന്നെയൊന്നും ചെയ്തിട്ടില്ല, ഞാൻ മിണ്ടിയില്ല' എന്നാണ്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കത്തോലിക്കരുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചുപൂട്ടി. പ്രൊട്ടസ്റ്റന്റുകാരുടെ എല്ലാ പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൂട്ടിക്കെട്ടി. ഫാസിസം എന്നുപറയുന്നത് എല്ലാവരെയും കീഴടക്കി ആധിപത്യം സ്ഥാപിക്കുന്ന ഒരു പ്രവണതയാണെന്ന് അപ്പോഴാണ് മനസ്സിലായത്. ഇന്ത്യയിൽ അതിന്റെ മിന്നലാട്ടം കണ്ടുതുടങ്ങിയില്ലേ; ക്രിസ്ത്യാനിക്ക് ഞങ്ങളുണ്ട് എന്ന് ചിലപ്പോൾ ആർ.എസ്.എസ്. നേതാക്കൾ പറയുന്നു. അവരെല്ലാവരും അത് വിശ്വസിച്ചിട്ടൊന്നുമില്ല. പക്ഷേ അതിൽ ചില വിഭാഗങ്ങളെങ്കിലും ഇവർക്ക് ഞങ്ങളുണ്ട്, എന്നാൽപ്പിന്നെ ഇവരെയെല്ലാം കൂട്ടുപിടിച്ച് മുസ്ലീമിനെ ശരിയാക്കിക്കളയാം. മുസ്ലീമിലെ ഒരു

വിഭാഗത്തെ കൂട്ടുപിടിച്ച് ക്രിസ്ത്യാനിയെ ശരിയാക്കിക്കളയാം എന്നാണ് പറയുന്നത്. ഈ ആപത്ത് കാണണമെന്നാണ് ഞങ്ങൾ പറയുന്നത്. മതേതരത്വം ഭരണഘടനയിൽ ആലേഖനം ചെയ്തിട്ടുണ്ടെങ്കിൽ ഈ രാജ്യത്തെ ക്രിസ്ത്യാനിക്കും ഹിന്ദുവിനും മുസ്ലീമിനും പാഴ്സിക്കും സിഖിനുമൊക്കെ ഒരേ അധികാരമാണുള്ളത്. ആ അധികാരം സ്ഥാപിക്കണമെന്ന് മാത്രമേ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറയുന്നുള്ളൂ. ഈ ബിൽ അവതരിപ്പിക്കുമ്പോഴുള്ള കാഴ്ചപ്പാട് മറ്റൊന്നുമല്ല. സർവ്വകലാശാലകളിലെ തലപ്പത്ത് indoctrinate ചെയ്യാൻ ആഗ്രഹമുള്ള വിദഗ്ദ്ധരെ കൊണ്ടുപോയി ഇരുത്തി മസ്തിഷ്കപ്രക്ഷാളത്തിന് ഇടയാക്കുന്ന തീരുമാനം എടുക്കരുത്; അത് ആപത്താണ്. അതിനുപകരം എല്ലാമനുഷ്യരെയും ഒന്നായി കാണാൻ പറ്റുന്ന, സർവ്വകലാശാലകളുടെ വികസനത്തിന് സഹായിക്കാൻ കഴിയുന്ന, നല്ല ബുദ്ധിശാലികളായിട്ടുള്ള ആളുകളെ നിയമിക്കണം. അവർക്ക് കക്ഷിരാഷ്ട്രീയമൊന്നും വേണ്ട. ശ്രീമതി മല്ലികാ സാരാഭായിയെ കക്ഷിരാഷ്ട്രീയത്തിന്റെ പേരിലൊന്നുമല്ല കലാമണ്ഡലത്തിന്റെ ചാൻസലറാക്കിയത്. നമ്മുടെ എല്ലാ സർവ്വകലാശാലകളിലും അതുപോലുള്ള വിദഗ്ദ്ധരെ കുടിയിരുത്തുക

എന്നുള്ളതുതന്നെയാണ് ഈ ബില്ലിന്റെ അന്തഃസത്ത എന്നുകാണാൻ സാധിക്കണം. അതിനെ എതിർക്കാതെ പിന്താങ്ങിക്കൊണ്ട് നമ്മുടെ ഭരണഘടനയുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാനും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടുത്ത തലമുറയ്ക്കുവേണ്ടി ഒരു നാസിപ്പടയെയോ ഒരു ഹിന്ദുത്വ ഐഡിയോളജിയുള്ള പടയെയോ വാർത്തെടുക്കാനുള്ള ഉപകരണമാക്കാതെ, സ്ത്രീകളുടെ വിദ്യാഭ്യാസം ഇപ്പോൾ കേരളത്തിൽ നൂറുശതമാനം സാക്ഷരത കൈവരിച്ചിരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾ ധാരാളമായി വന്നിരിക്കുന്നു. എന്നാൽ ഈ കടുംപിടിത്തക്കാരുടെ കയ്യിലേക്ക്, ഗവർണ്ണർ അതിന്റെ സൂചന കാണിച്ചു തുടങ്ങിയിട്ടേയുള്ളൂ. ആ സൂചന പൂർണ്ണതയിലേക്കെത്തുമ്പോൾ നാസിപ്പട ചെയ്തതുപോലെ സ്ത്രീകൾക്കും ഉന്നതവിദ്യാഭ്യാസത്തിലേക്ക് 10 ശതമാനം മാത്രമേ അഡ്മിഷൻ കൊടുക്കാവൂ എന്നുപറഞ്ഞാൽ അതും കേൾക്കണ്ടേ; അവിടേയ്ക്കല്ലേ പോകുന്നത്; മുസ്ലീങ്ങൾ ഉന്നതവിദ്യാഭ്യാസത്തിൽ വേണ്ട. മുസ്ലീങ്ങൾ പഠിപ്പിക്കേണ്ട. ക്രിസ്ത്യാനികൾ പഠിപ്പിക്കേണ്ട. ആര്യ സംസ്കാരമുള്ളവർ മാത്രം പ്രൊഫസർമാരായാൽ മതി എന്നെല്ലാം പറയാൻ ഇടയായാൽ ഉണ്ടാകുന്ന സാഹചര്യമെന്താണ്; അങ്ങനെയുള്ള ഒരു

കാര്യത്തിലേക്ക് പോകാതെ നമ്മുടെ ജനാധിപത്യത്തെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണമെന്നുള്ളതുകൊണ്ടാണ് ഈ സർവ്വകലാശാലകളുടെ തലപ്പത്ത് ഏറ്റവും കഴിവുറ്റ ആളുകൾ ചാൻസലറായി വരണമെന്ന് പറയുന്നത്. ചാൻസലർമാർ വന്നാൽ ബാക്കി അധികാരവും പ്രോട്ടോക്കോളുമെല്ലാം നമുക്ക് തീരുമാനിക്കാം. ഫിഷറീസ് സർവ്വകലാശാലയിൽ സാഹിത്യകാരന്മാരെ നിയോഗിച്ചാലെന്താണ് എന്നാണ് ഇവിടെയൊരു സംശയം ചോദിച്ചത്.

<u>ചെയർപേഴ്സൺ</u>: 21 മിനിട്ടായിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇപ്പോൾ അവസാനിപ്പിക്കാം. അത് സംഭവിക്കുകയില്ല. നമ്മുടെ റൂൾസ് ഫ്രെയിം ചെയ്യുന്ന സമയത്ത് ഓരോ സർവ്വകലാശാലയ്ക്കുംവേണ്ട അവശ്യം അടിസ്ഥാന യോഗ്യതകളെക്കുറിച്ച് പ്രതിപാദിക്കാതിരിക്കാറില്ലല്ലോ; അങ്ങനെയല്ലല്ലോ ചെയ്യുന്നത്. അതുകൊണ്ട് വളരെ നിർണ്ണായകമായ, കാലിക പ്രസക്തമായ ഭരണഘടനയുടെ ജനാധിപത്യവും മതേതരത്വവും സ്വാശ്രയത്വവും പരമാധികാരവും സംരക്ഷിക്കുന്ന ഒരു നടപടിക്രമത്തിന്റെ തുടക്കമെന്ന നിലയിൽ ഈ നിയമം എന്നും ചരിത്രത്തിൽ ഓർമ്മിക്കപ്പെടുന്ന

ഒന്നായിരിക്കും. പ്രതിപക്ഷവും സർവ്വാത്മനാ അതിനെ പിന്തുണച്ചുകൊണ്ട് സംസ്ഥാന ലെജിസ്ലേച്ചറിന്റെ ജനാധിപത്യം സംരക്ഷിക്കാൻ ഒരുമിച്ച് നിൽക്കാം എന്നുമാത്രമാണ് പറയാനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമനസ്സോടെ അംഗീകരിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ഭാവിയുടെ വിശ്വാസ സൂചികയായ ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ച് ഓരോ ദിവസവും പുറത്തുവരുന്ന വിവരങ്ങൾ കേരള പൊതുസമൂഹം വളരെ ആശങ്കയോടെയാണ് ചർച്ച ചെയ്യുന്നത്. സർവ്വകലാശാലകളിൽ സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ ഇടപെടലുകൾ കാരണം സർവ്വകലാശാലകളുടെ ചാൻസലർ സ്ഥാനം മുഖ്യമന്ത്രിയോട് ഏറ്റെടുക്കാൻ ആവശ്യപ്പെട്ട് ഗവർണർ എഴുതിയ കത്തിൽ തുടങ്ങിയതാണ് വിവാദം. പിന്നീട് കണ്ണൂർ സർവ്വകലാശാലാ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് പ്രൊഫ. ഗോപിനാഥ് രവീന്ദ്രന് പുനർനിയമനം

നൽകണമെന്നാവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗവർണർക്ക് നൽകിയ കത്ത് പുറത്തുവന്നതോടെ ഈ വിഷയം പുതിയ തലങ്ങളിലേയ്ക്ക് എത്തുകയും ചെയ്തു. അദ്ധ്യാപക നിയമനത്തിലെ സ്വജന പക്ഷപാതം മുതൽ പഠന ബോർഡുകളുടെ പങ്കിട്ടെടുക്കൽ വരെയുള്ള രാഷ്ട്രീയ ഇടപടലുകളുടെ കേന്ദ്രമായി മാറി നമ്മുടെ സർവ്വകലാശാലകളെന്ന് പറയുന്നതിൽ ഖേദമുണ്ട്. രാഷ്ട്രീയ താൽപര്യത്തിന് പ്രാമുഖ്യം നൽകി, വൈസ് ചാൻസലർ നിയമനങ്ങൾ നടത്തി, സർവ്വകലാശാലാ ഭരണത്തിൽ ഇടപെടാൻ സർക്കാർ നടത്തിയ ശ്രമങ്ങളാണ് ഗവർണറെ പ്രകോപിപ്പിക്കാനുണ്ടായ പ്രധാന കാരണം. കണ്ണൂർ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലേയ്ക്ക് സിൻഡിക്കേറ്റ് എഴുപത്തിയൊന്ന് പേരെ നിയമിച്ചതുൾപ്പെടെ ചാൻസലറായ ഗവർണറെ വകവയ്ക്കാത്ത നടപടികൾ പല സർവ്വകലാശാലകളിലുമുണ്ടായി. ചാൻസലറായിരിക്കാൻ ഗവർണർക്കുള്ള യോഗ്യത ചോദ്യം ചെയ്ത് കലാമണ്ഡലം വൈസ് ചാൻസലർ ഹൈക്കോടതിയിൽ കേസ്സ് കൊടുക്കുന്നതുവരെയെത്തി കാര്യങ്ങൾ. കണ്ണൂർ സർവ്വകലാശാലയിലാകട്ടെ ബന്ധുനിയമനങ്ങളിൽ കോടതിപോലും ഇടപെടുന്ന സാഹചര്യമുണ്ടായി. വൈസ് ചാൻസലർ നിയമനത്തിനുള്ള പാനൽ തയ്യാറാക്കുന്ന സെർച്ച്

കമ്മിറ്റിപോലും പിരിച്ചുവിട്ടാണ് പുനർനിയമന നടപടികളുമായി സർക്കാർ മുന്നോട്ടുപോയത്. കാലടി സർവ്വകലാശാലയിൽ നൂറോളം അദ്ധ്യാപക തസ്തികയിലേയ്ക്ക് ഇപ്പോൾ നടക്കുന്ന നിയമനനടപടികളാകട്ടെ അഴിമതി ആരോപണങ്ങളുടെ നിഴലിലാണ്. പ്രധാനപ്പെട്ട സമിതിയായ ബോർഡ് ഓഫ് സ്റ്റഡീസ് മിക്ക സർവ്വകലാശാലകളിലും ഇപ്പോൾ സർക്കാരിന്റെ താൽപര്യത്തിനുവേണ്ടി മാത്രമാണ് പ്രവർത്തിക്കുന്നത്. രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മികവിന്റെ മാനദണ്ഡമായ നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ റാങ്കിംഗ് ഫ്രെയിം വർക്കിന്റെ സർവ്വകലാശാലാ റാങ്കിൽ ആദ്യ ഇരുപതിൽ കേരളത്തിൽനിന്നുള്ള ഒരു സർവ്വകലാശാലയും ഇല്ലെന്നുള്ളത് ഇതിനോടുചേർത്ത് വായിക്കണം. അദ്ധ്യാപകരുടെ ഗവേഷണ മികവ്, വിദ്യാർത്ഥികളുടെ പഠന നിലവാരം, എന്നിങ്ങനെ പല ഘട്ടങ്ങൾ വിലയിരുത്തിയുള്ള ദേശീയ റാങ്കിംഗിൽ ആദ്യ നൂറിൽ കേരളത്തിൽനിന്നുള്ള നാല് സർവ്വകലാശാലകൾ മാത്രമുള്ളപ്പോൾ തമിഴ്നാട്ടിൽനിന്നും പത്തൊൻപത് സർവ്വകലാശാലകളാണ് പ്രസ്തുത പട്ടികയിൽ ഇടംപിടിച്ചത്. അക്കാദമിക് കൗൺസിൽ പോലുള്ള സർവ്വകലാശാലാ സമിതികളിൽ രാഷ്ട്രീയ നിയമനം ഒഴിവാക്കണമെന്നും പരീക്ഷകളിലുൾപ്പെടെ

കാലോചിതമായ മാറ്റം കൊണ്ടുവരണമെന്നുമുള്ള ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശ ഏറ്റവും പ്രസക്തമായ കാലമാണിത്. ദേശീയ തലത്തിലും രാജ്യന്തര തലത്തിലുമുള്ള വിദഗ്ധരെയും വിദ്യാഭ്യാസ വിചക്ഷണരെയും സർവ്വകലാശാലാ ഭരണത്തിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശമടങ്ങിയ റിപ്പോർട്ടും കമ്മീഷൻ വരുംദിവസങ്ങളിൽ സമർപ്പിക്കുമെന്നാണ് അറിയാൻ സാധിച്ചത്.

ചാൻസലർ പദവിയിൽനിന്നും ഗവർണറെ നീക്കം ചെയ്യാൻ സംസ്ഥാനം നിയമ നിർമ്മാണവുമായി മുന്നോട്ടുപോകുന്നതിനിടെ, യു.ജി.സി. ചട്ടം ഭേദഗതി ചെയ്ത് എല്ലാ സർവ്വകലാശാലകളുടെയും ചാൻസലർ സ്ഥാനം അതത് സംസ്ഥാനത്തെ ഗവർണർമാർക്കുതന്നെ നൽകുമെന്ന് ഉറപ്പുവരുത്താൻ കേന്ദ്രം ഒരുങ്ങിക്കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. അത്തരത്തിൽ യു.ജി.സി. ചട്ടം ഭേദഗതി വരുത്തി, എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നിയമം നടപ്പാക്കിയാൽ സംസ്ഥാന നിയമങ്ങൾക്ക് നിലനിൽപ്പില്ലാതാകുമെന്നുള്ളതിൽ സംശയമില്ല. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്ര വിദ്യാർത്ഥികളാണ് പഠനത്തിനായി വരുന്നതെന്ന ചോദ്യം നിലവിൽ പ്രസക്തമാണ്.

ജെ.എൻ.യു. മാതൃകയിൽ രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും വിദ്യാർത്ഥികൾ പഠിക്കുന്ന വൈവിധ്യമാർന്ന രാഷ്ട്രീയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ക്യാമ്പസ്സുകളാക്കി നമ്മുടെ യൂണിവേഴ്സിറ്റികളെ ഉയർത്താൻ സാധിക്കാത്തതിന്റെ കാരണം സർക്കാർ പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തിലെ വിദ്യാർത്ഥികളാകട്ടെ ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്ന ദൗർഭാഗ്യകരമായ കാഴ്ചയാണ് നാം കാണുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ച് ഭരണത്തിൽവന്ന സർക്കാർ നിലവിൽ നമ്മുടെ വിദ്യാർത്ഥികളോട് ചെയ്യുന്നത് കൊടുംക്രൂരതയാണ്. സർക്കാരും ഗവർണറും തമ്മിലുള്ള രാഷ്ട്രീയപ്പോര് കാരണം പരീക്ഷകൾ സമയബന്ധിതമായി നടക്കുന്നില്ല. വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ്, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകാൻ കഴിയുന്നില്ല. ഏകദേശം ആയിരക്കണക്കിന് സർട്ടിഫിക്കറ്റുകളാണ് ഇത്തരത്തിൽ നൽകാനുള്ളത്. സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതുകാരണം തുടർപഠനത്തിനോ തൊഴിലവസരങ്ങൾക്കോ അപേക്ഷ നൽകാൻ ചെറുപ്പക്കാർക്ക് സാധിക്കുന്നില്ല. കേരളത്തിലെ സർവ്വകലാശാലകളിപ്പോൾ സി.പി.ഐ.

(എം)-ന്റെ നേതാക്കന്മാരുടെയും അവരുടെ അനുയായികളുടെയും ബന്ധുക്കളെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലടക്കം നിയമിക്കുന്നതിനുള്ള ലാവണമായി മാറിയിരിക്കുകയാണ്. അത്തരത്തിൽ നിയമനം നടത്തിയിട്ടുള്ള മുഴുവൻ ആൾക്കാരുടെയും വിവരങ്ങൾ എന്റെ പക്കലുണ്ട്. അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് സമയക്കുറവ് കാരണം പോകുന്നില്ല. മാത്രമല്ല അത്തരം നിയമനങ്ങളെപ്പറ്റിയുള്ള മുഴുവൻ വിശദാംശങ്ങളും ദൃശ്യ-പത്ര-സാമൂഹിക മാധ്യമങ്ങളിലടക്കം സമീപകാലങ്ങളിൽ വന്നതുമാണ്. അതേസമയം കണ്ണൂർ സർവ്വകലാശാലാ വൈസ് ചാൻസലർ പുനർനിയമനം മാനദണ്ഡങ്ങൾ മറികടന്ന് നടത്താൻ ഗവർണർതന്നെ കൂട്ടുനിന്നിട്ടുണ്ടെന്ന് അദ്ദേഹംതന്നെ ഏറ്റുപറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. കോഴിക്കോട് സർവ്വകലാശാലയിലെ സെനറ്റ് മെമ്പറെന്ന നിലയിൽ അവിടെ നടക്കുന്ന കാര്യങ്ങൾ പറയാതെ വയ്യ. കാലിക്കറ്റ് സർവ്വകലാശാലാ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ സിൻഡിക്കേറ്റ് അംഗത്തിന്റെ ഭാര്യയ്ക്ക് സംവരണപ്പട്ടികയിൽ കൃത്രിമം കാണിച്ച് എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപറത്തി അസ്സോസിയേറ്റ് പ്രൊഫസറായി നിയമനം നൽകിയതിന്റെ വസ്തുതകൾ ആരാഞ്ഞ്, സെനറ്റിൽ ചോദ്യം നൽകിയെങ്കിലും ആ ചോദ്യംപോലും സർവ്വകലാശാല

പരിഗണിച്ചില്ല. സംവരണം പാലിക്കാതെ ഇഷ്ടക്കാർക്ക് അദ്ധ്യാപക നിയമനങ്ങൾ നൽകുന്ന നടപടികളാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്നത്. അദ്ധ്യാപക നിയമനത്തിനുള്ള നിയമനക്രമപ്പട്ടിക രഹസ്യമായി സൂക്ഷിക്കുന്നു. സെനറ്റ് അംഗമെന്ന നിലയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുപോലും അവ ലഭ്യമാക്കുന്നില്ല. റാങ്ക് പട്ടിക തയ്യാറാക്കിയതിനുശേഷം വേണ്ടപ്പെട്ടവർക്ക് നിയമനം നൽകാൻ അനുയോജ്യമായ രീതിയിൽ സംവരണം പ്രഖ്യാപിക്കുകയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി. നിയമനക്രമപ്പട്ടികയും സ്കോർ മാർക്കും പുറത്തുവിടാത്തത് ബോധപൂർവ്വമാണ്. നിയമനം നടന്നശേഷം, വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെടുന്നതുപോലും നിരാകരിക്കുന്നുവെന്ന് മാത്രമല്ല, സംവരണ തസ്തിക ഏതെന്ന് വ്യക്തമാക്കാതെ നോട്ടിഫിക്കേഷൻ പുറത്തിറക്കുകയാണ്. നൂറുകണക്കിന് സംവരണ ബാക്ക് ലോഗ് പോസ്റ്റുകളിൽ നിയമനം വേണ്ടെന്ന് വയ്ക്കുന്നു. ഐ.ടി. അടക്കമുള്ള മേഖലകളിൽ പൂർണ്ണ തോതിൽ അഴിമതി നടക്കുകയാണ്. യൂണിവേഴ്സിറ്റികളിൽ ഇടതുനിലപാടുകൾക്കെതിരെ സംസാരിക്കാൻ പാടില്ലെന്നാണ് തീരുമാനം. സിൻഡിക്കേറ്റിൽ സർക്കാർ നിലപാടിനെതിരെ സംസാരിക്കുന്നതിന് വിലക്ക്

ഏർപ്പെടുത്തിയിരിക്കുകയാണ്. യൂണിവേഴ്സിറ്റി ക്യാമ്പസ്സുകളിൽ എസ്.എഫ്.ഐ. അല്ലാത്ത വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തനം നിഷേധിക്കപ്പെട്ട അവസ്ഥയാണ്. എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഒട്ടുമിക്ക നിയമഭേദഗതികളും അധികാരം പിടിച്ചെടുക്കാനും സർവ്വകലാശാലകളെ നിയന്ത്രിക്കാനും വേണ്ടിയുള്ളതാണ്. വൈസ് ചാൻസലർ, രജിസ്ട്രാർ, കംട്രോളർ തുടങ്ങി സുപ്രധാന തസ്തികകളിലെല്ലാം പാർട്ടിക്കാരെ നിയമിക്കുന്നതിന്, സർവ്വകലാശാലാ നിയമങ്ങളിൽ വെള്ളം ചേർക്കുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൂല്യച്യുതി കാരണം നിരവധി കുട്ടികളാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ നിലവാരം, അക്കാദമിക് അന്തരീക്ഷം, ഗവേഷണം എന്നിവയുടെ കാര്യത്തിൽ നാം വളരെയധികം മെച്ചപ്പെട്ടില്ലെങ്കിൽ വിദ്യാർത്ഥികളുടെ പാലായനം ഇനിയും ഗണ്യമായി വർദ്ധിക്കും. അനൗദ്യോഗിക കണക്കുപ്രകാരം പ്രതിവർഷം ശരാശരി ഇരുപതിനായിരത്തോളം വിദ്യാർത്ഥികൾ കേരളത്തിൽനിന്നും ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറുന്നു. കോമൺ

യൂണിവേഴ്സിറ്റി ടെസ്റ്റ് നടത്തിയപ്പോൾ 1,60,000 വിദ്യാർത്ഥികൾ കേരളത്തിൽനിന്നും അപേക്ഷ നൽകിയിട്ടുണ്ടെന്നത് നാം ശ്രദ്ധയോടെ കാണേണ്ടതാണ്. പാഠ്യപദ്ധതി വികസനം, ഫാക്കൽറ്റി മെച്ചപ്പെടുത്തൽ, കോഴ്സുകളുടെ നവീകരണം, സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ മേഖലയെ സംരക്ഷിച്ചില്ലെങ്കിൽ ഈ മേഖല പാടെ തകർന്നുപോകുമെന്ന് ഓർമ്മിപ്പിക്കുന്നു. സംവരണ തസ്തിക ഏതെന്ന് വ്യക്തമാക്കാതെ നോട്ടിഫിക്കേഷൻ പുറത്തിറക്കുക, നൂറുകണക്കിന് സംവരണ ബാക്ക് ലോഗ് പോസ്റ്റുകൾ നിയമനം വേണ്ടെന്ന് വയ്ക്കുന്നു. സംവരണം പാലിക്കാതെ ഇഷ്ടക്കാർക്ക് അദ്ധ്യാപക നിയമനങ്ങൾ നൽകുന്ന നടപടികളാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്നത്. അദ്ധ്യാപക നിയമനത്തിനുള്ള നിയമനക്രമപ്പട്ടിക രഹസ്യമായി സൂക്ഷിക്കുന്നു. റാങ്ക് പട്ടിക തയ്യാറാക്കിയശേഷം വേണ്ടപ്പെട്ടവർക്ക് നിയമനം നൽകാൻ അനുയോജ്യമായ രീതിയിൽ സംവരണം പ്രഖ്യാപിക്കുകയാണ്. നിയമനക്രമപ്പട്ടികയും സ്കോർ മാർക്കും പുറത്തുവിടാത്തത് ബോധപൂർവ്വമാണ്. നിയമനം നടന്നശേഷം വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ

ആവശ്യപ്പെടുന്നത് നിരാകരിക്കപ്പെടുകയാണ്. സംവരണ തസ്തികകൾ ഏതെന്ന് വ്യക്തമാക്കാതെ നോട്ടിഫിക്കേഷൻ പുറത്തിറക്കിയ ന്യൂറുകണക്കിന് സംവരണ ബാക്ക് ലോഗ് പോസ്റ്റുകൾ നിയമനം വേണ്ടെന്ന് വയ്ക്കുന്നു. മികവിന്റെ കേന്ദ്രമാക്കേണ്ട സർവ്വകലാശാലകളെ പാർട്ടിക്കാരെ പ്രതിഷ്ഠിക്കുവാനുള്ള ലാവണമാക്കി മാറ്റിയിരിക്കുകയാണ്. ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഒട്ടുമിക്ക നിയമഭേദഗതികളും അധികാരം പിടിച്ചെടുക്കാനും സർവ്വകലാശാലകളെ നിയന്ത്രിക്കാനുംവേണ്ടിയായിരുന്നു. ഫെഡറൽ സ്വഭാവത്തെ തകർക്കുന്നവിധത്തിൽ ഗവർണ്ണർമാർ പെരുമാറുന്നത് ഇന്ന് ഇന്ത്യയിൽ വർദ്ധിച്ചുവരികയാണ്. അതിനോട് ഒരിക്കലും യോജിക്കാൻ കഴിയുകയില്ല. കേരളത്തിലെ ഗവർണ്ണറും അത്തരത്തിൽ പെരുമാറിയ നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അതിനോടുള്ള ശക്തമായ വിയോജിപ്പും സമയാസമയങ്ങളിൽ ഞങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഗവർണ്ണറുടെ അത്തരം രീതികളെ അതിശക്തമായി അപലപിക്കുവാൻ ഈ സന്ദർഭം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. എന്നാൽ അതിന്റെ മറവിൽ സർവ്വകലാശാലകളുടെ നിലവാരം തകർക്കുന്ന വിധത്തിൽ

ഉന്നതപദവികളിലും മറ്റുനിയമനങ്ങളിലും തങ്ങളുടെ സ്വന്തക്കാരെയും ബന്ധുക്കാരെയും പാർട്ടിക്കാരെയും കുത്തിനിറയ്ക്കുന്ന സർക്കാർ നിലപാടിനോട് ഒട്ടും യോജിക്കാനാവില്ല. സമീപകാലത്ത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം രാഷ്ട്രീയ കിടമത്സരങ്ങളുടെയും അരാജകത്വത്തിന്റെയും വേദിയായി മാറിയപ്പോൾ നമ്മുടെ കുട്ടികൾ ഒരുകാലത്തുമില്ലാത്തവിധം കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിലേയ്ക്ക് ഒഴുകുന്ന അവസ്ഥയാണ് ഇന്നുള്ളത്. രാഷ്ട്രീയ വടംവലിയുടെ ഭാഗമായ ബില്ലും ഭേദഗതിയുമല്ല; ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുണനിലവാരമുള്ളതും അത്യാധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് നമുക്കാവശ്യമെന്ന നിർദ്ദേശം മുന്നോട്ട് വച്ചുകൊണ്ട് നിലവിലുള്ള ഈ ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സജി ചെറിയാൻ): സർ, 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇതിലെ പ്രസക്തമായ ഭാഗങ്ങൾ ആമുഖമായി പ്രതിപാദിച്ചുകഴിഞ്ഞിരിക്കുകയാണ്. ഒരുകാര്യത്തിൽ വളരെ സന്തോഷമുണ്ട്. പ്രതിപക്ഷനിരയിൽനിന്ന് നല്ലനിലയിലുള്ള പിന്തുണ ഈ ബില്ലിന് ലഭിക്കുന്നു എന്നതാണ് എന്റെ സുഹൃത്തുക്കൂടിയായ ശ്രീ. പി. അബ്ദുൽ ഹമീദ്-ന്റെ അവതരണത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. മുസ്ലീം ലീഗിന്റെ നിലപാട് തന്നെയാണോ കോൺഗ്രസ്സിന്റേതെന്നുമെന്ന് തുടർന്ന് സംസാരിക്കുന്ന കോൺഗ്രസ് നേതാക്കന്മാർ വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. എന്തായാലും ഈയൊരു കാര്യത്തിൽ യു.ഡി.എഫ്.-നുള്ളിൽ കടുത്ത അഭിപ്രായവ്യത്യാസം വളർന്നുവന്നിരിക്കുന്നു എന്നത് ഈ അവസരത്തിൽ രാഷ്ട്രീയമായിത്തന്നെ കാണാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തടസ്സവാദം ഉന്നയിച്ചുകൊണ്ട് പല പ്രശ്നങ്ങളും ഇവിടെ പരാമർശിച്ചു. അതിനെല്ലാം ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകി. തടസ്സവാദം ഉന്നയിച്ച വിഷയങ്ങൾക്കുള്ള മറുപടി ബില്ലിൽത്തന്നെ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ആരെയെങ്കിലും ചാൻസലർ സ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻവേണ്ടിയാണെന്നും മാർക്സിസ്റ്റുകാരെ/കമ്മ്യൂണിസ്റ്റുകാരെ അല്ലെങ്കിൽ നിങ്ങൾക്ക്

താൽപര്യമുള്ളവരെ കൊണ്ടുവരാൻവേണ്ടിയാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതെന്നുമുള്ള പ്രയോഗം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തുകയുണ്ടായി.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, താൽപര്യമുള്ളവരെ കൊണ്ടുവരാൻവേണ്ടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അന്നത്തെ കേരള സർവ്വകലാശാല വൈസ് ചാൻസലർ അദ്ദേഹത്തെ കാണാനായി അനുവാദം ചോദിച്ചപ്പോൾ 'ഞാൻ അങ്ങോട്ടുവന്ന് കണ്ടുകൊള്ളാം' എന്നുപറഞ്ഞ മഹത്തായ പാരമ്പര്യമാണ് ഇടതുപക്ഷത്തിനും ഇടതുപക്ഷ നേതാക്കൻമാർക്കും, സർവ്വകലാശാലകളുമായി ബന്ധപ്പെട്ടുള്ളതെന്ന് അങ്ങ് ഈ സമയത്ത് ഓർക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണല്ലോ ശ്രീമതി മല്ലിക സാരാഭായിയെ കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ ചാൻസലറായി നിയമിച്ച നടപടി. ഞാൻ അതിലേയ്ക്ക് പിന്നീടുവരാം.

ഏതെങ്കിലും ആളുകളെയോ വഴിയെ പോകുന്നവരെയൊക്കെയോ

പിടിച്ച് നിയമിക്കാൻ പറ്റുന്നൊരു സ്ഥാനമാണോ ഇതെന്ന് തോന്നത്തക്ക നിലയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചത്. ഓരോ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചും ബില്ലിൽ കൃത്യമായി പറയുന്നുണ്ട്. ശാസ്ത്രം, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹ്യൂമാനിറ്റീസ്, സാഹിത്യം, കല, സാംസ്കാരികം, നിയമം അല്ലെങ്കിൽ പൊതുഭരണം. ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ആ യൂണിവേഴ്സിറ്റിയുടെ മൊത്തത്തിലുള്ള ഭരണപരവും അക്കാദമികവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രമുഖനായ വ്യക്തിത്വത്തെയാണ് ചാൻസലറാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. പക്ഷെ, രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയാണ് ഇത്തരമൊരു ആക്ഷേപം അദ്ദേഹം ഉന്നയിച്ചത്. അതിനുള്ള മറുപടി ഇവിടെ പറഞ്ഞുവെങ്കിലും ഞാൻ അതൊന്നുകൂടി ആവർത്തിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കണ്ണൂർ സർവ്വകലാശാലയിൽ ഒരു ഡി.സി.സി. സെക്രട്ടറിയെ മുമ്പ് വൈസ് ചാൻസലറാക്കിയകാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, എന്റെ പ്രസംഗത്തിന്റെ അവസാന

ഭാഗത്ത് യു.ഡി.എഫ്.-ന്റെ നേട്ടങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നുണ്ട്. ആ ഭാഗത്ത് ഇക്കാര്യംസംബന്ധിച്ച് ഞാൻ വിശദീകരിക്കാം.

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും സാമ്പത്തികമായി ഭദ്രതയുള്ളവയാണ്. ഇവിടെയിരിക്കുന്ന പലരും സർവ്വകലാശാലകളിലെ ഭരണസമിതികളിൽ അംഗമായി പ്രവർത്തിച്ചിട്ടുള്ളവരാണ്. അത്തരമൊരു സർവ്വകലാശാലയ്ക്ക് ഒരു ചാൻസലർക്കാവശ്യമായ എല്ലാ സഹായങ്ങളും പിന്തുണയും നൽകാൻ കഴിയുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അനാവശ്യമായ തടസ്സവാദം ഉന്നയിച്ചത്. അപ്പോഴത് തള്ളപ്പെട്ടുവെന്നതും അതിന് യാതൊരു സാംഗത്യവുമില്ല എന്നതും പ്രത്യേകിച്ച് ഒന്നുകൂടി ആവർത്തിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരുകാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുവെങ്കിലും, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില സന്ദർഭങ്ങളിൽ വികാരപരമായി പ്രശ്നങ്ങളെ കാണുന്നു. ബഹുമാനപ്പെട്ട അമ്പലപ്പുഴ എം.എൽ.എ. ശ്രീ. എച്ച്. സലാം ചർച്ചയ്ക്കിടെ ഇവിടെയൊരു പ്രശ്നം ഉന്നയിച്ചു. ഏതൊരംഗത്തിനും ജനാധിപത്യപരമായി ലഭിക്കുന്ന ചില അവകാശങ്ങളുണ്ട്. അതൊരു മാന്യതയുടെ ഭാഗമാണ്. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ട്

അംഗങ്ങൾ ചില കാര്യങ്ങൾ ചോദിക്കാൻ എഴുന്നേറ്റപ്പോൾ ഞാനിരുന്നു. അത് പരസ്പര ബന്ധത്തിന്റെ ഭാഗമാണ്. പക്ഷെ, അദ്ദേഹം നടത്തിയ പരാമർശം, 'അമ്പലപ്പുഴയിൽനിന്നും പണ്ടുണ്ടായിരുന്ന ആൾ വളരെ സമർത്ഥനായിരുന്നു' എന്നാണ്. അക്കാര്യത്തിൽ ഞങ്ങൾക്കും അഭിപ്രായ വ്യത്യാസമൊന്നുമില്ല. കേരളംകണ്ട ഏറ്റവും പ്രഗത്ഭനായ മന്ത്രിതന്നെയായിരുന്നു അദ്ദേഹം. പക്ഷെ, അങ്ങനെയൊരു ആളിരുന്ന കസേരയിലാണോ ഇങ്ങനെയൊരാൾ ഇരിക്കുന്നതെന്ന ചോദ്യം പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിന് യോജിച്ചതല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത്രയേ അതുസംബന്ധിച്ച് പറയുന്നുള്ളൂ. ബഹുമാനപ്പെട്ട മുൻ സ്പീക്കറും ഇപ്പോൾ മന്ത്രിയുമായ ശ്രീ. എം. ബി. രാജേഷ് എഴുന്നേറ്റപ്പോഴും അദ്ദേഹം വളരെ മോശപ്പെട്ടൊരു പരാമർശം നടത്തി. ഇത് ഒരു പ്രതിപക്ഷനേതാവിന്റെ സ്ഥാനത്തിന് യോജിച്ചതല്ല. അതദ്ദേഹം ബോധ്യപ്പെട്ട് തിരുത്തണം. അത്രമാത്രമേ ഇക്കാര്യത്തിൽ ഞാൻ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

ചാൻസലറുടെ അധികാരത്തെ സംബന്ധിച്ചുള്ള ധാരാളം റിപ്പോർട്ടുകൾ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യാ

ഗവൺമെന്റ് 2007 ഏപ്രിൽ 27-ാം തീയതി ജസ്റ്റിസ് മദൻ മോഹൻ പൂഞ്ചി അദ്ധ്യക്ഷനായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച ഒരു കമ്മീഷൻ രൂപീകരിക്കുകയും ആ കമ്മീഷൻ ഫെഡറൽ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായൊരു റിപ്പോർട്ട് നൽകുന്നതിന്റെ കൂട്ടത്തിൽ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ഒരു സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ഭരണനിർവ്വഹണത്തിന് ഗവർണ്ണറുടെ സ്ഥാനവും സർവ്വകലാശാലകളുടെ ചാൻസലർ എന്നുള്ള നിലയിൽ ഗവർണ്ണറുടെ ചുമതലയും പൂഞ്ചി കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കൃത്യമായി പറയുന്നത് ഇതാണ് - 'ഭരണഘടനാപരമായ ചുമതലകൾ ന്യായമായും നിഷ്പക്ഷമായും നിർവ്വഹിക്കാൻ സാധ്യമാക്കുന്നതിനായി ഗവർണ്ണർ ചുമതല നിർവ്വഹിക്കുമ്പോൾതന്നെ ഭരണഘടന വിഭാവനം ചെയ്തിട്ടില്ലാത്തതും ഗവർണ്ണറുടെ പദവിയെ വിവാദങ്ങളിലേയ്ക്കോ പൊതുവിമർശനങ്ങളിലേയ്ക്കോ വിധേയമാക്കാവുന്നതുമായ സ്ഥാനങ്ങളും അധികാരങ്ങളും മുഖേന ഗവർണ്ണറെ ബുദ്ധിമുട്ടിക്കാൻ പാടുള്ളതല്ല.' ഗവർണ്ണറുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനെ കുറിച്ചാണ് നമ്മളിവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ധാരാളം

ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട ഒരാളിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വലിയൊരു ബുദ്ധിമുട്ട് ഒഴിവാക്കാൻ പൂഞ്ചി കമ്മീഷൻ പറഞ്ഞിരിക്കുകയാണ്. ഇങ്ങനെയുള്ള ആളുകൾക്ക് വലിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള അവസരം നൽകാൻവേണ്ടി വളരെ ആത്മാർത്ഥമായൊരു സമീപനം സംസ്ഥാന സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഒരു ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ നിങ്ങൾ അപ്പുറത്തിരുന്ന് അത് അംഗീകരിച്ചുപോകുന്നൊരു മാന്യതയാണ് ഞാൻ പ്രതീക്ഷിച്ചത്. അതുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ആ കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൂടാതെ ഗവർണ്ണർക്ക് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരം സാധാരണ ഗതിയിലുള്ള ചുമതലകൾ നൽകരുതെന്നും കമ്മീഷൻ നിരീക്ഷിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കുമ്പോൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും അത്തരമാളുകളെ നിയമിക്കണമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "The Chancellor -Each university shall have a separate Chancellor. The Chancellor should be a person of eminence with impeccable

reputation, who has distinguished herself/himself in public life through a lifetime of excellence and leadership in fields like the academia, science, culture, professions, industry, governance, and public life."എന്ന് വളരെ കൃത്യമായി Commission for Reforms in Higher Education-2022-ൽ പരാമർശിക്കുന്ന കാര്യംകൂടി വച്ചുകൊണ്ടാണ് ഈ നിയമപരമായ കാര്യത്തിലേയ്ക്ക് സംസ്ഥാനം കടക്കുന്നതെന്ന കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ വിദ്യാഭ്യാസ വിചക്ഷണൻമാരെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർമാരായി നിയമിക്കണമെന്ന സർക്കാരിന്റെ തീരുമാനത്തെ അംഗീകരിക്കുകയെന്നതാണ് നിയമസഭയെ സംബന്ധിച്ചുള്ള പ്രധാനപ്പെട്ട കാര്യം. മാത്രമല്ല, കേന്ദ്ര-സംസ്ഥാന സർവ്വകലാശാലകളുൾപ്പെടെ 15 സർവ്വകലാശാലകളിലായി 15 പ്രഗത്ഭരെ, അല്ലെങ്കിൽ ഒരേതരത്തിലുള്ള സർവ്വകലാശാലകൾക്ക് ചിലപ്പോൾ ഒരേതരത്തിലുള്ള ചാൻസലർമാരെ നിയമിക്കുമ്പോൾ അതിപ്രഗത്ഭരായ പത്തുപതിനഞ്ച് പേർ വരികയാണ്. ഓരോ സർവ്വകലാശാലകളുടേയും ഭൗതീകമായ, അക്കാദമികമായ, പൊതുവായ അതിന്റെ മുന്നേറ്റം ഗവൺമെന്റ്

ലക്ഷ്യംവയ്ക്കുന്നു. എന്നുവച്ചാൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകോത്തര നിലവാരത്തിലേയ്ക്ക് മാറ്റാൻ ലക്ഷ്യം വച്ചുകൊണ്ടുള്ള ആദ്യപടികൂടിയാണ് ഈ ബിൽ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ ബില്ലിൽ മറ്റൊരു പരാമർശംകൂടി നടത്തുന്നുണ്ട്, വൈസ് ചാൻസലർമാരുടെ ഔദ്യോഗിക സ്ഥാനത്തിന് താൽക്കാലികമായി ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച സമാന വ്യവസ്ഥകൾ എല്ലാ സർവ്വകലാശാലാ നിയമങ്ങളിലും കൊണ്ടുവരുന്നതിനുകൂടി ഈ ബില്ലിന്റെ ഭാഗമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ പറയുന്ന കാര്യങ്ങൾ നിറവേറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ ഇവിടെ അവതരിപ്പിച്ചത്.

എന്താണ് ചാൻസലറുടെ അധികാരം? ചാൻസലർ എന്നത് സർവ്വകലാശാലയുടെ തലവനാണ്. അതിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം നമ്മൾ കാണണം. തലവൻ എന്നുപറഞ്ഞാൽ 'സർവ്വാധികാരങ്ങളും യഥേഷ്ടം ഉപയോഗിക്കുന്ന, ഒരു നിയന്ത്രണത്തിനും വിധേയനല്ലാത്ത, ഏതോ ഒരു സ്വേച്ഛാധിപതിയാണ്' എന്നല്ല ഇതിന്റെയർത്ഥം. ഇത് കൃത്യമായിത്തന്നെ നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്, നിയമ നിർമ്മാണ

സഭ കൃത്യമായി മനസ്സിലാക്കേണ്ട കാര്യമാണ്, എല്ലാത്തിനും അതീതനല്ല. ചാൻസലറുടെ അധികാരങ്ങൾ കൃത്യമായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചാൻസലറായി പ്രവർത്തിക്കുമ്പോൾ ഗവർണറാണെന്ന ഭാവേന പ്രവർത്തിക്കാൻ സാധ്യമല്ല. ചാൻസലർ നിയമത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ അദ്ദേഹം നിയമത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ചാൻസലറുടെ അടിസ്ഥാനപരമായ അധികാരത്തെപറ്റിയുള്ള കൃത്യമായ ഉള്ളടക്കത്തിൽ നിന്നുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഗവർണർ എന്നുമാത്രമല്ല, ആര് ചാൻസലറായാലും ഒന്നിന്റേയും മുകളിലല്ല. എന്നുവച്ചാൽ അധികാരമെല്ലാംതന്നെ നമ്മുടെ നിയമത്തിന്റെ കീഴിലാണ്. എല്ലാവരും നിയമത്തിന് വിധേയമായി കീഴ്പെട്ട് പ്രവർത്തിക്കണമെന്ന ലക്ഷ്യംകൂടി വച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവർണർമാരുടെ അധികാരത്തെ സംബന്ധിച്ചുകൂടി ഇതിനോടൊപ്പം പരാമർശിച്ചുപോകുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ചെയർപേഴ്സൺ</u>: അങ്ങേയ്ക്ക് കൂടുതൽ സമയം ആവശ്യമാണോ, 12 മിനിറ്റായി, ഒരുപാടുപേർ സംസാരിക്കാനുണ്ട്, കൂടുതൽ ബിൽ ഉണ്ട്,

കൺക്ലൂഡ് ചെയ്യണം.

ശ്രീ. സജി ചെറിയാൻ: സർ, ഞാനുംകൂടിയേ ഞങ്ങളുടെ ഭാഗത്തു നിന്നും സംസാരിക്കാനുള്ളൂ, അതുകൊണ്ട് രണ്ടുമിനിറ്റ് കൂടുതലെടുക്കും. ഗവർണർമാരുടെ അധികാരത്തെ സംബന്ധിച്ച് പറയാതിരിക്കാൻ സാധിക്കുകയില്ല. ഫെഡറൽ സംവിധാനം നിലനിൽക്കുന്നൊരു രാജ്യത്ത് ഗവർണർമാരുടെ അധികാരം പരിമിതമാണ്. ഈ യാഥാർത്ഥ്യം എല്ലാപേരും തിരിച്ചറിയണം. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ താൽപ്പര്യങ്ങൾ, അതായത് സംഘ പരിവാർ അജണ്ട നടപ്പിലാക്കാൻ ഇന്ത്യയിലെ നല്ലൊരു ശതമാനം സംസ്ഥാനങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ഗവർണർമാർ പരിശ്രമിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അത് മനസ്സിലായിക്കാണുമെന്നാണ് ഞാൻ കരുതുന്നത്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, ശ്രീമതി ശൈലജടീച്ചർക്ക് 20 മിനിറ്റ് വളരെ വിശദമായി സംസാരിക്കാൻ അനുവദിച്ചിരുന്നു. ആദ്യം സംസാരിച്ചതുകൊണ്ടാണ് 20 മിനിറ്റ് കൊടുത്തത്. ധാരാളം ബില്ലുകൾ ചർച്ചയ്ക്കെടുക്കാനുണ്ട്, അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. സജി ചെറിയാൻ: സർ, അതനുസരിച്ചാണെങ്കിൽ എനിക്ക് ഇനി

8 മിനിറ്റുകൂടിയുണ്ട്, ചാൻസലർ കൂടിയായ ഗവർണറെ മുൻനിർത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെടാൻ ബി.ജെ.പി. നേതൃത്വം ശ്രമിച്ചതോടുകൂടിയാണ് കടുത്ത നടപടികളിലേയ്ക്ക് ഇന്ത്യയിലെ പല സംസ്ഥാനങ്ങളും മാറിയത്. അതിനുദാഹരണമാണ് തമിഴ്നാട്, കോൺഗ്രസ്സ് ഭരിക്കുന്ന രാജസ്ഥാൻ, പശ്ചിമബംഗാൾ എന്നിവ. ഈ അടിസ്ഥാനത്തിൽ സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടയെപ്പറ്റി ഇവിടെ പ്രതിപക്ഷത്തുനിന്നു സംസാരിച്ചപ്പോൾ ലീഗിന്റെ പ്രതിനിധി പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അല്ലെങ്കിൽ തടസ്സവാദമുന്നയിച്ചപ്പോൾ എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുമെന്ന് പ്രതീക്ഷിച്ചു. പക്ഷെ നിങ്ങളാരും അതുപറയാതെ വളരെ ലാഘവത്തോടുകൂടിയുള്ളൊരു ബില്ലായി ഇതിനെ അവതരിപ്പിച്ചുവെന്ന തോന്നലാണുണ്ടായത്. അതുകൊണ്ട് സംഘപരിവാറിന്റെ രാഷ്ട്രീയം കേരളത്തിലെ മതനിരപേക്ഷ ശക്തികൾ, അതിന്റെ ഭാഗമായി ഈ നിയമസഭയിലേയ്ക്ക് വന്നിട്ടുള്ള നമ്മളെല്ലാപേരും കാണണമെന്ന കാര്യം ഞാൻ പ്രത്യേകമായി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി വ്യക്തിപരമായ എന്തെങ്കിലും പ്രശ്നമാണോ? ഗവർണറുടെ പ്രശ്നം വന്നപ്പോൾ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ

12-12-2021-ന് ഒരു പ്രസ്താവന നടത്തിയിരുന്നു, 'ബഹുമാനപ്പെട്ട ഗവർണറുമായി ഏറ്റുമുട്ടുക സർക്കാരിന്റെ നയമല്ല, ഗവർണർ ഉന്നയിക്കുന്ന ഏത് വിഷയവും ചർച്ചയാകാം, അതിലൊന്നും പിടിവാശിയില്ല,' അത് കഴിഞ്ഞതിനുശേഷം വളരെ വ്യക്തമായിത്തന്നെ അദ്ദേഹം പറഞ്ഞു, 'ബഹുമാനപ്പെട്ട ഗവർണർ ചാൻസലർ സ്ഥാനത്ത് ഇരുന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ പുതിയ ഉയരങ്ങളിലേയ്ക്ക് നയിക്കാനുള്ള സർക്കാരിന്റേയും സർവ്വകലാശാലയുടേയും ശ്രമങ്ങൾക്ക് മാർഗനിർദ്ദേശവും നേതൃത്വവും നൽകണം.' ഇതാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിലപാടെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി. ജോയി: സർ, ചാൻസലർ എന്നുപറയുന്നത് ഒരു പ്രധാനപ്പെട്ട പദവിയാണ്, പക്ഷെ ഒരു വർഷത്തിൽ 143 ദിവസവും സ്ഥലത്തില്ലാത്ത ഒരാൾ എങ്ങനെയാണ് ഈ ചാൻസലർ പദവി ഉപയോഗപ്പെടുത്തുന്നതെന്ന് അങ്ങേയ്ക്ക് പറയാമോ?

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന കാര്യനിർവ്വഹണത്തിന്റെ തലവനാണ് അദ്ദേഹം, പൊതുവായി ഒരു സംസ്ഥാനത്തിന്റെ, പ്രവിശ്യയുടെ കാര്യനിർവ്വഹണ ചുമതല ഭരണപരമായി പരിപാലിക്കുന്ന പദവിയാണ്

ഗവർണർ സ്ഥാനം. സംസ്ഥാന നിയമനിർമ്മാണസഭയുടെ ഭാഗമാണ് ഗവർണർ, മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് ഗവർണർമാർ പ്രവർത്തിക്കേണ്ടത്. ഇങ്ങനെ എല്ലാ അർത്ഥത്തിലും ബഹുമാനപ്പെട്ട കേരളാ ഗവർണർക്ക് എല്ലാവിധമായ ബഹുമാനവും ഞങ്ങൾ കൊടുക്കുന്നുണ്ട്, ഇപ്പോഴും കൊടുക്കുന്നുണ്ട്, നാളെയും കൊടുക്കും, അതിന് യാതൊരു ആശങ്കയും വേണ്ട. പക്ഷെ ഞങ്ങൾ കാണുന്ന പ്രശ്നം ബി.ജെ.പി. കേന്ദ്ര ഭരണത്തിന്റെ കീഴിൽ എല്ലാ അക്കാദമിക്ക് മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി, എല്ലാ അക്കാദമിക് തസ്തികകളിലും ആർ.എസ്.എസ്. ശിങ്കിടികളെ നിയമിക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങളെക്കൂടി കണ്ടുകൊണ്ടാണ് ഈ പ്രശ്നത്തെ ഞങ്ങൾ കാണുന്നത്. അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മെരിറ്റ്. ആ മെരിറ്റിന്റെ മുകളിലാണ് ഞങ്ങൾ ചർച്ച ചെയ്ത് ബില്ല് കൊണ്ടുവരുന്നത്, അല്ലെങ്കിൽ നിയമം കൊണ്ടുവരുന്നത്, അത് നമ്മൾ കാണാതിരിക്കരുത്. അതുകൊണ്ട് ഭരണഘടനാ പദവിയെന്ന സ്ഥാനം നിലനിർത്തിക്കൊണ്ട് രാഷ്ട്രീയമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഇത്തരം മേഖലകളെ പ്രകോപിപ്പിക്കാൻവേണ്ടി ശ്രമിക്കുമ്പോൾ അത് ഇന്ത്യയിൽ

ചോദ്യം ചെയ്യുന്ന ഏക സംസ്ഥാനം ഈ കൊച്ചു കേരളമാണ്, അത് ശ്രീ. പിണറായി വിജയൻ ഗവൺമെന്റിന്റെ കേരളമാണ്, അത് മനസ്സിലാക്കണം, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഫെഡറൽ സംവിധാനങ്ങളെ മുഴുവൻ തകർക്കലാണ് ഇതിന്റെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ സർവ്വകലാശാലകളിലെ സംഘപരിവാറിന്റെ അജണ്ട എന്തൊക്കെയാണ്? ഓരോ സംസ്ഥാനത്തും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിടിച്ചെടുത്ത് അതിനുള്ളിൽ തങ്ങളുടെ ദൗത്യം നടപ്പിലാക്കാൻ ശേഷിയുള്ളവരെ തിരുകികയറ്റി, അതിലൂടെ അപകടകരമായ ഭാവിയിലേയ്ക്ക് രാജ്യത്തെ തള്ളിവിടാൻ ശ്രമിക്കുന്നു.

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം, ഒരുപാട് പേര് സംസാരിക്കാനുണ്ട്, മൂന്ന് ബില്ലുകൂടി ഇന്നുണ്ട്, അങ്ങ് വേഗം ചുരുക്കണം. ടീച്ചറിന് കൂടുതൽ സമയം കൊടുത്തതാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ശ്രീമതി ശൈലജ ടീച്ചർ 23 മിനിറ്റ് സംസാരിച്ചു, ഞാനും 23-ാമത്തെ മിനിറ്റിൽ നിർത്തും. രാജ്യസഭാ ടി.വി., ചരിത്രഗവേഷണ കൗൺസിൽ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഐ.സി.എസ്.എസ്.ആർ., നാഷണൽ മ്യൂസിയം എന്നിവയൊക്കെ ഇതിൽ

പെട്ടും. ഉദാഹരണമായി ചരിത്ര കൗൺസിൽ ഇറക്കിയ സ്വാതന്ത്ര്യസമരത്തിന്റെ രക്തസാക്ഷികളെ സംബന്ധിച്ച പുസ്തകത്തിൽനിന്നും മലബാർ കലാപത്തിലെ പോരാളികളുടെ പേര് ഒഴിവാക്കിയത് ഈ പ്രക്രിയയുടെ ഭാഗമാണ്. ലീഗ് അതിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുമെന്നാണ് ഞാൻ കരുതിയത്, പക്ഷേ പരാമർശിച്ചില്ല. ജാലിയൻവാലാബാഗ് സമരകേന്ദ്രം മോടിപിടിപ്പിക്കുന്നതിന്റെ പേരിൽ ചരിത്ര സ്മാരകമെന്ന സ്വഭാവം തുടച്ചുമാറ്റി, ഒരു വിനോദസഞ്ചാര കേന്ദ്രത്തിന്റെ രൂപത്തിലേയ്ക്ക് മാറ്റി, കൊളോണിയൽ വിരുദ്ധ സമരത്തിന്റെ എല്ലാ ഓർമ്മകളും തുടച്ചുനീക്കാൻ ഈ സമരത്തിൽ യാതൊരു പങ്കുമില്ലാത്ത സംഘപരിവാർ ശ്രമിക്കുന്നുവെന്ന കാര്യം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇതേ സമീപനം രാജ്യത്തെ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കുന്നു. സക്രിയവും ജനാധിപത്യപരവുമായ പ്രക്രിയയിലൂടെയാണ് ഇന്ത്യയിലെ സർവ്വകലാശാലകളും കലാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറിയത്. എല്ലാ സ്ഥാപനങ്ങളും കാലങ്ങളായി രൂപപ്പെടുത്തിയെടുത്ത അക്കാദമിക് സ്വഭാവവും ചട്ടക്കൂടുകളും ഇതിന്റെ പ്രത്യേകതകളാണ്. ഇങ്ങനെയാണ് ഇത്

സുപ്രധാനവും വ്യത്യസ്തവുമാകുന്നത്. ഇത്തരം സ്ഥാപനങ്ങളെ തകിടംമറിക്കുകയെന്ന ലക്ഷ്യത്തോടെ ഈ പ്രക്രിയയുമായി യാതൊരു ബന്ധവുമില്ലാത്ത സംഘപരിവാർ പ്രചാരകരേയും സഹയാത്രികരേയും ഇവിടങ്ങളിൽ കുത്തിനിറച്ച് ഹിന്ദുത്വരാഷ്ട്രീയം നേടിയെടുക്കാൻ ശ്രമിക്കുന്നുവെന്ന വസ്തുത വിസ്മരിച്ചുകൂടാ. ഈ നിലയിൽ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലാണ് അവർ ആദ്യം അട്ടിമറി ശ്രമം നടത്തിയത്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് ഗജേന്ദ്ര ചൗഹാനെന്ന കടുത്ത സംഘ പരിവാറുകാരനെ നിയമിച്ചു. ഇയാളെത്തന്നെ ഹരിയാന സർക്കാർ Pandit Lakhmi Chand State University of Performing and Visual Arts -ന്റെ വൈസ് ചാൻസലറായി നിയമിച്ചു. ഹരിയാനയിലെ ബി.ജെ.പി. സർക്കാർ ഉന്നതവിദ്യാഭ്യാസ കൗൺസിൽ അധ്യക്ഷനായി നിയമിച്ചത് ആർ. എസ്. എസ്. പ്രചാരകനായ Prof. Brij Kishore Kuthiala -യെയാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. ഇന്ത്യയിലെ ഏറ്റവും വലുതും ലോകപ്രശസ്തവുമായ സർവ്വകലാശാലയാണ് ജെ.എൻ.യു. (Jawaharlal Nehru University). റോമിലാ ഥാപ്പറും ബിപിൻ ചന്ദ്രയും കെ.എൻ. പണിക്കരും ഉത്സാ പട്നായികും (Utsa Patnaik) ഗോപാൽ ഗുരുവും എസ്. കെ. തൊറാട്ടും

(Sukhadeo Thorat) ജി. പി. ദേശ് പാണ്ഡെയും മൃദുലാ മുഖർജിയും, എം. എസ്. എസ്. പാണ്ഡ്യനും (Mathias Samuel Soundra Pandian) ഉൾപ്പെടെ ലോകം ആരാധിക്കുന്ന എത്രയോ അക്കാദമിക് പണ്ഡിതൻമാരുടെ സംഭാവനകളാൽ ലോകത്ത് ഏറ്റവും ഉന്നതിയിലെത്തിയ ജെ.എൻ.യു.-നെ തകർക്കാൻ അവിടെ വൈസ് ചാൻസലറായി ആർ.എസ്.എസ്. റിക്രൂട്ട് ചെയ്ത പ്രൊഫ. എം. ജഗദീഷ് കുമാർ (12th Vice-chancellor of Jawaharlal Nehru University, New Delhi (Jan 2016 - Feb 2022) എന്നയാൾ എല്ലാ ചട്ടങ്ങളും നിയമങ്ങളും കാറ്റിൽപ്പറത്തി അവിടുത്തെ എല്ലാ നിയമനങ്ങളും നടത്തിക്കൊണ്ടിരുന്നു. ആരെങ്കിലും ഇതിനെതിരെ പ്രതികരിക്കുന്നുണ്ടോ?

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇനിയും മൂന്ന് ബില്ലുകൾ ചർച്ചയ്ക്കെടുക്കാനുണ്ട്. അതുകൊണ്ടാണ് അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടത്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബില്ലിൻമേലുള്ള ചർച്ചയിൽ അങ്ങ് ഇങ്ങനെ ഇടപെടരുത്. ഒന്നു സഹായിക്കൂ. പ്രൊഫ. എം. ജഗദീഷ് കുമാറിനെ പിന്നീട് യു.ജി.സി. (University Grants Commission)

ചെയർമാനായി നിയമിച്ചു. ഇന്ന് യു.ജി.സി. ഇന്ത്യാ രാജ്യത്ത് നടപ്പാക്കുന്ന പല കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ ഭംഗ്യന്തരേണ ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇതൊക്കെ നിയമസഭയും കേരളവും അറിയേണ്ട കാര്യങ്ങളാണ്. ഒരു രാജ്യം, ഒരു സംസ്കാരം, ഒരു ഭാഷ, ഒരു മതം എന്ന ആർ.എസ്.എസ്. അജണ്ടയുടെ ഭാഗമായി അദ്ദേഹം പറയുന്നത് ഒരു രാജ്യം, ഒരു പരീക്ഷ, ഒരു പാഠ്യപദ്ധതി എന്നാണ്. ആ ലക്ഷ്യം നിറവേറ്റാനാണ് യു.ജി.സി. ചെയർമാനെന്ന നിലയിൽ ഞാൻ ഈ ചുമതലയേറ്റിരിക്കുന്നതെന്ന് പറയുന്ന ഒരു രാജ്യത്താണ് യാതൊരു അഭിപ്രായവുമില്ലാതെ നിങ്ങൾ മിണ്ടാതിരുന്നത്. ഇത്രയും കാര്യങ്ങൾ ഇവിടെ പ്രതിപാദിച്ചപ്പോഴും ഒരു വാക്ക് മിണ്ടാതെ പോയതിലുള്ള സങ്കടം കൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. ഈ അവസ്ഥ ഛത്തീസ്ഗഡിലുമുണ്ടായി, അവിടെയും 'അനസൂയ യുക്കി (Anusuiya Uikey)' എന്ന ഗവർണറെ ഉപയോഗപ്പെടുത്തിക്കൊണ്ട് സർവ്വകലാശാലകൾ പിടിക്കാൻ ശ്രമിക്കുന്നു. റായ്പൂരിൽ സ്ഥിതിചെയ്യുന്ന കുശാഭൗ താക്കറെ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ യൂണിവേഴ്സിറ്റി (Kushabhau Thakre Journalism And Mass Communication

University)-യുടെ വൈസ് ചാൻസലറായി നിയമിച്ചത് ആർ.എസ്.എസ്. മാസികയായ പാഞ്ചജന്യത്തിന്റെ എഡിറ്റർ ആയിരുന്ന ബൽദേവ് ശർമ്മയെയാണ്, അവിടെയും യൂണിവേഴ്സിറ്റിയെ പിടിച്ചെടുക്കാനും അട്ടിമറി നടത്താനും ശ്രമിക്കുന്നു. 2014-ൽ പ്രജ്ഞ പ്രവാഹ് എന്ന ആർ.എസ്.എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിവിധ വ്യക്തിത്വങ്ങളെ വിളിച്ച് ഒരു യോഗം നടത്തി. 51 വൈസ് ചാൻസലർമാരും 700-ഓളം അദ്ധ്യാപകരും ഈ യോഗത്തിൽ പങ്കെടുത്തു. ഇന്ത്യയിലെ ആർ.എസ്.എസ്.-ന്റെ നേതൃനിരയിലെ പ്രധാനപ്പെട്ടവരെല്ലാം ഇതിൽ പങ്കെടുത്തു. ഇന്ത്യയിലെ വിദ്യാഭ്യാസമേഖലയിൽ കാവിവൽക്കരണത്തിനനുകൂലമായ ഒരു വിദ്യാഭ്യാസനയം നടപ്പിലാക്കണമെന്ന തീരുമാനമെടുത്തുകൊണ്ടാണ് ഈ സംഘടനയുടെ സമ്മേളനം അവസാനിച്ചത്. അതിന്റെ ഭാഗമായി ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയം നിലവിൽ വന്നിട്ടുണ്ട്. സർവ്വകലാശാലകൾ പിടിച്ചെടുക്കാനുള്ള ആർ.എസ്.എസ്. പദ്ധതി കൂടുതൽ എളുപ്പമാക്കുന്നതാണ് പുതിയ വിദ്യാഭ്യാസനയം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ

തുടങ്ങിയവയെല്ലാം അവസാനിക്കാൻ പോകുന്നു. ഈ നയം ഗുജറാത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഞാൻ ഏറ്റവും ബഹുമാനിക്കുന്ന എന്റെ പ്രിയസുഹൃത്ത് ശ്രീ. രമേശ് ചെന്നിത്തല ഗുജറാത്തിൽ കോൺഗ്രസ് ചുമതലപ്പെടുത്തിയതുപ്രകാരം തെരഞ്ഞെടുപ്പ് ചുമതലക്കാരനായി പോയല്ലോ, ഇക്കാര്യം വല്ലതും അങ്ങ് അറിഞ്ഞിരുന്നോ? ഗുജറാത്തിലെ സർവ്വകലാശാലകളിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ വേദികളും ശ്രീ. നരേന്ദ്ര മോദിയുടെ പാർട്ടി പിരിച്ചുവിട്ടു. ഇനി പോകുമ്പോഴെങ്കിലും ഇക്കാര്യം അന്വേഷിക്കണം. പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് സർവ്വകലാശാലകളിലെ ഇത്തരം വേദികൾ ഗുജറാത്തിൽ പിരിച്ചുവിട്ടത്. അതോടെ അവിടെ രൂപീകരിക്കപ്പെട്ട ഗവേണിംഗ് കൗൺസിലാണ് ഇപ്പോൾ തീരുമാനമെടുക്കുന്നത്. പ്രസ്തുത ഗവേണിംഗ് കൗൺസിലിൽ സംഘപരിവാറിന്റെ താത്പര്യമനുസരിച്ച് അവർ പറയുന്നത് കേൾക്കുന്നവർ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ശ്രീ. നരേന്ദ്ര മോദിയെ ദൈവത്തിന്റെ പുനർജ്ജനിയെന്ന് വിശേഷിപ്പിച്ച ലോകേശ് ചന്ദ്രയാണ് ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻ (Indian Council for Cultural Relations (ICCR))-ന്റെ തലപ്പത്ത്

പ്രതിഷ്ഠിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കടുത്ത എതിർപ്പ് നമ്മുടെ രാജ്യത്ത് വളർന്നുവരുന്നുണ്ടെങ്കിലും അതൊന്നുംതന്നെ ഗൗനിക്കാതെ നമ്മുടെ രാജ്യത്തെ സംഘപരിവാർ ഉന്നത വിദ്യാഭ്യാസ മേഖലയും വിദ്യാഭ്യാസ മേഖലയും കൈവശപ്പെടുത്തിക്കൊണ്ട് കാവിവത്കരണം നടത്താൻ ശ്രമിക്കുന്നു. അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ സർവ്വകലാശാലകളിൽ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇത്തരത്തിൽ കൈവശപ്പെടുത്താൻ ഒരു അജണ്ടയുമായി മുമ്പോട്ടുവരുന്ന പ്രസ്തുത രീതിയെ എതിർക്കാൻ യു.ഡി.എഫ്-ന് ധൈര്യമുണ്ടോ? അക്കരെയും ഇക്കരെയും നേക്കിയിരിക്കേണ്ടതില്ലെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ അക്കാര്യം സൂചിപ്പിച്ചല്ലോ. ഈ ഒരു രാഷ്ട്രീയത്തിൽ കോൺഗ്രസിന്റെയും ലീഗിന്റെയും നിലപാടെന്താണെന്ന് വ്യക്തമാക്കാൻ പ്രതിപക്ഷത്തുനിന്നും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഉന്നതവിദ്യാഭ്യാസ രംഗത്തെ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്താൻ പോകുകയാണ്. കേരളത്തെ ഉന്നത

വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കിമാറ്റാൻ പോകുകയാണ്. ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള വിദ്യാർത്ഥികളെ ഇവിടെയെത്തിക്കാൻ 1500 ഹോസ്റ്റൽ മുറികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ഐ.ടി.-കൾ എന്നിവയോട് ചേർന്നുകൊണ്ട് വ്യവസായ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ടിരിക്കുന്നു. എഞ്ചിനീയറിംഗ് കോളേജ് വികസനം- 38 കോടി രൂപ, പോളിടെക്നിക്-42 കോടി രൂപ, ഐ.എച്ച്.ആർ.ഡി- 23 കോടി രൂപ, നൈപുണ്യ വികസനത്തിന് 140 കോടി രൂപ എന്നിങ്ങനെ വകയിരുത്തി. കഴക്കൂട്ടത്തും കളമശ്ശേരിയിലും സ്ഥിതിചെയ്യുന്ന 'അസാപ് (Additional Skill Acquisition Programme Kerala)' സ്ഥാപിച്ചു. ആഭരണനിർമ്മാണമടക്കമുള്ള സ്കിൽ വർക്കുകളിൽ ട്രെയിനിംഗ്, റിയാലിറ്റി, വെർച്വൽ റിയാലിറ്റി ലാബുകൾ സ്ഥാപിക്കുന്നതിന് 35 കോടി രൂപ, സ്റ്റാർട്ടപ് ഇൻക്യുബേഷൻ സെന്ററുകൾക്കായി 200 കോടി രൂപ, ഇ-ജേണൽ കൺസോർഷ്യം സ്ഥാപിക്കാൻ - 20 കോടി രൂപ എന്നിങ്ങനെ വകയിരുത്തുകയും ലോകകേരള മഹാസഭയിൽ ഉയർന്നുവന്ന ആവശ്യമായ പ്രവാസികളുടെ വൈജ്ഞാനികമായ സമ്പത്ത് പ്രയോജനപ്പെടുത്തുന്ന പദ്ധതിയായ ബ്രെയിൻ

ഗെയിൻ പദ്ധതി, സർവ്വകലാശാലകളുടെയും കോളേജുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സ്റ്റേറ്റ് അസസ്മെന്റ് അക്രിഡിറ്റേഷൻ സെന്റർ എന്നിവ യാഥാർത്ഥ്യമാക്കുകയും ചെയ്തു. വിജ്ഞാന വിതരണത്തോടൊപ്പം സാമൂഹ്യബോധങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ബദൽ നയങ്ങൾ കൊണ്ടുവന്നു. ഇത്തരത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ആറ് വർഷംകൊണ്ട് 23000 കോടി രൂപ ചെലവഴിച്ചുകൊണ്ട്, ലോകത്തോടൊപ്പം കേരളവും സഞ്ചരിക്കുകയാണ്. ഇതൊന്നും പറഞ്ഞാൽ നിങ്ങൾക്ക് സഹിക്കില്ല. ഞാൻ കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് മെമ്പറായിരുന്ന കാലത്ത് കാര്യവട്ടം ക്യാംപസിന് രണ്ട് കെട്ടിടംപോലും തികച്ചുണ്ടായിരുന്നില്ല. കഴിഞ്ഞ 6 വർഷംകൊണ്ട് കാര്യവട്ടം ക്യാംപസിൽ വന്ന മാറ്റങ്ങൾ നിങ്ങൾ ചെന്നുകാണേണ്ടതാണ്. ഗവേഷണ കേന്ദ്രം എങ്ങനെയായിരിക്കണമെന്ന രീതിയിൽ കാര്യവട്ടം ക്യാംപസിനെ മാറ്റിത്തീർത്തു. ഇവിടെ നടന്ന ചർച്ചയിൽ പ്രതിപക്ഷാംഗങ്ങൾ റാങ്കിംഗ് കിട്ടിയില്ലെന്ന് സൂചിപ്പിച്ചു, പത്രം വായിക്കുന്നതിൽ വരുന്ന ന്യൂനതയാണ് ഈ അഭിപ്രായത്തിൽനിന്നും മനസിലാകുന്നത്. കേരള സർവ്വകലാശാല National Institutional Ranking

Framework (NIRF) -റാങ്കിംഗിൽ, NAAC (National Assessment and Accreditation Council) അക്രിഡിറ്റേഷൻ ലഭ്യമായി തുടങ്ങിയ വാർത്തകൾ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. സംസ്കൃത സർവ്വകലാശാല .....

ചെയർപേഴ്സൺ: സ്വാഭാവികമായും ധാരാളം വിഷയങ്ങൾ ഇതുസംബന്ധിച്ച് പറയാനുണ്ടാകും, ഇപ്പോൾത്തന്നെ 25 മിനുട്ട് സംസാരിച്ചു. ഇതുതന്നെ ബാക്കി അംഗങ്ങളും അനുകരിക്കുമെന്നതിനാൽ ദയവുചെയ്ത് അങ്ങ് പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. സജി. ചെറിയാൻ: സർ, ഡിജിറ്റൽ സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നിവയെല്ലാം തുടങ്ങിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ഇത്തരത്തിൽ എല്ലാ അർത്ഥത്തിലും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല വളരെ നന്നായി മുമ്പോട്ടുപോകുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ടല്ലോ, കഴിഞ്ഞ 6 വർഷംകൊണ്ട് 10.5 ലക്ഷം കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ, അത് ലോകത്തോടൊപ്പം കേരളം സഞ്ചരിക്കുന്നുവെന്നതിന്റെ തെളിവാണ്. ആ കാര്യം പ്രതിപക്ഷം

അംഗീകരിക്കത്തത് എന്തുകൊണ്ടാണ്; നമ്മുടെ വിദ്യാഭ്യാസ മേഖലയെ തകർക്കണമെന്നും ഇവിടെയെല്ലാമുള്ള ഉന്നതമായ സ്ഥാനങ്ങളിൽ സംഘപരിവാറിന്റെ ആളുകളെ കൊണ്ടുവരണമെന്നുമാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? യു.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് ഇത്തരം സ്ഥാനങ്ങളിൽ ആരെയൊക്ക നിയമിച്ചുവെന്ന കാര്യം ഞാൻ വിശദീകരിക്കുന്നില്ല. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും അതിപ്രഗത്ഭന്മാരെയാണ് ഇടതുപക്ഷം കൊണ്ടുവന്നത്. പദ്മഭൂഷൺ ബഹുമതി നേടിയ അതിപ്രശസ്ത ഭരതനാട്യം നർത്തകിയായിരുന്ന മൃണാളിനി സാരാഭായ് അന്തരിച്ചപ്പോൾ അവിടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അന്ത്യോപചാരം അർപ്പിച്ചില്ല. ഗുജറാത്തിലെ വംശഹത്യയുടെ നാളുകളിൽ ധീരതയോടെ അതിനെതിരെ പ്രതികരിച്ചുവെന്നതുകൊണ്ടാണ് ബി.ജെ.പി. ഗവൺമെന്റ് ആ ധീരനർത്തികിയ്ക്ക് അന്ത്യോപചാരം അർപ്പിക്കാൻപോലും തയ്യാറാകാതിരുന്നത്. എന്നാൽ സമുജ്ജ്വലമായ ഒരു അന്ത്യപോചാരം അവിടെ അർപ്പിക്കപ്പെട്ടു. ധീരയായ ആ അമ്മയുടെ വഴിയിലൂടെത്തന്നെ മുമ്പോട്ടുനടന്ന മകൾ ആത്മാഭിമാനത്തിന്റെ

ആൾരൂപമായ ശ്രീമതി മല്ലികാ സാരാഭായ് ആ നിശ്ചല ശരീരത്തിനുമുമ്പിൽ ചുവടുകൾ വച്ച് നൃത്തംചെയ്തു. ആ മല്ലികാ സാരാഭായ് കലാമണ്ഡലത്തിന്റെ ചാൻസലറായി നിയമിതയായി. ഇത് ഇടതുപക്ഷത്തിന്റെ മതേതര രാഷ്ട്രീയ പ്രഖ്യാപനമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ടുമാത്രമല്ല, ശബാനാ ആസ്മിയ്ക്കും നഫീസാ അലിയ്ക്കുമൊപ്പം ഭരണകൂടത്തിന്റെ ക്രൂരതയ്ക്കെതിരെ ധീരതയോടെ നിവർന്നു സംസാരിച്ച മല്ലികാ സാരാഭായ് എന്ന പോരാളിയായ നർത്തകിയെയാണ് കലാമണ്ഡലത്തിന്റെ പരമോന്നത പദവിയിലേയ്ക്ക് നിയമിച്ചത്. ഒരു ജനത എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നതിൽ പങ്കുവഹിക്കുന്ന സവിശേഷമായ വിദ്യാഭ്യാസ മേഖല എങ്ങനെയായിരിക്കണമെന്ന് ഇതിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇവിടെ ചൂണ്ടിക്കാണിക്കുന്നു. നിങ്ങൾ പറഞ്ഞതുപോലെ അണ്ടനും അടകോടനുമൊന്നും കേരളത്തിലെ സർവ്വകലാശാലകളുടെ ചാൻസലർ പദവിയിലേയ്ക്ക് വരില്ല, മറിച്ച് ഇതേപോലുള്ള മഹാവ്യക്തിത്വങ്ങൾ വരും എന്നുപ്രഖ്യാപിക്കാനാണ് ഈ നിയമം ഇവിടെ കൊണ്ടുവരുന്നത്. അതിനെ നിങ്ങളും ഐകകണ്ഠ്യേന പിന്തുണയ്ക്കുമെന്ന പ്രതീക്ഷയോടെ ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം കുറച്ചധികം സമയം പ്രസംഗിക്കാനെടുത്തിട്ടുണ്ട്, തുടർന്ന് പ്രസംഗിക്കുന്നവർ അത് അനുകരിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (മൂന്നാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ സർവ്വകലാശാലകളുടെ ചാൻസലർ പദവിയിൽ ഏറ്റവും യോഗ്യതയുള്ള, വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള, ആ സർവ്വകലാശാലകളെ നന്നായി നയിക്കാൻ കഴിയുന്ന ആളുകളെ തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തുക എന്ന പ്രധാനപ്പെട്ട ദൗത്യമാണ് ഈ ബില്ലിന്റെ ഭാഗമായി വരുന്നത്. നിലവിൽ സംസ്ഥാന ഗവർണറാണ് ചാൻസലർ പദവിയിലുള്ളത്. അത് സംസ്ഥാന നിയമസഭ നിയമംമൂലം കൊടുത്ത പദവിയാണ്, ഭരണഘടനാ പദവിയല്ല. സ്വാതന്ത്ര്യം ലഭിച്ചശേഷമുള്ള ഇത്രയും കാലത്തിലേയ്ക്ക് നമ്മൾ തിരിഞ്ഞുനോക്കുമ്പോൾ

ഒറ്റപ്പെട്ട സംഭവങ്ങൾക്ക് അപ്പുറത്ത് പല യൂണിവേഴ്സിറ്റികളും നന്നായി പ്രവർത്തിച്ചിരുന്നു. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ യൂണിവേഴ്സിറ്റികളിലെല്ലാം, ഉന്നത വിദ്യാഭ്യാസം മാത്രമല്ല ഒന്നാം ക്ലാസുമുതൽ അല്ലെങ്കിൽ അതിനുമുമ്പുവരെയുള്ള കാലംവരെ ആർ.എസ്.എസ്.-ന്റെയും അതുപോലെ സംഘപരിവാറിന്റെയും ഇടപെടലുകളുടെ ഭാഗമായി കൃത്യമായി വിദ്യാഭ്യാസത്തിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അതിൽ ഗവർണർമാരെ ഉപയോഗിച്ച് പലപ്പോഴും ഗവൺമെന്റുകളെ അട്ടിമറിക്കുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഓരോ യൂണിവേഴ്സിറ്റികൾക്കും പ്രത്യേകം സ്വഭാവങ്ങളുണ്ട്. യൂണിവേഴ്സിറ്റികളുടെ അക്കാദമികമായ സ്വഭാവങ്ങൾ ഇല്ലാതാക്കികൊണ്ട് അതിനെ ഒരു ഏകീകൃത രൂപമാക്കുകയും അത് സംഘപരിവാർ അജണ്ടയ്ക്കനുസരിച്ചുള്ള റിസർച്ചുകളും പാഠ്യപദ്ധതികളും അതിനുള്ള സംവിധാനങ്ങളുമാക്കി മാറ്റുക എന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. ഈ നിയമം ഇവിടെ കേവലം വെറുതെ കൊണ്ടുവരുന്നതല്ല. ചാൻസലറായി ആ സ്ഥാനം കയ്യാളുന്ന വ്യക്തി യൂണിവേഴ്സിറ്റിക്ക് തീർച്ചയായും പ്രയോജനം ചെയ്യുന്ന ആളുകളായിരിക്കണമെന്നതിൽ

യാതൊരു സംശയവുമില്ല. നിലവിലെ ഗവർണറെ വ്യക്തിപരമായി യാതൊന്നും വിമർശിക്കുന്നില്ല. പക്ഷെ നമ്മുടെ യൂണിവേഴ്സിറ്റികളുടെ അടുത്ത കാലത്തുള്ള പ്രവർത്തനങ്ങളിൽ, അതിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽപോലും ഇടപെടുന്ന ഒരു സാഹചര്യം നമ്മൾ കാണുകയാണ്. ഇപ്പോൾ നിലവിലുള്ള ചാൻസലറുടെ ഏറ്റവും വലിയ സംഭാവനകൾ നമ്മൾ കാണുകയാണെങ്കിൽ സർവ്വകലാശാലയുടെ പ്രവർത്തനത്തിന്, അതിന്റെ മുന്നേറ്റത്തിന് ആവശ്യമായി സമർപ്പിച്ചിട്ടുള്ള ഫയലുകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ ധാരാളമാണ്. ഇതൊക്കെ നമ്മുടെ നാട്ടിലെ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികളെയും ഇനി പഠിക്കാനിരിക്കുന്ന വിദ്യാർത്ഥികളെയും അവിടെ നടക്കുന്ന ഗവേഷണങ്ങളുടെയും അവിടത്തെ എല്ലാറ്റിനെയും ബോധപൂർവ്വം തകർക്കാൻ ഉതകുന്ന രീതിയിൽ ഫയലുകൾ പെൻഡിംഗ് ആകുന്നുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ 26 ഫയലുകളാണ് ചാൻസലറുടെ തീരുമാനത്തിനുവേണ്ടി പെൻഡിംഗ് ആയിട്ടുള്ളത്. കാലിക്കറ്റ് സർവ്വകലാശാലയിൽ 15, എം.ജി. സർവ്വകലാശാലയിൽ 5, കേരള യൂണിവേഴ്സിറ്റിയിൽ 25, സംസ്കൃത സർവ്വകലാശാലയിൽ 1 എന്നിങ്ങനെ

ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഏറ്റവും മികച്ച നിലയിൽ അക്കാദമികമായി മുന്നോട്ടുപോകുന്ന യൂണിവേഴ്സിറ്റികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സർവ്വകലാശാലയ്ക്ക് അഞ്ച് കോടി രൂപയും സ്പെഷ്യലൈസ്ഡ് സർവ്വകലാശാലയ്ക്ക് ഒരു കോടി രൂപയും കൊടുക്കുന്നതാണ് ചാൻസിലേഴ്സ് അവാർഡ്. മുൻ ഗവർണർ തുടങ്ങിവച്ച പദ്ധതിയാണത്. അതിൽ ഇതുവരെയും അർഹരെ കണ്ടെത്താതെ ലാപ്സാക്കി കളയുന്ന സാഹചര്യമുണ്ടായി. ഇതിനുശേഷമാണ് വി.സി. നിയമനങ്ങൾ. ഇവിടെ മാത്രമല്ല മറ്റ് പല സംസ്ഥാനങ്ങളിലും വി.സി. നിയമനങ്ങളിൽ ഇടപെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. നിയമനങ്ങളിൽ ഇടപെടുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ നമുക്കറിയാം. ആർ.എസ്.എസ്.-ന്റെയോ അല്ലെങ്കിൽ ഇത്തരത്തിലുള്ള ഐഡിയോളജി നടപ്പിലാക്കുകയോ ചെയ്യുന്ന ആളുകളെ യൂണിവേഴ്സിറ്റികളിലേയ്ക്ക് തിരുകികയറ്റുകയെന്നത് ഒരു യജ്ഞമായി എടുത്തിരിക്കുകയാണ്. അതിന്റെ ഭാഗമായി നിരവധി യൂണിവേഴ്സിറ്റികളിൽ.., ജെ.എൻ.യു.-ന്റെ കാര്യം ഇവിടെ പറഞ്ഞു. ജെ.എൻ.യു.-ലെ വി.സി.യെ മാറ്റിക്കൊണ്ട് ജെ.എൻ.യു.-ന്റെ സംസ്കാരംതന്നെ ഇല്ലാതെയാക്കാനുള്ള ശ്രമങ്ങൾതന്നെ ഇവിടെ നടന്നു. അവിടെ നൂറിലധികം വരുന്ന

അദ്ധ്യാപകരെ നിയമിക്കുന്നത് അവരുടെ ക്വാളിഫിക്കേഷനും എക്സ്പീരിയൻസും നോക്കിയിട്ടല്ല. ഒരു പ്രത്യേക വിഭാഗത്തിന്റെ ഐഡിയോളജി നടപ്പിലാക്കാനുള്ള കാര്യങ്ങൾ നോക്കിക്കൊണ്ട് വളരെ കൃത്യമായി അത്തരത്തിലുള്ള റിക്രൂട്ട്മെന്റുകൾ യൂണിവേഴ്സിറ്റികളിൽ നടക്കുന്നു. വളരെ വൈബ്രന്റായിട്ടുള്ള ആ ക്യാമ്പസ് അടക്കമുള്ള നിരവധി ക്യാമ്പസുകളിൽ സ്വതന്ത്രമായി വിദ്യാർത്ഥികൾക്ക് ചിന്തിക്കാനും അക്കാദമികമായൊരു എൻവയോൺമെന്റുണ്ടാക്കാനും ആയിരുന്ന സ്ഥലങ്ങളിലെല്ലാം ഇടപെടുകയും അവിടത്തെ വിദ്യാർത്ഥികളെ രാജ്യദ്രോഹികളാക്കുകയും രോഹിത് വെമുല അടക്കമുള്ള ആളുകളുടെ ജീവൻപോലും ഇല്ലാതാക്കുന്ന തരത്തിലുള്ള സാഹചര്യങ്ങൾ യൂണിവേഴ്സിറ്റികളിൽ സൃഷ്ടിക്കുകയും ചെയ്യുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തി. ഐ.സി.എച്ച്.ആർ.-ന്റെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. ചരിത്രംതന്നെ തിരുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി അതിൽ ഏറ്റവും എമിനന്റായ ഹിസ്റ്റോറിയസിനെയെല്ലാം മാറ്റി, അതിനുശേഷം നമ്മുടെ മലബാർ കലാപത്തിൽ പങ്കെടുത്ത 380-ഓളം വരുന്ന, ഈ രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ആളുകളെ അതിൽനിന്ന്

ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തി. ഇങ്ങനെ ഓരോ സ്ഥലങ്ങളിലെയും ചരിത്രത്തെ ഇല്ലാതെയാക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. സയൻസിന് പകരം മിത്ത് എന്ന തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് പോകുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജെ.എൻ.യു. സർവ്വകലാശാലയിൽ വി.സി. ആയിരുന്ന പ്രൊഫ. എം. ജഗദീഷ് കുമാറിനെയാണ് ഇപ്പോൾ യു.ജി.സി. ചെയർമാനായി നിശ്ചയിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഒരു സംഘപരിവാർ അജണ്ട നടപ്പിലാക്കാനുള്ള ആസൂത്രിതമായ നീക്കമല്ലേ ഗവർണ്ണർമാരെ ഉപയോഗിച്ച് ചെയ്യുന്നതെന്ന കാര്യം അങ്ങേയ്ക്ക് മനസിലാകുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തീർച്ചയായിട്ടും മനസ്സിലാകുന്നുണ്ട്. അതിന് പ്രധാനപ്പെട്ട ഒരു ഉദാഹരണമാണ് ജെ.എൻ.യു. പോലെയുള്ള ക്യാമ്പസിന്റെ എൻവയോൺമെന്റ് തകർക്കാൻ ശ്രമിക്കുകയും അത് പഴയ രൂപത്തിലേയ്ക്ക് തിരിച്ചുവരാൻ പറ്റാത്ത വിധത്തിലേയ്ക്ക് അതിന്റെ സാഹചര്യത്തെ മാറ്റാൻ മുന്നിൽ നിൽക്കുകയും വിദ്യാർത്ഥികളെ രാജ്യദ്രോഹികളാക്കി ആക്രമിച്ച് ജയിലിലാക്കാനുമൊക്കെ കൂട്ടുനിൽക്കുകയും ചെയ്ത ആളിനെ റിവാർഡ് പോലെയാണ് യു.ജി.സി.-യുടെ തലപ്പത്തേയ്ക്ക്

കൊണ്ടുവന്നത്. ഇന്ന് ആ യു.ജി.സി. എടുക്കുന്ന തീരുമാനത്തിനനുസരിച്ച് നമ്മുടെ രാജ്യത്തെ യൂണിവേഴ്സിറ്റികൾ, സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിയ യൂണിവേഴ്സിറ്റികൾപോലും പോകണമെന്ന രീതിയിലേയ്ക്ക് പറയുമ്പോൾ അതിന്റെ പുറകിലെ അജണ്ട മനസ്സിലാകും. ജെ.എൻ.യു.-ലെ വി.സി.-യുടെ കാര്യം മാത്രമല്ല, നമുക്കറിയാം ഒരു സീരിയൽ നടനായിരുന്ന ഗജേന്ദ്ര ചൗഹാനെ പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനാക്കി. അവിടെ വലിയ സമരം നടന്നു, അതിനുശേഷം അദ്ദേഹത്തെ ഹരിയാനയിലെ ഒരു യൂണിവേഴ്സിറ്റിയുടെ വി.സി. ആയി നിയമിക്കുന്നു. ഇതുപോലെതന്നെ യൂണിവേഴ്സിറ്റികളെ മുഴുവൻ നിയന്ത്രിച്ചിരുന്ന ബംഗാൾ ഗവർണറുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വലിയ ഡിബേറ്റ്, അവിടത്തെ മുഖ്യമന്ത്രിയുമായി വലിയ പ്രശ്നങ്ങളുണ്ടായിരുന്നു. അദ്ദേഹത്തെ രാജ്യത്തിന്റെ ഉപരാഷ്ട്രപതിയാക്കി നിയമിക്കുന്നു. ഞാൻ നേരത്തെ സൂചിപ്പിച്ച, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ രോഹിത് വെമുലയുടെ സാഹചര്യങ്ങൾ നമുക്കറിയാം. ... അദ്ദേഹത്തിന് മില്ലേനിയം അവാർഡ് കൊടുത്ത് ഏറ്റവും നല്ല സാഹചര്യത്തിലേയ്ക്ക് കൊണ്ടുവന്നു. ഇത്തരം സാഹചര്യങ്ങളാണ് നമ്മുടെ യൂണിവേഴ്സിറ്റികളെ തകർക്കുകയും

വിദ്യാഭ്യാസത്തെ തകർക്കുകയും സംഘപരിവാർ അജണ്ട നടപ്പിലാക്കുകയും ചെയ്യുന്ന ആളുകൾക്ക് പ്രത്യേകമായ റിവാർഡ് കൊടുക്കുന്ന ഒരു സാഹചര്യമുണ്ട്. തീർച്ചയായും കേരളത്തിൽ നടക്കുന്നതും ഈ റിവാർഡുകൾ പ്രതീക്ഷിച്ചായിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല. ആ തരത്തിലേയ്ക്കാണ് പോകുന്നത്.

ചാൻസലർ പദവിയിൽനിന്ന് ഗവർണറെ മാറ്റുന്ന ഒന്നാമത്തെ സംസ്ഥാനമൊന്നുമല്ല കേരളം. നമുക്കറിയാം പല സംസ്ഥാനങ്ങളിലും, 2013-ൽ നരേന്ദ്ര മോദി തന്നെയാണ് ഇതിന് തുടക്കമിട്ടത്. അന്ന് യു.പി.എ. കാലത്ത് നിയമിച്ച ഗവർണറെ ഒഴിവാക്കിക്കൊണ്ട്, അന്നത്തെ സർക്കാരിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബിൽ കൊണ്ടുവന്നപ്പോൾ അന്നത്തെ ഗവർണർ അത് നിരസിച്ചു. അന്ന് മുഖ്യമന്ത്രി നരേന്ദ്രമോദി ആയിരുന്നു. പിന്നീട് അദ്ദേഹം പ്രധാനമന്ത്രി ആയതിനുശേഷം പുതിയ ഗവർണർ വന്ന് ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ മാറ്റുന്നതിന് ഒപ്പ് വച്ചു. വെസ്റ്റ് ബംഗാളിൽ നമുക്കറിയാം ജൂൺ മാസത്തിൽ ഗവർണറെ മാറ്റി, ഇവിടെ രാഷ്ട്രീയപരമായ കാര്യങ്ങൾ ഒക്കെ പറയുന്നു, രാഷ്ട്രീയപരമായ അപ്പോയിൻമെന്റ് ആകും എന്നൊക്കെ പറയുന്നുണ്ട്, അവിടെ ഗവർണർക്ക്

പകരം ചാൻസലർ ആകുന്നത് മുഖ്യമന്ത്രിയാണ് എന്ന രീതിയിലാണ് ബിൽ കൊണ്ടുവന്നത്. ആ ബിൽ തിരിച്ചയയ്ക്കുന്നതടക്കമുള്ള കാര്യങ്ങളുണ്ടായി. അതിനുശേഷം അവിടെയുണ്ടായ ആ പ്രശ്നത്തിനുശേഷമാണ് ഉപരാഷ്ട്രപതിയായി അവിടത്തെ ഗവർണർ പോകുന്നത്. തമിഴ്നാട്ടിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് ബിൽ ഒപ്പുവച്ച് ഏപ്രിലിൽ പാസ്സാക്കാൻപോയി. അവിടെ ചാൻസലറുടെ പവർ ട്രാൻസ്ഫർ ചെയ്യുകയാണ്. വി.സി.-യെ തെരഞ്ഞെടുക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുകയാണ്. ഇവിടെ ഘോരഘോരം പ്രസംഗിക്കുകയാണ്, പ്രതിപക്ഷനേതാവ് അടക്കമുള്ളവർ, കേരളത്തിലെ ഗവൺമെന്റ് അല്ലെങ്കിൽ നമ്മൾ ഈ നിയമം പാസ്സാക്കുന്നത് ഇഷ്ടക്കാരെ തിരുകാനാണ്, അതിനാണ് ഗവൺമെന്റ് അമിതമായി ഇടപെടുന്നതെന്നാണ് പറയുന്നത്. അവിടെ കോൺഗ്രസിന്റെ കൂടെതന്നെയാണ് ഈ കോൺഗ്രസ്സും. എന്താണ് അവിടെ അഭിപ്രായമില്ലാത്തത്? വാളയാർ ചുരം കഴിയുമ്പോൾ മറ്റൊരു അഭിപ്രായത്തിലേയ്ക്ക് പോകുന്നു. ഇതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയപരമായ ഏറ്റവും വലിയ അധഃപതനമെന്ന് പറയുന്നത്. അവസരവാദ രാഷ്ട്രീയം തുടർച്ചയായി സ്വീകരിച്ച് രാജ്യത്ത് ഒരു

പ്രതിപക്ഷമില്ലാത്ത സാഹചര്യത്തിലേയ്ക്ക് പോയി. മഹാരാഷ്ട്രയിൽ വൈസ്-ചാൻസലറെ നേരിട്ട് ഗവൺമെന്റിന് നിയമിക്കാനുള്ള അധികാരം എടുത്തുകളഞ്ഞു, കോൺഗ്രസ്സുകൂടി ഭാഗമായ ഒരു ഗവൺമെന്റല്ലേ തീരുമാനമെടുത്തത്? സംസ്ഥാന സർക്കാർ അംഗീകരിച്ച പേരുകളിൽ ഒരാൾ..., സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന ആളെമാത്രമേ നിയമിക്കാൻ പാടുള്ളൂവെന്ന രീതിയാണ് അന്ന് സ്വീകരിച്ചത്. ആ ബിൽ പാസ്സായില്ല. ആ സർക്കാരിനെ എങ്ങനെയാണ് മറിച്ചിട്ടതെന്ന് നമുക്കറിയാം. ഇപ്പോൾ ശ്രീ. ഏക്നാഥ് ഷിൻഡേയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അത് പിൻവലിച്ചു. ഛത്തീസ്ഗഢിലും രാജസ്ഥാനിലും ഇതേരീതിയിലുള്ള ശ്രമങ്ങൾ നടന്നില്ലേ; ഛത്തീസ്ഗഢിൽ വി.സി.-മാരുടെ യോഗം വിളിച്ച് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിലുള്ള സംവിധാനമുണ്ടാക്കുന്നുവെന്ന തരത്തിലുള്ള വിമർശനങ്ങൾ നമ്മൾ കേട്ടതാണ്. അതിനുശേഷം സർവ്വകലാശാലകൾ പിടിച്ചെടുക്കുന്നതിനായി ഏതെല്ലാം വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി. റായ്പൂർ, താക്കറെ ജേണലിസം സർവ്വകലാശാലയിലെ വി.സി.-യായി ആർ.എസ്.എസ്.-ന്റെ മുഖപത്രത്തിന്റെ എഡിറ്ററെ നിയമിച്ചതിൽ എന്തെങ്കിലും ചെയ്യാൻ നമുക്ക്

സാധിക്കുന്നുണ്ടോ; ഇത്തരത്തിൽ ഗവണ്ണർമാർ ചാൻസലർമാരായി ഇരിക്കുമ്പോഴും അതിൽ ഇടപെട്ടുകൊണ്ട് യൂണിവേഴ്സിറ്റികളുടെ സ്വഭാവം മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ സംഘ്പരിവാറിന്റെ ഇടപെടൽ ചെറുതാണോ; എല്ലാ മേഖലയിലും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ ആശയം പ്രചരിപ്പിക്കാൻവേണ്ടി സിലബസുകളും കരിക്കുലവും മാറുന്നു. രാജ്യത്ത് നാളെ CAA (Citizenship Amendment Act)-യും NRC (National Register of Citizens)-യുമൊക്കെ നടപ്പിലാക്കുമ്പോൾ അതിന് കയ്യടിക്കുന്ന ഒരു സമൂഹത്തെ ഉണ്ടാക്കിയെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. ചരിത്രത്തെ മറ്റൊരുതരത്തിലേയ്ക്ക് മാറ്റുകയാണ്. മിത്തുകൾ ചരിത്രമായി മാറുകയാണ്. അത്തരത്തിലുള്ള വളരെ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു. ശാസ്ത്രീയമായ അന്വേഷണങ്ങളെ ഇല്ലാതാക്കുന്നു. യൂണിവേഴ്സിറ്റികളുടെ ഏറ്റവും പ്രധാനപ്പെട്ട എൻവയോൺമെന്റ്, ഡിസ്കഷൻസിനും ഡിബേറ്റ്സിനുമുള്ള അവസരങ്ങളാണ്. അത് ഇല്ലാതാക്കുക മാത്രമല്ല അലഹബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും ബനാറസിലും ലക്നൗവിലും ജെ.എൻ.യു.-വിലുമൊക്കെ ഗുണ്ടകളെവിട്ട് വിദ്യാർത്ഥികളെ

ആക്രമിക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകുന്നത് നമ്മൾ കണ്ടതല്ലേ? യൂണിവേഴ്സിറ്റികളുടെ പേര് മാറ്റുന്നു. നെഹ്റുവിന്റെയും ഗാന്ധിയുടെയുമൊക്കെ പേര് നൽകിയതിനെ അതുപോരാ എന്നുപറഞ്ഞുകൊണ്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടില്ലാത്ത, മാപ്പ് എഴുതിക്കൊടുത്ത ആളുകളുടെയടക്കം പേരുകൾ യൂണിവേഴ്സിറ്റികൾക്ക് ഇടാനുള്ള ശ്രമങ്ങൾ നടക്കുന്നു. രാജ്യത്തിന്റെ ദേശീയത നിർമ്മിക്കപ്പെടുന്നത് സ്വാതന്ത്ര്യ സമരത്തിലൂടെയാണ്. അതിന് ഒന്നും സംഭാവന ചെയ്യാത്തവരാണ് രാജ്യത്തിന്റെ ചരിത്രത്തെ വളച്ചൊടിച്ചുകൊണ്ട് അവർക്ക് അനുകൂലമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത്. യൂണിവേഴ്സിറ്റികളിൽ നന്നായി ചിന്തിക്കുന്ന ആളുകളുണ്ടാകും. അവർ അതിനെ ചോദ്യം ചെയ്യും. എന്നാൽ അത് ചോദ്യം ചെയ്യാതിരിക്കാനും ചിന്തിക്കുന്ന ഒരു തലമുറ ഇല്ലാതിരിക്കാനുംവേണ്ടി യൂണിവേഴ്സിറ്റികളുടെ രൂപം മാറ്റണം. അതിനുവേണ്ടി അവിടത്തെ വൈസ്-ചാൻസലർ മുതലുള്ള മുഴുവൻ നിയമനങ്ങളും ആ രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഇതിനെ രാഷ്ട്രീയമായി പ്രതിരോധിക്കേണ്ടതുണ്ട്. ആ പ്രതിരോധമാണ്...

.......

<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ചുരുക്കാം. നമ്മളെയെല്ലാം ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു തീരുമാനമാണ് ഒഫീഷ്യൽ ലാംഗ്വേജ് കമ്മിറ്റി പാർലമെന്റിൽ വച്ചത്. Hindi should be the medium of instruction. IIT-യിലും IIM-ലും സെൻട്രൽ യൂണിവേഴ്സിറ്റികളിലുമൊക്കെ ഹിന്ദിയായിരിക്കണം മീഡിയം ഓഫ് ഇൻസ്ട്രക്ഷനെന്ന് തീരുമാനിക്കുകയാണ്. അതായത് കമ്മ്യൂണിക്കേഷനും ടീച്ചിംഗും ഹിന്ദി ആക്കണം. ഞാൻ എന്റെ ഒരു അനുഭവം പറയാം, ഇടക്കാലത്ത് ജെ.എൻ.യു.-ലെ ഹോസ്റ്റലിൽ എല്ലാ കമ്മ്യൂണിക്കേഷനും ഹിന്ദിയിലാക്കാൻ തീരുമാനിച്ചു. അതിനെതിരെ വിദ്യാർത്ഥികളായ ഞങ്ങൾ സമരം ചെയ്ത് ആ തീരുമാനത്തെ മാറ്റി. തീരുമാനമെടുത്തതിനും പിൻവലിച്ചതിനും ഇടയ്ക്കുള്ള കാലയളവിൽ കമ്മ്യൂണിക്കേഷൻ ഹിന്ദിയിലായതിനാൽ ഹോസ്റ്റലിലെ നോട്ടീസ് ബോർഡ് മുഴുവൻ ഹിന്ദിയാണ്. സ്കോളർഷിപ്പിനും ഫീസ് ഇളവ് ലഭിക്കുന്നതിനുമെല്ലാം അപേക്ഷിക്കുന്ന ഫോമുകൾ ഹിന്ദിയിലാണ്. സ്വാഭാവികമായും ഞങ്ങൾ അതിനെ തിരിഞ്ഞ് നോക്കുകയില്ല. ഹിന്ദി മാതൃഭാഷയായവർക്ക് അതിന് കഴിയും. നമുക്ക് ഹിന്ദി സംസാരിക്കാൻ

അറിയാം. ചെറിയ രീതിയിൽ വായിച്ച് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഹിന്ദിയിലെ വലിയ നോട്ടിസുകൾ മുഴുവൻ വായിച്ച് മനസ്സിലാക്കാൻ എളുപ്പം സാധിക്കില്ല. അതിനാൽ സ്വാഭാവികമായും സൗത്ത് ഇന്ത്യയിൽനിന്നും നോർത്ത് ഈസ്റ്റിൽനിന്നും മറ്റുപല സ്ഥലങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടും. ചില പ്രത്യേക സ്ഥലങ്ങളിലെ ആളുകൾക്കുമാത്രമേ അവസരം ലഭിക്കുകയുള്ളൂ. ഇപ്പോൾ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ളവയിൽ ഇന്റർവ്യൂ അടക്കം ഹിന്ദിയിൽ നടത്തണമെന്ന് പറയുമ്പോൾ ഇവിടത്തെ സംഘ്പരിവാർ രാഷ്ട്രീയത്തിന് കൊടിപിടിക്കുന്ന ആളുകളുടെ മക്കളും ആ സ്ഥലങ്ങളിലേയ്ക്ക് പോകുമ്പോൾ മാതൃഭാഷ സംസാരിക്കുന്നതുപോലെ അവർക്ക് ഹിന്ദി സംസാരിക്കാൻ കഴിയില്ലല്ലോ. കമ്മീഷന്റെയൊക്കെ റിപ്പോർട്ടുവന്ന് ഇംഗ്ലീഷിന് അവസരമില്ലാതാകുകയാണ്, അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി പോകുകയാണ്. ആർക്കാണ് അവസരം നഷ്ടപ്പെടുന്നത്; ആർക്കുവേണ്ടിയാണിത്? ഇത് കേവലം സംഘ്പരിവാർ വിഭാഗത്തിനോ മതത്തിനോ വേണ്ടിയല്ല. അതിലെ ചില വിഭാഗങ്ങൾക്കും അപ്പർ കാസ്റ്റായിട്ടുള്ളവർക്കും അതിൽ അവർ അംഗീകരിക്കുന്ന ആളുകൾക്കും

വേണ്ടിയാണ് അങ്ങനെയുള്ള തീരുമാനങ്ങളെടുക്കുന്നത്. സാമൂഹ്യനീതിയില്ലാത്ത ഒരു സാഹചര്യത്തിലേയ്ക്ക് പോയിട്ടില്ലേ? ഡോ. വി. ശിവദാസൻ, എം.പി. രാജ്യസഭയിൽ നൽകിയ ചോദ്യത്തിന് യൂണിയൻ വിദ്യാഭ്യാസ സഹമന്ത്രി ഉത്തരം നൽകുകയാണ്. ഇന്ത്യയിലെ ഏറ്റവും അഭിമാനകരമായ ഐ.ഐ.റ്റി.-കളിലും ഐ.ഐ.എം.-കളിലും 2021-22-ലെ ഗവേഷക വിദ്യാർത്ഥികളുടെ പ്രവേശനത്തിന്റെ കണക്കുകൾ നൽകിയിട്ടുണ്ട്. അതിൽ ഐ.ഐ.റ്റി.-കളും ഐ.ഐ.എം.-കളുമായ ഏറ്റവും പ്രധാനപ്പെട്ട 21 സ്ഥാപനങ്ങളിൽ ഒരൊറ്റ ആദിവാസി വിദ്യാർത്ഥിയെപോലും പ്രവേശിപ്പിച്ചിട്ടില്ല. അതുപോലെ ഇത്തരം 12 കേന്ദ്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു ദളിത് വിദ്യാർത്ഥിയെപോലും പ്രവേശിപ്പിച്ചിട്ടില്ല. സംവരണംപോലും നടപ്പിലാക്കാതെ സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരെ ഒഴിവാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: അങ്ങ് പോയിന്റ് ചുരുക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഇത്തരത്തിൽ ആർ.എസ്.എസ്.-ന്റെ ഐഡിയോളജി നടപ്പാക്കാനുള്ള നിരവധി ശ്രമങ്ങൾ നടക്കുകയാണ്. ഈ

ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കേണ്ടത് കേവലം നമ്മൾ മാത്രമല്ല. ഐഡിയോളജിക്കലി അവരെ ചെറുത്ത് തോൽപ്പിക്കുന്നത് ഇടതുപക്ഷമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കോൺഗ്രസ്സിന് ഐഡിയോളജിയില്ല. അതുണ്ടെങ്കിൽ ഒന്നാലോചിച്ച് നോക്കൂ. കേരളത്തിലെ കോൺഗ്രസിന്റെ കാര്യംതന്നെ എടുക്കാം. ഇന്ത്യയിൽ ഫാസിസം നടപ്പിലാക്കാൻ ബോധപൂർവ്വമായി ശ്രമിക്കുകയും അതിനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്യുമ്പോൾ അതിനെ ഐഡിയോളജിക്കലി എതിർക്കാനുള്ള സംവിധാനം ഉണ്ടായിരുന്നെങ്കിൽ, കോൺഗ്രസിനെ നയിക്കുന്ന കെ.പി.സി.സി പ്രസിഡന്റ്, ആർ.എസ്.എസ്.-ന്റെ ശാഖയെ സംരക്ഷിക്കാൻ ഞാൻ നിന്നുവെന്ന് അഹങ്കാരത്തോടുകൂടി പറയുമ്പോൾ, നീ കോൺഗ്രസ്സുകാരനല്ല ആർ.എസ്.എസ്.-കാരനാണ് ഇറങ്ങി പോകുയെന്ന് പറയാനുള്ള ആർജ്ജവം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ഉണ്ടായോ? ആർ.എസ്.എസ്.-കാരെ സംരക്ഷിക്കുന്നതിനായി എപ്പോൾ വേണമെങ്കിലും ബി.ജെ.പി.-ലേയ്ക്ക് പോകാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച ആൾ ഇപ്പോഴും കേരളത്തിലെ കോൺഗ്രസ്സിനെ നയിക്കുന്നു. എന്നുമാത്രമല്ല, ശ്രീ. രാഹുൽ ഗാന്ധി നയിച്ച ഭാരത് ജോഡോ യാത്രയിലെ വലിയ

പോസ്റ്ററുമായി ബന്ധപ്പെട്ട് മാപ്പ് എഴുതികൊടുത്തത് നമുക്കെല്ലാവർക്കുമറിയാം. വീർസവാർക്കർ എന്ന വി. ഡി. സവാർക്കറെ കോൺഗ്രസ് അംഗീകരിക്കുന്നില്ല. ശക്തമായ രാഷ്ട്രീയ എതിർപ്പുള്ളതാണ്. എന്നാൽ സവാർക്കറുടെ ഫോട്ടോവച്ചുകൊണ്ട് പ്രചരണം നടത്തി. പ്രചരണം നടത്തിയ ആൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ നടപടിയൊന്നും സ്വീകരിച്ചില്ലെന്നുമാത്രമല്ല, എന്റെ കുട്ടിയാണ്, ഞാൻ എല്ലാ സംരക്ഷണവും നൽകുമെന്നാണ് കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത്. ഇത് എടുത്തുപറയുന്നതിൽ മറ്റൊരു കാര്യമുണ്ട്. സി.പി.ഐ.(എം.)-ന്റെ പാർട്ടി കോൺഗ്രസ്സിന്റെ സെമിനാറിൽ പങ്കെടുക്കാൻ പോയ ശ്രീ. കെ. വി. തോമസിനെതിരെ എടുത്ത നടപടിയുടെ ഒരു ലേശം... ആശയപരമായി എതിർക്കാൻവേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനമെടുത്തിരുന്നുവെങ്കിൽ നമുക്ക് പറയാമായിരുന്നു. രാജ്യത്തെ യൂണിവേഴ്സിറ്റികളെ മുഴുവൻ ഇത്തരത്തിലേയ്ക്ക് മാറ്റുമ്പോൾ, രാജ്യത്തെ ഫാസിസത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി അതിനെ എതിർക്കുന്നത് കേരളമാണ്. അതുകൊണ്ടാണ് എല്ലാ ശ്രമങ്ങളും നടത്തി കേരളത്തിലെ ഇടതുപക്ഷ

ജനാധിപത്യ മുന്നണിയെ തകർക്കാൻ അവർ വന്നുകൊണ്ടിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പൊതുവിദ്യാഭ്യാസമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ചെയർപേഴ്സൺ: അതുകൂടി പറഞ്ഞ് അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇനി രണ്ട് അംഗങ്ങൾ കൂടി സംസാരിക്കാനുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കൺക്ലൂഡ് ചെയ്യാം. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ പൊതുവിദ്യാഭ്യാസം ഏറ്റവും മോശമാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസം മികച്ചതാണ്. National Institutional Ranking Framework (NIRF)-ന്റെ റാങ്ക്പട്ടികയിൽ കേരളത്തിലെ നാല് യൂണിവേഴ്സിറ്റികൾ ഉൾപ്പെട്ടിട്ടുണ്ട്. ആദ്യത്തെ മികച്ച നൂറ് കോളേജുകളിൽ കേരളത്തിലെ 19 കോളേജുകൾ ഉൾപ്പെടുന്നുണ്ട്. അതോടൊപ്പം National Assessment and Accreditation Council (NAAC)-ന്റെ അക്രഡിറ്റേഷനിൽ A++ ഗ്രേഡ് നേടി കേരള യൂണിവേഴ്സിറ്റി രാജ്യത്തെതന്നെ ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിലൊന്നായി മാറിയിരിക്കുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയും കുസാറ്റുമുൾപ്പെടെ A+ ഗ്രേഡ് നേടി മുന്നോട്ടുപോകുകയാണ്.

കേരളത്തിൽ NAAC അക്രഡിറ്റേഷനോടൊപ്പം സ്റ്റേറ്റ് അക്രഡിറ്റേഷൻകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രവുമായി ഇതിൽ ആശയപരമായി എന്ത് വ്യത്യാസമാണുള്ളതെന്ന് നോക്കിയാൽ, യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിൽ കേവലം NAAC-ന്റെ റാങ്കിംഗ് മാനദണ്ഡങ്ങൾ മാത്രമല്ല, കേരളത്തിലെ Scientific temper, Secular Outlook, Equity, Excellence and Social inclusiveness തുടങ്ങിയവയുംകൂടി ഇതിനോട് ചേർത്ത് നോക്കുന്നു എന്ന് മനസ്സിലാക്കാം. കേരളം എങ്ങനെയാണ് ലോകത്തെയും സമൂഹത്തെയും കാണുന്നതെന്നും നമ്മുടെ രാഷ്ട്രീയമെന്താണെന്നും കൃത്യമായി അതിലുണ്ട്. അതാണ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നമ്മെ വ്യത്യസ്തമാക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം സമാനതകളില്ലാതെ മാറ്റത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളായി നിരവധി സ്ഥാപനങ്ങൾ വന്നു.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, 'മലർപ്പൊടിക്കാരന്റെ സ്വപ്നം' എന്നുപറഞ്ഞ് എല്ലാവരും പരിഹസിച്ച കിഫ്ബി വന്നതിനുശേഷം നിരവധി ഹോസ്റ്റലുകൾ, അക്കാഡമിക് ബ്ലോക്കുകൾ, ലാബുകൾ തുടങ്ങിയവ

നടപ്പിലാക്കി. കേരളത്തിലെ വിദ്യാഭ്യാസത്തെ തകർക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ ഭാഗമായി ഗവർണ്ണർ ഉൾപ്പെടെയുള്ളവർ പ്രവർത്തിക്കുമ്പോൾ, അതിന് തടയിടുന്നതിനുള്ള രാഷ്ട്രീയപരമായ വലിയ മുന്നേറ്റവുമായി മുന്നോട്ടുപോകുമ്പോൾ കോൺഗ്രസ്സും മറ്റ് പ്രതിപക്ഷകക്ഷികളുമെല്ലാം ഒന്നിച്ചുനിന്ന് ഇതിനെ സപ്പോർട്ട് ചെയ്യണം. ഇത് ഈ രാജ്യത്തിന്റെയും ഫെഡറൽ സംവിധാനത്തിന്റെയും ഭരണഘടനയുടെയും കാര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് എല്ലാവരും ഒന്നിച്ച് നിൽക്കണമെന്നുകൂടി അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ചെയർപേഴ്സൺ</u>: വളരെ ഇന്ററസ്റ്റിംഗ് ആയ ഒരു സബ്ജക്ടായതിനാൽ എല്ലാവരും കൂടുതൽ സമയമെടുത്ത് വളരെ വലിയ ഡിസ്കഷൻ നടത്തുന്നുണ്ട്. ഇന്ന് പ്രധാനപ്പെട്ട മറ്റ് മൂന്ന് ബില്ലുകൾകൂടി എടുക്കാനുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ആ ബില്ലുകളിൽ ധാരാളം അംഗങ്ങൾക്ക് സംസാരിക്കാനുണ്ട്. അതുകൊണ്ട് ദയവുചെയ്ത് സമയം ചുരുക്കണം. ടേൺ കിട്ടാത്ത ഒരു പ്രശ്നം ഇവിടെ വന്നിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ റിക്വസ്റ്റ് അനുസരിച്ച് രണ്ട്

അംഗങ്ങൾക്കുകൂടി സംസാരിക്കാൻ അവസരമുണ്ട്. മുൻപ് സംസാരിച്ച അംഗങ്ങൾ കൂടുതൽ സമയമെടുത്ത് സംസാരിച്ചുവെന്ന കീഴ്വഴക്കമെടുക്കാതെ ഈ രണ്ട് അംഗങ്ങളും സഭയോട് സഹകരിച്ച് വളരെ ചുരുക്കി സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സീനിയർ അംഗങ്ങളാണ് എന്നുള്ളതുകൊണ്ട് പ്രത്യേകം റിക്വസ്റ്റ് ചെയ്യുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ അഞ്ച് മിനിറ്റ് സമയമാണ് പ്രത്യേകമായി അനുവദിച്ച് നൽകിയിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അഞ്ച് മിനിറ്റിൽ പ്രസംഗിച്ച് തീരില്ല. അങ്ങനെയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് ദയവുചെയ്ത് സഹകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇല്ല, അങ്ങനെയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് വാശിയോടുകൂടി പറയരുത്. പ്രധാനപ്പെട്ട മൂന്ന് ബില്ലുകളാണ് ഇനി എടുക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, തർക്കിച്ച് ഒരു മിനിറ്റ് കഴിയാൻ പോകുകയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് ദയവുചെയ്ത് സഹകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 'University Autonomy' എന്ന പുസ്തകത്തിൽ സർവ്വകലാശാലകളെക്കുറിച്ച് പറയുന്നുണ്ട്. 'Academic freedom is the life-blood of University teaching' എന്നതാണ് സർവ്വകലാശാലയെക്കുറിച്ച് പറയുന്ന പ്രധാനപ്പെട്ട കാര്യം. ഞാൻ ഇത് പറയാൻ കാരണം, ഇപ്പോഴത്തെ ബില്ലും ഈ പറയുന്ന കാഴ്ചപ്പാടും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നതെന്ന് ഓർമ്മിപ്പിക്കാൻവേണ്ടിയാണ്. ഇവിടെ കോൺഗ്രസിനെക്കുറിച്ച് ചില കാര്യങ്ങൾ പറഞ്ഞതിനാൽ ആദ്യം അതിനെക്കുറിച്ച് പറയാം. 1904-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ സർവ്വകലാശാലകളെ നിയന്ത്രിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമത്തെ ഗോപാലകൃഷ്ണ ഗോഖലെ വളരെ ശക്തമായി എതിർത്തു. മാത്രമല്ല, ആ തെറ്റായ പ്രവർത്തനത്തിൽനിന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പുറകോട്ട് പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇപ്പോൾ വന്നിരിക്കുന്ന ഈ ബിൽ വേറൊരു രൂപത്തിലാണ്. 1904-ൽ ഗോപാലകൃഷ്ണ ഗോഖലെ ഏത് വികാരത്തോടുകൂടിയാണോ അന്നത്തെ നിയമത്തെ എതിർത്തത് അതേ

വികാരത്തോടുകൂടിത്തന്നെയാണ് ഞങ്ങളും ഈ ബില്ലിനെ എതിർക്കുന്നത്. ഇത് ശരിയല്ല എന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ദീർഘവീക്ഷണത്തോടുകൂടിയ ഒരു കാഴ്ചപ്പാട് ആവശ്യമാണ്. എന്നാൽ ഇവിടെ അത്തരത്തിലുള്ള ദീർഘവീക്ഷണമുണ്ടാകുന്നില്ല. യൂണിവേഴ്സിറ്റിയിലെ സ്വതന്ത്ര പരമാധികാരത്തിനായി ജവഹർലാൽ നെഹ്റു സ്വീകരിച്ച നിലപാടുകൾ എല്ലാവർക്കുമറിയാം. 1956-ൽ യു.ജി.സി. രൂപീകരണവുമായി ബന്ധപ്പെട്ട ബില്ലിന് അനുമതി കൊടുത്ത ജവഹർലാൽ നെഹ്റുവിന്, വേണമെങ്കിൽ ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളുടെയും ചാൻസലറായി പ്രധാനമന്ത്രിയെ തീരുമാനിക്കാമായിരുന്നു. പക്ഷേ അങ്ങനെ ചെയ്തില്ല. അതെല്ലാം യൂണിവേഴ്സിറ്റികളിൽനിന്ന് വരണം, യൂണിവേഴ്സിറ്റികളിൽ പ്രഗത്ഭരായിട്ടുള്ളവർ വരണം. അവിടെ ബാഹ്യ-രാഷ്ട്രീയ ഇടപെടലുകളില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന, വിദ്യാസമ്പന്നരായ ആളുകൾ അടങ്ങുന്ന ഒരു സമിതി വേണമെന്നുള്ളതാണ് നമ്മുടെ കാഴ്ചപ്പാട്. അതിന് വ്യത്യസ്തമായിട്ടാണ് ഇവിടെയിപ്പോൾ പല കാര്യങ്ങളും പറയുന്നത്. പ്രിയപ്പെട്ട മന്ത്രി ശ്രീ. പി. രാജീവിന്റെ വാദഗതി സാങ്കേതിക കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ്. സമയപരിധിയുള്ളതുകൊണ്ടും

സ്വാഭാവികമായും നിയമപ്രശ്നങ്ങളിൽ കുരുങ്ങുന്നതായതുകൊണ്ടും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഒരു വാക്ക് മാത്രം ഞാൻ പറയാം. യു.ജി.സി. 1956-ൽ രൂപീകരിച്ച മാതൃനിയമം അധികരിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയുമോ? അങ്ങനെ പോകണമെന്ന് വാശിപിടിച്ചാൽ പോകാൻ കഴിയും. ഞാൻ ഈ വഴിയേ മാത്രമേ പോകുന്നുള്ളൂ എന്ന ഒരു തീരുമാനമെടുത്താൽ ആർക്കും അതിനെ എതിർക്കാൻ കഴിയില്ല. പക്ഷേ അതിനെ അംഗീകരിക്കാതെ മുന്നോട്ടുപോകാൻ കഴിയുമോ? സംസ്ഥാന ഗവൺമെന്റ് ഒരു തീരുമാനമെടുത്താലും യു.ജി.സി.-യുടെ അംഗീകാരമില്ലാതെ നയാപൈസ ഗ്രാന്റ് ലഭിക്കുമോ? ഇതേക്കുറിച്ച് അങ്ങ് ആലോചിച്ചുനോക്കൂ. അങ്ങേയ്ക്ക് ഇതിനെല്ലാം നല്ല കഴിവുണ്ട്. രാഷ്ട്രീയപരമായി അതൊന്നും ശരിയല്ലെന്ന് ചിലപ്പോൾ പറഞ്ഞാലും അങ്ങയുടെ മനസ്സിന്റെയുള്ളിൽ ഇതുണ്ടാകുമെന്ന് എനിക്ക് അറിയാം. യു.ജി.സി. അംഗീകാരമില്ലാതെ ഒരു സർവ്വകലാശാലയ്ക്ക് മുന്നോട്ടുപോകാൻ കഴിയുമോ? ഒരു സർവ്വകലാശാല യു.ജി.സി.-യുടെ നിബന്ധനകൾക്ക് വിധേയമായും ആ ചുറ്റുപാടുകൾക്കും ഫ്രെയിംവർക്കിനും അനുസരിച്ചും മുന്നോട്ടുപോകേണ്ടതാണ്. അതുകൊണ്ട് അതിനെതിരായ ഒരു നിലപാടിനോട് യോജിക്കാൻ കഴിയില്ല.

കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് വളരെ വിപുലമായി ശ്രീ. മുഹമ്മദ് മുഹസിൻ പറഞ്ഞു. ഇല്ലാത്ത യോഗ്യത ഉപയോഗിച്ച് ഭാര്യയെ പ്രൊഫസറാക്കിയ എം.ജി. യൂണിവേഴ്സിറ്റിയിലെ പ്രോ-വൈസ് ചാൻസലറെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നിട്ട് രണ്ട് ദിവസമേ ആകുന്നുള്ളൂ. മലയാള മനോരമ, കേരള കൗമുദി തുടങ്ങിയ പത്രങ്ങളിൽ ഇതേക്കുറിച്ച് വാർത്തവന്നു. മാതൃഭൂമിയിൽ ഓപ്പണിംഗ് ന്യൂസായിരുന്നു. ഇന്ന് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട് (പത്രം ഉയർത്തി കാണിച്ചു). ‘ എം.ജി.-യിലെ ഗസ്റ്റ് അദ്ധ്യാപിക കുസാറ്റിൽ പ്രൊഫസർ’ എന്നാണ് വാർത്ത. ഇത് ഞങ്ങളുടെ കുറ്റമാണോ; പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളാണോ ഇത് ചെയ്തുവച്ചത്? നിങ്ങൾ കണ്ണടച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഈ വ്യക്തി ദീർഘകാലം എം.ജി. യൂണിവേഴ്സിറ്റിയിൽ പഠിപ്പിച്ചിരുന്നുവെന്ന സർട്ടിഫിക്കറ്റിൽ പി.വി.സി. ഒപ്പിട്ടിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നത് ശരിയാണോ; തെറ്റാണെന്നറിയില്ലേ; ഇതുസംബന്ധിച്ച് മാധ്യമങ്ങളിൽ വാർത്ത വന്നപ്പോഴെങ്കിലും ഇതേക്കുറിച്ച് അന്വേഷിക്കേണ്ടതായിരുന്നില്ലേ; അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇവിടെ ഗൈഡ്ഷിപ്പ് നൽകിയതും ചട്ടവിരുദ്ധമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ………… (മൈക്ക് ഓഫ്)…….

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്ക് ഞാൻ വഴങ്ങാം. ഇവിടെ ആരോപണവിധേയയായ പ്രൊഫസറുടെ ഗൈഡ്ഷിപ്പും ശരിയല്ല എന്നാണ് പറയുന്നത്. ഇനി അങ്ങേയ്ക്ക് ചോദിക്കാവുന്നതാണ്.

ഡോ. ആർ. ബിന്ദു: സർ, ഈ പറയുന്ന ഉദ്യോഗാർത്ഥി അവിടെ നിയോഗിക്കപ്പെട്ടപ്പോൾ അദ്ദേഹം പി.വി.സി. അല്ലല്ലോ? അവരുടെ റിസർച്ചിന്റെ അടിസ്ഥാനത്തിലുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റാണ് നൽകിയിട്ടുള്ളത്. അതുസംബന്ധിച്ച കാര്യങ്ങൾ വളച്ചൊടിച്ചും തെറ്റായും രേഖപ്പെടുത്തിക്കൊണ്ട്, ഒരാളുടെ ഭാര്യയായിപ്പോയി എന്നുള്ളതുകൊണ്ട് അപേക്ഷ സമർപ്പിക്കാൻ പാടില്ലെന്ന രീതിയിൽ, കോൺഗ്രസ് നേതാക്കൾ നേതൃത്വം കൊടുക്കുന്ന സേവ് യൂണിവേഴ്സിറ്റി ഫോറം എന്ന കാലഹരണപ്പെട്ട സംഘടനയാണ് ഈ വാർത്ത കൊടുത്തതെന്നാണ് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതൊക്കെ നമുക്ക് വേറെ നോക്കാം. അത് ഇവിടെയല്ലല്ലോ പരിശോധിക്കേണ്ടത്. സ്കൂൾ ഓഫ്

എൻവയോൺമെന്റൽ സയൻസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പ്രിയദർശിനി ഹിൽസ്, കോട്ടയം എന്ന വിലാസത്തിലാണ് ഈ കത്ത്. അദ്ദേഹത്തിന്റെ പേര് ഞാൻ വായിക്കുന്നില്ല, ഞാനായിട്ട് അദ്ദേഹത്തിന്റെ പേര് റെക്കോർഡ്സിൽ വരുത്തുന്നില്ല. അതിലെ സർട്ടിഫിക്കറ്റ് ഓഫ് ടീച്ചിംഗ് എക്സ്പീരിയൻസ് അങ്ങ് ദയവായി വായിച്ചാൽ മതി. അങ്ങയുടെ കൈയിൽ ഇത് ഇല്ലെങ്കിൽ ഒരു കവറിലിട്ട് ഞാൻ പിന്നീട് തരാം. അങ്ങ് പരിശോധിച്ചാൽ മതി. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചുവെന്നുള്ളത് എനിക്ക് ഇപ്പോൾ മനസ്സിലായി, അതുകൊണ്ടാണ് എന്നോട് ഈ ചോദ്യം ചോദിക്കുന്നതെന്നും മനസ്സിലായി. ഇത് എന്റെ കൈയിലുണ്ടാകുമെന്ന് അങ്ങ് പ്രതീക്ഷിച്ചിട്ടുമുണ്ടാകില്ല. അങ്ങനെ ചോദിച്ച ഒരു ചോദ്യമെന്ന നിലയിൽ മാത്രമേ ഇതിനെ കാണുന്നുള്ളൂ. ഈ കാര്യത്തിൽ ഞാൻ അധികമായൊന്നും പറയുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങൾ കേരളത്തിലെ യൂണിവേഴ്സിറ്റിയിൽ വേണോ വേണ്ടയോ എന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ആലോചിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ശരി ശരിയാണെന്നും തെറ്റ് തെറ്റാണെന്നും സമ്മതിക്കേണ്ടതല്ലേ. ഇത് വളരെ തെറ്റാണ്.

ഡോ. ആർ. ബിന്ദു: സർ,............ (മൈക്ക് ഓഫ്).......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എഴുന്നേറ്റ് നിന്നാൽ അങ്ങേയ്ക്ക് മൈക്ക് ലഭിക്കും. അങ്ങ് പറയുന്നത് എല്ലാവരും കേൾക്കട്ടെ.

ഡോ. ആർ. ബിന്ദു: സർ, കുറച്ചുനാളുകളായി കോൺഗ്രസ് നേതാക്കൾ നയിക്കുന്ന, ഉന്നത വിദ്യാഭ്യാസ മേഖലയെ താറടിക്കാൻവേണ്ടി കള്ളക്കഥകൾ കെട്ടിയുണ്ടാക്കുന്ന നാഥനില്ലാത്ത ഒരു സമിതി നൽകിയിട്ടുള്ള തെറ്റായ വാർത്തയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് പറഞ്ഞത് തനി രാഷ്ട്രീയമായിപ്പോയി. ഞാൻ അതൊന്നുമല്ല പറഞ്ഞത്. വിദ്യാഭ്യാസത്തെ നേർവഴിക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പോസിറ്റീവ് ക്രിട്ടിസിസ്സമാണ് എന്റേത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒരു രാസപ്രയോഗമാണ്, carpet bombing. അത് ശരിയല്ല. ഇത് വളരെ തെറ്റായിപ്പോയി. അങ്ങ് ഇതിനെക്കുറിച്ച് പരിശോധിക്കണം. അങ്ങയുടെ വകുപ്പിന്.... ഞാൻ ഇനി ആർക്കും വഴങ്ങുന്നില്ല.

ചെയർപേഴ്സൺ: പ്രതിപക്ഷനേതാവ് പ്രത്യേകം പറഞ്ഞിട്ടാണ് അദ്ദേഹത്തിന് സംസാരിക്കാൻ അവസരം ലഭിച്ചത്. സീനിയർ

അംഗമായതിനാൽ സ്വാഭാവികമായും അദ്ദേഹത്തിന് സഭയെക്കുറിച്ചെല്ലാം നല്ല ധാരണയുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ട് സ്പീക്കർ എനിക്ക് നല്ല പ്രൊട്ടക്ഷൻ തരണം.

ചെയർപേഴ്സൺ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിലവിലുള്ള വിദ്യാഭ്യാസത്തെ പൊളിച്ചടക്കി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശ്രമമെന്താണ്? കാബൂളിവാല സിനിമയിൽ കടലാസും കന്നാസും എന്ന രണ്ട് കഥാപാത്രങ്ങളുണ്ടായിരുന്നു. നമ്മുടെ ഗവർണ്ണറും മുഖ്യമന്ത്രിയും കടലാസും കന്നാസുംപോലെയാണ്. ആവശ്യമുള്ളപ്പോൾ ഒട്ടും ആവശ്യമില്ലാത്തപ്പോൾ തെറ്റും. തെറ്റുന്നതും ഒട്ടുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടാവില്ല. സർവ്വകലാശാലയിലേയ്ക്കുള്ള ഈ നിയമനങ്ങളൊക്കെ നടത്തിയത് ഈ ഗവർണ്ണറെക്കൊണ്ടല്ലേ; ഗവൺമെന്റ് റെക്കമെന്റ് ചെയ്തു, ബഹുമാനപ്പെട്ട അംഗവും ഒരു പ്രാവശ്യം റെക്കമെന്റ് ചെയ്തിട്ടുണ്ട്. ശിപാർശ ചെയ്ത ആളുകളുടെ കൂട്ടത്തിൽ അങ്ങയുടെ പേരുണ്ടെന്ന് ഞാൻ മാധ്യമത്തിൽ വായിച്ചു. ഫയലിനകത്തുനിന്ന് കടലാസ് എടുത്തുപൊക്കി ഇത്രപേർക്ക് ശിപാർശ തന്നിട്ടുണ്ട് എന്നൊന്നും ഞാൻ

പറയാറുമില്ല, പറയുകയുമില്ല. ചില ഫയലുകൾ തപ്പിയാൽ നമുക്കും കിട്ടും. പക്ഷേ നമ്മൾ അതൊന്നും നോക്കാറില്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്; ഗവർണ്ണറെക്കൊണ്ട് ഈ പണി മുഴുവൻ ചെയ്യിപ്പിച്ചില്ലേ; നിങ്ങൾ വരച്ച വരയിൽക്കൂടി ഗവർണ്ണറെ കൊണ്ടുപോയില്ലേ; ഗവർണ്ണർ എന്ത് ചെയ്തു? ആ സൗകര്യം ഗവർണ്ണറും വിനിയോഗിച്ചു. എന്താണ് ചെയ്തത്; രാജ്ഭവനിൽ ചില കാര്യങ്ങളൊക്കെ..... സമയത്തിന്റെ ചുരുക്കംകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. രാജ്ഭവനിൽ അദ്ദേഹത്തിന് ആവശ്യമുള്ള എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്തുകൊടുത്തു. അപ്പോൾ ഗവർണ്ണർ എന്ത് ചെയ്തു; നിങ്ങൾ പറഞ്ഞതിലെല്ലാം അദ്ദേഹം ഒപ്പിട്ടുകൊടുത്തു. അത് രണ്ടുംകൂടി വന്നപ്പോൾ കേരളം താഴോട്ടുപോയി, നമ്മൾ നശിച്ചു. നശിക്കാതിരിക്കണമെങ്കിൽ ഇനി ഇതിലെങ്കിലും പിടി വിടണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സർവ്വകലാശാല അത്യുന്നതമല്ലേ; ഞാൻ ഇത് പറയാൻ കാരണം, കേരള സർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിക്ക് ചെന്നെത്താൻ പറ്റുന്ന എല്ലാ സ്ഥലങ്ങളിലും ഇരുന്നിട്ടുള്ള ഒരു പ്രതിനിധിയാണ് ഞാൻ. അന്ന് ഞങ്ങൾക്കൊരു വൈസ്-ചാൻസലർ ഉണ്ടായിരുന്നു, യു.ജി.സി.-യുടെ

ചെയർമാനായ ഡോ. ജോർജ് ജേക്കബ്ബ്. കൊച്ചിൻ യൂണിവേഴ്സിറ്റി (CUSAT)-യിലെ വൈസ്-ചാൻസലർ ആയിരുന്ന ഡോ. ഗോപാൽ. ഇന്ത്യ അംഗീകരിച്ച രണ്ട് വൈസ്-ചാൻസലർമാരാണ് അവർ. എളിയവനായ എനിക്കും അവരോടൊപ്പം പ്രവർത്തിക്കാൻ ചെറിയൊരു അവസരം കിട്ടിയിട്ടുണ്ട്. അവരുടെ ക്വാളിറ്റി നമ്മൾ കാണണ്ടേ; ആ ക്വാളിറ്റി എന്തിനാണ് നമ്മൾ നിസ്സാരവൽക്കരിക്കുന്നത്; ആ നിലയിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസത്തെ വളർത്താൻ ശ്രമിക്കണ്ടേ; ഡോ. ഹർഷ് കെ. ഗുപ്തയെ കുസാറ്റിൽ വൈസ്-ചാൻസലർ ആക്കിയില്ലേ; പുതുതായി വച്ചിരിക്കുന്ന വൈസ്-ചാൻസലറെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു, ഞാൻ അതിൽ തെറ്റൊന്നും പറയുന്നില്ല. പക്ഷേ ഇതിനകത്ത് വച്ചിരിക്കുന്ന നിബന്ധനയനുസരിച്ച് ആരേയും വയ്ക്കാം. അതിനിപ്പോൾ വിക്രം സാരാഭായിയുടെ കൊച്ചുമകളാണെങ്കിൽ വളരെ നല്ലത്, ഒരു കുറ്റവുമില്ല. പക്ഷേ നിബന്ധനയ്ക്കകത്ത് അങ്ങനെ എഴുതാൻ സാധിക്കില്ലല്ലോ; നിങ്ങൾ പറഞ്ഞിരിക്കുന്ന നിബന്ധനയനുസരിച്ച് ആരെ വേണമെങ്കിലും ഈ സ്ഥാനത്ത് വയ്ക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...10 മിനിറ്റ്

കഴിഞ്ഞു. സ്പെഷ്യൽ കൺസിഡറേഷൻ കിട്ടിയതാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ, ആ ഒരു ജെന്റിൽനെസ് അങ്ങോട്ടുമിങ്ങോട്ടും പാലിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I am a gentleman. അതിൽ തർക്കമൊന്നുമില്ല.

മി. സ്പീക്കർ: യെസ്.....യെസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, You are also a gentleman.

മി. സ്പീക്കർ: Thank you. താങ്കൾക്ക് സ്പെഷ്യൽ കൺസിഡറേഷൻ നൽകിയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമുക്ക് ഒരു മ്യൂച്ചൽ അണ്ടർസ്റ്റാൻഡിംഗ് വേണം. ഇവിടെ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ല, അത് വേണ്ട, അതിന് ചെലവില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇല്ലെങ്കിലും സർക്കാരിന്റെ എക്സ്ചെക്കറിൽ നിന്നും ചെലവില്ലേ; സർക്കാരിന്റെ എക്സ്ചെക്കറിൽനിന്നും വരുന്ന ചെലവ് ചെറുതാണോ; മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗ്രാന്റ് എത്രയാണ്; അവിടെനിന്നുള്ള ചെലവ് എത്രയാണ്; 2020-21-ൽ 26 കോടി രൂപ കമ്മിയാണ്. അതിന്റെ തലേവർഷം 50 കോടി രൂപയാണ് കമ്മി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കൺക്ലൂഡ് ചെയ്യാം. 5 മിനിറ്റ് കൂടി.

മി. സ്പീക്കർ: അനുവദിച്ചത് 5 മിനിറ്റാണ്. സമയം കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 5 മിനിറ്റുകൂടി....

മി. സ്പീക്കർ: സ്പെഷ്യൽ റിക്വസ്റ്റ് പ്രകാരമാണ് സമയം നൽകിയത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അത് സമ്മതിക്കുന്നു. പക്ഷേ പറഞ്ഞുവരുന്നതിന്റെ പകുതിവച്ച് നിർത്തിയാൽ ഞാൻ ഉദ്ദേശിക്കുന്ന വികാരത്തിന്റെ വിപരീതമായിപ്പോകില്ലേ?

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ പോയിന്റ് തൊട്ടടുത്ത അംഗത്തിന് എഴുതിക്കൊടുക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ കമ്മിയായ ഒരു യൂണിവേഴ്സിറ്റിയിലാണ് നമ്മുടെ അധിക ചെലവോടുകൂടി ഒരാളിനെ കൊണ്ടിരുത്തുന്നത്. ആ കാശ് എവിടെനിന്നുലഭിക്കും. കുട്ടികളുടെ കയ്യിൽനിന്നും ഫീസ് പിരിച്ച് ഒരു ചാൻസലർക്ക് ശമ്പളം കൊടുക്കാം, അല്ലെങ്കിൽ അദ്ദേഹത്തിന് കസേരയും മേശയും കൊടുക്കാമെന്ന് നമ്മൾ

തീരുമാനിച്ചാൽ, നമ്മൾ ഏത് ലോകത്ത് ജീവിക്കുന്നവരെന്ന് ചോദിക്കുകയില്ലേ; അതുകൊണ്ട് കുട്ടികളുടെമേൽ ഭാരം വേണ്ട. ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റിനകത്തുനിന്ന് ഇവർക്കുള്ള ചെലവ് കൊടുക്കേണ്ടിവരും. ഡയറക്ടായി പറഞ്ഞാൽ ആ ഗ്രാന്റ് ആര് കൊടുക്കുന്നതാണ്; ഗവൺമെന്റാണ്. എവിടെ നിന്നാണ് പോകുന്നത്; എക്സ്ചെക്കറിൽ നിന്നാണ്. അപ്പോൾ ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണ്ടേ; സർക്കാരിന്റെ ചെലവല്ലേ; ആ ചെലവിനകത്തല്ലേ ഇത് വരുന്നത്; അപ്പോൾ സ്വാഭാവികമായും ഇക്കാര്യത്തിൽ അങ്ങ് എടുത്ത നിലപാടുപോലെ തന്നെ സ്ട്രെയിറ്റ് ഫോർവേഡായിട്ടൊരു നിലപാടെടുക്കുന്നതല്ലേ നല്ലത്. അതിന് ഗവൺമെന്റിന്റെ ചെലവുണ്ട്, ഗവൺമെന്റിന്റെ പണം കൊടുക്കുന്നുണ്ട്. പണം കൊടുക്കുമ്പോൾ സ്വാഭാവികമായും ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണം. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ തൊട്ടാൽ അത് സാധിക്കില്ല. അത് പോളണ്ടിനെക്കുറിച്ച് പറയുന്നതുപോലെയാണ്. സാധിക്കില്ല. അങ്ങനെ പോളണ്ടിനെക്കുറിച്ച് സംസാരിക്കാൻ പറ്റില്ല എന്നൊരു നിലപാടെടുക്കുന്നത് ശരിയാണോ; ഞങ്ങൾ ഗവർണ്ണറെ എതിർക്കേണ്ടിടത്ത് എതിർക്കും. ഗവർണ്ണർ നിയമപരമായ കാര്യം ചെയ്താൽ ഞങ്ങൾ അതിനെ അനുകൂലിക്കും.

അത് വേറെ പ്രശ്നം. പക്ഷേ സർവ്വകലാശാലയെ പിച്ചിച്ചീന്തുന്നതിനുവേണ്ടി രണ്ടുവശത്തും പിടിവലി നടത്തിക്കൊണ്ടിരിക്കുകയാണ്. ആരാണ് മുമ്പിൽ എന്നുള്ളതാണ് പ്രശ്നം. അതുകൊണ്ട് ഈ ബിൽ യഥാർത്ഥത്തിൽ കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ നശീകരണത്തിൽ മാത്രമേ ചെന്നെത്തുകയുള്ളൂ. ഇത് സർവ്വകലാശാല ബിൽ അല്ല. ഇത് സർവ്വവും കുഴപ്പത്തിലാക്കുന്ന ഒരു ബില്ലായിവരുന്നു എന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. അങ്ങ് ഈ വികാരം പൂർണ്ണമായി മനസ്സിലാക്കിയെന്ന് അങ്ങയുടെ മുഖലക്ഷണം കണ്ടപ്പോൾ എനിക്ക് മനസ്സിലായി. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തിയായി പ്രസ് ചെയ്യുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഇന്ന് രാവിലെ ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചകളിൽ തടസ്സവാദം ഉന്നയിച്ചപ്പോൾ അതിന് മറുപടി പറഞ്ഞ സന്ദർഭത്തിൽ ബഹുമാന്യനായ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ഒരു പരാമർശത്തിൽ മന്ത്രിമാർക്ക് സഭയിൽ പ്രത്യേക പ്രിവിലേജുണ്ടെന്ന് പറയുകയുണ്ടായി. Article-177 ആണ് അങ്ങ് ക്വാട്ട് ചെയ്തതെന്നാണ് ഞാൻ കേട്ടത്. എന്നാൽ Article-177-ൽ പറയുന്നത്

പ്രത്യേക പ്രിവിലേജിനെക്കുറിച്ചല്ല, അത് രണ്ട് ഹൗസിലും, പാർലമെന്റിലാണെങ്കിലും രാജ്യസഭയിലാണെങ്കിലും അല്ലെങ്കിൽ ലെജിസ്ലേച്ചർ അസംബ്ലിയിലാണെങ്കിലും ലെജിസ്ലേച്ചർ കൗൺസിലിലിലാണെങ്കിലും ഒരുമിച്ച് പങ്കെടുക്കാനുള്ള അവകാശമേയുള്ളൂ. അതല്ലാതെ പ്രത്യേക പ്രിവിലേജ് മന്ത്രിമാർക്ക് അസംബ്ലിയിൽ ഇല്ല. അത് നിലവിലുള്ള അംഗങ്ങൾക്കുള്ള പ്രിവിലേജാണ്. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന കാലഘട്ടത്തിൽ, അദ്ദേഹം ഒരു പരാമർശം നടത്തിയതിന്റെ റൂളിംഗ് ഉണ്ട്. ആ റൂളിംഗിൽ പറയുന്നത്, എന്തെങ്കിലും അഴിമതി മന്ത്രിമാർക്കെതിരെ പറയുകയാണെങ്കിൽ അതിന് മറുപടി പറയാൻ അവസാനം വരെ കാത്തുനിൽക്കേണ്ട, വേണമെങ്കിൽ ഇടയ്ക്ക് മറുപടി പറയാമെന്നാണ്. അങ്ങനെ പ്രിവിലേജുണ്ട്. പിന്നെ ഒരു പ്രിവിലേജുള്ളത് മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനുമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കൺവെൻഷണലാണ്. അങ്ങയുടെ സ്റ്റേറ്റ്മെന്റ് ശരിയല്ലെന്നാണ് എന്റെ വിശ്വാസം. അത് ഞാൻ ബോധ്യപ്പെടുത്തുകയാണ്. കാരണം Article-177-ൽ അത് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളൊക്കെ സ്പീക്കർ തീരുമാനിക്കുന്നതാണ്. അതിലേയ്ക്കൊന്നും

ഞാൻ കടക്കുന്നില്ല. രണ്ടാമത് അങ്ങ് പറഞ്ഞു.... അല്ലെങ്കിലും യാഥാർത്ഥ്യമുള്ള കാര്യങ്ങളെ അവതരിപ്പിക്കുന്നതിൽ അങ്ങേയ്ക്ക് പ്രത്യേക പ്രാവീണ്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞ ഒരു കാര്യം മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. ഈ ബില്ലിൽ ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ട്, അത് മറച്ചുവച്ചത് ഗവർണ്ണറിലേയ്ക്ക് ഇത് പോകാതിരിക്കുന്നതിന് വേണ്ടിയാണെന്ന് അങ്ങ് വളരെ സരസമായി പറഞ്ഞു. ഈ ബില്ല് ഗവർണ്ണർ കണ്ടുവന്ന ബില്ലാണ്. ഗവർണ്ണർക്ക് എങ്ങനെ ഈ ബില്ലിനെ എതിർക്കാൻ കഴിയും; കാരണം ഈ ബില്ലിലുള്ളത് സ്വാഭാവികമായും ഗവർണ്ണർ കാണേണ്ട കാര്യമില്ല. കമ്മിറ്റ്മെന്റൊന്നും നിങ്ങൾ പറയുന്നില്ല. ഒരു ഫിനാൻഷ്യൽ കമ്മിറ്റ്മെന്റും പറയുന്നില്ല. എക്സ്ചെക്കറിൽ ചെലവില്ലായെന്നുള്ളത് ഇതിൽ പറയുന്നു. അങ്ങനെ പറയുന്ന ബില്ല് എത്രയെണ്ണം നിങ്ങൾ അയച്ചുകൊടുത്തുകഴിഞ്ഞാലും ഗവർണ്ണർ അതുപോലെ തിരിച്ച് ഇങ്ങോട്ടേയ്ക്ക് അയയ്ക്കും. അതുകൊണ്ട് ആ ഒരു കാര്യത്തിലും ഞങ്ങളുടെ മുൻ പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. സഭയെയും പ്രതിപക്ഷത്തെയും ബോധപൂർവ്വം കബളിപ്പിക്കുന്ന രീതിയിലാണ് അങ്ങയുടെ രാവിലത്തെ

മറുപടി ഉണ്ടായിരുന്നതെന്ന് സൂചിപ്പിക്കുകയാണ്. സാമർത്ഥ്യത്തിന്റെ ദുരുപയോഗമാണ്. അങ്ങേയ്ക്ക് ആ സാമർത്ഥ്യം അൽപ്പം കൂടുതലാണെന്ന് അങ്ങ് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽ പ്രധാനമായി പറയുന്നൊരു കാര്യം 2007-ൽ ജസ്റ്റിസ് മദൻമോഹൻ പുഞ്ചി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചാൻസലറുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ചാൻസലർ ഇത്തരം കാര്യങ്ങളിൽ ഇടപെടണം, ചാൻസലർ പദവി ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നത് നല്ലതാണോയെന്നുള്ള കുറേ പരാമർശങ്ങൾ അതുമായി ബന്ധപ്പെട്ട് ആ റിപ്പോർട്ടിലുണ്ട്. 2007-ൽ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച റിപ്പോർട്ടാണത്. ഞാൻ മനസ്സിലാക്കുന്നത് ഇതുവരെ ആ റിപ്പോർട്ട് ഒരു ഗവൺമെന്റും അംഗീകരിക്കാതെ നിർദ്ദേശങ്ങളായിത്തന്നെ നിൽക്കുകയാണെന്നാണ്. റിപ്പോർട്ടുകൾ സമർപ്പിച്ചതുകൊണ്ടുമാത്രം കാര്യമില്ല, ഗവൺമെന്റ് അത് അംഗീകരിക്കുമ്പോഴാണ് ആ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കേണ്ടി വരുന്നത്. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച ഭരണപരിഷ്കാര കമ്മീഷൻ ഏതാണ്ട് പത്ത് കോടിരൂപ ചെലവഴിച്ച് പതിമൂന്ന് റിപ്പോർട്ട്

കൊടുത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പതിമൂന്ന് റിപ്പോർട്ടുകളിൽ എത്ര റിപ്പോർട്ട് ഗവൺമെന്റ് ഉൾക്കൊണ്ടു, ഏതൊക്കെ നടപ്പാക്കിയെന്നുള്ളത് ഗവൺമെന്റ് പറയേണ്ട കാര്യമാണ്. ഈ റിപ്പോർട്ട് വേണ്ടതുപോലെ ഉൾക്കൊണ്ടിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിൽ 2007-ൽ കൊടുത്ത ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളിപ്പോൾ ഇത് കൊണ്ടുവരുന്നതെന്ന് പറയുമ്പോൾ 2007-ൽ കേരളം ഭരിച്ചിരുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്, അതുകഴിഞ്ഞ് 2016 മുതൽ 2021 വരെ ശ്രീ. പിണറായി വിജയന്റെ ഒന്നാം ഗവൺമെന്റും ഇപ്പോൾ രണ്ടാം ഗവൺമെന്റുമാണ്. ഏതാണ്ട് 12 വർഷങ്ങളായിട്ടും എന്തേ നിങ്ങൾക്ക് ഈ റിപ്പോർട്ടിനെക്കുറിച്ച് ഒരു ചിന്തയില്ലാതിരുന്നു; ഉന്നത വിദ്യാഭ്യാസ മേഖലയുടെ താൽപര്യവും അതിന്റെ ഔന്നത്യവുമാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ എന്തുകൊണ്ട് ഈ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാൻ 12 വർഷമെടുത്തു? നിങ്ങളുടെ ഉദ്ദേശ്യം അതല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ഗവർണ്ണറും നിങ്ങളും തമ്മിലുള്ള തർക്കം രൂക്ഷമായിക്കഴിഞ്ഞപ്പോഴാണ് ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റുന്നതിനെക്കുറിച്ച് പറഞ്ഞത്. കോൺഗ്രസ്

നിലപാടെന്താണെന്ന് നിങ്ങൾ ഞങ്ങളോട് ചോദിക്കുന്നു. ഞങ്ങൾക്ക് ഒരു നിലപാടേയുള്ളൂ, പ്രതിക്കൂട്ടിൽ ഒന്നാമത് ഗവൺമെന്റാണോ രണ്ടാമത് ഗവർണ്ണറാണോ, ഒന്നാമത് ഗവർണ്ണറാണോ രണ്ടാമത് ഗവൺമെന്റാണോ എന്നുള്ള കാര്യത്തിലേയുള്ളൂ തർക്കം. പ്രതികൂട്ടിൽ രണ്ടുപേരുമുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങളുടെ നിലപാട് അതാണ്. പക്ഷെ നിങ്ങളുടെ നിലപാടോ? നിങ്ങൾ ഇപ്പോൾ ഫാസിസത്തെക്കുറിച്ചും ഹിന്ദുത്വ അജണ്ട നടപ്പാക്കാൻ പോകുന്നുവെന്നും പറയുന്നു. ഈ സഭയിലുള്ളവർക്കറിയാം, മുൻ പ്രതിപക്ഷനേതാവ് censure motion അന്നത്തെ ഗവർണ്ണർക്കെതിരെ കൊണ്ടുവന്നു. ശാസനാ പ്രമേയം കൊണ്ടുവന്നതിന് നിങ്ങൾ അംഗീകാരം കൊടുത്തോ; ശ്രീ. ആരിഫ് മുഹമ്മദ് ഖാനെതിരെ, അദ്ദേഹത്തിന്റെ നിലപാടുകളിൽ പ്രതിഷേധിച്ചാണ് അത് കൊണ്ടുവന്നത്. ഹിന്ദുത്വ അജണ്ട നടപ്പാക്കുന്നതിന്റെ വക്താവായി നിൽക്കുന്ന കാലത്താണ് കൊണ്ടുവന്നത്. അന്ന് നിങ്ങൾ പറഞ്ഞത് ഞാൻ ഓർക്കുന്നു, ശ്രീ. എ. കെ. ബാലനാണ് അന്ന് അതിനെ ഏറ്റവും ശക്തമായി എതിർത്തത്. Censure motion പോലും ഈ ഗവർണ്ണർക്കെതിരെ കൊണ്ടുവന്ന യു.ഡി.എഫ്.-നോടാണ് ഞങ്ങളുടെ നിലപാടെന്താണെന്ന്

നിങ്ങൾ ചോദിക്കുന്നത്. ശ്രീ. പി. രാജീവ് അന്ന് സഭയിലില്ല. അന്ന് ഞങ്ങൾ ഈ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഗവർണ്ണർ വന്നപ്പോൾ തടയാൻ ശ്രമിച്ചു. അതിന് പ്രൊട്ടക്ഷൻ കൊടുത്തവരാണ് നിങ്ങൾ. അത് ബഹുമാനപ്പെട്ട ചെയറിനറിയാമല്ലോ. എന്നിട്ട് നിങ്ങൾ ഗവർണ്ണറെ എതിർക്കുന്ന കാര്യത്തിൽ ഹിന്ദുത്വ അജണ്ട നടപ്പാക്കാത്തതെന്താണെന്ന് ഞങ്ങളോട് ചോദിക്കുകയാണ്. ഗവർണ്ണറെ തൊടാൻ ധൈര്യമുണ്ടോയെന്നാണ് ചോദിച്ചത്. ഞങ്ങൾക്ക് അന്നും ഇന്നും ഒരു നിലപാടാണ്, ഗവർണ്ണർക്ക് എതിരാണ്. പക്ഷെ ഗവർണ്ണറും നിങ്ങളും ഹണിമൂൺ കാലഘട്ടത്തിൽ ചെയ്ത എല്ലാ കാര്യങ്ങളും തെറ്റിപ്പിരിയുമ്പോൾ നിങ്ങൾ പരസ്പരം പറയുമ്പോഴാണ് ഞങ്ങളുടെ നിലപാടെന്താണെന്ന് നിങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് ഓരോ ഘട്ടത്തിലുമെടുത്ത നിലപാട് മുൻ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ പ്രതിപക്ഷനേതാവും വളരെ വ്യക്തമായിത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിങ്ങളെടുത്ത നിലപാടുകൾ, നിയമനങ്ങൾ.... നിങ്ങൾ ഇപ്പോൾ നമ്മുടെ സർവ്വകലാശാലയിൽ ചാൻസലറെ നിയമിച്ച കാര്യത്തെക്കുറിച്ച് പറഞ്ഞു. ഞാൻ ചോദിക്കട്ടെ, വൈസ് ചാൻസലറെ നിയമിച്ച കാര്യത്തിൽ

സുപ്രീംകോടതി ഇടപെട്ടതിനുശേഷമാണല്ലോ നിങ്ങൾ തമ്മിൽ തെറ്റുന്നത്. സുപ്രീംകോടതി ഇടപെടുന്നതുവരെ നിങ്ങൾ എഴുതികൊടുക്കുന്നത് ഗവർണ്ണർ ചെയ്യുകയായിരുന്നല്ലോ, അങ്ങനെയാണല്ലോ സംഭവിച്ചത്. അല്ലാതെ നിങ്ങൾ എഴുതി കൊടുത്തത് ചെയ്യാതിരുന്നിട്ടില്ല. ചെയ്ത കാര്യം തെറ്റാണെന്ന് ഗവർണ്ണർക്ക് ബോധ്യമായപ്പോഴാണ് അദ്ദേഹം നടപടിയെടുത്തത്. യഥാർത്ഥത്തിൽ സുപ്രീംകോടതി വിധി വരുന്ന സമയത്തുതന്നെ വൈസ് ചാൻസലർമാരിൽ യോഗ്യതയില്ലാത്തവരോട് മാറി നിൽക്കാൻ ഗവൺമെന്റ് പറയണമായിരുന്നു. നിങ്ങൾ അത് പറഞ്ഞില്ല. യോഗ്യതയില്ലാത്തവരെ വൈസ് ചാൻസലർമാരും പ്രൊഫസർമാരുമാക്കുന്നു. അതൊക്കെ നിങ്ങൾ ചെയ്യുന്നു. ഒൻപത് വൈസ് ചാൻസലർമാരുടെ കാര്യത്തിൽ തീരുമാനമാകാനിരിക്കുകയാണ്, ചിലത് തീരുമാനമായിക്കഴിഞ്ഞു. വൈസ് ചാൻസലർമാരെ നിയമിക്കുന്നതിലും യോഗ്യത നോക്കുന്നതിലും അനധികൃത നിയമനം നടത്തുന്ന നിങ്ങൾ ചാൻസലർമാരുടെ കാര്യത്തിൽ ഒരു തെറ്റും പറ്റില്ലെന്ന് പറഞ്ഞാൽ അതെങ്ങനെ ഞങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കും. അങ്ങനെയുള്ള ഒരു ബില്ലിനെ ഞങ്ങൾക്ക് എങ്ങനെ സപ്പോർട്ട് ചെയ്യാൻ സാധിക്കും. ഹിന്ദുത്വ

അജണ്ടയും ഫാസിസവുമാണ് നിങ്ങൾ പറയുന്നത്. ഇവിടെ ഫാസിസത്തിനെതിരെ പറഞ്ഞല്ലോ. ഇന്ന് ഫാസിസം എവിടെ? കോൺഗ്രസ് എവിടെയെന്നൊക്കെ പട്ടാമ്പി അംഗം പറഞ്ഞു. ഇന്ത്യയിൽ ഫാസിസത്തിനെതിരെയുള്ള പോരാട്ടത്തിന് ഏത് പാർട്ടിയാണുള്ളത്? ശ്രീ. രാഹുൽ ഗാന്ധി നടത്തുന്ന ഭാരത് ജോഡോ യാത്ര, അതിൽ ഞങ്ങൾ ഉയർത്തുന്ന മുദ്രാവാക്യം....

ശ്രീ. ടി. സിദ്ദിഖ്: സർ, ഒരൊറ്റ കാര്യം പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി കൂടി ശ്രദ്ധിക്കണം. ഹിന്ദുത്വ അജണ്ടയുമായി ബന്ധപ്പെട്ട കാര്യം സംസാരിച്ചതുകൊണ്ട് പറയുന്നതാണ്. നേരത്തെ എല്ലാ അംഗങ്ങളും സംസാരിച്ചു. കണ്ണൂർ സർവ്വകലാശാലയിൽ എം.എ. ഗവേണൻസ് ആൻഡ് പൊളിറ്റിക്സ് കോഴ്സ് തീരുമാനിച്ചപ്പോൾ ഗവൺമെന്റ് ബ്രണ്ണൻ കോളേജിലാണ് ആ കോഴ്സ് ഓഫർ ചെയ്തത്. അതിലെ Themes in Indian Political Thought എന്ന സിലബസ്സിൽ പതിനൊന്ന് ബുക്കുകളാണുള്ളത്.

മി. സ്പീക്കർ : അതൊക്കെ ഈ ഫ്ലോറിൽ ചർച്ച ചെയ്തതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, പതിനൊന്നിൽ അഞ്ച് ബുക്കുകൾ മാധവ സദാശിവ ഗോൾവൽക്കറുടെ 'Bunch of Thoughts', We or Our

Nationhood Defined, വി. ഡി. സവർക്കറുടെ Hinditva-Who is a Hindu, Integral humanism by Pandit Deendayal Upadhyaya, Indianisation: what and why and how....

<u>മി. സ്പീക്കർ</u>: അതിവിടെ ചർച്ച ചെയ്തതാണ്. പുതിയ സംഭവമല്ല. പ്ലീസ്...പ്ലീസ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സി.പി.ഐ.(എം)-ന്റെ ഓരോ നിലപാടെടുത്ത് പരിശോധിച്ചാലും ഗവർണ്ണറോടുള്ള നിലപാട് പരിശോധിച്ചാലും എല്ലാ കാലത്തും ഹിന്ദുത്വ അജണ്ടയെ തലോടേണ്ട സമയത്ത് തലോടുകയും എന്നാൽ പുറത്ത് കയ്യടി നേടാൻവേണ്ടി ഹിന്ദുത്വത്തിനെതിരായി സംസാരിക്കുകയും ചെയ്യുകയാണ്. ഇന്ത്യാ രാജ്യത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സല്ലാതെ മറ്റേത് പാർട്ടിയാണ് ഫാസിസത്തിനെതിരെ പോരാടുന്നത്. ഇവിടെ വി. ഡി. സവർക്കറെക്കുറിച്ച് പറഞ്ഞല്ലോ, ഭാരത് ജോഡോ നയിച്ച് ശ്രീ. രാഹുൽ ഗാന്ധി 1500 കി.മീറ്റർ പിന്നിട്ട് മഹാരാഷ്ട്രയിൽ ചെന്ന് വി. ഡി. സവർക്കർക്കെതിരെ പറയാൻ തന്റേടം കാണിച്ചത് നമ്മളൊക്കെ പത്രങ്ങളിൽ കണ്ടതാണ്. ഇന്ത്യയിൽ ഒരു നേതാവിനെ അതിന് കഴിഞ്ഞിട്ടുള്ളൂ. നിങ്ങളൊക്ക പിന്തുണച്ചുകൊണ്ട്

കോൺഗ്രസ്സിന് ബദലായി ആം ആദ്മി പാർട്ടിയും അരവിന്ദ് കെജ്രിവാളും വരുന്നുവെന്ന് പറഞ്ഞ് നടന്നവരുടെ കൂട്ടത്തിൽ കേരളത്തിലെയും ഇന്ത്യയിലെയും ഇടതുപക്ഷമുണ്ട്. അന്ന് ഞങ്ങൾ പറഞ്ഞു, അരവിന്ദ് കെജ്രിവാൾ ബി.ജെ.പി.-യുടെ 'ബി' ടീമാണെന്ന്, ഇന്ന് ബി.ജെ.പി.-യുടെ 'എ' ടീമാണെന്ന് പറയുന്ന രീതിയിലേയ്ക്ക് ആം ആദ്മി പാർട്ടി മാറിക്കഴിഞ്ഞു. ഇന്ത്യൻ റുപ്പിയുടെ പുറത്ത് മഹാത്മാഗാന്ധിയുടെ ചിത്രമല്ല, ഹനുമാന്റെയും ലക്ഷ്മി ദേവിയുടെയും ചിത്രം വയ്ക്കണമെന്ന് പറയുന്ന തലത്തിലേയ്ക്കാണ് ഇന്ന് ആം ആദ്മി പാർട്ടി പോകുന്നത്. എന്തുകൊണ്ട് ഗുജറാത്ത് തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഏകീകൃത സിവിൽ കോഡിനെക്കുറിച്ച് ബി.ജെ.പി. പറയുന്നില്ലെന്ന് ചോദിക്കുന്ന അരവിന്ദ് കെജ്രിവാളിനെയാണ് നമ്മൾ കാണുന്നത്. അവരിലാണ് നിങ്ങൾ പ്രതീക്ഷയർപ്പിച്ചത്. അവിടെയൊക്കെ കോൺഗ്രസ്സിനെ എങ്ങനെയെങ്കിലും ഇല്ലാതാക്കണമെന്നാണ് നിങ്ങൾ ചിന്തിച്ചത്. ഇന്ന് ഫാസിസത്തിനെതിരെയുള്ള പോരാട്ടം നയിക്കുന്ന ഏതെങ്കിലും പ്രസ്ഥാനമുണ്ടെങ്കിൽ അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്, ശ്രീ. രാഹുൽ ഗാന്ധിയാണെന്ന് ഇനിയെങ്കിലും തിരിച്ചറിയണം. ഇ.ഡി. വന്നാലോ സി.ബി.ഐ. വന്നാലോ ഭയപ്പെട്ട് വായ്

മൂടികെട്ടുന്നതല്ല. 54 മണിക്കൂർ ഇ.ഡി. ചോദ്യം ചെയ്തിട്ട് പുറത്തിറങ്ങി ശ്രീ. നരേന്ദ്ര മോദിയെ ചോദ്യം ചെയ്യാൻ തന്റേടമുള്ള നേതാവും ഇന്ത്യയിൽ ഒന്നേയുള്ളൂ അതും ശ്രീ. രാഹുൽ ഗാന്ധിയാണ്. അതുകൊണ്ട് ദയവുചെയ്ത് ശ്രീ. രാഹുൽ ഗാന്ധിയെയും ഇന്ത്യയിൽ ഫാസിസത്തെ എതിർക്കുന്ന കോൺഗ്രസ് സമീപനത്തെയൊന്നും സി.പി.ഐ.(എം) എതിർക്കരുത്. ഹിന്ദുത്വ അജണ്ടയാണ് ഇതിന്റെ പുറകിലെന്ന് പറഞ്ഞ് ബോധ്യപ്പെടുത്താനുള്ള ശ്രമമുണ്ടെങ്കിൽ അത് നിങ്ങൾ ബോധ്യപ്പെടുത്തിക്കൊള്ളൂ. ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ് അങ്ങ് നൽകിയ സ്പെഷ്യൽ കൺസിഡറേഷന് പ്രത്യേകം നന്ദി പറയുകയാണ്. അതോടൊപ്പംതന്നെ നിങ്ങളുടെ പരസ്പരമുള്ള വിഴുപ്പലക്കലും ഇത്തരം നിലപാടുകളുംകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല തകർന്നുകൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് ലക്ഷക്കണക്കിന് കുട്ടികൾ കൂടുന്നുവെന്നാണ് പറഞ്ഞത്. യൂണിവേഴ്സിറ്റികളുടെ കണക്കെടുത്ത് പരിശോധിക്കണം. ഈ വർഷം യൂണിവേഴ്സിറ്റികളിൽ ചേർന്ന കുട്ടികളുടെ എണ്ണം വളരെ താഴോട്ട് പോകുകയാണ്. വിദ്യാഭ്യാസത്തിനായി നമ്മുടെ കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നത്

എന്തുകൊണ്ടാണ്? അത് വിശ്വാസ്യതയുടെ നഷ്ടമാണ്, വിശ്വാസ തകർച്ചയാണ്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകഴിഞ്ഞാൽ അവരുടെ ജീവിതം കരുപിടിപ്പിക്കാൻ കഴിയില്ലെന്ന ഉത്തമ ബോദ്ധ്യമാണ്. നിങ്ങളുടെ ഗവർണ്ണർ-ഗവൺമെന്റ് തർക്കം നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെ പൂർണ്ണമായും തകർത്തുകഴിഞ്ഞു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അതിനെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. അതല്ലാതെ ആരെയെങ്കിലും പരാജയപ്പെടുത്താനോ ആർക്കെങ്കിലും ജയിക്കാനോ വേണ്ടിയുള്ള പോരാട്ടമായി നമ്മുടെ കുട്ടികളുടെ ഭാവിയും നമ്മുടെ യൂണിവേഴ്സിറ്റികളെയും കലാലയങ്ങളെയും മാറ്റുന്ന സാഹചര്യമുണ്ടാകരുതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബില്ലിൽ അവസാനം സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാറിന്റെ നിലപാടെന്താണെന്ന് മാത്രം അദ്ദേഹം പറഞ്ഞില്ല. ഗവർണ്ണർ ചാൻസലറായി തുടരണോ; അതോ മാറണോയെന്നാണ് ബില്ലിൽ ചർച്ച ചെയ്തത്. അതിലെന്താണ് നിങ്ങളുടെ നിലപാട്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞു.

ശ്രീ. പി. രാജീവ്: സർ, ഇല്ല, പറഞ്ഞില്ല. അങ്ങ് എല്ലാം പറഞ്ഞു; പയർ എത്രയെന്ന ചോദിച്ചപ്പോൾ അരി അഞ്ഞാഴിയെന്നും തിരിച്ച് അരിയെത്രയെന്ന് ചോദിച്ചപ്പോൾ പയർ അഞ്ഞാഴിയെന്നുമാണ് പറഞ്ഞത്. ഗവർണ്ണറെ ചാൻസലർ സ്ഥാനത്ത് നിന്നും മാറ്റണോ വേണ്ടയോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറയാം. ഞാൻ വളരെ വ്യക്തമായി പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രി അന്ന് സഭയിലില്ല. കഴിഞ്ഞ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്തുമുതൽ ഗവർണ്ണർക്കെതിരെ എടുത്ത തീരുമാനം ഞങ്ങൾ പറഞ്ഞു. ....(ബഹളം).....

ശ്രീ. പി. രാജീവ്: സർ, അങ്ങനെയാണെങ്കിൽ കുഴപ്പമില്ല. അങ്ങനെ വളഞ്ഞുപിടിക്കണ്ട .... (ബഹളം).... ചോദ്യം ഒബ്ജക്ടീവ് ടൈപ്പാണല്ലോ; സാമർത്ഥ്യത്തിന്റെ ദുരുപയോഗം എന്തോ ആയിക്കോട്ടെ; ഗവർണ്ണർ ചാൻസലർ സ്ഥാനത്ത് തുടരണോ വേണ്ടയോ; അതാണല്ലോ ബില്ലിൽ ചർച്ചചെയ്യുന്നത്; നിങ്ങളുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറഞ്ഞു.

ശ്രീ. പി. രാജീവ്: സർ, .....(ബഹളം)... ഒന്നും പറഞ്ഞിട്ടില്ല. അങ്ങ്

പറഞ്ഞത് ഈ സഭയിൽ ഇതുവരെ എനിക്ക് ബോധ്യപ്പെട്ടിട്ടില്ല. ബോധ്യപ്പെട്ടവർക്ക് കുഴപ്പമില്ല. കേരള ഗവർണ്ണർ ഒരു ഘട്ടത്തിൽ ചാൻസലർ സ്ഥാനം ഒഴിയുകയാണെന്ന് പറഞ്ഞുകൊണ്ടുള്ള അന്നത്തെ വാർത്തയാണിത്. " The Opposition Congress in Kerala on Thursday came out against Governor Arif Mohammed Khan saying that his stand not to continue as the Chancellor of Universities in the State was illegal and he was not supposed to talk like a child. Leader of opposition in the State Assembly, V. D. Satheesan asked what authority did the Governor have to declare himself that he wont continue in the Chancellor post while senior party leader Ramesh Chennithala..." എന്നുവച്ചാൽ എങ്ങനെയാണ് കുഞ്ഞിനെപ്പോലെ ഗവർണ്ണർക്ക് സംസാരിക്കാൻ..... അങ്ങയുടെ ക്വാട്ടിംഗാണ്. ഇത് അങ്ങയുടേതല്ലെങ്കിൽ ഞാനത് പിൻവലിച്ചു. ഇത് പത്രത്തിൽ വന്നതാണ്.

" ….Ramesh Chennithala said his move would only adversely impact the independent and transparent functioning of the universities" . ഇതിനർത്ഥം, ഗവർണ്ണർ ചാൻസലർ സ്ഥാനത്തുനിന്നും മാറുന്നത്

സ്വതന്ത്രവും സുതാര്യവുമായ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന് തടസ്സമാണ്. ഈ വാർത്ത അങ്ങ് നിഷേധിച്ചെങ്കിൽ മലയാളം പേപ്പറുകളിലുണ്ട്; ഞാൻ അതിലേയ്ക്ക് വരാം. ഇതേ വാർത്ത തന്നെ മലയാളം പത്രങ്ങളിലുമുണ്ട്. അതിലും രണ്ടുപേർ പറഞ്ഞിട്ടുണ്ട്; അതും നിഷേധിച്ചെങ്കിൽ അങ്ങ് പറഞ്ഞതെന്ന് പറയേണ്ട കാര്യമില്ല. ഇതാണ് അന്ന് നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യം. ഗവർണ്ണർ സ്വയം ഒഴിയാമെന്ന് പറഞ്ഞപ്പോൾ അങ്ങനെ ഒഴിയാനേ പാടില്ലെന്ന് പരസ്യമായി വാശിപിടിച്ചത്.... ഇത് സാമർത്ഥ്യത്തിന്റെ ദുരുപയോഗമല്ല. ബൂമറാങ് നേരെ മുഖത്ത് വന്നടിക്കുമ്പോൾ അസ്വസ്ഥമായി ഇത്തരം പ്രയോഗങ്ങൾ നടത്തുന്നത് ശരിയല്ലെന്നാണ് സൂചിപ്പിക്കാനുള്ളത്. നിയമനിർമ്മാണ പ്രക്രിയയിൽ വളരെ ഗൗരവമായി ഇടപെടുന്ന എന്റെ സുഹൃത്ത് ശ്രീ. എൻ. ഷംസുദ്ദീനെ കാണുന്നില്ല , അദ്ദേഹം പുറത്തുപോയതായിരിക്കും...

ഡോ. മാത്യു കുഴൽനാടൻ: സർ, എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇല്ല. കഴിഞ്ഞ ചർച്ചയിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം ഞങ്ങൾ ഇപ്പോൾ ചെയ്യുായിരുന്നു. സെർച്ച് കമ്മിറ്റിയുടെ ഒരു

ബിൽ കഴിഞ്ഞ തവണ കൊണ്ടുവന്നിരുന്നു. പശ്ചിമ ബംഗാളിലെ പോലെ ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റാനുള്ള ധൈര്യം നിങ്ങൾക്കുണ്ടെങ്കിൽ ഞങ്ങൾ കൂടെ നിൽക്കാമെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്. ഇത് മുസ്ലീം ലീഗിന്റെ അഭിപ്രായമായിരുന്നുവെങ്കിലും ഞങ്ങൾ അത് കൊടുത്തിരിക്കുന്നു. ആയത് കുറച്ച് വൈകിപ്പോയെന്നത് ഞങ്ങൾ സമ്മതിക്കുന്നു. ഇപ്പോഴും ലീഗിന്റെ ചർച്ചകളിൽ ആ നിലപാട് തന്നെയാണ് കണ്ടിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇവിടെ ലീഗൽ ഒബ്ജക്ഷൻ അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റുന്നതിന് ഞങ്ങൾ എതിരല്ലെന്ന് വളരെ കൃത്യമായി പറഞ്ഞു. ഞങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ചാൻസലർ സ്ഥാനത്തുനിന്നും ഗവർണ്ണറെ മാറ്റിയിട്ടുണ്ടെന്ന് ഞങ്ങൾ പറഞ്ഞല്ലോ; AICC-യുടെയും കോൺഗ്രസിന്റെയും കേരളത്തിലെ പ്രതിപക്ഷത്തിന്റെയും നിലപാട് ഒന്നുതന്നെയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ നിയമസഭയിൽ പറയുന്നത് മുസ്ലീം ലീഗിന്റെ അഭിപ്രായം മാത്രമല്ല; കേരളത്തിലെ യു.ഡി.എഫ്.-ന്റെ അഭിപ്രായം കൂടിയാണ്. ചാൻസലർ സ്ഥാനത്തുനിന്നും മാറാൻ തയ്യാറാണെന്ന് ഗവർണ്ണർ

പറഞ്ഞപ്പോൾ  നിങ്ങൾ പോയി മാററുതെന്ന് പറഞ്ഞ് കാലുപിടിച്ചു. എന്നിട്ട് ഇപ്പോൾ നിങ്ങൾ തിരിച്ച് പറയുന്നു... തിരിച്ച് ഇപ്പോൾ പറയണ്ട... ഗവർണ്ണറോട് നിങ്ങൾ മാററുതെന്ന് പറഞ്ഞ് അന്നുപോയി കാലുപിടിച്ചപ്പോൾ നിങ്ങൾക്ക് പറയാൻ പാടില്ലായിരുന്നോ; നിങ്ങൾക്കാർക്കെങ്കിലും ധൈര്യമുണ്ടായിരുന്നോ? ധൈര്യമുണ്ടെങ്കിൽ നിങ്ങളിലാരെങ്കിലും ഒഴിയാൻ പറയണം. നിങ്ങൾ പറഞ്ഞില്ല.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ അങ്ങോട്ടെടുത്തടിച്ചതല്ല... നിങ്ങൾ പറഞ്ഞതും പബ്ലിക് ഡൊമൈനിൽ കിടക്കുന്നതുമായ സംഗതി എടുത്ത് വായിച്ചെന്നേയുള്ളൂ.. അത് നിങ്ങൾ disown ചെയ്താൽ കഴിഞ്ഞു. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ നമ്മൾ തമ്മിൽ തർക്കമില്ലെന്ന് ഇപ്പോൾ വ്യക്തമാക്കിയതിന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.  ബില്ലിന്റെ ഉള്ളടക്കം ഒന്നേയുള്ളൂ. ഇത് മാറ്റുന്നുവെന്നുള്ളത്.  ഈ ബിൽ നമുക്ക് ഏകകണ്ഠമായി പാസാക്കുകയും നാടിന്റെ വികാരമായി എടുക്കുകയും ചെയ്യാം. അത് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ഇനിയും അഭിപ്രായം പറയാമല്ലോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ വാചകങ്ങൾ എന്റെ

നാവിലേയ്ക്ക് അടിച്ചേല്പിക്കരുത്. ഇവിടെ വളരെ കൃത്യമായി സംസാരിച്ച കാര്യം രേഖയിലുള്ളതിനാൽ നിങ്ങൾ പറഞ്ഞാലോ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലോ അത് അതല്ലാതാവില്ല. ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റാൻ ഞങ്ങൾ പറഞ്ഞെങ്കിലും അതിനുപകരം കൊണ്ടുവന്നിരിക്കുന്ന ഈ alternative സംവിധാനം സർവ്വകലാശാലകളെ തകർക്കുകയും സർവ്വകലാശാലകളെ ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റുകളാക്കി തരംതാഴ്ത്തുകയും ചെയ്യുമെന്ന് ഇവിടെ കൃത്യമായി പറഞ്ഞതാണ്. അങ്ങ് പറയുന്നത് ഇവിടെ ആകെ ഒരു കണ്ടന്റേയുള്ളൂ എന്നാണ്. അങ്ങ് പറയുന്നതുപോലെ ഗവർണ്ണറെ മാറ്റുന്നത് മാത്രമല്ല; ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്നും മാറ്റി പകരം ഒരു ബദൽ സംവിധാനം വരുന്നു, അതിനെക്കുറിച്ചാണ് ഞങ്ങളിവിടെ വിമർശിച്ചത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാൻ അടുത്തൊരു ചോദ്യം ചോദിക്കാം. രാജസ്ഥാൻ, ഛത്തീസ്ഘട്ട് എന്നിവിടങ്ങളിലുള്ളതുപോലെ മുഖ്യമന്ത്രി ചാൻസലറാകണമെന്നാണോ നിങ്ങളുടെ അഭിപ്രായം?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ ബിൽ കൊണ്ടുവരാൻ പോയപ്പോൾ നിങ്ങൾ ഞങ്ങളുമായി സംസാരിച്ചിട്ടില്ലല്ലോ;

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ അതിനുള്ള അവസരമാണല്ലോ സഭ ഒരുക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെയല്ല. ഈ ബിൽ കൊണ്ടുവരാൻ പോകുന്നുവെന്ന് declare ചെയ്യുന്ന സമയത്ത് ഞങ്ങൾ പറഞ്ഞത്, ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്. ഇതുവരെ ചാൻസലർ സ്ഥാനത്തിരുന്നത് ഗവർണ്ണറായതിനാൽ വലിയൊരു റാഡിക്കൽ ചെയ്ഞ്ചാണ് അതിനകത്തുണ്ടാകുന്നത്. ഇത്തരം മാറ്റങ്ങൾ വരുമ്പോൾ കേരളത്തിൽ പ്രതിപക്ഷവുമായി ആലോചിക്കുന്ന ഒരു പ്രീസിഡന്റുണ്ട്. ഞങ്ങളുമായി സംസാരിച്ചിരുന്നെങ്കിൽ ഞങ്ങൾ കൃത്യമായി ഞങ്ങളുടെ അഭിപ്രായം പറഞ്ഞേനെ. നിങ്ങൾ ബിൽ കൊണ്ടുവരികയും ബിൽ സർക്കുലേറ്റ് ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയുമ്പോൾ മാത്രം പ്രതിപക്ഷത്തിന്റെ അഭിപ്രായമെന്താണെന്ന് ചോദിക്കുന്നത് ശരിയാണോ; അങ്ങനെയല്ലല്ലോ; ഇതുപോലെ നിർണ്ണായകമായ ബില്ലുകൾ കൊണ്ടുവരുമ്പോൾ കേരളത്തിലെ പ്രതിപക്ഷവുമായി എത്രയോ പ്രാവശ്യം നിങ്ങളും ഞങ്ങളും അപ്പുറത്തും ഇപ്പുറത്തുമിരിക്കുമ്പോൾ സംസാരിച്ചിട്ടുണ്ട്.

അതിനൊന്നും തയ്യാറാകാതെ ഇപ്പോൾ നിങ്ങളുടെ അഭിപ്രായമെന്താണ്; മുഖ്യമന്ത്രിയെ വയ്ക്കട്ടെയെന്ന് ചോദിച്ചാലോ....

ശ്രീ. പി. രാജീവ്: സർ, ഞാൻ ഇതിലേയ്ക്ക് വരാൻ കാരണം നേരത്തെ പ്രതിപക്ഷം വ്യത്യസ്ത അഭിപ്രായം പറഞ്ഞിരുന്നതിനാലാണ്. ഇപ്പോൾ പ്രതിപക്ഷനേതാവ് ആധികാരികമായി ചാൻസലർ സ്ഥാനത്തേയ്ക്ക് ഗവർണ്ണർ അല്ല പുതിയൊരാൾ വരണമെന്ന് പറഞ്ഞു. ഇപ്പോൾ കൊണ്ടുവരുന്ന സംവിധാനത്തിൽ യൂണിവേഴ്സിറ്റിയെ ഡിപ്പാർട്ട്മെന്റാക്കി മാറ്റുമെന്നുള്ളതാണ് അദ്ദേഹത്തിനുള്ള വിയോജിപ്പ്. നമ്മുടെ മുന്നിലുള്ള അടുത്ത മാതൃക കോൺഗ്രസ് ഗവൺമെന്റിന്റെ മാതൃകയാണ്. അതാണ് രാജസ്ഥാനിലും ഛത്തീസ്ഘട്ടിലും അവർ മഹാരാഷ്ട്രയിലുമിരുന്നപ്പോൾ നടപ്പാക്കിയ മാതൃക. ആ മാതൃക പ്രകാരം മുഖ്യമന്ത്രി ചാൻസലറാവുകയെന്നതാണ്. ....(ബഹളം) .... ഞാൻ അദ്ദേഹം പറഞ്ഞതിനോട് പ്രതികരിക്കുകയാണ്. ഇപ്പോൾ അദ്ദേഹം ഇതിനോട് യോജിക്കാത്തതിനുകാരണം നേരത്തെ ചർച്ച ചെയ്യേണ്ടതായിരുന്നുവെന്ന അഭിപ്രായം പറഞ്ഞിരിക്കുന്നു. ഇപ്പോൾ അതിലാണല്ലോ തർക്കമുള്ളത്. ഗവൺമെന്റ് നിയോഗിക്കുന്ന ഒരാൾ വന്നാൽ ഡിപ്പാർട്ട്മെന്റാകുമെന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ അങ്ങനെയല്ല കണ്ടത്.

മുഖ്യമന്ത്രി ചാൻസലറാകുന്നതോടുകൂടി ഗവൺമെന്റ് നേരിട്ട് ഇടപെടുന്ന ചിത്രം വരുന്നത് യഥാർത്ഥത്തിൽ ഞങ്ങൾക്ക് വളരെ എളുപ്പമായിരുന്നു. ഞങ്ങളുടെ മുമ്പിലുള്ള ഹയർ എഡ്യൂക്കേഷനെ സംബന്ധിച്ച ശ്യാം മേനോൻ കമ്മീഷൻ റിപ്പോർട്ടിൽ ചീഫ് മിനിസ്റ്ററാണ് വരേണ്ടതെന്ന് കൃത്യമായി പറയുന്നുണ്ട്. ചീഫ് മിനിസ്റ്റർ വിസിറ്ററായി വരണമെന്നാണ് ശ്യാം മേനോൻ കമ്മീഷൻ റിപ്പോർട്ടിലും മറ്റ് വിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടുകളിലും മുമ്പിലുള്ള മാതൃകകളുമെല്ലാം പറയുന്നത് ഇതുതന്നെയാണ്; രാജസ്ഥാനിലും ഇതുതന്നെയാണ് മാതൃക. ഞങ്ങൾ കണ്ടത് അതല്ല; ഞങ്ങൾ കണ്ടത് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു പേരുകേട്ടാൽ... ഇപ്പോൾ കലാമണ്ഡലത്തിന്റെ ചാൻസലറായി നിയമിച്ച ശ്രീമതി മല്ലിക സാരാഭായ്, മൃണാളിനി സാരാഭായിയുടെ മകളും അമ്മു സ്വാമിനാഥിന്റെ കൊച്ചുമകളാണ്, അവരുടെ കൊച്ചുമകളെന്ന ക്വാളിറ്റിയല്ല ഞങ്ങൾ കണ്ടത്. കലാമണ്ഡലത്തിന് ഇതിനേക്കാൾ മികച്ച ചാൻസലറാക്കാൻ പറ്റുന്ന ഒരാൾ ഇന്ത്യയിലുണ്ടെങ്കിൽ നിങ്ങൾ പറഞ്ഞോളൂ, ഇതുപോലുള്ള ആളുകളാണ് വരേണ്ടത്. അല്ലാതെ മുഖ്യമന്ത്രിയോ മന്ത്രിമാരോ അല്ല. പല അഭിപ്രായങ്ങൾ വന്നല്ലോ ഞങ്ങളുടെ അഭിപ്രായം അതാണ്. കേൾക്കുമ്പോൾതന്നെ കൊള്ളാം എന്നുതോന്നണം.

ഐ.ഐ.ടി., ഐ.ഐ.എം.-ന്റെ നിയമങ്ങൾ ഭേദഗതി ചെയ്ത് ഡയറക്ടറെ നിയമിച്ചിരിക്കുന്നത് ഈ രൂപത്തിൽ തന്നെയാണ്. കേരളത്തിന്റെ ഒരു മാതൃക, ഈ തർക്കത്തിൽ വളരെ ഇന്റലക്ച്വൽ ആയിട്ടുള്ള ആളുകളുടെ അഭിപ്രായം നോക്കിയാൽ... ഈ ഭേദഗതി വന്നതിനുശേഷം ഗവർണ്ണറെ മാറ്റി പല സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിയെ ആക്കി ബിൽ വരികയും പാസാക്കുകയും ചെയ്തു. രണ്ട് പെൻഡുലം ഒരറ്റത്തുനിന്നും മറ്റേ അറ്റത്തേയ്ക്ക് പോയിരിക്കുകയാണെന്നാണ് അതിൽ വന്നിട്ടുള്ള അഭിപ്രായം. മുഖ്യമന്ത്രിയുമല്ല, ഗവർണ്ണറുമല്ല; പകരം അക്കാദമിക് രംഗത്ത് വളരെ ഔന്നത്യമുള്ള വ്യക്തിത്വങ്ങളാണ് ചാൻസലറാകേണ്ടത്. ഞങ്ങൾ അതാണ് എടുത്തിട്ടുള്ളത്. അതിനുപറ്റുന്ന രൂപത്തിലുള്ള ഫോർമുലേഷനാണ് ഈ ബില്ലിനകത്തുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഇതിൽ കോൺഗ്രസിന്റെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, കോൺഗ്രസിന്റെ അഭിപ്രായമെന്താണെന്ന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചോദിച്ചത്, ഇത്രയുംനേരം അതാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി

അങ്ങ് വളരെ പോളിഷ്ഡായി പറഞ്ഞു,ബാക്കി സംസ്ഥാനങ്ങളിലെല്ലാം മുഖ്യമന്ത്രിമാർ ഇത് ഏറ്റെടുത്തെങ്കിലും കേരളത്തിലെ മുഖ്യമന്ത്രി ഇത് ഏറ്റെടുക്കില്ല. കാരണം നിങ്ങൾ ഇനി യൂണിവേഴ്സിറ്റികളിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ ഉത്തരവാദിത്വം അദ്ദേഹമെന്തിനാണ് ഏറ്റെടുക്കുന്നത്; അത് വേറൊരാളെക്കൊണ്ട് ചെയ്യിച്ചാൽ പോരേ? അതിനുള്ള ഏറ്റവും കൗശലമായ മാർഗ്ഗമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അത് നിങ്ങൾ വയ്ക്കാൻ പോകുന്ന ആളുകളെ കാണുമ്പോൾ ഞങ്ങൾക്ക് അറിയാം. അതുതന്നെയാണ്.... (...ബഹളം....) ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടാണ് സംസാരിക്കുന്നത്. അദ്ദേഹം സീറ്റിൽ ഇരുന്നതിനുശേഷമാണ് ഞാൻ സംസാരിക്കുന്നത്. (...ബഹളം....) പ്രതിപക്ഷനേതാക്കൾ സംസാരിക്കുമ്പോൾ 'നിങ്ങളുടെ അഭിപ്രായമെന്താണെന്ന്' ബാക്ക് ബഞ്ചിലിരുന്ന് ഞങ്ങളാരും ചോദിച്ചിട്ടില്ല. വളരെ അന്തസ്സോടുകൂടിയാണ്..... (...ബഹളം....) ഞാൻ ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചതിന് മറുപടി പറയുകയാണ്. (...ബഹളം....)

<u>ഡോ. ആർ. ബിന്ദു</u>: സർ, പ്രതിപക്ഷനേതാവേ, മനസ്സിലാകാത്തതുകൊണ്ടാണ് ചോദിച്ചത്. ഗവർണ്ണറെ മാറ്റാൻ നിങ്ങൾ

അനുകൂലമാണെന്ന് പറഞ്ഞു. പകരം വേറെ എന്താണെന്ന് പറയുന്നുമില്ല. അതുകൊണ്ട് വ്യക്തത വരുത്താൻ വേണ്ടിയാണ് ചോദിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിനെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ പറഞ്ഞല്ലോ, ഞങ്ങളോട് നേരത്തേ ചോദിച്ചിരുന്നെങ്കിൽ അതിനാവശ്യമായ നിർദ്ദേശം നൽകുമായിരുന്നു. ഒരു മുന്നണിയുടെ ഭാഗമായാണ് ഞാൻ ഇരിക്കുന്നത്. അസംബ്ലിയിൽ ചോദിക്കുമ്പോൾ വി. ഡി. സതീശൻ എന്നുപറയുന്ന ഒരാളുടെ വ്യക്തിപരമായ അഭിപ്രായമല്ല പറയുന്നത്. ഞങ്ങളൊരു മുന്നണിയാണ്, ഒരു പാർട്ടിയാണ്. പാർട്ടിയിലും മുന്നണിയിലും ചർച്ച ചെയ്യണം. എങ്കിൽ മാത്രമേ പറയാൻ സാധിക്കൂ. അല്ലെങ്കിൽ ഇപ്പോൾ ഇവിടെവന്നിട്ടാണോ എന്താണെന്ന് ചോദിക്കേണ്ടത്? അങ്ങനെ അല്ലായിരുന്നു. സദുദ്ദേശ്യത്തോടുകൂടിയാണ് നിങ്ങൾ ഈ കാര്യങ്ങൾ ചെയ്തിരുന്നതെങ്കിൽ, പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട്, ഇതുപോലെ തട്ടിക്കൂട്ടിയ ബിൽ അല്ലാതെ, കേരളത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കാൻ സാധിക്കുന്ന തരത്തിൽ നല്ലരീതിയിലുള്ള ബിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഞങ്ങൾ അതിനോട് യോജിക്കുമായിരുന്നു. കൺസെൻസസ് ഉണ്ടാക്കാമായിരുന്നു.

അതുകൊണ്ടാണ് ചോദിച്ചത്, നിങ്ങൾ ഇപ്പോൾ ഇത് പിൻവലിച്ചിട്ട് ചർച്ച ചെയ്യാൻ വരികയാണെങ്കിൽ ചർച്ച ചെയ്ത് നല്ല ബിൽ പാസ്സാക്കാം.

ശ്രീ. പി. രാജീവ്: സർ, നിലപാട് കൃത്യമല്ല. ഒരുകാര്യത്തിൽ നന്ദിയുണ്ട്. ഇടക്കാലത്ത് കോൺഗ്രസ് മാറിയെങ്കിലും ഇത് പുതിയ നിലപാട് അല്ലേ. നേരത്തെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത ഇതാണ്, 'സർക്കാർ ഗവർണ്ണർ പോര് നാടകമാണ്. ഗവർണ്ണർ പിൻമാറുന്നത് തെറ്റായ സമീപനം സ്വീകരിക്കും'. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. പുഞ്ചി കമ്മീഷനെക്കുറിച്ച് നിങ്ങളുടെ നിലപാടെന്താണ് ചോദിച്ചു; ആ നിലപാട് 26-08-2015-ലെ കത്താണ്. ആ കത്തിൽ ഈ ശിപാർശയെ സംബന്ധിച്ച് കോൺഗ്രസ് ഗവൺമെന്റ് നൽകിയിട്ടുള്ള വിശദീകരണമാണ് ഞാൻ വായിക്കുന്നത്, 'As it would help to avoid friction between the Government and the office of Governor ….” . ഇപ്പോഴല്ല friction. നിങ്ങളിപ്പോൾ പറയുന്നത്, 'നിങ്ങളും ഗവൺമെന്റും തമ്മിൽ എന്തോ friction ഇപ്പോൾ വന്നു' അതുകൊണ്ട് നിങ്ങളിപ്പോൾ ബിൽ കൊണ്ടുവന്നിരിക്കുന്നു എന്നാണ്. ഇത് നിങ്ങളുടെയാണ്. അങ്ങ് ആ മന്ത്രിസഭയിലുണ്ടായിരുന്നു. അങ്ങയുടെ

മന്ത്രിസഭയുടേതാണ്. ഇപ്പോൾ വന്ന friction അല്ല. ഇത് സാമർത്ഥ്യമല്ല, നിലവിലുള്ള രേഖതന്നെയാണ്. Friction അന്നുണ്ട്. അങ്ങ് പറഞ്ഞത്, ഇപ്പോൾ നിങ്ങളും ഗവർണ്ണറും തമ്മിൽ friction വന്നതുകൊണ്ടല്ലേയെന്ന്; അല്ല. അന്നും നിങ്ങളുടെ അഭിപ്രായമിതാണ് " .... Government and the office of Governor which sometimes occurs in connection with the appointment to the posts such as Vice Chancellor" . വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരും ഗവർണ്ണറും തമ്മിലുള്ള തർക്കങ്ങൾ വല്ലാത്ത അവസ്ഥയിലേയ്ക്ക് പോകുന്നത് ഒഴിവാക്കാൻ ഈ നിർദ്ദേശം ഏറ്റവും നല്ലതാണെന്ന് പറഞ്ഞ ഗവൺമെന്റിനെ നയിച്ചത് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. നിങ്ങൾ പറയുന്നു, ഇപ്പോൾ friction വന്നു അതുകൊണ്ടല്ല, അന്നത്തെ അഭിപ്രായം തന്നെയാണ്. ഇപ്പോഴും ആ അഭിപ്രായം നിങ്ങൾ ഉയർത്തിപ്പിടിക്കുന്നത് സന്തോഷകരം തന്നെയാണ്.

ഇവിടെ പറഞ്ഞൊരു വിഷയം, ഇടതുപക്ഷ മുന്നണി യൂണിവേഴ്സിറ്റികളെ പിടിച്ചടക്കാനുള്ള മുന്നണിയാണെന്ന്. ഞങ്ങൾ ഏതാണ് പിടിച്ചെടുക്കാൻ നോക്കിയത്. നിങ്ങൾ കൊണ്ടുവന്ന രണ്ട് നിയമം ഞാൻ വായിക്കാം. എന്തായിരുന്നു കേരളത്തിലെ സ്ഥിതി? ഒരു ഗവൺമെന്റ് വരുന്നു. ആ

ഗവൺമെന്റിന്റെ കാലത്ത് ഒരു സിൻഡിക്കേറ്റും സെനറ്റും വരികയും അവർ കാലാവധി പൂർത്തീകരിക്കുകയും ചെയ്യുന്നു. ഗവൺമെന്റ് വരികയോ തുടരുകയോ മാറുകയോ ചെയ്യും. സിൻഡിക്കേറ്റും സെനറ്റും തുടരും. നിങ്ങൾ ഭേദഗതി കൊണ്ടുവന്നു. 2012-ലെ ആ ഭേദഗതിയിലാണ് നിങ്ങൾ "പ്രീതി സിദ്ധാന്തം" അവതരിപ്പിച്ചത്. ഇപ്പോൾ ചർച്ച ചെയ്യുന്ന സിദ്ധാന്തമുണ്ടല്ലോ? ആ പ്ലഷർ സിദ്ധാന്തം നിങ്ങൾ അവതരിപ്പിച്ചു. അതാണ് നിങ്ങളുടെ അമെൻഡ്മെന്റ്. ഗവൺമെന്റ്/ ചാൻസലർ, ആരാണോ നിയമിച്ചിട്ടുള്ളത്, അവരുടെ പ്രീതി നഷ്ടപ്പെട്ടാൽ സെനറ്റിലും സിൻഡിക്കേറ്റിലും തുടരാൻ കഴിയില്ല. നിങ്ങൾ കൊണ്ടുവന്ന ഭേദഗതിയാണ്. യൂണിവേഴ്സിറ്റികൾ പിടിച്ചടക്കാൻവേണ്ടി നിയമവിരുദ്ധമായ/തെറ്റായ ഭേദഗതി കൊണ്ടുവന്നത് യു.ഡി.എഫ്. ആണ്, എന്തിനാണ് നിങ്ങൾ കൊണ്ടുവന്നത്; നിങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി, സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിട്ട് നിങ്ങളുടെ ആളുകളെ വയ്ക്കാൻവേണ്ടി നിങ്ങൾ ഭേദഗതി കൊണ്ടുവന്നു. സർവ്വകലാശാലകളെ ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റാക്കി മാറ്റി എന്ന് അങ്ങുപറഞ്ഞു, 2001-ൽ അധികാരത്തിൽ വന്നയുടൻ മറ്റൊരു നിയമം കൂടി ഭേദഗതി ചെയ്ത് എക്സ്-ഒഫിഷ്യോ മെമ്പേഴ്സിനെ കൊണ്ടുവന്നു. Secretary to

Government Information Technology Department,..... ഇങ്ങനെ കുറെ ഉദ്യോഗസ്ഥന്മാരെ ഭൂരിപക്ഷം കിട്ടാൻ വേണ്ടി, സിൻഡിക്കേറ്റും സെനറ്റും പിടിച്ചടക്കാൻ വേണ്ടി നിയമ ഭേദഗതി കൊണ്ടുവന്ന മുന്നണിയാണ്. ഇപ്പോൾ  ഞങ്ങൾ ഒരു ശരിയായ ഭേദഗതി കൊണ്ടുവന്നപ്പോൾ നിങ്ങൾ പിടിച്ചെടുക്കുന്നു എന്നുപറയുന്നത്. ഇതാണ് നിങ്ങളുടെ ചരിത്രം. ഞങ്ങളെല്ലാം വിദ്യാർത്ഥി സംഘടന പ്രവർത്തകരായിരുന്ന കാലഘട്ടത്തിൽ ഇതിനെതിരെ വലിയ സമരം നടത്തിയവരാണ്. അതുകൊണ്ട് ഞങ്ങൾക്ക് പെട്ടെന്ന് ഓർമ്മ വരും. വലിയ സമരമാണ് അന്ന് കേരളത്തിൽ നടന്നത്. കേരളത്തിൽ യൂണിവേഴ്സിറ്റികൾ പിടിച്ചെടുക്കാൻ നയിച്ച മുന്നണിയുടെ പേര് യു.ഡി.എഫ്. എന്നാണ്. ഞങ്ങളെന്തോ കുഴപ്പം ചെയ്തു എന്നു പറയുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത് സുപ്രീംകോടതി പറഞ്ഞു യോഗ്യതയില്ലാത്ത വി.സി. ആയിരിക്കുമെന്ന്. സുപ്രീംകോടതി പറഞ്ഞോ. പിൻവലിക്കണം. വിധിയുടെ അവസാനം സുപ്രീംകോടതി പറഞ്ഞു, IIT-ൽ നിന്നുള്ള പ്രൊഫസർ Director of Technical Education ആയിരുന്നാൽ ക്വാളിഫൈഡ് അല്ലേ? അങ്ങ് നേരത്തേയും പറഞ്ഞു, ഗവൺമെന്റും ഗവർണ്ണറും ഒരേ നിലപാട്, അത്

സുപ്രീംകോടതി സ്വീകരിച്ചു. ശരിയാണ്, അതാണ് നിലപാട്. അത് എന്തുകൊണ്ടാണ്? അന്നത്തെ 'Law of the land' അതാണ്. യൂണിവേഴ്സിറ്റി മിനിമം ക്വാളിഫിക്കേഷൻ - യു.ജി.സി., സെലക്ഷൻ പ്രോസസ് - സംസ്ഥാന നിയമമനുസരിച്ച്. നിങ്ങളും അതാണ് ചെയ്തത്. 2012 ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, സെർച്ച് കമ്മിറ്റി ഡോ. കെ. എം. എബ്രഹാം, പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. കെ. ശിവദാസൻ നായർ, എം.എൽ.എ., ഞങ്ങൾ ഒരു എം.എൽ.എ.-യേയും ഒരു രാഷ്ട്രീയക്കാരനെയും ഒരു സെർച്ച് കമ്മിറ്റിയിലും വച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നു.

ശ്രീ. പി. രാജീവ്: സർ, ഞങ്ങൾ വച്ചിട്ടില്ല. 2010-ലും 2018-ലും റെഗുലേഷനകത്ത് നിൽക്കുമ്പോൾ ഞങ്ങളാരെയും വച്ചിട്ടില്ല. ഞങ്ങൾ പിന്നെ എന്തുതെറ്റാണ് ചെയ്തത്?

ശ്രീ. വി. ഡി. സതീശൻ: സർ, അന്നുണ്ടായിരുന്ന റെഗുലേഷൻ അതായിരുന്നു. ഇപ്പോഴുള്ള റെഗുലേഷൻ അതാണോ; 2016-ൽ അല്ലേ അമെൻഡ്മെന്റ് വരുന്നത്.

ശ്രീ. പി. രാജീവ്: സർ, 2010, 2018 എല്ലാ റെഗുലേഷനും എന്റെ

കയ്യിലുണ്ട്. ഞാൻ ഓരോന്നും വായിക്കാം. അത് അവിടെ നിൽക്കട്ടെ. ഈ വിധിയിൽ എന്താണ് പ്രശ്നം? അങ്ങ് കാര്യങ്ങൾ അറിയാവുന്ന ആളാണ്. ഇന്ത്യയിൽ ഏറ്റവും ചുരുങ്ങിയത് 180 വി.സി-മാരെയെങ്കിലും UGC procedure അനുസരിച്ചല്ല നിയമിച്ചിരിക്കുന്നത്. UGC Procedure, 2018 അനുസരിച്ച് ചാൻസലർ വി.സി.-യെ നിയമിക്കണം. ബാംഗ്ലൂർ നാഷണൽ ലാ യൂണിവേഴ്സിറ്റിയുടെ വിസിറ്റർ ആരാണ്? പ്രസിഡന്റ് ഓഫ് ഇന്ത്യ ആണ്. അങ്ങ് വായിച്ചു നോക്കൂ. എല്ലാ നിയമവും വേണമെങ്കിൽ ഞാനിപ്പോൾ ഈ സഭയിൽ വയ്ക്കാം. **എക്സിക്യൂട്ടീവ് കൗൺസിലാണ് വയ്ക്കുന്നത്, അത് യു.ജി.സി.-ക്ക് വിരുദ്ധമാണ്.** ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നിവിടങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റാണ് സെർച്ച് കമ്മിറ്റിയെ വയ്ക്കുന്നത്. സെർച്ച് കമ്മിറ്റി മൂന്നംഗ പാനൽ സ്റ്റേറ്റ് ഗവൺമെന്റിന് കൊടുക്കും. സ്റ്റേറ്റ് ഗവൺമെന്റ് അതിൽനിന്നും ഒരാളെ സെലക്ട് ചെയ്ത് ചാൻസലർക്ക് കൊടുക്കും. ഗുജറാത്തിൽ വൈസ് ചാൻസലറെ നിയമിക്കുന്നത് ആരാണ്? ചാൻസലറല്ല, സ്റ്റേറ്റ് ഗവൺമെന്റാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാന്റെ കാര്യം അങ്ങ് നോക്കിക്കോളൂ. സെർച്ച് കമ്മിറ്റിയിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയുണ്ട്. ഇവിടത്തെ ഒരു സെർച്ച് കമ്മിറ്റിയിലും

സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയില്ല. കേരളത്തിന്റെ കീഴ്വഴക്കമനുസരിച്ച് ഗവൺമെന്റ് നിർദ്ദേശിക്കുന്ന വ്യക്തിയാണ് മുൻകാലങ്ങളിലും പ്രതിനിധിയായി വരാറുള്ളത്. നിങ്ങൾ എഴുതിക്കൊടുക്കുന്നതിനനുസരിച്ച് ഗവർണ്ണർ ഒപ്പിട്ടപ്പോൾ കുഴപ്പമില്ലായിരുന്നു. ഒപ്പിടാതെ വന്നപ്പോഴാണ് പ്രശ്നമായതെന്ന് ശ്രീ. എ. പി. അനിൽകുമാർ ഇവിടെ പറയുകയുണ്ടായി. നിങ്ങളുടെ കാലത്തും അങ്ങനെ തന്നെയായിരുന്നു. ഷംസീർ സിംഗ് കേസിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ പറഞ്ഞിട്ടുണ്ട് ഗവർണ്ണർ എന്നുള്ളത് ഒരു സ്റ്റെനോ എഴുതുന്ന ഷോർട്ട് ടൈം ആണ് സർക്കാരിനുള്ളത്; കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിന് പകരമാണ്. നിങ്ങളുടെ കാലത്ത് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറുടെ താൽക്കാലിക ചാർജ്ജ് നൽകിയത് അന്നത്തെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന ഡോ. കെ. എം. എബ്രഹാമിനാണ്. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിങ്ങളുടെ ഭരണകാലത്ത് നിലവിൽവന്നു. അവിടെ അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജയകുമാറിനെ വൈസ് ചാൻസലറാക്കി. അദ്ദേഹം പണ്ഡിതൻ തന്നെയാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ

2012-ൽ നിങ്ങളുണ്ടാക്കിയ സെർച്ച് കമ്മിറ്റിയേതാണ്? അതിൽ സെനറ്റിന്റെ പ്രതിനിധിയായി പ്രൊഫ. സതീഷ് കൊച്ചുപറമ്പിലിനെ നിയോഗിച്ചു. അങ്ങനെയാണ് ഡോ. എ. വി. ജോർജ്ജിനെ അവിടത്തെ വൈസ് ചാൻസലറായി നിയമിച്ചത്. ഗവർണ്ണർതന്നെ ആ ചാൻസലർ സ്ഥാനംതന്നെ റദ്ദാക്കിയത്. 2014 -ൽ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ സെർച്ച് കമ്മിറ്റി പ്രതിനിധികളായി നിങ്ങൾ തെരഞ്ഞെടുത്തത് അന്നത്തെ ചീഫ് സെക്രട്ടറി ശ്രീ. ഇ. കെ. ഭരത് ഭൂഷണും എം.എൽ.എ. ശ്രീ. ഹൈബി ഈഡനുമായിരുന്നു. എന്താണ് സർ അത്? അവർ സിൻഡിക്കേറ്റ് അംഗങ്ങളായിക്കോട്ടെ. ഞങ്ങൾ സിൻഡിക്കേറ്റ് അംഗങ്ങളെ അത്തരത്തിൽ നിയമിച്ചിട്ടില്ല. ഞങ്ങളുടെ സിൻഡിക്കേറ്റ് മെമ്പർമാരുമുണ്ട്, ശ്രീ. ബാബു ജോൺ സിന്റിക്കേറ്റ് മെമ്പറല്ലേ. ശ്രീ. എം. വിജിൻ, ശ്രീ. കെ. എം. സച്ചിൻദേവ് തുടങ്ങിയ എം.എൽ.എ.-മാരും സിൻഡിക്കേറ്റ് അംഗങ്ങളാണ്. ഞങ്ങൾ ആരെയും സെർച്ച് കമ്മിറ്റി പ്രതിനിധിയായി നിയമിച്ചിട്ടില്ല. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടിയല്ല ഞങ്ങൾ നിലനിൽക്കുന്നത്. 2015-ൽ

നിങ്ങളുടെ കാലഘട്ടത്തിൽ എന്റെ സുഹൃത്ത് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സെനറ്റിന്റെ പ്രതിനിധിയായിരുന്നു. അദ്ദേഹം പ്രൊഫസറും വിദ്യാഭ്യാസ വിചക്ഷണനുമാണ്. അദ്ദേഹത്തിന്റെ യോഗ്യതയെ ഞാൻ കുറ്റം പറയുന്നില്ല, അതിൽ ഞാൻ തർക്കിക്കുന്നുമില്ല. 2017-ൽ സെർച്ച് കമ്മിറ്റിയിൽ ഞങ്ങൾ വച്ച ആളുകളാരാണെന്ന് നോക്കിക്കോളൂ. 2017-ൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സെനറ്റിന്റെ പ്രതിനിധിയായിരുന്നത് കോഴിക്കോട് സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. കെ. എൻ. കുറിപ്പാണ്. 2018-ൽ കേരള സർവ്വകലാശാല സെനറ്റിന്റെ പ്രതിനിധിയായി പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി. കെ. രാമചന്ദ്രനെയാണ് നിയമിച്ചത്. (...ബഹളം.....). കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽ പ്രതിനിധിയായി ഞങ്ങൾ നിയമിച്ചത് മുൻ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാലിനെയാണ്. (...ബഹളം.....) വൈസ് ചാൻസലറായ ആളാണ് ഡോ. ബി. ഇക്ബാൽ. (...ബഹളം.....) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളെ നിയമിച്ച കാര്യത്തിൽ ഞാൻ തർക്കമൊന്നും പറഞ്ഞില്ലല്ലോ; അദ്ദേഹം ഒരു പ്രൊഫസറാണ്; (...ബഹളം.....) എന്നാൽ ശ്രീ. ഹൈബി

ഈഡനും ശ്രീ. കെ. ശിവദാസൻ നായരും വിദ്യാഭ്യാസ വിചക്ഷണരാണെന്ന വ്യാഖ്യാനം നടത്തണമെങ്കിൽ അസാധാരണമായ ഒരു അവസ്ഥവേണം. അതേ ഞാൻ പറയുന്നുള്ളൂ. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ശ്രീ. വി. കെ. രാമചന്ദ്രനെ ഞങ്ങൾ സെനറ്റ് പ്രതിനിധിയായി നിയോഗിച്ചു. കോഴിക്കോട് സർവ്വകലാശാലയിലും അദ്ദേഹം തന്നെയായിരുന്നു. കണ്ണൂർ സർവ്വകലാശാലയിലെ സെനറ്റ് പ്രതിനിധിയായി മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. രാജൻ ഗുരുക്കളെ നിയമിച്ചു. കേരളത്തിലെ ബുദ്ധിജീവികളുടെ എണ്ണം പരിശോധിച്ചാൽ അവരിൽ 80 ശതമാനവും കമ്മ്യൂണിസ്റ്റുകാരായിരിക്കും. അതിൽ നിങ്ങൾ ദുഃഖിച്ചിട്ട് കാര്യമില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇതെല്ലാം അങ്ങ് എന്തുകൊണ്ടാണ് ഇപ്പോൾ പറയുന്നത് ? ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഏറ്റവും പുതിയ വിധിയനുസരിച്ച് ഇതെല്ലാം void ab initio ആണ്. യു.ജി.സി. നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് സംസ്ഥാനത്തെ നിയമം നിലനിൽക്കില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിവരുന്നതിനുമുമ്പുതന്നെ ഈ ഒൻപത് വൈസ്

ചാൻസലർമാർ രാജിവയ്ക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നിങ്ങൾ കൊണ്ടുവന്ന സെർച്ച് കമ്മിറ്റിയെ ഞങ്ങൾ വിമർശിച്ചിട്ടുണ്ടോ; പിന്നെ എന്തിനാണ് അങ്ങ് ഈ ലിസ്റ്റ് വായിക്കുന്നത്; നിങ്ങൾ നിയോഗിച്ച ഏതെങ്കിലും സെർച്ച് കമ്മിറ്റിയെ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾ വിമർശിച്ചിട്ടുണ്ടോ? യു.ജി.സി. റെഗുലേഷൻ ലംഘിച്ചിട്ടുണ്ടെങ്കിൽ 'All those appointments are void ab initio' എന്നാണ് ഈ വിധിയിൽ പറയുന്നത്. അങ്ങനെ വൈസ് ചാൻസലർമാരുടെ നിയമനം മുഴുവൻ തെറ്റാണെന്ന് പറഞ്ഞു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഒരു എം.എൽ.എ. എന്നതിലുപരി ഒരു കോളേജ് പ്രൊഫസറും സെനറ്റിന്റെ പ്രതിനിധിയുമാണ്. ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. രാജൻ ഗുരുക്കൾ, ഡോ. ബി. ഇക്ബാൽ എന്നിവരെക്കാളൊക്കെ ഏത് വലിയ പാർട്ടിക്കാരെയാണ് ഇതിൽ നിയമിക്കേണ്ടത്? (..ബഹളം.....)

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇങ്ങനെയൊരു വിധി പുറപ്പെടുവിക്കാൻ സാധ്യതയുണ്ടെന്ന് കരുതി അതിനുമുമ്പുള്ള നിയമനങ്ങളെല്ലാം ആ വിധിക്കനുസരിച്ച് നടത്താൻ

ഞങ്ങൾക്ക് അസാധാരണമായ സിദ്ധിയുണ്ടായില്ല. അന്നത്തെ നിയമം എന്തായിരുന്നോ അത് ഞങ്ങൾ പാലിച്ചു. അന്നത്തെ നിയമമാണ് നിങ്ങളും പാലിച്ചത്. അല്ലാതെ ഇവർ തെറ്റുക്കാരെന്നല്ല ഞാൻ പറഞ്ഞത്. ഇവിടെ ഞങ്ങൾ എന്തോ കുഴപ്പം ചെയ്തിരിക്കുന്നുവെന്ന പ്രതീതി പൊതുവെ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതായത്, ഈ ഗവൺമെന്റ് വന്ന് എല്ലാ നിയമവും ലംഘിച്ച് യോഗ്യതയില്ലാത്ത കുറെ വൈസ് ചാൻസലർമാരെ നിയമിച്ചതുകൊണ്ട് ആകെ കുഴപ്പമായെന്നും അതുകൊണ്ട് വിദ്യാർത്ഥികൾ പഠിക്കാനായി യു.കെ.-യിലും ലണ്ടനിലും മറ്റും പോകുന്ന സ്ഥിതിവിശേഷമുണ്ടായിയെന്നുമുള്ള പ്രതീതിയാണ് സൃഷ്ടിച്ചത്. വൈസ് ചാൻസലർമാരെ മാത്രമല്ല കമ്മിറ്റിയിൽ പ്രതിനിധിയെ നിയമിച്ചതും അന്നത്തെ നിയമമനുസരിച്ചാണ്. ഞങ്ങളും അങ്ങനെതന്നെയാണ് ചെയ്തത്. ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെ നിയമിച്ചിരിക്കുന്നതും ആ നിയമമനുസരിച്ചാണ്. അപ്പോൾ ഞങ്ങളും നിങ്ങളും തെറ്റ് ചെയ്തിട്ടില്ല. നിങ്ങൾ ആ ഭാഗം മാത്രം സമ്മതിച്ചാൽ മതി. ഗുജറാത്ത് കേസിന്റെ വിധിയുടെ അവസാന ഭാഗത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത് ഭാവിയിലുള്ള നിയമനങ്ങളെല്ലാം യു.ജി.സി.

മാനദണ്ഡം അനുസരിച്ചായിരിക്കണമെന്നാണ്. പക്ഷേ നമ്മുടെ വിധിയിൽ void ab initio എന്നുകൂടി വന്നു. അതുകൊണ്ട് തുടക്കംമുതൽ അത് റദ്ദാക്കപ്പെട്ടു. ഇത്തരത്തിലുള്ള കാര്യങ്ങളാണ് ഇതിലുണ്ടായിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടതിൽ ഏറെ സന്തോഷമുണ്ട്. നിങ്ങൾക്കിടയിലുള്ള നിലപാടുകളും തർക്കങ്ങളും സംബന്ധിച്ച് ഞാൻ അധികം പറയുന്നില്ല. മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ ചിലത് ഞാൻ വായിക്കാം. 'ഗവർണ്ണറുടെ അനുകൂല നിലപാട്' - ശ്രീ. വി. ഡി. സതീശനെ തള്ളി ശ്രീ. കെ. മുരളീധരൻ കടുത്ത ഭിന്നത, 'ഗവർണ്ണറെ മാറ്റുന്നതിൽ അടിസ്ഥാനമില്ല' - ശ്രീ. രമേശ് ചെന്നിത്തല, 'ഗവർണ്ണറെ ചാൻസലർ പദവിയിൽനിന്നും മാറ്റിയാൽ സർവ്വകലാശാലകൾ കമ്മ്യൂണിസ്റ്റ് വൽക്കരിക്കപ്പെടും നിയമത്തെ എതിർക്കും' - ശ്രീ. വി. ഡി. സതീശൻ. മാധ്യമങ്ങൾ പറയുന്നത് വിശ്വസിക്കേണ്ടതില്ലെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഗവർണ്ണറെ മാറ്റിയുള്ള പുതിയ സംവിധാനത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. സംഘിവത്കരണം ഗവർണ്ണർ ചെയ്താലും മാർക്സിസ്റ്റ് വത്കരണം നിങ്ങൾ ചെയ്താലും ഞങ്ങൾ എതിർക്കും.

ഞങ്ങൾക്ക് നല്ല ക്ലാരിറ്റിയുണ്ട്. ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട. പക്ഷേ ബില്ലിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളുമായി ആലോചിക്കണമെന്നും ഗവൺമെന്റ് ഇക്കാര്യങ്ങൾ ഗൗരവമായി പ്രതിപക്ഷത്തോട് ആലോചിച്ചാൽ ഞങ്ങൾ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാമെന്നുമാണ് ഞങ്ങൾ അന്നുപറഞ്ഞത്. സമന്വയത്തിന്റെ ഭാഗമായിട്ടുള്ള നിയമമാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വരേണ്ടത്. പക്ഷെ നിങ്ങൾ ചെയ്തത് ശരിയായില്ല. അന്നും ഇന്നും ഞങ്ങളുടെ നിലപാട് അതുതന്നെയാണ്.

ശ്രീ. പി. രാജീവ്: സർ, പത്രക്കാർ തെറ്റായിട്ടാണ് റപ്പോർട്ട് ചെയ്തിരിക്കുന്നത്. നിങ്ങൾ അന്ന് പറഞ്ഞതായി അവർ പറഞ്ഞിരിക്കുന്നത്, 'ഗവർണ്ണറെ മാറ്റുന്നതിൽ അടിസ്ഥാനമില്ല' അങ്ങയുടെ മുൻഗാമി പറഞ്ഞതാണ്. 'ഗവർണ്ണറെ ചാൻസലർ സ്ഥാനത്തുനിന്ന് മാറ്റുന്നതിൽ അടിസ്ഥാനമില്ല ഇങ്ങനെയുള്ള മാറ്റം പ്രതിഷേധാർഹമാണ്' - ശ്രീ. രമേശ് ചെന്നിത്തല. കേരള കൗമുദിയിൽ വന്ന വാർത്തയാണിത്. 'സർവ്വകലാശാലയുടെ ചാൻസലർ പദവിയിൽനിന്നും ഗവർണ്ണറെ നീക്കാനുള്ള സർക്കാർ നീക്കത്തെ പ്രതിപക്ഷം എതിർത്തു'

പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ വ്യക്തമാക്കി. ഇത് ഏഷ്യനെറ്റ് ന്യൂസിൽ വന്ന വാർത്തയാണ്. അങ്ങ് ഉദ്ദേശിച്ചത് ചിലപ്പോൾ തിരിച്ചായിരിക്കും. ഇപ്പോൾ അങ്ങ് പറയുന്നത് മാത്രമേ ഞാൻ സ്വീകരിക്കുന്നുള്ളൂ. യഥാർത്ഥത്തിൽ മാർക്സിസ്റ്റ്വത്കരണത്തെയും സംഘിവത്കരണത്തെയും ഇന്ത്യയിലെ കോൺഗ്രസ് ഒരുപോലെയാണോ കാണുന്നത്?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരളത്തിൽ അങ്ങനെയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, അപ്പോൾ നിങ്ങൾ കേരളത്തിലെ ഒരു പ്രാദേശിക പാർട്ടിയായി മാറിയിരിക്കുകയാണ്. നിങ്ങളുടേത് ഇന്ത്യയിലെ കോൺഗ്രസ്സിന്റെ നിലപാടുകളല്ല. Senior Congress Leader and the Former Finance Minister Shri P. Chidambaram said, Education was being over regulated, over centralised and that subject should be moved back to the State List from Concurrent List. നിങ്ങളാണ് വിദ്യാഭ്യാസത്തെ അങ്ങനെകൊണ്ടുവന്നത്. എന്നാൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ചിദംബരം പറയുന്നത് തിരികെ സംസ്ഥാന ലിസ്റ്റിൽ കൊണ്ടുവരണമെന്നാണ്. ആ അഭിപ്രായം നിങ്ങൾക്കുണ്ടോ?

യു.ജി.സി.-യുടെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്; 2016-21 വരെയുള്ള ജെ.എൻ.യു.-വിന്റെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. നമ്മളെല്ലാവരും ആ പ്രതിഷേധത്തിന് ഒപ്പം നിന്നവരാണ്. ആ പ്രശ്നങ്ങൾക്ക് നേതൃത്വം നൽകിയ വൈസ് ചാൻസലറാണ് ഇപ്പോൾ യു.ജി.സി.-യുടെ ചെയർമാനായിരിക്കുന്നത്. ഒരു യൂണിവേഴ്സിറ്റിയുടെ പുരോഗമന സ്വഭാവത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള പ്രതിക്ഷേധങ്ങൾക്ക് ഒരു കുലുക്കവുമില്ലാതെ നേതൃത്വം നൽകിയ വ്യക്തിയെ യു.ജി.സി.-യുടെ ചെയർമാനായി നിയമിച്ചിരിക്കുന്നത് നിഷ്ക്കളങ്കമെന്ന് കരുതണോ; എല്ലാം യു.ജി.സി.-ക്ക് വിധേയമാകണമെന്ന് നിങ്ങൾ പറയുമ്പോൾ ഈ അപകടം നിങ്ങൾ കാണണ്ടേ? അതുകൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞത്, നിങ്ങൾ അവിടെത്തന്നെ ഇരിക്കണമെന്ന് ഞങ്ങളും ഞങ്ങൾ ഇവിടെത്തന്നെ ഇരിക്കരുതെന്ന് നിങ്ങളും ആഗ്രഹിക്കുന്നു. പക്ഷേ എപ്പോഴെങ്കിലും നിങ്ങൾ ഇവിടെ വരാൻ സാധ്യതയുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടല്ലോ; ആ സന്ദർഭത്തിൽ നിങ്ങളുടെ നിലപാട് ഇതുതന്നെയായിരിക്കുമോ; യു.ജി.സി.-യുടെ ഈ വർഗ്ഗീയവൽക്കരണ നടപടികളാണെങ്കിൽ യു.ജി.സി. റെഗുലേഷൻ അടിച്ചേൽപ്പിക്കുന്നത് എതിർക്കേണ്ടതില്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ലീഗൽ ഒബ്ജക്ഷനിൽ കൊണ്ടുവന്ന കാര്യങ്ങളാണ് ഞങ്ങൾ സംസാരിക്കുന്നത്. നിലവിലുള്ള നിയമത്തിന്റെയും ഭരണഘടനയുടെയും അടിസ്ഥാനത്തിലാണ് ലീഗൽ ഒബ്ജക്ഷൻ പറയേണ്ടത്. നിലവിലുള്ള നിയമം ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുന്നുണ്ട്. ഞാൻ പറഞ്ഞത് അങ്ങ് സമ്മതിക്കുന്നുമുണ്ട്. അതായത് ലാ ഓഫ് ദി ലാൻഡ് എന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയാണ്. അങ്ങ് നേരത്തെ അത് സമ്മതിച്ചു. ആ വിധിക്കനുസരിച്ച് അങ്ങിവിടെ പ്രൊവിഷനുണ്ടാക്കി വച്ചാൽ അത് നിലനിൽക്കുമോയെന്നാണ് ഞങ്ങൾ ചോദിച്ചത്. കൺകറന്റ് ലിസ്റ്റിൽത്തന്നെ അത് നിലനിർത്തണമെന്ന് ഞങ്ങൾ പറഞ്ഞില്ല. പക്ഷേ കൺകറന്റ് ലിസ്റ്റിൽ ആയിരിക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ലീഗൽ ഒബ്ജക്ഷൻ പറഞ്ഞ അവസരത്തിൽ പറയുകയാണ് ചെയ്തത്. അതിനർത്ഥം സ്റ്റേറ്റ് ലിസ്റ്റിലേയ്ക്ക് ഇത് വരാൻ പാടില്ലെന്ന് കേരളത്തിലെ കോൺഗ്രസ് അഭിപ്രായം പറഞ്ഞുവെന്നാണോ? ഭാരത് ജോഡോ യാത്രയെപ്പറ്റി നിങ്ങൾ ഞങ്ങളെ പരിഹസിച്ചപ്പോൾ നിങ്ങളുടെ കേന്ദ്ര കമ്മിറ്റി അതിനെ സപ്പോർട്ട് ചെയ്തു പറഞ്ഞു. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ ഈ സംഘിവത്കരണംപോലെ ഭയക്കുന്ന

ഒന്നുതന്നെയാണ് മാർക്സിസ്റ്റ് വൽക്കരണവും. ഞങ്ങളുടെ അനുഭവം അതാണ് ഞങ്ങളെ പഠിപ്പിക്കുന്നത്.

ശ്രീ. പി. രാജീവ്: സർ, അങ്ങയെപ്പോലൊരു നേതൃത്വത്തിന്റെ ഭാഗത്തുനിന്നും വരേണ്ട വാക്കുകളല്ലിത്. സാങ്കേതികമായി ഈ പ്രശ്നം ഞാനും സംസാരിച്ചു. പക്ഷേ, ഇതാണ് പൊളിറ്റിക്കൽ സ്റ്റാൻഡ്. ഈ നീക്കത്തിന് പുറകിൽ ഒരു അജണ്ടയുണ്ട്. ആ അജണ്ട ഫെഡറലിസം ഇല്ലാതാക്കുക എന്നതാണ്. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ നിങ്ങൾക്ക് എതിർപ്പുണ്ടാകും, ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഞങ്ങൾക്കും എതിർപ്പുണ്ടാകും. അപ്പോൾ നമ്മൾ ചർച്ച ചെയ്യും, വോട്ടിനിടും, ചിലപ്പോൾ ശബ്ദവോട്ടുണ്ടാകും, ചിലപ്പോൾ ഡിവിഷനുണ്ടാകും. ജനാധിപത്യത്തിൽ ഒരു ബിൽ അസംബ്ലി പാസ്സാക്കുമ്പോൾ നിങ്ങൾ പ്രതിപക്ഷത്തിരിക്കുന്നുവെന്ന കാരണം കൊണ്ടുമാത്രം അതിന് അംഗീകാരം നൽകരുതെന്ന് പറഞ്ഞാൽ അതിനർത്ഥം ജനാധിപത്യം വേണ്ട എന്നാണോ? അതായത് നമ്മൾ ചർച്ച ചെയ്യുമ്പോൾ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും, ഞങ്ങളുടെ നിലപാടുകളോടെല്ലാം നിങ്ങൾക്ക് യോജിപ്പുണ്ടാകില്ല, നിങ്ങളുടെ വിയോജിപ്പ് ശക്തമായി പ്രകടിപ്പിക്കും. നിങ്ങൾക്ക് ഭേദഗതികൾ

അവതരിപ്പിക്കാം, ചിലപ്പോൾ നമുക്ക് യോജിക്കാവുന്ന ഇടങ്ങളുമുണ്ടാകും. എന്നാൽ നിയമം പാസ്സാക്കുന്നത് ജനാധിപത്യപരമായാണ്. നമ്മളെല്ലാവരും ജനങ്ങളുടെ പ്രതിനിധികളായാണ് ഇവിടെ ഇരിക്കുന്നത്. ആ സാഹചര്യത്തിൽ സഭ ഒരു നിയമം പാസ്സാക്കിയാൽ, ഞങ്ങൾക്ക് ഈ നിയമത്തോട് വിയോജിപ്പുണ്ടെങ്കിലും ജനാധിപത്യത്തോടൊപ്പം ഞങ്ങൾ നിൽക്കുമെന്നും അതുകൊണ്ട് ഈ ബില്ലുകൾക്ക് അംഗീകാരം നൽകണമെന്നും പ്രതിപക്ഷം പറയേണ്ടതല്ലേ? നിങ്ങളുടെ വിയോജിപ്പുകളെല്ലാം ശക്തമായി പ്രകടിപ്പിച്ചോളൂ, വേണമെങ്കിൽ നിങ്ങൾക്ക് കോടതിയിലും പോകാം കാരണം, അവിടെ ജൂഡീഷ്യൽ റിവ്യൂ ഉണ്ട്. പക്ഷേ, ജനാധിപത്യത്തിൽ നിയമസഭ പാസ്സാക്കുന്നൊരു നിയമത്തിന്റെ ബില്ലിന് അസന്റ് ലഭിക്കുന്നില്ലെങ്കിൽ ജനാധിപത്യത്തിന്റെ വക്താക്കളെന്ന നിലയിൽ ആ ബില്ലിന് എതിരാണെങ്കിലും അസന്റ് നൽകണമെന്ന് നിങ്ങൾ പറയേണ്ടതാണ്. ഞങ്ങൾ കോൺഗ്രസ്സിൽ നിന്ന് പ്രതീക്ഷിക്കുന്നത് അതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷനും കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബും ചേർന്ന് നടത്തിയ

പരിപാടിയിൽ സി.പി.ഐ.(എം)-നെ പ്രതിനിധീകരിച്ച് ഡോ. ടി. എം. തോമസ് ഐസക്കും കോൺഗ്രസിനെ/യു.ഡി.എഫ്.-നെ പ്രതിനിധീകരിച്ച് ഞാനുമാണ് പങ്കെടുത്തത്. കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള അധികാരങ്ങളിൽ മന്ത്രിസഭയുടെ റെക്കമെന്റേഷൻ അംഗീകരിക്കണം. ലെജിസ്ലേച്ചർ പാസ്സാക്കുന്ന ബില്ലുകൾ ബഹുമാനപ്പെട്ട ഗവർണ്ണർ പിടിച്ചുവയ്ക്കുന്നത് ശരിയല്ലെന്ന് തന്നെയാണ് ഞങ്ങളുടെ അഭിപ്രായമെന്ന് ഞാൻ അവിടെ വ്യക്തമാക്കിയതാണ്. അക്കാര്യം ഞാൻ ഇവിടെയും പറഞ്ഞു. പക്ഷെ ആ ബില്ലുകൾ പാസ്സാകുന്നമുറയ്ക്ക് ഞങ്ങൾ കോടതിയിൽ പോകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. ഗവർണ്ണർ പാസ്സാക്കിയാൽ മാത്രമേ ആക്ട് ആകുകയുള്ളൂ. എന്നാൽ അദ്ദേഹത്തിന് അത് പിടിച്ചുവയ്ക്കാനുള്ള അധികാരമില്ലെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഞങ്ങൾക്ക് രാജസ്ഥാനിൽ ഒരഭിപ്രായവും ഛത്തീസ്ഗഢിൽ മറ്റൊരഭിപ്രായവും കേരളത്തിൽ വേറൊരഭിപ്രായവും പറയാൻ കഴിയില്ലല്ലോ? ബില്ലുകൾ സംബന്ധിച്ച് നാഷണൽ വൈഡായിട്ടുള്ള അഭിപ്രായങ്ങളാണ് ഞങ്ങൾ പറയുന്നത്. തെറ്റായ ഓർഡിനൻസും മറ്റും വരുമ്പോൾ അത് ചെയ്യരുത്, കറക്ട് ചെയ്യണമെന്നൊക്കെയാവശ്യപ്പെട്ട് ഞങ്ങൾ ബഹുമാനപ്പെട്ട

ഗവർണ്ണറെ കണ്ടിട്ടുണ്ട്. മുമ്പ് നിങ്ങളും അങ്ങനെ ചെയ്തിട്ടുണ്ട്. അദ്ദേഹം കോൺസ്റ്റിറ്റ്യൂഷണൽ അതോറിറ്റിയും ചാൻസലറുമായതുകൊണ്ട് അദ്ദേഹത്തെ പോയി കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ക്ലാരിറ്റിയുള്ള കാര്യങ്ങൾ തന്നെയാണ്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഈ നിയമസഭ പാസ്സാക്കിയ എല്ലാ ബില്ലുകളും ഗവർണ്ണർ അടിയന്തരമായി അസന്റ് നൽകണമെന്നത് ഈ സഭയുടെ ഏകകണ്ഠമായ അഭിപ്രായമായിമാറിയതിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ എമർജൻസി ഉണ്ടോ ഇല്ലയോ എന്നുള്ളത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോഴും അത്തരത്തിലുണ്ടാകാം. നിങ്ങൾക്ക് വിയോജിപ്പുണ്ടാകാം. കാരണം, എക്സിക്യൂട്ടീവിനും കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സിനുംവേണ്ടി ഗവർണ്ണറാണ് ഓർഡിനൻസ് promulgate ചെയ്യുന്നത്. പക്ഷേ നിയമസഭ പാസ്സാക്കുന്ന ബില്ലിന് ഈ നിയമസഭയുടെ ഏകകണ്ഠമായ അഭിപ്രായം ബഹുമാനപ്പെട്ട ഗവർണ്ണർ അസന്റ് നൽകണമെന്നുള്ളതുതന്നെയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്.

ജവഹർലാൽ നെഹ്റുവിന്റെ കാലംമുതൽ ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടതുപക്ഷവത്കരണമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ആർ.എസ്.എസ്. പറയുകയാണ്. ഇന്ത്യയിൽ ജെ.എൻ.യു. ഉൾപ്പെടെയുള്ള സർവ്വകലാശാലകളുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ ശക്തമായ പുരോഗമന നിലപാട് സ്വീകരിച്ച വ്യക്തിയാണ് ജവഹർലാൽ നെഹ്റു. അദ്ദേഹത്തിന്റേത് ഇടതുപക്ഷ നിലപാടുകളാണ്. ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ അത് തകർക്കാനാണ് ഞങ്ങളുടെ ശ്രമമെന്ന് സംഘപരിവാർ പറയുമ്പോൾ കേരളത്തിലിരുന്ന് കൂപമണ്ഡൂകങ്ങളെപ്പോലെ കേരളത്തിൽ ഞങ്ങൾക്ക് സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും ഒരുപോലെയാണെന്നും ദേശീയതലത്തിൽ ഞങ്ങൾ ബി.ജെ.പി.-ക്ക് എതിരാണെന്നും നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ഇടതുപക്ഷത്തിന് വലിയ സ്വാധീനമുണ്ടായ സംസ്ഥാനമായ തെലുങ്കാനയിൽ ഇലക്ഷൻ നടന്നപ്പോൾ ഞങ്ങൾ ടി.ആർ.എസ്.-നെ അനുകൂലിച്ചാണ് വോട്ട് ചെയ്തത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഒന്ന് വഴങ്ങുമോ?

<u>മി. സ്പീക്കർ</u>: ഇല്ല... മന്ത്രി വഴങ്ങുന്നില്ല.

ശ്രീ. പി. രാജീവ്: സർ, കേരളത്തിലെ കോൺഗ്രസ് ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയണം. വിമോചന സമരത്തെ പിന്തുണയ്ക്കുമെന്ന് പറയാൻ കെ.പി.സി.സി. പ്രസിഡന്റ് ധൈര്യം കാണിച്ചു. അദ്ദേഹം അങ്ങനെ പറഞ്ഞതിന്റെ അടുത്ത നിമിഷം ഇരട്ട സഹോദരനെപ്പോലെ ബി.ജെ.പി. പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രൻ പറഞ്ഞത്, എനിക്ക് ഈ ഗവൺമെന്റിന്റെ വലിച്ച് താഴെയിടാൻ അഞ്ച് മിനിട്ട് മതിയാകുമെന്നാണ്. 1959-ൽ വിമോചന സമരത്തെത്തുടർന്ന് ഗവൺമെന്റ് പിരിച്ചുവിട്ടു. അന്ന് കേന്ദ്രത്തിലും ഇവിടെയും കോൺഗ്രസാണ് ഭരിച്ചിരുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അതിനുശേഷം അവിടെപ്പോയി മത്സരിച്ചില്ലേ?

ശ്രീ. പി. രാജീവ്: സർ, ശ്രീ. ഷാഫി പറമ്പിൽ, ഈ ചരിത്രമെല്ലാം പറഞ്ഞുപോയതാണ്.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ അവിടെ ഇരിക്കു..... പ്ലീസ്....ഇനി മൂന്ന് ബില്ലുകൾ കൂടിയുണ്ട്.

ശ്രീ. പി. രാജീവ്: സർ, 1959-ലെ വിമോചന സമരത്തിനൊപ്പം ഇവിടെയും കേന്ദ്രത്തിലും കോൺഗ്രസ് ആയിരുന്നു ഭരിച്ചിരുന്നത്. ഇപ്പോൾ

അവിടെ കോൺഗ്രസ് ഇല്ല. ഇവിടെ വിമോചന സമരം വന്നാൽ അവിടെ പിരിച്ചു വിടാൻ കഴിയണം. പക്ഷേ, ഇന്ത്യയിൽ അതിന് സാധിക്കില്ല, കാരണം ബൊമ്മൈ കേസിന്റെ വിധിയെത്തുടർന്ന് സാഹചര്യമാകെ മാറിപ്പോയിരിക്കുകയാണ്. ശ്രീ. പി. അബ്ദുൽ ഹമീദ് സൂചിപ്പിച്ച ചില കാര്യങ്ങൾ പറയണമെന്ന് വിചാരിച്ചിരുന്നു. അദ്ദേഹം സൂചിപ്പിച്ച മറ്റ് കാര്യങ്ങളോടൊന്നും വിയോജിപ്പില്ല. യൂണിവേഴ്സിറ്റികൾക്ക് നൽകുന്ന റാങ്കിംഗിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരള യൂണിവേഴ്സിറ്റിക്ക് എ++-ഉം കാലിക്കറ്റിനും, എം.ജി.-ക്കും എ+-ഉം ലഭിച്ചിട്ടുണ്ട്. അതിന്റെയെല്ലാം കണക്ക് ഇവിടെയുണ്ട്. വിദേശത്തേയ്ക്ക് ആളുകൾ പോകുന്നതിന് പല ഘടകങ്ങളുണ്ട്. ഞങ്ങൾ ഫിൻലാന്റിലേയ്ക്ക് യാത്രപോയപ്പോൾ ഇവിടെനിന്നും പോകുന്നവർക്ക് അവിടെച്ചെന്ന് 15 ദിവസം കൊണ്ട് പി.ആർ. (Permanent Residency) നൽകുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ആളുകളെ ആവശ്യമുണ്ട്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന പല സാമൂഹിക ഘടനയുടെയും മറ്റും ഭാഗമായി ഇവിടെനിന്നും ആളുകളുടെ ഒഴുക്കുണ്ട്. എന്തായാലും നമ്മൾ അതൊക്കെ അഡ്രസ് ചെയ്യേണ്ട പ്രശ്നങ്ങൾ തന്നെയാണ്. നമുക്ക് ഉന്നത വിദ്യാഭ്യാസ

രംഗത്തെ ഏറെ മുന്നോട്ടുകൊണ്ടുപോകുന്നതിന് അത് സഹായകമാകും. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ സഭയിൽ ഇല്ല. അദ്ദേഹം ടീച്ചിംഗ് എക്സ്പീരിയൻസിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. യു.ജി.സി. മാനദണ്ഡമനുസരിച്ച് പ്രൊഫസറാകാൻ ടീച്ചിംഗ് എക്സ്പീരിയൻസ് ആവശ്യമില്ല, റിസർച്ച് എക്സ്പീരിയൻസ് ഉണ്ടായിരുന്നാൽ മതി. ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല കഴിഞ്ഞ ചർച്ചയിൽ വളരെ പ്രസക്തമായൊരു കാര്യം പറഞ്ഞു, അദ്ദേഹവും ഇപ്പോൾ സഭയിലില്ല. അദ്ദേഹം പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. പുതിയ യു.ജി.സി. റഗുലേഷൻ അനുസരിച്ച് ഇന്റർവ്യൂ-നാണ് നൂറ് ശതമാനം മാർക്ക് നൽകുന്നത്. നേരത്തെ എൺപത് + ഇരുപത്, അല്ലെങ്കിൽ എഴുപത് + മുപ്പത് എന്നായിരുന്നു. ഷോർട്ട് ലിസ്റ്റ് ചെയ്താൽപ്പിന്നെയുള്ളത് ഇന്റർവ്യൂ-ന്റെ മാർക്കാണ്. രാജ്യത്ത് പല താല്പര്യങ്ങളുണ്ടാകും. യു.ജി.സി. അത് അംഗീകരിക്കുമ്പോൾ മറ്റ് അപകടകരമായ കാര്യങ്ങളുണ്ടാകും. സബ്ജക്ട് കമ്മിറ്റിക്ക് പോയിവന്നശേഷം അത്തരം കാര്യങ്ങൾ പരിശോധിക്കാം. എന്തായാലും വളരെ അർത്ഥവത്തായൊരു ചർച്ച നടന്നു. നമുക്ക് ചാൻസലറായി ഗവർണ്ണർ വേണ്ടതില്ലെന്ന് ഈ സഭയ്ക്ക് ഏകകണ്ഠമായ

അഭിപ്രായമാണുള്ളത്. മറ്റ് കാര്യങ്ങളിലാണ് വ്യത്യസ്ത അഭിപ്രായമുള്ളത്. പിന്നെ ചുമതല ഏൽപ്പിക്കുന്നത് സംബന്ധിച്ചുള്ള കാര്യവും ഇപ്പോഴത്തെ നിയമം എതാണോ അതനുസരിച്ചുള്ള കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം. അതുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

## 2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ……….

പ്രതികൂലിക്കുന്നവർ ……….

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ……….

പ്രതികൂലിക്കുന്നവർ ……….

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

മി.സ്പീക്കർ: ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ, അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(Not in the seat)

<u>മി.സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI -ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (2-ാം ഭേദഗതി) ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (2-ാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) (2-ാം ഭേദഗതി) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII -ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിലെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കേരള നിയമസഭ 2018-ലെ കേരള

ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പാസ്സാക്കിയത്. 01-01-2019 മുതലാണ് പ്രസ്തുത നിയമം നിലവിൽ വന്നത്. ഏതാണ്ട് ഒരു വർഷത്തിനുശേഷം, 2020 ജനുവരിയിൽ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. തുടർന്ന് 2022 മാർച്ച് വരെ കേരളം കോവിഡിന്റെ ഒന്നും രണ്ടും മൂന്നും തരംഗങ്ങളിലൂടെ കടന്നുപോയ സാഹചര്യം നമ്മുടെ മുന്നിലുണ്ട്. നമ്മുടെ ആരോഗ്യസ്ഥാപനങ്ങൾ, ആശുപത്രികളുടെ പ്രവർത്തനം തുടങ്ങിയവ കോവിഡ് ചികിത്സയ്ക്കും പ്രതിരോധത്തിലും കേന്ദ്രീകൃതമായിരുന്നു. ആരോഗ്യപ്രവർത്തകർ കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായിരുന്നു മുൻഗണന നൽകിയത്. ഈ സാഹചര്യത്തിൽ ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. അതിന് അനിവാര്യമായ ചില ഭേദഗതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്. 18-ാം വകുപ്പിൽ താല്ക്കാലിക രജിസ്ട്രേഷൻ എടുത്തവർക്ക് പെർമനന്റ് രജിസ്ട്രേഷൻ നേടാനുള്ള കാലാവധി 'നാല് വർഷകാലം വരെ' എന്നീ വാക്കുകൾക്കുപകരം "നാല് വർഷവും ആറ് മാസവും വരെ" എന്നീ വാക്കുകൾ ചേർക്കണമെന്നതാണ് ആദ്യ ഭേദഗതി.

51-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നല്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി പ്രസ്തുത വൈഷമ്യം നീക്കം ചെയ്യാൻ കഴിയുന്നതാണ്. തുടർന്ന് 2021 ഡിസംബറോടുകൂടി കാലാവധി അവസാനിച്ചിരുന്നു. നിശ്ചിത കാലാവധി കുടി ദീർഘിപ്പിക്കണമെന്നതാണ് അടുത്ത ഭേദഗതി. 2 വർഷം എന്നത് 4 വർഷമെന്നാക്കി മാറ്റണം. ഈ രണ്ട് ഭേദഗതികളുമാണ് അവതരിപ്പിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. സുജിത് വിജയൻപിള്ള): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ലോക പ്രശസ്തി നേടിയ 'കേരള മോഡൽ ഹെൽത്ത് കെയർ സിസ്റ്റം' അതാണ് നാം അഭിമാനിക്കുന്ന മോഡൽ. ഇത്തരത്തിൽ ആരോഗ്യ

മേഖലയെ മികവിൽ നിലനിർത്തുന്നതിന് നിരന്തരമായ ഇടപെടൽ ആവശ്യമാണ്. ഓരോ കാലഘട്ടത്തിലും വൈവിദ്ധ്യങ്ങളായ വെല്ലുവിളികൾ നമുക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. അതെല്ലാം സമയബന്ധിതമായി മറികടക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഈ മികവ് നിലനിർത്താൻ നമുക്ക് സാധിക്കുന്നത്. അത് സാംക്രമിക രോഗങ്ങളായിട്ടും ജീവിത ശൈലീ രോഗങ്ങളായിട്ടുമൊക്കെ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നമുക്ക് മുമ്പിലുള്ളത്. വിവിധ തരത്തിലുള്ള ജനിതക രോഗങ്ങൾ, അർബുദം, ആക്സിഡന്റ് ട്രോമാ കെയർ തുടങ്ങിയവയെല്ലാം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ കൈകാര്യം ചെയ്യുന്നതിന് പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള പരിഷ്കാരങ്ങൾ ആവശ്യമാണ്. അതുകൊണ്ടാണ് വിവിധ ആരോഗ്യ സ്ഥാപനങ്ങൾ മിനിമം ഡിസയറബിൾ സ്റ്റാൻഡേർഡ് ഉറപ്പാക്കുന്നതിനുവേണ്ടി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്, 2018 ജനുവരി 1 മുതൽ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് താല്ക്കാലികമായി പ്രാബല്യത്തിൽ വന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, ആ കാലഘട്ടത്തിൽ നിരവധി പ്രതിസന്ധകളിലൂടെ നാം കടന്നുപോകുകയുണ്ടായി. കോവിഡ്-19 നും

അതിനോടനുബന്ധിച്ചുണ്ടായ കോവിഡാനന്തര സാമ്പത്തിക മാന്ദ്യവുമെല്ലാം എടുത്തുപറയേണ്ടതാണ്. നിയമസഭയ്ക്കുള്ളിലും അതുപോലെ പൊതുജനാഭിപ്രായം ആരാഞ്ഞും വിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചും നിരവധി തവണ ചർച്ച ചെയ്തതിനുശേഷമാണ് ആക്ട് നിലവിൽ വന്നത്. എന്നിരുന്നാലും ആരോഗ്യ മേഖലയിലെ വിവിധ സ്ഥാപന ഉടമകൾക്ക് ഇപ്പോഴും നിരവധി ആശങ്കകളാണുള്ളത്. കോവിഡ് 19-ന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും പ്രതിസന്ധികൾക്കിടയിലും നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ പദ്ധതികൾ നടപ്പിലാക്കിയതുവഴി സ്വകാര്യമേഖലയിലുള്ളതും പൊതുമേഖലയിലുള്ളതുമായ ആരോഗ്യ സ്ഥാപനങ്ങളിൽ പലതിനും ഭൗതികമായി ഒരുപാട് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് ആവശ്യമാണ്. അത്തരത്തിലുള്ള വിവിധ വെല്ലുവിളികൾ നമ്മുടെ മുന്നിലുണ്ട്. ആയതിനാൽ പ്രസ്തുത ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് കുറച്ചുകൂടി സമയം അനുവദിക്കണമെന്നതാണ് എന്റെ ആദ്യത്തെ അഭ്യർത്ഥന. പുകൾപെറ്റ ആരോഗ്യമേഖലയ്ക്ക് സ്വകാര്യ മേഖല നൽകിയ പങ്ക് വളരെ വലുതാണ്.

ഇപ്പോഴും ആരോഗ്യമേഖലയ്ക്ക് 60 ശതമാനത്തോളം സംഭാവന നല്കുന്നത് സ്വകാര്യമേഖലയാണെന്നത് നമുക്ക് വിസ്മരിക്കാനാകില്ല. നിലവിലുള്ള സംവിധാനങ്ങളോടുകൂടി തന്നെയാണ് ഇത്തരത്തിലുള്ള നേട്ടങ്ങൾ നാം ആർജ്ജിച്ചത്. ഇത്തരം സംവിധാനങ്ങളെ സംശയിക്കേണ്ട സാഹചര്യമില്ലെന്നാണ് ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മാനദണ്ഡങ്ങളനുസരിച്ച് മാറ്റം വരുത്താൻ കൂടുതൽ സമയം അനുവദിക്കണമെന്ന് ഞാൻ ആവർത്തിച്ച് അഭ്യർത്ഥിക്കുന്നു.

എക്സ്പീരിയൻസ്ഡും ക്വാളിഫൈഡുമായിട്ടുള്ള നഴ്സുമാരുടെ അഭാവമാണ് കേരളത്തിലെ ആരോഗ്യമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം; പ്രത്യേകിച്ചും സ്വകാര്യ മേഖലയിൽ. ലോകത്തെമ്പാടും കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി നഴ്സുമാരുടെ കുറവുള്ളതിനാൽ, നമ്മുടെ നാട്ടിലെ ക്വാളിഫൈഡായിട്ടുള്ള നഴ്സസുമാർക്ക് ഒരുപാട് അവസരങ്ങൾ വിദേശ രാജ്യങ്ങളിൽ ലഭിക്കുകയാണ്. ഇത്തരം സാദ്ധ്യതകൾ അവർ പരമാവധി ഉപയോഗപ്പെടുത്തുന്നുമുണ്ട്. അതിന്റെ ഫലമായി നമ്മുടെ നാട്ടിൽ നഴ്സുമാരുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിയമമനുസരിച്ച് 100 ബെഡ്ഡുകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്ക്

നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിക്കും. പക്ഷെ കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ മാനദണ്ഡമനുസരിച്ച് കുറഞ്ഞത് 300 ബെഡ്ഡുകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾക്കുമാത്രമേ എൻ.ഒ.സി. നൽകുകയുള്ളൂ. നമ്മുടെ നാട്ടിൽ മെഡിക്കൽ കോളേജ് ഉൾപ്പെടെ 30-35 ഹോസ്പിറ്റലുകൾ മാത്രമേ ഈ ഗണത്തിൽ ഉൾപ്പെടുകയുള്ളൂ. പുതിയ കോളേജുകൾ തുടങ്ങാൻ ഒരുപാട് പ്രതിസന്ധികളുണ്ട്. താലൂക്ക് ആശുപത്രികളെല്ലാം മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളായി മാറിക്കഴിഞ്ഞു. 100-ലധികം ബെഡ്ഡുകളുള്ള ഒരുപാട് താലൂക്ക് ആശുപത്രികളുണ്ട്. ഇങ്ങനെയുള്ള ഹോസ്പിറ്റലുകളിൽ നഴ്സിംഗ് കോഴ്സുകളടക്കമുള്ള പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാവുന്നതാണ്. അതുകൊണ്ട് അക്കാര്യം പരിശോധിച്ച് അവശ്യമായ നിയമനിർമ്മാണങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിക്കുമ്പോൾ പ്രത്യേകിച്ചും ലാബുകളിൽ, ഹ്യൂമൻ റിസോഴ്സസിന്റെ കാര്യങ്ങൾ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. നമ്മുടെ നാട്ടിൽ അയ്യായിരത്തിലധികം ലാബുകളുണ്ട്. ലെവൽ-1, ലെവൽ-2, ലെവൽ-3 എന്നിങ്ങനെ പല കാറ്റഗറിയിലാണത്. ഇരുപത്തിഅയ്യായിരത്തിലധികം സ്റ്റാഫുകളാണ്

വിവിധ ലാബുകളിലായി ജോലി ചെയ്യുന്നത്. ലാബുകളിൽ ഏറിയ പങ്കം ജോലി ചെയ്യുന്നത് വനിതാ ജീവനക്കാരാണ്. ലാബ് ടെക്നീഷ്യന്മകളിൽ പലരും പ്രൈവറ്റ് മേഖലയിൽനിന്ന് വന്നിട്ടുള്ളവരായതിനാൽ ഇവർക്ക് രജിസ്ട്രേഷൻ സംവിധാനമില്ലായെന്നുള്ളത് പോരായ്മയായി വന്നിട്ടുണ്ട്. നിലവിലുള്ള ഇരുപത്തിഅയ്യായിരത്തിന് മുകളിൽ വരുന്ന ലാബ് ടെക്നീഷ്യന്മാരുടെ ജോലിയും ലാബുകളും നിലനിർത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. ഒരു സുപ്രഭാതത്തിൽ പെട്ടെന്നത് അടച്ച് പൂട്ടപ്പെടേണ്ടിവന്നാൽ അത് നമ്മുടെ ആരോഗ്യ സംവിധാനങ്ങൾക്കുതന്നെ ധാരാളം പ്രശ്നങ്ങൾക്ക് കാരണമാകും. ലെവൽ-1 എന്ന കാറ്റഗറിയിൽ വരുന്ന ലാബ് ടെക്നീഷ്യൻസിന്റെ ക്വാളിഫിക്കേഷൻ പരിശോധിച്ചാൽ എം.എൽ.ടി., ഡി.എം.എൽ.ടി., ബി.എസ്.സി.-എം.എൽ.ടി. എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ വരുന്നുണ്ട്. അതെല്ലാം സസൂക്ഷ്മം പരിശോധിച്ച് ഇവരെക്കൂടി ഉൾക്കൊള്ളുന്ന രീതിയിൽ പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച്, അവരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന രീതിയിലുള്ള നിലപാടുകളെടുക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്. അതുപോലെ ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യം, ഹൈവേ

വികസനത്തിന്റെ ഭാഗമായി ലാബുകളും ധാരാളം കൊമേഴ്സ്യൽ കോംപ്ലക്സുകളും പൊളിഞ്ഞുപോയി. അതെല്ലാം പുതിയതായി നിർമ്മിക്കാൻ വളരെയധികം സമയമെടുക്കും. ലാബുകൾക്ക് മിനിമം അഞ്ഞൂറും ആയിരത്തിഅഞ്ഞൂറും സ്ക്വയർ ഫീറ്റ് വേണമെന്ന രീതിയിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ പ്രത്യേകതയനുസരിച്ച് അത് അത്രത്തോളം എളുപ്പമല്ല. വലിയ ഭീഷണിയായി അത് നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ നിലനിന്ന് പോകുകയെന്ന വലിയ ഉദ്ദേശ്യത്തോടുകൂടി ഇതെല്ലാം കാണേണ്ടതുണ്ട്. മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ വലിയ രീതിയിലുള്ള ചർച്ചകളുണ്ടാകണം. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ സിസ്റ്റത്തിലെയും പ്രൊഫഷണലുകൾ, ഹോസ്പിറ്റൽ മാനേജ്മെന്റ്, ലാബ് ടെക്നീഷ്യന്മാർ/അവരുടെ റെപ്രസന്റേറ്റീവ്സ്, ലാബ് ഓണേഴ്സിന്റെ റെപ്രസന്റേറ്റീവ്, ജനപ്രതിനിധികൾ എന്നിവരടക്കം ഉൾപ്പെടുന്ന വലിയൊരു ബോഡിതന്നെയാകണം സ്റ്റേറ്റ് ലെവലിലും ഡിസ്ട്രിക്ട് ലെവലിലും മാനദണ്ഡങ്ങൾ നിശ്ചയിക്കാനുള്ളത്. ഓരോ സ്ഥാപനത്തിന്റെയും അക്രെഡിറ്റേഷനും രജിസ്ട്രേഷനും അസസ്മെന്റിനായെടുക്കുമ്പോൾ അതിലും സുതാര്യതയുണ്ടാകുമെന്ന് ഉറപ്പുവരുത്തേണ്ട ചുമതല നമുക്കുണ്ട്.

അതിനുവേണ്ടി രജിസ്ട്രേഷൻ രാജ് ഒഴിവാക്കാനുള്ള എല്ലാ പരിശ്രമങ്ങളുമുണ്ടാകണമെന്നാണ് മറ്റൊരു നിർദ്ദേശമായി പറയാനുള്ളത്. ആശുപത്രിയിലെ ചികിത്സാ ചെലവുകൾ ഡിസ്പ്ലേ ചെയ്യണമെന്നുള്ള രീതിയിൽ മാനദണ്ഡം വിവരിക്കുകയുണ്ടായി. അതിലെ പ്രായോഗിക ബുദ്ധിമുട്ട് എന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഒരേ രോഗം പല രോഗികളിലും വ്യത്യസ്ത രീതിയിലാണ് പ്രതികരിക്കുന്നത്. ഒരു രോഗം 10 ദിവസംകൊണ്ട് ചികിത്സിച്ച് മാറ്റാൻ പറ്റുമെന്ന് നമുക്ക് കൃത്യമായി പറയാൻ കഴിയില്ല. പ്രമേഹം, ബ്ലഡ് പ്രഷർ തുടങ്ങിയ കോ-മോർബിഡിറ്റി അസുഖങ്ങളെല്ലാം പല രോഗികളിലും പലരീതിയിലുണ്ടാകുന്നതിനാൽ പ്രതികരിക്കുന്നത് എങ്ങനെയാണെന്ന് കൃത്യമായി പറയാൻ സാധിക്കുന്നില്ല. ഒരു പാക്കേജായി നിർണ്ണയിച്ച് ഡിസ്പ്ലേ ചെയ്യുമ്പോൾ അത് ഹോസ്പിറ്റലുകൾക്കോ ഡോക്ടേഴ്സിനോ കൃത്യമായി പാലിക്കാൻ കഴിയുമോയെന്നത് വലിയൊരു വെല്ലുവിളി തന്നെയായിരിക്കും. മാത്രമല്ല, ഇങ്ങനെ ഡിസ്പ്ലേ ചെയ്യുന്നത് ആ ഹോസ്പിറ്റലിന് പ്രാവർത്തികമാക്കാൻ സാധിച്ചില്ലെങ്കിൽ അത് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയുമൊക്കെ വലിയ അമർഷത്തിന് കാരണമാകും. ഇപ്പോൾത്തന്നെ വിവിധ സ്ഥാപനങ്ങളിൽ

ഡോക്ടർമാർക്കെതിരെയും ആരോഗ്യ പ്രവർത്തകർക്കെതിരെയുമുള്ള അതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. അത് കൂടുതൽ സങ്കീർണ്ണമാകാൻ ഒരു കാരണംകൂടിയാണിത്. അതുപോലെ, ഒരു ഡോക്ടർ negligent ആണെന്ന് കണ്ടെത്തിക്കഴിഞ്ഞാൽ ആ ഹോസ്പിറ്റലിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ കഴിയുന്നരീതിയിലുള്ള പ്രൊവിഷൻ വരാൻ സാധ്യതയുണ്ടെന്ന് കേട്ടു. ചിലപ്പോൾ ആ സ്ഥാപനത്തിൽ നൂറിലധികം ആരോഗ്യപ്രവർത്തകർ ജോലിചെയ്യുന്നുണ്ടാകും. അങ്ങനെ വരുമ്പോൾ ഒരാളുടെ തെറ്റിന് ബാക്കിയെല്ലാവരെയും പീനലൈസ് ചെയ്യുന്ന രീതിയിലേയ്ക്ക് ആ സംവിധാനമെത്തും. അതിനാൽ അങ്ങനെയുള്ള മാനദണ്ഡങ്ങൾ കഴിവതും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതുപോലെ നിരവധി പ്രശ്നങ്ങളുണ്ട്. എക്സ്പെർട്ട് പാനലിലടക്കം പ്രധാനമായും മാനദണ്ഡങ്ങൾ വരുമ്പോഴാണ് ഇങ്ങനെയുള്ള പ്രശ്നങ്ങൾ കറക്ട് ചെയ്യാൻ സാധിക്കുന്നത്. മെഡിക്കൽ ക്യാമ്പുകളൊന്നും ഒഴിവാക്കാൻ കഴിയുന്ന കാര്യങ്ങളല്ല. അതിനെ എങ്ങനെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുക, കാരണം പ്രത്യേകിച്ചും ആരോഗ്യ വകുപ്പിന്റെ കീഴിൽ ക്രിയാത്മകമായ ഇടപെടലാണ് നടത്തുന്നത്.

ഒരു രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് അതിനെ പ്രതിരോധിക്കുകയെന്ന കൺസെപ്റ്റിൽ നാടൊട്ടാകെ വലിയ രീതിയിലുള്ള മെഡിക്കൽ ക്യാമ്പുകളും സർവ്വേകളുമാണ് നടന്നുകൊണ്ടിരിക്കുന്നത്. 30 വയസ്സുള്ള എല്ലാ വ്യക്തികളെയും വീടുകളിൽ പോയി സർവ്വേ ചെയ്തുകൊണ്ട് പ്രമേഹം, ബ്ലഡ് പ്രഷർ, കാൻസറടക്കമുള്ള രോഗങ്ങൾ വളരെ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കാനുള്ള ക്യാമ്പുകൾ ഗവൺമെന്റ്-പ്രൈവറ്റ് മേഖലകളിൽ നടക്കുന്നുണ്ട്. ഇതിനെയൊക്കെ എങ്ങനെ ഉൾക്കൊള്ളാൻ സാധിക്കുമെന്ന് പരിഗണിക്കണം. ഇത്തരം നിരവധി ആശങ്കകൾ ഇത്തരുണത്തിൽ അഡ്രസ്സ് ചെയ്യേണ്ടിവരും. ഇതെല്ലാം പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു മാറ്റം വരുത്താനാണ് ഞാൻ ഈയൊരു നിർദ്ദേശം ഉന്നയിക്കുന്നത്.

ചെയർപേഴ്സൺ: സമയബന്ധിതമായിത്തന്നെ ബഹുമാനപ്പെട്ട അംഗം ചർച്ച അവസാനിപ്പിച്ചു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി)

ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം 1957 മുതൽ ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വളരെ വ്യത്യസ്തമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയ ചരിത്രമാണ് നമുക്കുള്ളത്. ആ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങളിലൊന്നാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട്. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും പ്രത്യേക സൂചകങ്ങളായ കുറഞ്ഞ ശിശു-മാതൃമരണ നിരക്കും പ്രതീക്ഷിത ആയുസ്സിന്റെ വർദ്ധനവുൾപ്പെടെയുള്ള വിവിധ സൂചകങ്ങളെ ഓരോ കാലഘട്ടത്തിലും ഗുണപരമായി മാറ്റിയെടുക്കുന്ന കാര്യത്തിൽ ആരോഗ്യമേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് യഥാർത്ഥത്തിൽ ദീർഘകാല ചരിത്രമാണുള്ളത്. ഈയൊരു അവസ്ഥയിലേയ്ക്ക് നമ്മളെത്തിച്ചേർന്നതിന് കാരണം, പൊതുജനങ്ങളുടെ ആരോഗ്യ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച സേവനം ലഭ്യമാക്കുകയെന്ന കാഴ്ചപ്പാട് കാലാകാലങ്ങളിൽ മാറിവന്ന എല്ലാ ഗവൺമെന്റിന്റെയും ഭാഗത്ത് എല്ലാ കാലഘട്ടത്തിലുമുണ്ടായിട്ടുള്ളതാണ്. ഞാൻ ഇന്നിവിടെ നിൽക്കുമ്പോൾ

വളരെ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന കാര്യം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരളത്തിലെ 14 ജില്ലകളിൽ ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് കാത്ത് ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ പ്രത്യേക താൽപ്പര്യംകൂടി കണക്കിലെടുത്ത് മലയോര മേഖലയായ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാൻ കഴിഞ്ഞതാണ് അതിന്റെ ഏറ്റവും വലിയ ഗുണം. കഴിഞ്ഞ ദിവസം അവിടെയുള്ള ഡോക്ടർമാരെയുൾപ്പെടെ നാട്ടുകാർ അഭിനന്ദിച്ച ചടങ്ങിൽ അതിഥിയായി പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചു. എന്റെ പൊതുജീവിതത്തിൽ ഇത്രയും സന്തോഷകരമായ ചടങ്ങിൽ ഇതുവരെ പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഞാൻ തുറന്ന് പറയുകയാണ്. കാരണം, വളരെ ചുരുങ്ങിയ കാലഘട്ടംകൊണ്ട് 550-ഓളം കേസുകളാണ് നടത്തിയത്. മറ്റ് ആശുപത്രികളിൽ രണ്ടര ലക്ഷം മുതൽ മൂന്നലക്ഷം രൂപ വരെ വാങ്ങുന്ന ചികിത്സയ്ക്ക്, മലയോര മേഖലയിൽ പ്രത്യേകിച്ചും ഇടുക്കിയുടെ ഒരു പ്രദേശവും അതൊടൊപ്പം കോട്ടയം ജില്ലയിലെ മലയോരമേഖലയും ഉൾപ്പെടുന്ന

മേഖലകളിലെ സാധാരണക്കാർക്ക് കേവലം 5000 രൂപയ്ക്ക് അല്ലെങ്കിൽ 20,000 രൂപയ്ക്ക് ചികിത്സ ലഭ്യമാക്കിക്കൊണ്ട് ആരോഗ്യരംഗത്ത് കേരളം നടത്തിയ പരിവർത്തനത്തിന്റെ, വലിയ മാറ്റത്തിന്റെ ഒരുദാഹരണം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിച്ചതാണ്. ഇതുമാത്രമല്ല, ആർദ്രം മിഷൻ പദ്ധതി വന്നതോടുകൂടി സംസ്ഥാനത്തെ ആശുപത്രികളിലെ പഴയകാല രീതികൾ മാറി. സർക്കാർ ആശുപത്രികളിലേയ്ക്ക് കടന്നുചെന്നാൽ ഇരുണ്ട മുറികളും ഒരു രോഗവുമായി ചെന്നാൽ മറ്റ് പല രോഗങ്ങളുമായി തിരിച്ച് വരുന്നതുമായ അവസ്ഥ ഒരു കാലഘട്ടത്തിലുണ്ടായിരുന്നു. എന്നാൽ, ഇന്ന് വെട്ടവും വെളിച്ചവുമൊക്കെയുള്ള, വളരെ മനോഹരമായ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാനമേഖലയിൽ നടത്തിയ മാറ്റങ്ങൾ യഥാർത്ഥത്തിൽ വലിയൊരു കാര്യമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ആരോഗ്യരംഗത്ത് കേരളം കൊണ്ടുവന്ന സാമൂഹ്യനിയന്ത്രണങ്ങളുടെ കാര്യമാണ്. എനിക്കുമുമ്പ് സംസാരിച്ച ഡോ. സുജിത് വിജയൻപിള്ള സൂചിപ്പിച്ചതുപോലെ ഇന്ന് കേരളത്തിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം, നഴ്സിംഗ് മേഖലയിൽ ആവശ്യക്കാരുടെ ആവശ്യത്തിനനുസരിച്ച് പഠിക്കാനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അതായത്, നഴ്സിംഗ് കോളേജുകൾ കേരളത്തിലില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അദ്ദേഹം സൂചിപ്പിച്ചതിനെ വളരെ പ്രാധാന്യത്തോടെ ഞാൻ പിന്താങ്ങുകയാണ്. 150 ബെഡ് മതിയെന്ന് പറയുമ്പോൾ, കേരളത്തിലെ ആരോഗ്യ സർവ്വകലാശാലയ്ക്കുമാത്രം ഒരു പ്രത്യേക നിയമമുണ്ടാക്കി 300 ബെഡുകളുള്ള ആശുപത്രികൾക്കുമാത്രമേ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന നിലപാടുമൂലം കേരളത്തിലെ ധാരാളം കുട്ടികൾക്ക് അന്യസംസ്ഥാനങ്ങളിൽ നഴ്സിംഗ് പഠിക്കാൻ പോകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അങ്ങനെ പോകുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടം, കേരളത്തിന്റെ പൊതുരംഗത്ത് ചെലവഴിക്കേണ്ട ലക്ഷക്കണക്കിന് രൂപ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ആ കുട്ടികളുടെ പഠനകാലത്ത് അവർ ചെലവഴിക്കുന്ന തുക മുഴുവൻ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കി, ആവശ്യത്തിനനുസരിച്ച് ക്രമീകരണങ്ങളുണ്ടാക്കി നമ്മുടെ കുട്ടികൾക്ക് ഇവിടെ പഠിക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനുള്ള നടപടിയുണ്ടാകണം. നമ്മൾ ചിലകാര്യങ്ങളിൽ ആവശ്യമില്ലാത്ത....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങ് ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സൂചിപ്പിക്കുന്നത്. കേരളത്തിൽനിന്ന് 40000 കുട്ടികൾ എല്ലാവർഷവും വിദേശ രാജ്യങ്ങളിലേയ്ക്ക് വിവിധ കോഴ്സുകൾ പഠിക്കാൻ പോകുന്നുണ്ട്. അവർ പ്രധാനമായും പോകുന്നത് ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന അമേരിക്ക, കാനഡ, ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങളിലേയ്ക്കാണ്. അവർ തിരിച്ചുപോലും വരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അവർ അവിടെ പഠിച്ച്, ജോലിവാങ്ങി, അവിടെ ജീവിച്ച്, അവിടെ സ്ഥിരമായ റസിഡൻസ് ഉണ്ടാക്കാനുള്ള താല്പര്യവുമായാണ് പോകുന്നത്. എന്തുകൊണ്ടാണ് അങ്ങനെ പോകുന്നതെന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികൾ അപ്ഡേറ്റ് ചെയ്യുന്നില്ല. കേരളത്തിൽ ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുണ്ട്. ആ സർവ്വകലാശാലയിൽ പുതിയ സിലബസ് വരുന്നില്ല. വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് പഠിപ്പിക്കുന്ന സംവിധാനങ്ങൾ ഇവിടെ ഉണ്ടാകാത്ത സാഹചര്യമുണ്ട്. അങ്ങ് ഭാവിതലമുറയുമായി ബന്ധപ്പെട്ട് പറഞ്ഞതുകൊണ്ട് ഇത്തരം കാര്യങ്ങൾകൂടി കൂട്ടിച്ചേർത്തതാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട

കാര്യമാണ്. ലോകത്തെമ്പാടുമുണ്ടാകുന്ന മാറ്റങ്ങളെ സമയാസമയങ്ങളിൽ ഉൾക്കൊള്ളണം. സർവ്വകലാശാലകളുടെ കാര്യത്തിൽ വളരെ ഡൈനാമിക്കായി ചിന്തിക്കേണ്ട കാലഘട്ടമാണിത്. നമ്മൾ ഇപ്പോഴും പഴയ കോഴ്സുകളും പരമ്പരാഗത കോഴ്സുകളുമാണ് പഠിപ്പിക്കുന്നത്. ഇതിനോട് അനുബന്ധപ്പെട്ട കാര്യമല്ലെങ്കിലും കേരളത്തിലെ കോളേജുകളിലെ പരമ്പരാഗത കോഴ്സുകൾക്ക് 50 ശതമാനം കുട്ടികൾപോലുമില്ലെന്ന വലിയ ആശങ്ക നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഈ കോഴ്സുകൾക്കൊന്നും ആർക്കും താൽപ്പര്യമില്ല. എഞ്ചിനീയറിംഗ് കോളേജുകൾ ഒരു കാലഘട്ടത്തിൽ ആരംഭിച്ചു. സമീപസംസ്ഥാനങ്ങളിലൊക്കെ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുകയും കേരളത്തിലെ കുട്ടികൾ അവിടെപ്പോയി പഠിക്കുകയും ചെയ്തശേഷമാണ് നമ്മൾ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ കേരളത്തിൽ സ്ഥാപിച്ച് കുറച്ചുകാലം കഴിഞ്ഞപ്പോൾ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കാൻ കുട്ടികളില്ല. പല എഞ്ചിനീയറിംഗ് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന അവസ്ഥയാണ്. ആവശ്യകത കണ്ടുകൊണ്ട് വളരെ നേരത്തെതന്നെ പ്ലാൻ ചെയ്യാത്ത ചില പ്രശ്നങ്ങൾ

പൊതുവായുള്ള വിഷയമാണ്. ഞാൻ സാന്ദർഭികമായി ഇതുമായി ബന്ധപ്പെട്ട ഒരു വിഷയമെന്ന നിലയിൽ, ജനപ്രതിനിധികളുടെ മുമ്പിൽ കടന്നുവരുന്ന വിഷയമെന്ന നിലയിൽ പറഞ്ഞതാണ്. കൂടുതൽ നഴ്സിംഗ് കോളേജുകൾ കേരളത്തിൽ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. പൊതുമേഖലയിലാണെങ്കിലും സ്വകാര്യ മേഖലയിലാണെങ്കിലും മാനദണ്ഡങ്ങൾ പാലിച്ച്, സാമൂഹികപരമായ നിയന്ത്രണത്തോടൊപ്പം സർക്കാർ നിയന്ത്രണത്തിലുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തി ഇത് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടി ഇവിടെയുള്ളതുകൊണ്ടാണ് ഞാൻ ഇത് വീണ്ടും സൂചിപ്പിക്കുന്നത്. സർക്കാരിന്റെ പുതിയ ബഡ്ജറ്റ് വരുന്ന കാലഘട്ടമാണ്. ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ ശ്രമിക്കണം. കേരളത്തിലെ കുട്ടികൾക്ക് ഇവിടെ പഠിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കണമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

താങ്ങാനാകാത്ത ചികിത്സാ ചെലവുമൂലം ദരിദ്രരാകുന്ന ആളുകളെക്കുറിച്ച് അടുത്തകാലത്ത് നാഷണൽ സാമ്പിൾ സർവ്വേ ഒരു പഠനം നടത്തിയിരുന്നു. അതിൽ കണ്ടെത്തിയ പ്രധാനകാര്യം ഗ്രാമങ്ങളിൽ

പന്ത്രണ്ട് ശതമാനവും നഗരങ്ങളിൽ എട്ട് ശതമാനവും ആളുകൾ ചികിത്സകൊണ്ട് ദരിദ്രരായി മാറുന്നുണ്ട് എന്നതാണ്. കാൻസർ വന്ന ഒരു രോഗി വീട്ടിലുണ്ടെങ്കിൽ അല്ലെങ്കിൽ അതുപോലെ ഏതെങ്കിലും തീരാവ്യാധി പിടിപെട്ടാൽ രോഗി മരണപ്പെടുന്നുവെന്ന് മാത്രമല്ല, അതോടുകൂടി ആ കുടുംബത്തിന്റെ കിടപ്പാടം വരെ നഷ്ടപ്പെടുന്ന അവസ്ഥയിലേയ്ക്ക് പോകുന്നുണ്ട്. സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുമ്പോഴുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. കേരള സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ലക്ഷ്യബോധത്തോടുകൂടിയുള്ള പ്രവർത്തനശൈലി ആരംഭിച്ചതിന്റെ വലിയ ഗുണമാണ് യഥാർത്ഥത്തിൽ ഇന്ന് ലഭിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികളുടെ കണ്ണിന്റെ റെറ്റിനയെ ബാധിക്കുന്ന അർബുദത്തിനുള്ള ചികിത്സ, ഓങ്കോളജിക്കുള്ള സൗകര്യങ്ങൾ, മുഴകൾക്കുള്ള Lutetium ചികിത്സ കേരളത്തിലെ സർക്കാർ കാൻസർ സെന്ററുകളിലൊക്കെ ലഭ്യമാകുന്ന അവസ്ഥ, കോട്ടയം മെഡിക്കൽ കോളേജിലുൾപ്പെടെ അവയവമാറ്റ ശസ്ത്രക്രിയയ്ക്കുവേണ്ടി മെഡിക്കൽ കോളേജുകൾ സജ്ജമാകുന്ന അവസ്ഥയാണുള്ളത്. ഒരു കാലഘട്ടത്തിൽ ഇതൊന്നും ചിന്തിക്കാൻപോലും

സാധിക്കാത്ത ഒരവസ്ഥയായിരുന്നു. ഒരു കാലഘട്ടത്തിൽ സ്കാനിംഗ് സംവിധാനം കേരളത്തിൽ ഇല്ലാത്തതിനാൽ മംഗലാപുരത്ത് പോയാണ് ചെയ്തിരുന്നത്. ഇന്നതിൽ വളരെയേറെ മാറ്റം വന്നിട്ടുണ്ട്. ഭാവിയിലുണ്ടാകുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് ഒരു മുൻകരുതൽ നമുക്കുണ്ടാകണം. ഞാൻ പൊതുജനാരോഗ്യം സംബന്ധിച്ച സെലക്ട് കമ്മിറ്റിയിലെ അംഗംകൂടിയാണ്. സമിതി സിറ്റിംഗ് നടത്തിയപ്പോൾ പല സ്ഥലത്തും ആളുകൾക്ക് ധാരാളം ആശങ്കകളുള്ളതായി കാണാൻ കഴിഞ്ഞു. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടും പൊതുജനാരോഗ്യ ബില്ലും തമ്മിൽ പലപ്പോഴും ആളുകൾക്ക് കൺഫ്യൂഷനുണ്ടാകുകയും പലസ്ഥലങ്ങളിലും ഇല്ലാത്ത പ്രശ്നങ്ങളെല്ലാമുണ്ടാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് മീഡിയയിൽ തെറ്റായ ധാരാളം വാർത്തകളാണ് വരുന്നത്. അതിൽ യാഥാർത്ഥ്യമൊന്നുമില്ല. പൊതുജനാരോഗ്യരംഗത്തുണ്ടായ വലിയ അനുഭവം നമ്മുടെ മുമ്പിലുണ്ട്. കേരളം എത്രയോ കാലത്തിനുമുമ്പ് ആരംഭിച്ച പ്രവർത്തനമാണ് കോവിഡ് പോലെയുള്ള ഇത്രയും വലിയ പകർച്ചവ്യാധിയെ നേരിടാൻ സജ്ജമാക്കിയതിന്റെ പ്രധാന ഘടകം. പ്രത്യേകിച്ച് ആർദ്രം മിഷന്റെ കീഴിലുള്ള പ്രവർത്തനംകൊണ്ട്

മറ്റെങ്ങുമില്ലാത്തവിധത്തിൽ നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ പി.എച്ച്. സെന്ററുകൾ ശാക്തീകരിക്കാൻ സാധിച്ചെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ആരോഗ്യരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്താൻ സാധിച്ചു. ഇന്ന് കേരള മോഡൽ എന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ സൂചിപ്പിച്ചതുപോലെ കേരള മോഡൽ എന്നുപറയുമ്പോൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമുണ്ടാക്കിയ വലിയ മാറ്റങ്ങളാണ്. ആ മാറ്റത്തെ കേരള മോഡൽ എന്നുപറയുക മാത്രമല്ല, കഴിഞ്ഞ കാലഘട്ടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അന്തർദേശീയതലത്തിൽപ്പോലുമുള്ള അംഗീകാരങ്ങൾ നേടാൻ സാധിക്കുന്ന വിധത്തിലേയ്ക്ക് നമുക്ക് ഉയരാൻ സാധിച്ചിട്ടുണ്ട്. മാതൃമരണനിരക്ക് വളരെ കുറയ്ക്കാൻ സാധിച്ചു. വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നത് കൂടാതെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ന്യൂ-ബോൺ സ്റ്റെബിലൈസേഷൻ ഉൾപ്പെടെയുള്ള ഒട്ടേറെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിലുണ്ടാകുന്ന ആരോഗ്യരംഗത്തെ

മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിന്റെ ആരോഗ്യ രംഗത്തെ മാറ്റിയെടുക്കാൻ വളരെ സജീവമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട് എന്നുള്ളത് സൂചിപ്പിക്കാതിരിക്കാൻ സാധിക്കില്ല. അതിന്റെ ഭാഗമായാണ് 2018-ൽ ഇത്തരമൊരു നിയമം കൊണ്ടുവന്നത്. ആ നിയമം കൊണ്ടുവന്നപ്പോൾ ഞാൻ ഓർക്കുന്നത് ശ്രീനിവാസൻ അഭിനയിച്ച മലയാളത്തിലെ വളരെ രസകരമായ 'ആനവാൽമോതിരം' എന്ന ചിത്രമാണ്. ഓർമ്മയിൽനിന്നാണ് പറയുന്നത്, തെറ്റാണെങ്കിൽ ക്ഷമിക്കണം. ശ്രീനിവാസൻ ഒരു ഭീരുവായ പോലീസ് ഉദ്യോഗസ്ഥനായിട്ടാണ് അതിൽ അഭിനയിക്കുന്നത്. അദ്ദേഹം രക്തം പരിശോധിക്കാൻ ഒരു ക്ലിനിക്കൽ ലാബിൽ പോകുകയും ലാബിൽവച്ച് രക്തം മാറിപ്പോകുകയും അദ്ദേഹത്തിന് കാൻസറാണെന്ന പരിശോധനാഫലം വന്നതോടുകൂടി ഇനി അധികകാലം ജീവിച്ചിരിക്കുകയില്ലെന്നതുകൊണ്ട് അദ്ദേഹം വളരെ ശക്തനായ ഒരു പോലീസ് ഓഫീസറായിമാറുന്ന വളരെ രസകരമായ ഒരു കഥ മലയാളത്തിൽ ആ കാലഘട്ടത്തിലിറങ്ങി. ഒരു കാലഘട്ടത്തിലെ ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള ഒരുപാട് രസകരമായ അനുഭവങ്ങൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. യൂറിൻ പരിശോധിച്ച് പുരുഷന്മാർ പ്രഗ്നന്റ്

ആണെന്ന് പറഞ്ഞ തമാശകൾപോലും ഒരു കാലഘട്ടത്തിൽ പ്രചരിച്ചിരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ആ രംഗത്ത് ഇന്ന് വളരെ കൃത്യമായ ഇടപെടലുണ്ടായി. അതിനെ ഗൗരവമായി നിയന്ത്രിച്ചുകൊണ്ട് ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018-ൽ നിലവിൽവന്നു. മുമ്പ് ഈ രംഗത്ത് വല്ലാത്ത പ്രവണതകളുണ്ടായിരുന്നു. യാതൊരു സൗകര്യവുമില്ലാത്ത ചെറിയ മുറികളായിരുന്നു. എന്നാൽ ഇപ്പോൾ ക്ലിനിക്കൽ ടെസ്റ്റുകൾ നടത്തി ചികിത്സ നടത്തുന്ന സംസ്കാരത്തിലേയ്ക്ക് നമ്മുടെ ആളുകൾ മാറിക്കഴിഞ്ഞു. കൃത്യമായ പരിശോധനാ ഫലം ലഭിച്ചില്ലെങ്കിൽ അപകടകരമായ അവസ്ഥയുണ്ടാകും, ഇല്ലാത്ത രോഗത്തിന് ചികിത്സിക്കേണ്ട സാഹചര്യമുണ്ടാകും, കൃത്യമായ ഫലം ലഭിക്കാതെവരും. അതിനുവേണ്ടിയുള്ള നിയന്ത്രണമെന്നനിലയിൽ ബിൽ കൊണ്ടുവന്നപ്പോൾ, ഈ നിയമത്തിൽ രണ്ട് പ്രധാനപ്പെട്ട ഭേദഗതി ഇവിടെ സൂചിപ്പിച്ചതുപോലെ കാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണെങ്കിൽപ്പോലും അത് ഒരിക്കൽക്കൂടി പൊതുജനാഭിപ്രായത്തിന് വിടണമെന്നുള്ളതാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട ഡോ. സുജിത് വിജയൻപിള്ള ഉൾപ്പെടെ സൂചിപ്പിച്ചതുപോലെ, കൂടുതൽ സജീവമായ ചർച്ചകൊണ്ട് ഈ നിയമം

കൂടുതൽ കാര്യക്ഷമമാക്കാൻ, പൊതുജനങ്ങളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെയും പുതിയ ആശയങ്ങൾ ഇതിനോട് കൂട്ടിച്ചേർത്ത് അർത്ഥപൂർണ്ണമാക്കാൻ സാധിക്കുമെങ്കിൽ ഏറ്റവും നന്നായിരിക്കുമെന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന ആവശ്യം ഞാൻ ഒരിക്കൽക്കൂടി മുമ്പോട്ടുവയ്ക്കുന്നു. ഒരിക്കൽകൂടി ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ചെയർപേഴ്സൺ: കൃത്യസമയത്തുതന്നെ ചർച്ച അവസാനിപ്പിച്ചതിന് ഡോ. എൻ. ജയരാജിന് പ്രത്യേക നന്ദി അറിയിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, രണ്ട് ഭേദഗതികളും അനിവാര്യമാണെന്ന നിലയിൽ അതിനെ പിന്തുണച്ചുകൊണ്ടാണ് ഡോ. എൻ. ജയരാജും ഡോ. സുജിത് വിജയൻപിള്ളയും സംസാരിച്ചത്. രണ്ടുപേർക്കും നന്ദി അറിയിക്കുന്നു. കേരള നിയമസഭ ഏകകണ്ഠമായാണ് ഈ ബിൽ പാസ്സാക്കിയിട്ടുള്ളത്. പൊതുവെ ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നേരിട്ട

പ്രതിസന്ധി കോവിഡിന്റേതാണ്. പക്ഷെ, സമയബന്ധിതമായി ഈ നിയമം നടപ്പിലാക്കണമെന്നതാണ് സർക്കാർ കണ്ടിട്ടുള്ളത്. നാളിതുവരെ ഏതാണ്ട് 7153-ലധികം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ക്യാമ്പയിൻ നടക്കുന്നുണ്ട്. ഇതിൽ ഏറ്റവുമധികം സ്ഥാപനങ്ങൾ ലബോറട്ടറികളാണ്. താല്ക്കാലിക രജിസ്ട്രേഷനെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലാബുകളാണെന്നുള്ളത് പ്രത്യേകം എടുത്തുപറയുകയാണ്. അവരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഏതാണ്ട് എല്ലാ സർക്കാർ ആശുപത്രികളും ഇതിന്റെ ഭാഗമായി താൽക്കാലിക രജിസ്ട്രേഷൻ എടുത്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായുള്ള മിനിമം സ്റ്റാൻഡേർഡ്സ് തയ്യാറായിട്ടുണ്ട്. നിയമവകുപ്പ് അത് വെറ്റ് ചെയ്ത് നോട്ടിഫൈ ചെയ്യുന്നതിനുള്ള അവസാന നടപടികളിലാണ്. ഏതായാലും നാലുവർഷം ആറുമാസം എന്നുപറയുമ്പോൾ ഈ മാർച്ച് മാസത്തിനുള്ളിൽത്തന്നെ താല്ക്കാലിക രജിസ്ട്രേഷനെടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് പെർമനന്റ് രജിസ്ട്രേഷൻ നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ മിനിമം സ്റ്റാൻഡേർഡ്സ് വന്നുകഴിഞ്ഞാൽ പുതുതായി ആരംഭിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും താല്ക്കാലിക

രജിസ്ട്രേഷനല്ല, ആക്ട് പ്രകാരം പെർമനന്റ് രജിസ്ട്രേഷനായിരിക്കും ഉണ്ടാവുക. കേരളത്തിന്റെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നവജാത ശിശുമരണ നിരക്കും മാതൃമരണ നിരക്കും വളരെ കുറവാണ്. കേരളത്തിലെ ആയുർദൈർഘ്യം വളരെ കൂടുതലാണ്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച അടിസ്ഥാനസൗകര്യ വികസനവും രോഗീസൗഹൃദ-ജനസൗഹൃദ ആശുപത്രികളായി ആരോഗ്യ കേന്ദ്രങ്ങളെയും ആശുപത്രികളെയും മാറ്റുന്ന പ്രവർത്തനവും തുടരുകയാണ്. 2024 ആദ്യമാകുമ്പോഴേയ്ക്കും ആ പ്രവർത്തനങ്ങൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഉൾപ്പെടെ സാദ്ധ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് പത്ത് കാര്യങ്ങളാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത്. ഡോ. സുജിത് വിജയൻപിള്ള സംസാരിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ച് പറഞ്ഞു. രണ്ട് അംഗങ്ങളും സംസാരിച്ച എല്ലാ കാര്യങ്ങളും പ്രധാനപ്പെട്ടതാണ്. അതിൽ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ആദ്യം

പറയാനാഗ്രഹിക്കുന്നത്. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ് കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന ഒരു പ്രശ്നം. പ്രമേഹവും രക്താതിസമ്മർദ്ദവും ഹൃദ്രോഗവും കാൻസറുമൊക്കെയുള്ള ആളുകളുടെ എണ്ണം കേരളത്തിൽ കൂടുതലാണ്. ഇതിനെ പ്രതിരോധിക്കുക, രോഗാതുരത കുറയ്ക്കുക, ജീവിതശൈലി രോഗങ്ങളുള്ളവരുടെ എണ്ണം കുറയ്ക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമായി സർക്കാർ കാണുകയാണ്. ചികിത്സയ്ക്കൊപ്പം ഒരുപക്ഷേ അതിനേക്കാൾ പ്രധാനമാണ് രോഗപ്രതിരോധവും രോഗനിർമ്മാർജ്ജനവും. രോഗപ്രതിരോധശേഷി ആളുകൾക്കുണ്ടാവുക, ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്നുള്ളതാണ്. അതുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത് ഇതിനുവേണ്ടി ഒരു മാസ് ക്യാമ്പയിൻ/ഒരു സ്ക്രീനിംഗ് ആരംഭിക്കുന്നതിന് തീരുമാനിച്ചു. 30 വയസ്സിനുമുകളിലുള്ള എല്ലാവരെയും സ്ക്രീൻ ചെയ്യുന്നതിന് തീരുമാനിച്ചു. ആറുമാസം മുമ്പ് നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി ആർദ്രം മിഷനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് ഉദ്ഘാടനം ചെയ്തു. 30 വയസ്സിനുമുകളിലുള്ള ഒരു കോടി അറുപത്തിയൊമ്പത് ലക്ഷം ആളുകളാണ് കേരളത്തിലുള്ളത്. ഇന്ന് അതിലൊരു റിയൽ ടൈം

ഡാഷ്ബോർഡാണുള്ളത്. ഏതാണ്ട് അമ്പത് ലക്ഷത്തിനടുത്ത് ആളുകളെ വീടുകളിൽപ്പോയി സ്ക്രീൻ ചെയ്തുകഴിഞ്ഞു. അതൊരു നല്ല നേട്ടമായി ആരോഗ്യ വകുപ്പ് കാണുകയാണ്. ഒരു കോടി അറുപത്തിയൊമ്പത് ലക്ഷം, ടാർജറ്റ് പോപ്പുലേഷനാണെങ്കിൽ അതിൽ അമ്പത് ലക്ഷമെന്ന് പറയുന്നത് മുപ്പത് ശതമാനം ആളുകളാണ്. ഇങ്ങനെ സ്ക്രീൻ ചെയ്ത ആളുകളിൽ രോഗമുള്ളവരെ കണ്ടെത്തി അവർക്ക് കൃത്യമായി ചികിത്സ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ്. പ്രമേഹമുണ്ടെങ്കിൽ പതിനാല് ജില്ലകളിലെയും ജില്ലാശുപത്രികളുമായി ബന്ധപ്പെട്ട് 360 ഡിഗ്രി ഡയബറ്റിക് ക്ലിനിക്കുകൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചു കഴിഞ്ഞു. അതോടൊപ്പം മറ്റ് ചില പ്രധാനപ്പെട്ട ഇടപെടലുള്ളത് കാൻസർ രോഗവുമായി ബന്ധപ്പെട്ടതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പലപ്പോഴും ആളുകളിൽ കാൻസർ രോഗനിർണ്ണയം നടത്തുന്നത് മൂന്നാമത്തേയോ നാലാമത്തേയോ ഘട്ടത്തിലാണ്. അപ്പോൾ ചികിത്സ കുറച്ചുകൂടി സങ്കീർണ്ണമാകുന്ന സാഹചര്യമുണ്ട്. ഇതൊഴിവാക്കുന്നതിനുവേണ്ടി കാൻസർ രോഗമുണ്ടെങ്കിൽ ആദ്യംതന്നെ കണ്ടുപിടിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. Early

detection-ഉം early intervention-ഉം വളരെ പ്രധാനപ്പെട്ടതാണ്. അതിനുവേണ്ടി ഫീൽഡ് വർക്കർമാരായ ആശാ പ്രവർത്തകർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുത്തുകൊണ്ട് ആദ്യഘട്ടത്തിൽ 140 എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിലെ 140 പഞ്ചായത്തുകൾ എന്നരീതിയിലാണ് തെരഞ്ഞെടുത്തത്. ഇപ്പോൾ ഏതാണ്ട് 600 പഞ്ചായത്തുകളിൽ ഹോം സ്ക്രീനിംഗ് നടക്കുകയാണ്. വയനാട് പോലെയുള്ള ജില്ലകളിൽ ഏതാണ്ട് ആദ്യഘട്ട സ്ക്രീനിംഗ് നടന്നുകഴിഞ്ഞു. ഉദാഹരണം പറഞ്ഞാൽ, വായിൽ കുറേനാളുകളായി ഉണങ്ങാത്ത മുറിവുണ്ടെങ്കിലും ബ്രസ്റ്റ് കാൻസറുമായി ബന്ധപ്പെട്ട് ലംപ്സുണ്ടെങ്കിലും ആളുകൾ അത് പരിശോധിക്കില്ല. അവരുടെ തൊഴിലിന്റെയും ജീവിതാനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള ധൃതിയിൽ സ്വയം അവരുടെ ആരോഗ്യപ്രശ്നങ്ങൾ അവഗണിക്കുന്ന സാഹചര്യമുണ്ടാകും. അതൊഴിവാക്കുന്നതിനുവേണ്ടി ആശാവർക്കർ കൃത്യമായി അവരുടെ വീടുകളിലെത്തി പരിശോധിച്ച് അവരുടെ റിസ്ക് ഫാക്ടേഴ്സ് കണക്കിലെടുത്ത് അവരെ കാറ്റഗറൈസ് ചെയ്ത് അവരോട് ആരോഗ്യകേന്ദ്രത്തിലെത്തണമെന്ന് പറയുകയാണ്. ഇതനുസരിച്ച് കാൻസർ ഡിറ്റക്ഷനുവേണ്ടി

ആരോഗ്യകേന്ദ്രങ്ങളിലെത്തണമെന്ന് പറഞ്ഞിട്ടുള്ളവരുടെ എണ്ണം ഏതാണ്ട് 321501 പേരാണ്. അവർക്ക് കാൻസറുണ്ടെന്നല്ല, സംശയിക്കുകയാണ്. അതിൽ 270000 പേർ ബ്രസ്റ്റ് കാൻസർ സ്ക്രീനിംഗിനുവേണ്ടിയും 16234 പേർ ഓറൽ കാൻസർ സ്ക്രീനിംഗിനുവേണ്ടിയും ആശുപത്രികളിലെത്തണമെന്നാണ് ഫീൽഡ് വർക്കർമാർ കണ്ടെത്തിയിട്ടുള്ളത്. അവർ ആരോഗ്യകേന്ദ്രത്തിലെത്തുമ്പോൾ അവിടത്തെ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ഡോക്ടർമാർ പരിശോധിച്ചതിനുശേഷം, ഓരോ ജില്ലയിലും ഓരോ കാൻസർ ഗ്രിഡ് തയ്യാറാക്കിയിട്ടുണ്ട്, എവിടെയാണ് പരിശോധിക്കേണ്ടതെന്നും എവിടെനിന്നാണ് സാമ്പിൾ എടുക്കേണ്ടതെന്നും എവിടെനിന്നാണ് ബയോപ്സിക്ക് അയയ്ക്കേണ്ടതെന്നും അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കും. രോഗികൾ ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് വരുമ്പോൾ കാൻസറാണെന്ന് സംശയിക്കുന്നുവെന്ന് പറയാതെ മുറിവ് പരിശോധിക്കണമെന്നാണ് അവരോട് പറയുക. അതിനുശേഷം ബയോപ്സിക്കുവേണ്ടി സാമ്പിളെടുക്കാനായി അവരെ താലൂക്കാശുപത്രിയിലോ ജില്ലാശുപത്രിയിലോ അയയ്ക്കും. പോസിറ്റീവാണെങ്കിൽ ചികിത്സ ലഭിക്കുന്നതിനുവേണ്ടി മെഡിക്കൽ

കോളേജിലോ ആർ.സി.സി.-യിലോ എം.സി.സി.-യിലോ അയയ്ക്കും. സൗത്ത് സോൺ, സെൻട്രൽ സോൺ, നോർത്ത് സോൺ എന്നീ മൂന്ന് സോണുകളായിട്ടാണ് തിരിച്ചിട്ടുള്ളത്. ഈ ചികിത്സയുടെ മറ്റ് കാര്യങ്ങൾ ആർ.സി.സി.-യിലും സി.സി.സി.-യിലും എം.സി.സി.-യിലുമാണ് കേന്ദ്രീകരിക്കുന്നത്. മെഡിക്കൽ കോളേജുകളിലും അങ്ങനെയൊരു ഗ്രിഡ്ഡാണ് തയ്യാറാക്കിയിട്ടുള്ളത്. ആ രീതിയിലുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇ-ഹെൽത്ത് വഴി ശൈലി ആപ്പ് ഡെവലപ് ചെയ്തപ്പോൾ വിശദമായ ചർച്ചകൾ നടത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ നല്ല മികച്ച രീതിയിലാണ് ഇ-ഹെൽത്ത് രൂപീകരിച്ചിരിക്കുന്നത്. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ഒരു കാൻസർ സ്യൂട്ട് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പുതിയ വിദ്യാഭ്യാസ അവസരങ്ങളുണ്ടാകണമെന്നുള്ളതാണ് ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാന വിഷയം. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആഗോളതലത്തിൽ കേരള ഹെൽത്ത് വർക്കേഴ്സിന് വലിയ ഡിമാന്റുള്ള ഘട്ടമാണിത്. കുറച്ച് വർഷങ്ങൾ കഴിയുമ്പോൾ ഇതേരീതിയിൽ

ഇത് നിലനിൽക്കണമെന്നില്ല. ഈയൊരു സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം യു.കെ. ഉൾപ്പെടെ സന്ദർശിച്ചപ്പോൾ നാല് ദിവസം ഞാനും അവരോടൊപ്പമുണ്ടായിരുന്നു. വേൽസിലെ ഹെൽത്ത് മിനിസ്റ്ററുമായും ഫസ്റ്റ് മിനിസ്റ്ററുമായും യു.കെ.-യിലെ ഹെൽത്ത് മിനിസ്റ്ററുമായും സംസാരിച്ചിരുന്നു. ഈ ചർച്ചകളുടെയൊക്കെ അടിസ്ഥാനത്തിൽ അവിടത്തെ എൻ.എച്ച്.എസ്. (നാഷണൽ ഹെൽത്ത് സർവ്വീസ്) കഴിഞ്ഞ നവംബർ മാസത്തിൽ ഇവിടെ വന്ന് ODEPC-മായും നോർക്കയുമായൊക്കെ സഹകരിച്ചുകൊണ്ട് ഇവിടെ മൂന്ന് ദിവസം അവർ ജോബ് ഫെയർ നടത്തുകയുണ്ടായി. മൂവായിരം പേരെയാണ് അവർക്കതിലേയ്ക്ക് റിക്രൂട്ട് ചെയ്യേണ്ടത്. അതിന്റെ ഭാഗമായി ധാരാളം അപേക്ഷകൾ വന്നിട്ടുണ്ട്. ഇത് ആഗോളതലത്തിൽത്തന്നെയുണ്ട്. യു.കെ.-യിൽ ഏതാണ്ട് 42000 ആളുകളെ വേണമെന്നുള്ളതാണ്. വേൽസിൽ സർക്കാർ നേരിട്ട് കേരള സർക്കാരുമായി ഇതിന്റെ ധാരണാപത്രത്തിൽ ഒപ്പിടുന്നതിന് തയ്യാറാണെന്ന് വേൽസ് ആരോഗ്യ വകുപ്പുമന്ത്രി അവരുടെ പാർലമെന്റായ വെൽഷിൽ പറഞ്ഞതും നമ്മൾ കണ്ടതാണ്. അവർ കേരള സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. ഈ വർഷം

സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളുടെ ഭാഗമായി പാരിപ്പള്ളിയിലും മഞ്ചേരിയിലും രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞു. രണ്ടിടത്തുമായി 120 സീറ്റുകളാണുള്ളത്. അതുകൂടാതെ പഴയ നഴ്സിംഗ് കോളേജുകളിൽ കൂടുതൽ സീറ്റുകൾ കൂട്ടിച്ചേർത്തുകൊണ്ട് 92 സീറ്റുകളുൾപ്പെടെ 212 സീറ്റുകൾ സർക്കാർ മേഖലയിൽമാത്രം പുതുതായി ഈ വർഷം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ/സ്വകാര്യ മേഖലയിലായി ഏതാണ്ട് 700-നടുത്ത് പുതിയ സീറ്റുകൾ ഇത്തവണ നഴ്സിംഗ് മേഖലയിലുണ്ടായിട്ടുണ്ട്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാതെ നൂറ് ബെഡ്ഡിന് മുകളിലുള്ള ആശുപത്രികളിൽ അതായത് താലൂക്കതലം മുതൽ അല്ലെങ്കിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളുടെ തലത്തിൽ നഴ്സിംഗ് കോളേജുകൾ അനുവദിക്കാൻ കഴിയുന്ന സാഹചര്യമുണ്ടെങ്കിൽ ആ മാനദണ്ഡപ്രകാരം അനുവദിക്കണമെന്നുള്ളതാണ് സർക്കാർ കണ്ടിട്ടുള്ളത്. അതിനുള്ള തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണത്തിന്, തിരുവനന്തപുരം നഴ്സിംഗ് കോളേജിന് എത്ര വർഷങ്ങളുടെ പാരമ്പര്യമുള്ളതാണ്. അവിടെ 75 സീറ്റുകളാണുണ്ടായിരുന്നത്. ആ

സീറ്റുകൾ ഇത്തവണ കുറച്ചുകൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. അടുത്ത വർഷം നൂറ് സീറ്റുകളെങ്കിലുമാക്കണം. കാരണം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.പി. മൂവായിരത്തിലധികമാണ്. അത്രയും രോഗികളുടെ വർദ്ധനവ് അവിടെയുണ്ട്. പക്ഷേ നഴ്സിംഗ് സ്റ്റുഡന്റിന്റെ എണ്ണം കുറവാണ്. അതുപോലെ പാരാമെഡിക്കൽ മേഖലയുമായി ബന്ധപ്പെട്ട് നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് ഒരു റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ട് കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഡോ. സുജിത് വിജയൻപിള്ള ഈ ആക്ടുമായി ബന്ധപ്പെട്ടൊരു വിഷയം സൂചിപ്പിച്ചു. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സുതാര്യമായിരിക്കണമെന്നുള്ളതാണ്. ആക്ടിന്റെ സെക്ഷൻ-34 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി - ഹെൽത്ത്, അഡീഷണൽ സെക്രട്ടറി - ലാ ഡിപ്പാർട്ടുമെന്റ്, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ഡി.എം.ഇ.) എന്നിവരടങ്ങുന്ന മൂന്നംഗ സമിതി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ട്. District Registering Authorities-ൽ നിന്നോ അല്ലെങ്കിൽ അവരുടെ ഡിസിഷനെതിരായുണ്ടാകുന്ന ഏത് പരാതിയും സ്വീകരിച്ചുകൊണ്ട് ആ അപ്പീലിന്മേൽ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കും. അത്

പരിശോധിച്ച് പരമാവധി പരാതികൾ സുതാര്യമായി പരിഹരിക്കണമെന്നതാണ് സർക്കാർ നിലപാട്. ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റിയും ഇതിന്റെ ഭാഗമായിട്ടുണ്ട്. ഇതിൽ ഒരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. Kerala State Council for Clinical Establishment, Ease of Doing Business-ന്റെ പോർട്ടലിൽ നോക്കിയാൽ അത് ഗ്രീൻ ആണെന്ന് കാണാവുന്നതാണ്. നല്ല രീതിയിൽ കൗൺസിൽ പ്രവർത്തിക്കുന്നുവെന്നാണ് പറയാൻ ആഗ്രഹിക്കുന്നത്. ഡോ. എൻ. ജയരാജ് കാഞ്ഞിരപ്പള്ളി ആശുപത്രിയിലെ കാത്ത് ലാബിനെക്കുറിച്ച് സൂചിപ്പിച്ചു. നിലവിൽ സംസ്ഥാനത്ത് 11 കാത്ത് ലാബുകളാണുള്ളത്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ കാഞ്ഞിരപ്പള്ളിയിൽ 2 കാത്ത് ലാബുകൾകൂടി സമയബന്ധിതമായി നടപ്പിലാക്കണമെന്നതായിരുന്നു. അത് ദീർഘമായി പെൻഡിംഗിലായ വർക്കായിരുന്നു. അത് ഇൻസ്റ്റാൾ ചെയ്യുന്നതും കാലിബ്രേറ്റ് ചെയ്യുന്നതും അവിടെയുള്ള കാർഡിയോളജിസ്റ്റിന് ചുമതല കൊടുക്കുന്നതുമൊക്കെ സമയബന്ധിതമായി ഇടപെട്ട് നടപ്പിലാക്കാൻ കഴിഞ്ഞു. രണ്ട് ജില്ലകളിൽകൂടി (കാസർഗോഡും വയനാടും) കാത്ത് ലാബ് വേണമെന്നുള്ളത് വളരെ അനിവാര്യമായിട്ടുള്ളതാണ്. എൻഡോസൾഫാൻ

ദുരിതബാധിതരായ ആളുകളുള്ള കാസർഗോഡ് ജില്ലയിൽ ഇത് ആവശ്യമാണ്. അവിടെ രണ്ട് ന്യൂറോളജിസ്റ്റുകളുടെ തസ്തികകൾ സൃഷ്ടിക്കുകയും ഒരു കാർഡിയോളജിസ്റ്റിനെ പോസ്റ്റ് ചെയ്യുകയും ചെയ്തു. കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സമീപദിവസങ്ങളിൽ തന്നെ കാലിബ്രേഷൻ പൂർണ്ണമാകുന്ന മുറയ്ക്ക് ആദ്യ കേസ് ഈ മാസം പകുതിയോടുകൂടി പോസ്റ്റ് ചെയ്തിട്ടുണ്ട്. അവിടെ കാത്ത് ലാബ് പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. അതുപോലെ വയനാട് ജില്ലയിലും ജനുവരി മാസത്തോടുകൂടി, മറ്റ് സിവിൽ വർക്കുകളെല്ലാം പൂർത്തിയാകും. അവിടെയും എക്യുപ്മെന്റ്സ് എത്തിക്കുകയാണ്. ഇടുക്കി ജില്ലയിലും കാത്ത് ലാബ് തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഫണ്ട് കണ്ടെത്തി അവിടെയും കാത്ത്ലാബ് തുടങ്ങുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

ഇവിടെ ചികിത്സാ ചെലവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ കുറച്ച് ആഴ്ചകൾക്കുമുൻപ് ഡൽഹിയിൽ പോയി ആരോഗ്യവകുപ്പിനുവേണ്ടി ഒരു പുരസ്കാരം ഏറ്റുവാങ്ങിയിരുന്നു. രാജ്യത്തെ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ

നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരമാണ് കേരളത്തിന് ലഭിച്ചത്. അത് വളരെ അഭിമാനമുള്ള ഒരു കാര്യമാണ്. ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, ഈ കാലഘട്ടത്തിൽ നമുക്ക് ലിവർ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കാൻ കഴിഞ്ഞു. 40-45 ലക്ഷം രൂപവരെ ചെലവേറിയ ശസ്ത്രക്രിയയാണിത്. നമ്മുടെ എം.എൽ.എ.-മാരും മറ്റും സ്ഥിരമായി വന്നുപറയുന്ന കാര്യമാണിത്. അത്രയും ഭാരിച്ച ചെലവുള്ള ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾ സർക്കാർ മേഖലയിൽ ആരംഭിക്കാൻ കഴിഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും ചെയ്യാൻ കഴിഞ്ഞു. നാല് ശസ്ത്രക്രിയകളും സൗജന്യമായിട്ടാണ് നടത്തിയത്. തുടർന്നും പരമാവധി സൗജന്യമായി നടത്തുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഇപ്പോൾ KASP-ന്റെ കീഴിൽ 1,400 കോടി രൂപയാണ് സംസ്ഥാന സർക്കാർ ആരോഗ്യ പരിരക്ഷയ്ക്കുവേണ്ടി നൽകുന്നത്. അതിൽ 138 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ നൽകുന്നത്. പലതവണ കേന്ദ്രത്തോട് ഈ രീതിയിലുള്ള അനുപാതത്തിലെ വിവേചനം അവസാനിപ്പിക്കണമെന്ന കാര്യം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ട് വീണ്ടും

അഭ്യർത്ഥിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകളെക്കൂടി ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് നമുക്ക് സാധിക്കുന്നില്ല. അതിനുവേണ്ടിയുള്ള അനുവാദം നൽകണമെന്ന് കേന്ദ്ര-ആരോഗ്യമന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അക്കാര്യത്തിൽ പോസിറ്റീവായ ഒരു മറുപടിയുണ്ടാകുമെന്നാണ് കരുതുന്നത്. സംസ്ഥാന സർക്കാരിന്റെ നയം യൂണിവേഴ്സൽ ഹെൽത്ത് കവറേജ് തന്നെയാണ്. ഇപ്പോൾ ധനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിസെപ് നല്ല രീതിയിൽ നടപ്പിലാക്കുന്നുണ്ട്. അതിന്റെ പ്രയോജനം ആളുകളിലേയ്ക്കെത്തുന്നുമുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ നല്ല രീതിയിൽ അത് നടപ്പിലാക്കുന്നുവെന്ന വാർത്ത കഴിഞ്ഞദിവസം പുറത്തുവന്നിരുന്നു. മെഡിസെപ്, കാസ്പ് എന്നിവ വഴിയുള്ള ആരോഗ്യപരിരക്ഷയുമുണ്ട്. ഇതിനിടയിൽ നിൽക്കുന്ന ആളുകളെ കണ്ടെത്തി അവരെയുംകൂടി ഒരു കവറേജിനുള്ളിൽ ഉൾപ്പെടുത്തുന്നത് എങ്ങനെയാണ് എന്നതിന്റെ ഒരു വിവരശേഖരണം സംസ്ഥാന സർക്കാർ ഇപ്പോൾ നടത്തുന്നുണ്ട്.

ഡോ. എൻ. ജയരാജ് പറഞ്ഞതുപോലെ, സംസ്ഥാനത്ത് ക്യാൻസർ

ട്രീറ്റ്മെന്റ് മേഖലയിൽ ഗണ്യമായ മാറ്റങ്ങളുണ്ടാകുകയാണ്. മലബാർ ക്യാൻസർ സെന്ററുമായി ബന്ധപ്പെട്ട്, കുഞ്ഞുങ്ങളുടെ കണ്ണുകളിലെ ക്യാൻസർ ട്രീറ്റുമെന്റ് രാജ്യത്ത് ആദ്യമായാണ് ആരംഭിക്കുന്നത്. RCC-യിൽ ല്യൂട്ടീഷ്യം ട്രീറ്റ്മെന്റ് ആരംഭിച്ചിരിക്കുകയാണ്. ചികിത്സാരംഗത്തും ആഗോളതലത്തിൽതന്നെ അവയിലബിളായിട്ടുള്ള നൂതനമായ സങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി പരമാവധി പ്രയോജനം നമ്മുടെ സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. രണ്ട് ഭേദഗതികളും സമയബന്ധിതമായി നടപ്പിലാക്കി ഈ ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാനാണ് ലക്ഷ്യമിടുന്നത്. മാർച്ച് മാസത്തോടുകൂടി ഇതിന്റെ മറ്റ് നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരിക്കൽകൂടി ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ഡോ. സുജിത് വിജയൻപിള്ള, അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## (iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ.

പി. രാജീവ്): സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് വളരെ ചെറിയൊരു ഭേദഗതിയാണ്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കമ്മീഷൻ ചെയർമാന്റെ പ്രായം 65 വയസ്സാണ്. ഹൈക്കോടതി ജഡ്ജിമാർ റിട്ടയർ ചെയ്യുന്നത് 62-ാമത്തെ വയസ്സിലാണ്. 'മൂന്നുവർഷം' എന്ന ടേം പോലും പൂർണ്ണമായി കിട്ടാത്ത സാഹചര്യത്തിൽ ആ പ്രായപരിധി വർദ്ധിപ്പിക്കുന്ന ഒരു ഭേദഗതിയാണ് ബില്ലിലുള്ളത്. കൂടാതെ 4-ാം വകുപ്പിൽ 'നിയമനം' എന്ന വാക്കിനുപകരം 'നാമനിർദ്ദേശം' എന്ന്

ഭേദഗതി വരുത്താനുമുള്ള മാറ്റം മാത്രമാണ് ഈ ബില്ലിലുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 12-04-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ചെയർപേഴ്സണിന്റെയും അംഗങ്ങളുടെയും ഉയർന്ന പ്രായപരിധി 65 വയസ്സ് ആയതിനാൽ 62-ാം വയസ്സിൽ റിട്ടയർ ചെയ്തശേഷം നിയമിതനാകുന്ന ഒരു ജഡ്ജിക്ക് കമ്മീഷൻ ചെയർപേഴ്സണായി ഒരു ടേം (മൂന്ന് വർഷം) പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നും കമ്മീഷന്റെ ചെയർപേഴ്സണായി ഹൈക്കോടതി ജഡ്ജിമാരുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ, കമ്മീഷൻ ചെയർപേഴ്സണിന്റെയും മെമ്പർമാരുടെയും കാലാവധി ദീർഘിപ്പിക്കേണ്ടതാണെന്നാണ് ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിരിക്കുന്നത്. ജഡ്ജിമാരെ കിട്ടാൻ പ്രയാസമുണ്ടെന്ന കാര്യം മനസ്സിലാക്കാം. അതുകൊണ്ട് ജഡ്ജിമാർക്ക് കാലാവധി നീട്ടി കൊടുക്കുന്നതിൽ അപാകതയുണ്ടെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാൽ അംഗങ്ങളുടെ കാലാവധി ദീർഘിപ്പിക്കുന്നത്

എന്തിനാണെന്ന് മനസ്സിലാകുന്നില്ല. അംഗങ്ങളുടെ സേവനം ലഭ്യമാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് അംഗങ്ങൾക്ക് പുനർനിയമനം നൽകുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കണമെന്ന് പറയുന്നതായിരിക്കും ശരിയെന്നാണ് എനിക്ക് തോന്നുന്നത്. ഹൈക്കോടതി ജഡ്ജിമാരുമായി ബന്ധപ്പെട്ട ആളുകളെയല്ല ഇതിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. അതിന് കൃത്യമായ മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. അത്തരം ആളുകളെ കിട്ടുന്നതിന് പ്രയാസമില്ല. അവരുടെ കാലാവധികൂടി നീട്ടികൊടുക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഇതിൽ വിശദമാക്കുന്നില്ല. അത് മാറ്റാൻ സാധിക്കുന്നതാണെങ്കിൽ മാറ്റാവുന്നതാണ്.

പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടിയാണ് 2015-ൽ യു.ഡി.എഫ്. സർക്കാർ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷന് രൂപം നൽകിയത്. എന്നാൽ പ്രളയംമൂലം തുടർനടപടികൾ സ്വീകരിക്കാൻ വൈകിപ്പോയതിനാൽ നമ്മൾ ഉദ്ദേശിച്ച ഫലപ്രാപ്തി അതിന് ലഭിച്ചിട്ടില്ലെന്നത് വസ്തുതയാണ്. പ്രവാസി ഭാരതീയർ

(കേരളീയർ) കമ്മീഷന് നാളിതുവരെ മതിയായ ഇൻഫ്രാസ്ട്രക്ച്ചർ അനുവദിച്ചിട്ടില്ല. ഒരു കെട്ടിടം അനുവദിച്ചുവെന്നല്ലാതെ മറ്റു അടിസ്ഥാന സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ലക്ഷക്കണക്കിന് പ്രവാസികളുണ്ടായിട്ടും പ്രതിമാസം ആയിരത്തിനുതാഴെ പരാതികളാണ് കമ്മീഷന്റെ പരിഗണനയ്ക്ക് വരുന്നത്. അതിൽത്തന്നെ 50 ശതമാനം പരാതികൾ മാത്രമാണ് പരിഹരിക്കപ്പെടുന്നത്. ജില്ലകളിൽ കൂടുതൽ സിറ്റിംഗ്സ് നടത്തി അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കപ്പെടുന്നതിനുമാവശ്യമായ സജ്ജീകരണങ്ങളും സൗകര്യങ്ങളും കമ്മീഷന് ഒരുക്കി കൊടുക്കാവുന്നതാണ്. കമ്മീഷന് സുഗമമായി പ്രവർത്തിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കാനാവശ്യമായ നടപടിയും സ്വീകരിക്കാവുന്നതാണ്. 2022 മേയ് മാസം പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ വിരമിച്ചതിനുശേഷം ഇതുവരെ അവിടെ ഒരു ചെയർപേഴ്സണെ നിയമിച്ചിട്ടില്ല. പ്രവാസി കമ്മീഷൻ ചെയർപേഴ്സണിന്റെ സ്ഥാനം ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽ നിന്നും അതിന്റെയൊരു ആത്മാർത്ഥത തെളിയിക്കപ്പെടാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക ജീവിതത്തിൽ സുപ്രധാന പങ്കുവഹിക്കുന്നവരാണ് പ്രവാസികൾ. പ്രവാസികളുടെ പ്രയത്നത്തിന്റെകൂടി ഫലമായിട്ടാണ് നമ്മുടെ നാടിന്റെ സമ്പദ്ഘടനയിൽ കാര്യമായ മാറ്റം വരുത്താൻ സാധിച്ചത്. തൊഴിലില്ലായ്മ എന്ന പ്രതിസന്ധിയെ തരണം ചെയ്ത് ഗൾഫ് നാടുകളിൽപ്പോയി കഠിനാധ്വാനം ചെയ്ത് നാട്ടിലയയ്ക്കുന്ന സമ്പത്ത് നമ്മുടെ നാടിന്റെ പുരോഗതിക്ക് വഴികാട്ടിയായി മാറിയിരിക്കുന്നുവെന്നത് സംശയരഹിതമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഏകദേശം 17 ലക്ഷത്തിലധികം പ്രവാസി മലയാളികൾ സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട്. എത്തിയവരിൽ 72 ശതമാനവും ജോലി നഷ്ടപ്പെട്ടവരാണ്. പ്രവാസികളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന പ്രസ്തുത കുടുംബങ്ങളുടെ സാമ്പത്തിക നില വളരെ മോശമാണെന്ന് നമുക്കറിയാം. പ്രവാസികൾ കൂടുതൽ മടങ്ങിവന്ന മലബാർ മേഖലകളിൽ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുകയാണെങ്കിൽ അത് അവരെ സഹായിക്കുന്നൊരു ഘടകമായിരിക്കുമെന്ന് അഭിപ്രായപ്പെടുകയാണ്.

ആഗോള സാമ്പത്തികമേഖല പ്രതിസന്ധിയിലായതോടെ

പ്രവാസികളുടെ ജീവിതവും അവതാളത്തിലായിയെന്നത് യാഥാർത്ഥ്യമാണ്. മറുനാട്ടുകളിൽ ജീവസന്ധാരണത്തിനായി പ്രവാസികൾ നേരിടുന്ന വെല്ലുവിളികൾ വളരെയധികമാണ്. തുച്ഛമായ ശമ്പളത്തിനുവേണ്ടി ക്രൂരമായ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്നവരുടെയും പ്രവാസ ജീവിതത്തിനിടയ്ക്ക് മരണപ്പെട്ട് ആശുപത്രി ബില്ലുപോലും അടയ്ക്കാൻ വഴിയില്ലാതെ മൃതദേഹം വിട്ടുകിട്ടുന്നതിനായി മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന ഉറ്റവരുടെയുമൊക്കെ അവസ്ഥ നമുക്ക് നിത്യവും കാണാനും അനുഭവിക്കാനും കഴിയുകയാണ്.

ഗൾഫ് രാജ്യങ്ങളിൽ പുതിയ കുടിയേറ്റ നയങ്ങൾ അനുവർത്തിക്കപ്പെടുന്നതിനാൽ അവിദഗ്ദ്ധ-അർദ്ധവിദഗ്ദ്ധ വിഭാഗം പ്രവാസികളുടെ കുടിയേറ്റ സാധ്യതകൾ വളരെ കുറവാണ്. വിദേശരാജ്യങ്ങളുടെ പ്രതികൂല സാഹചര്യം മറികടക്കാൻ അവിദഗ്ദ്ധ തൊഴിലാളികളെ പ്രാപ്തരാക്കുന്ന പരിശീലനവും തൊഴിൽ നൈപുണ്യവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സജ്ജീകരണത്തിന്റെ ഭാഗമായി ഒരുക്കാൻ കഴിയേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. വിദേശരാജ്യങ്ങളിൽ പാരമ്പര്യേതര മേഖലകളിലെ തൊഴിൽ സാധ്യതകൾ വിദഗ്ദ്ധമായി

പഠിക്കണം. യൂറോപ്പ്, അമേരിക്കൻ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസമേഖലയിൽ സോഫ്റ്റ്വെയർ സ്കിൽ വളർത്താൻ അക്കാഡമിക് രംഗം പരിഷ്കരിക്കാവുന്നതാണ്. പ്രവാസിക്ഷേമ നിധിയിലേയ്ക്കുള്ള അംഗത്തിന്റെ അംശദായത്തിന്റെ സർക്കാർ വിഹിതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് സാന്ദർഭികമായി പറയുകയാണ്.

പ്രവാസികളുടെ സമ്പാദ്യത്തിന്റെ ഏറിയ പങ്കും കവർന്നെടുക്കുന്നത് ഉയർന്ന വിമാന യാത്രാ ചെലവുകളാണ്. ഇതര സംസ്ഥാനങ്ങളിലെ യാത്രാ ചെലവ് കേരളത്തെ അപേക്ഷിച്ച് കുറവാണ്. ഈ വിഷയത്തിൽ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് വിമാനയാത്രാ നിരക്കുകളിൽ തുടർച്ചയായി ഉണ്ടാകുന്ന വർദ്ധനവ് ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

നിസ്സാരമായ കുറ്റങ്ങൾക്ക് ജയിലുകളിൽ കഴിയുന്ന പ്രവാസികൾക്കും മറ്റും അവർ അർഹിക്കുന്ന നിയമപരിരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ തേടി മറുനാടുകളിലേയ്ക്ക് പോകുന്നവരെപ്പോലെ തന്നെ വിദ്യാഭ്യാസാവശ്യത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്ന വിദ്യാർത്ഥികളും ഏറെ പ്രശ്നങ്ങളും പ്രയാസങ്ങളും നേരിടുന്നുണ്ട്. യുക്രൈയിൻ യുദ്ധസമയത്ത് വിദേശത്ത്

കുടുങ്ങിപ്പോയ നിരവധി വിദ്യാർത്ഥികളുണ്ട്. അവർക്ക് മതിയായ നിയമപരിരക്ഷയും സുരക്ഷയും സഹായങ്ങളും ഉറപ്പാക്കുന്നതിന് പ്രവർത്തിക്കേണ്ടതാണ്. വിദേശ വിദ്യാർത്ഥികളുടെ കൃത്യമായ കണക്ക് സർക്കാരിന്റെ കയ്യിലുണ്ടോയെന്ന് എനിക്കറിയില്ല. ഇല്ലെങ്കിൽ അത് ഉണ്ടാക്കേണ്ടതാണ്. അതുപോലെ തന്നെ റിക്രൂട്ടിംഗ് ഏജൻസികളുടെ രജിസ്ട്രേഷൻ വിവരവുമായി ബന്ധപ്പെട്ട ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നത് നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. വ്യാജ റിക്രൂട്ടിംഗ് ഏജൻസിയുടെ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് നല്ലൊരു ജീവിതം സ്വപ്നം കണ്ട് വിദേശത്ത് പോകുന്നവർ മറുനാട്ടിൽ പീഡിതരായി കഴിയുന്ന കേസുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് അത്തരം ഏജൻസികളെയും വ്യക്തികളെയും കണ്ടെത്തി നടപടികൾ കർശനമാക്കണം.

വിദേശനാടുകളിൽ നിന്നും തിരിച്ചുവരുന്ന ആദ്യകാല പ്രവാസികൾക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. പ്രവാസി ക്ഷേമ ബോർഡിനുകീഴിൽ 60 വയസ്സുവരെയുള്ളവർക്കാണ് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ ആദ്യകാല പ്രവാസികളിൽ ഭൂരിഭാഗവും 60 വയസ്സ് കഴിഞ്ഞവരാണ്. കേരളത്തിലെ സമഗ്ര വികസനത്തിന്

കാരണക്കാരായ പ്രവാസികളെ പരിഗണിക്കേണ്ടത് ആവശ്യമാണ്. അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുകയോ പ്രവാസി ക്ഷേമ ബോർഡിൽ ആവശ്യമായ ഭേദഗതി വരുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയോ ചെയ്യണം.

തിരിച്ചുവരുന്ന പ്രവാസികൾക്ക് നോർക്ക നൽകുന്ന ആനുകൂല്യത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. മടങ്ങിയെത്തിയ കാലയളവ് വിദേശത്ത് ജോലി ചെയ്ത കാലയളവിൽ അധികരിക്കാൻ പാടില്ലെന്നതാണ് അത്. വിദേശത്തുനിന്നും തിരിച്ചു വരുന്നവർക്ക് ചികിത്സാ സഹായം, മരണാനന്തര സഹായം, വിവാഹ സഹായം തുടങ്ങിയവയാണ് നോർക്ക നൽകുന്നത്. ഇവർക്ക് കാലാവധി നിശ്ചയിക്കുന്നത് യുക്തിക്ക് നിരക്കാത്തതാണ്. ചുരുങ്ങിയത് വിദേശത്ത് രണ്ടുകൊല്ലം പൂർത്തിയാക്കി തിരിച്ചുവരുന്ന എല്ലാവർക്കും ഈ ആനുകൂല്യം ലഭിക്കുന്ന തരത്തിൽ ഭേദഗതി ചെയ്യേണ്ടതാണെന്ന് അഭിപ്രായപ്പെടുകയാണ്.

ത്രിതല പഞ്ചായത്തുകളിൽ പ്രവാസിക്ഷേമ സ്ഥിരം സമിതികളുണ്ടാക്കുന്നത് നല്ലതായിരിക്കും. ത്രിതല പഞ്ചായത്തുകളിൽ

വികസനം, ആരോഗ്യം, ക്ഷേമം, ധനകാര്യം, പൊതുമരാമത്ത് തുടങ്ങിയ വിവിധ സ്ഥിരം സമിതികൾ നിലവിലുണ്ട്. എന്നാൽ കേരളത്തിലെ ജനസംഖ്യയിൽ വലിയൊരു വിഭാഗം പ്രവാസികളാണ്. ചുരുങ്ങിയത് ഒരു കുടുംബത്തിൽ നിന്നും ഒന്ന് എന്ന തോതിൽ പ്രവാസികൾ സാമ്പത്തിക വർഷത്തിൽ മുഖ്യപങ്ക് വഹിക്കുന്നവരാണ്. പ്രവാസികളുടെ ക്ഷേമത്തിത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകളിൽ പ്രവാസി സ്ഥിരം സമിതികൾ രൂപീകരിക്കാവുന്നതാണ്. അതിലൂടെ അവരുടെ തൊഴിൽ, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കാര്യമായ മാറ്റം സൃഷ്ടിക്കാവുന്നതുമാണ്.

തിരിച്ചുവരുന്ന പ്രവാസികൾ ഭൂരിഭാഗവും സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുകയാണ്. പ്രവാസ കാലത്തെ ജീവിതാവസ്ഥയല്ല അവർക്കുള്ളത്. അവരിൽ പലരും ബി.പി.എൽ. പട്ടികയിൽ ഇടം തേടാൻ അർഹരാണ്. അത്തരം പ്രവാസികളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തണം. അതിന് നിലവിലുള്ള മുൻഗണനാ മാനദണ്ഡം ഭേദഗതി ചെയ്യേണ്ടിവരും. പ്രവാസികളുടെ രക്ഷിതാക്കൾക്ക് സംരക്ഷണ സംവിധാനം

ഒരുക്കണം. പ്രവാസികളുടെ എണ്ണം സംബന്ധിച്ച ഡാറ്റാബേസ് തയ്യാറാക്കണം. സംസ്ഥാനത്ത് എത്ര പ്രവാസികളുണ്ടെന്ന കൃത്യമായ കണക്ക് സർക്കാരിൽ ഉണ്ടാകാൻ സാധ്യതയില്ല. കഴിഞ്ഞ മൂന്ന് ലോക കേരള സഭകൾക്കും പ്രവാസികളുടെ കത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ വികസനത്തിന് അവരുടെ വൈദഗ്ദ്ധ്യം ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചില്ലെന്നതാണ് ഇതിന്റെ വസ്തുത. വിസ കാലാവധി കഴിഞ്ഞും മറ്റ് കാരണങ്ങളാലും വിദേശ ജയിലുകളിൽ കഴിയുന്നവർക്കാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കണം. പ്രവാസികളുടെ ഡാറ്റാ ശേഖരണം നടത്തണം. പ്രവാസികൾ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നത് സാധാരണയാണ്. നിയമാനുസൃതമല്ലാത്ത റിക്രൂട്ടിംഗ് ഏജൻസികളെയും വിസ തട്ടിപ്പ് തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. പല കാരണങ്ങളാൽ 60 വയസിനുള്ളിൽ പെൻഷന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി ഉയർത്തുകയും സാമ്പത്തിക പ്രയാസങ്ങൾ കാരണവും മറ്റും അംശദായമടയ്ക്കുന്നതിൽ മുടക്കം വരുത്തിയിട്ടുള്ള പ്രവാസികളിൽനിന്ന് കൂടിയ നിരക്കിൽ പിഴ ഈടാക്കുന്നത്

ഒഴിവാക്കി നൽകുന്നതിനും നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യം നേടിയവരാണ് വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്നത്. എന്നാൽ അവർ മടങ്ങിയെത്തുമ്പോൾ അവരുടെ വൈദഗ്ധ്യം സംസ്ഥാനത്ത് വിവിധ മേഖലകളിൽ യഥാവിധി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. വിദേശത്ത് പോകുന്നവരുടെയും മടങ്ങിയെത്തുന്നവരുടെയും വിവരങ്ങളും അവരുടെ തൊഴിൽ വൈദഗ്ധ്യവും സംബന്ധിച്ച വിശദാംശങ്ങളും ശേഖരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

ഇതര രാജ്യങ്ങളിൽ മരണപ്പെടുന്ന കേരളീയരായ പ്രവാസികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് വിമാന കമ്പനികൾ ഭീമമായ തുക ഈടാക്കുന്നതുകൊണ്ടുള്ള സാമ്പത്തിക പരാധീനതകൾ കാരണം വീട്ടുകാർക്ക് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കഴിയുന്നില്ല. ആയതിനാൽ വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം തികച്ചും സൗജന്യമായി നാട്ടിലെത്തിക്കുന്നതിന് സഹായകരമായ നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രവാസി മലയാളി നാട്ടിൽ തിരിച്ചെത്തി പത്തുവർഷത്തിനുശേഷം സാന്ത്വന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചാൽ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അത് ലഭിക്കില്ല. ആയതിനാൽ സാന്ത്വന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാനുള്ള കാലാപരിധിയിൽ മാറ്റം വരുത്തണമെന്നും പദ്ധതി വിശദാംശങ്ങൾ പ്രവാസികളിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയണം. സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്തി എല്ലാ അപേക്ഷകളും അനുഭാവപൂർവ്വം മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിച്ച് ധനസഹായതുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. അപ്രതീക്ഷിതമായി ജോലി നഷ്ടപ്പെടുന്ന പ്രവാസി നിരവധി ആകുലതകളും സങ്കടങ്ങളുമായിട്ടാണ് നാട്ടിലേയ്ക്ക് മടങ്ങുന്നത്. പ്രവാസി ബാധ്യതയല്ല സാധ്യതയാണ് എന്ന് മനസ്സിലാക്കാനും പ്രതിസന്ധികളിൽ തളരുമ്പോൾ പ്രതീക്ഷാ നിർഭരമായി ചേർത്തുപിടിച്ച് അവരുടെ ജീവിതം ഹരിതാഭമാക്കാനും പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാനും കഴിയണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഭേദഗതി അവതരിപ്പിച്ച് നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസികളായ കേരളീയരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വത്തിനും അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും 2015-ൽ നടത്തിയ സുപ്രധാനമായ നിയമനിർമ്മാണമാണിത്. അതിലൊരു ചെറിയ ഭേദഗതിയാണ് ഇന്ന് സഭയിൽ വന്നിരിക്കുന്നത്. ഇതൊരു ക്വാസി ജൂഡീഷ്യൽ ബോഡിയാണ്. ചെയർമാന്റെ പ്രായപരിധി സംബന്ധിച്ച് ചെറിയ ഭേദഗതി മാത്രമാണ് ഇതിൽ വരുന്നത്. കേരളത്തിന്റെയും കേരളീയരുടെയും ജീവിത താളമാണ് പ്രവാസികൾ. അവരുടെ അദ്ധ്വാനത്തിന്റെ നല്ലൊരു ഭാഗവും നമ്മുടെ നാടിന്റെ വികസനത്തിനായി ചെലവഴിക്കുകയാണ്. യാദൃശ്ചികമായി ഈ ഭേദഗതി അവതരിപ്പിക്കുന്ന ദിവസംതന്നെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒരു റിപ്പോർട്ട് നമ്മുടെയെല്ലാം കൈകളിൽ എത്തിയിട്ടുണ്ട്. അതിലെ ശിപാർശ നമ്പർ 2-ൽ പ്രവാസികളുടെ വിവിധ

വിഷയങ്ങളിൽ ഇടപെടുന്നതിനും നിയമസഹായം ആവശ്യമായ സന്ദർഭങ്ങളിൽ അടിയന്തരമായി പ്രവർത്തിക്കുന്നതിനുംവേണ്ടി രൂപംകൊണ്ട ക്വാസി ജ്യൂഡീഷ്യറി സംവിധാനത്തോടുകൂടിയ പ്രവാസികാര്യ കമ്മീഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതിയുടെ വിലയിരുത്തൽ കാണുന്നുണ്ട്. ഈ കമ്മീഷൻ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നിയമസഭാ സമിതി നൽകിയിട്ടുണ്ട്. കമ്മീഷൻ അംഗങ്ങളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യവുമുള്ളതിനാൽ കുറച്ചുകൂടി കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതാണെന്നൊരു കണ്ടെത്തൽ ആ റിപ്പോർട്ടിന്റെ ആമുഖമായി ചൂണ്ടിക്കാണിക്കുകയാണ്. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ എന്റെ മണ്ഡലത്തിലുണ്ടായ ഒരു അനുഭവം വളരെ ചുരുക്കി പറയാം. പ്രവാസിയായ ഒരു മലയാളി ഏകദേശം 150 കോടിരൂപ മുടക്കി എന്റെ നാട്ടിലൊരു ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി കേരളത്തിലെ വ്യവസായികളോടും വിവിധ സ്ഥാപനങ്ങളോടും സഹായം അഭ്യർത്ഥിച്ചപ്പോൾ എന്റെ നാട്ടിലെ ആ വ്യവസായി 150 കോടി രൂപ ചെലവഴിച്ച് ഉദ്ഘാടനം ചെയ്യാത്ത ആ ആശുപത്രി കോവിഡ് പ്രതിരോധ

പ്രവർത്തനങ്ങൾക്കുവേണ്ടി തുറന്നുനൽകിയ സാഹചര്യം ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. സ്വാർത്ഥതകളില്ലാതെ നമ്മുടെ നാടിനുവേണ്ടി അവർ പ്രവർത്തിക്കുകയാണ്. ഇവിടെയിരിക്കുന്ന എം.എൽ.എ.മാരിൽ പലരും പല അവസരങ്ങളിലും വിദേശ രാജ്യങ്ങളിൽ പോയിട്ടുള്ളവരായിരിക്കും. ഇവിടെനിന്നും ജനപ്രതിനിധികളോ പൊതുപ്രവർത്തകരോ വിദേശ രാജ്യങ്ങളിൽ ചെന്നാൽ രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ വലിയ സ്നേഹ വാത്സല്യത്തോടുകൂടി നമ്മളോട് ഇടപെടുന്ന പ്രവാസികൾ, സുഖശീതളിമയുള്ള ജീവിതമല്ല അവിടെ നയിക്കുന്നതെന്ന് അവിടെ ചെല്ലുമ്പോൾ നമുക്ക് മനസ്സിലാകും. എ.സി.യില്ലാതെ ഒരു മിനിറ്റുപോലും ജീവിക്കാൻ സാധിക്കാത്ത സാഹചര്യമാണ് അവിടെയുള്ളത്. കേരളത്തിലെ കാലാവസ്ഥയിൽനിന്നും വ്യത്യസ്തമായ മറ്റൊരു കാലാവസ്ഥയിൽ ജീവിച്ച് അവരുടെ ജീവിതകാലം മുഴുവൻ, ഒരു പക്ഷേ യൗവ്വനം മുഴുവൻ വിദേശത്ത് ഹോമിച്ചശേഷം വാർദ്ധക്യകാലത്താണ് അവർ തിരിച്ച് നാട്ടിൽവരുന്നത്. ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദേശമലയാളികൾക്കുവേണ്ടി ആരംഭിച്ച, അവരുടെ ജീവിതത്തിൽ ഒരുപാട് മാറ്റം വരുത്താൻ നിർണ്ണായക പങ്കുവഹിച്ച ഒന്നാണ്

ലോക കേരള സഭ. ലോക കേരള സഭ എന്തിനാണ്; ഇത് ധൂർത്താണെന്നൊക്കെ പലരും പറയുമ്പോഴും നമ്മൾ ചിന്തിക്കേണ്ട ഒരു കാര്യം, ലോക കേരള സഭയിലൂടെ ഒട്ടനവധി പുതിയ വിഷയങ്ങൾ സമൂഹത്തിൽ ചർച്ചയാക്കാനും പ്രവാസികൾക്കുവേണ്ടി പ്രത്യേകമായ കാര്യങ്ങൾ ചെയ്യാനും സാധിച്ചുവെന്നതാണ്. വിദേശ രാജ്യങ്ങളിൽവച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ മൃതദേഹം എത്രയുംവേഗം നാട്ടിലെത്തിക്കുന്നതിനും കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് വരുന്ന പ്രവാസികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. നോർക്ക റൂട്ട്സ് ഈ മേഖലയിൽ നിർണ്ണായകമായ ഇടപെടലാണ് നടത്തുന്നത്. ഗവൺമെന്റ് പ്രവാസികൾക്കായി ഒരു വകുപ്പുതന്നെ രൂപീകരിച്ചിരിക്കുന്നു എന്നത് കേരളത്തിന്റെ പ്രത്യേകതയാണ്. ഇതിനായുള്ള ഗവൺമെന്റിന്റെ ഇടപെടൽ നമുക്ക് ബോധ്യമാകും. നോർക്ക റൂട്ട്സ് വഴി പ്രവാസികൾക്കുവേണ്ടി കൃത്യമായ ഇടപെടൽ നടക്കുന്നുണ്ട്. ഇന്ന് രാവിലെ മുതൽ നടക്കുന്ന ബില്ലുകളുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ നാട്ടിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനെയുമൊക്കെ സംബന്ധിച്ച്

പറയുന്നതുകേട്ടു. മുൻകാലങ്ങളിൽ തൊഴിലിനുവേണ്ടിയായിരുന്നു ആളുകൾ നാടുവിട്ട് പോയിരുന്നതെങ്കിൽ ഇന്ന് കൂടുതൽ പേരും വിദ്യാഭ്യാസം നേടുന്നതിനുവേണ്ടിയാണ് കേരളത്തിന് പുറത്ത് പോകുന്നതെന്ന് നമുക്കറിയാം. ഇതൊരു പ്രശ്നമോ കുറവോ അല്ല. അത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ഈ കാലഘട്ടത്തിലെ കുട്ടികൾ പഠനത്തോടൊപ്പം വരുമാനമുണ്ടാക്കി സന്തോഷമായി ജീവിക്കാനായി പുതിയ സാഹചര്യത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നു. അങ്ങനെ പോകുന്നവർ 30-35 ലക്ഷത്തോളം രൂപ മുതൽമുടക്കിയാണ് വിദേശത്തേയ്ക്ക് പോകുന്നത്. ഈ പണം മുഴുവൻ ഇൻവെസ്റ്റ് ചെയ്യുന്നത് വിദേശ രാജ്യങ്ങളിലാണ്. ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ ചർച്ചാവേളയിൽ സ്വാഭാവികമായും നാം ചിന്തിക്കേണ്ടത് ഇവിടെതന്നെ അവർക്ക് ജോലി ചെയ്യാനും പഠിക്കാനും വരുമാനമുണ്ടാക്കാനും കഴിയുന്ന സാഹചര്യമുണ്ടാകുന്നവിധത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ, ഇത്തരം പണം അവർ ഇവിടെതന്നെ നിക്ഷേപിക്കുമെന്നുമാത്രമല്ല, ഇവിടെ സൂചിപ്പിച്ച വിധത്തിലുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും സാധിക്കും. നാട്ടിൽ യൗവ്വനമില്ലാതാകുന്ന ഒരു കാലത്തെക്കുറിച്ച് ചിന്തിക്കാൻ നമുക്ക്

സാധിക്കില്ല. കുഞ്ഞുങ്ങളെയും വൃദ്ധജനങ്ങളെയും നാം സംരക്ഷിക്കേണ്ടതാണ്, എന്നാൽ യുവാക്കളിൽനിന്നാണ് നമ്മുടെ നാടിന് പ്രതീക്ഷിക്കാനുള്ളത്. കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നത് അവരുടെ കാലഘട്ടത്തിന്റെ പ്രത്യേകത കൊണ്ടുതന്നെയാണ്, അത് ആരുടെയും കുറ്റമെന്ന് പറയാൻ കഴിയില്ല. എന്നാൽ അവരെ ആകർഷിച്ച് ഇവിടെതന്നെ നിർത്താൻ സാധിക്കണം. ഇന്നലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിൽ ഒരു ചർച്ച നടത്തിയിരുന്നു. ആ ചർച്ച ഇതുമായി കണക്ക് ചെയ്യാവുന്നതാണ്. ഇപ്പോൾ ഒരു വർഷംകൊണ്ട് ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നുവെന്ന പ്രഖ്യാപനത്തിന് വളരെ നല്ല പ്രതികരണമാണ് ലഭിച്ചിരിക്കുന്നത്. മണ്ഡലങ്ങളിലെ പുതിയ സംരംഭങ്ങൾ ഉദ്ഘാടനം ചെയ്യാൻ എം.എൽ.എ.-മാരായ നമ്മൾ പോകുമ്പോൾ, അതെല്ലാം വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന സംരംഭങ്ങളാണെന്ന് വളരെ ആവേശത്തോടുകൂടി പറയാറുണ്ട്. ഈ കാലഘട്ടത്തിനനുസരിച്ച് ചില മാറ്റങ്ങൾ വ്യവസായ വകുപ്പിനുകീഴിലുണ്ടാക്കാൻ കഴിഞ്ഞതുപോലെ വിദ്യാഭ്യാസ സമ്പ്രദായം പഠനവും ജോലിയും എന്ന പുതിയ കാഴ്ചപ്പാടിലേയ്ക്ക് വരാൻ സാധിച്ചാൽ

വിദേശത്തേയ്ക്കുള്ള കുട്ടികളുടെ ഒഴുക്ക് തടയാൻ സാധിക്കും. ഇത് കാണാതെ പോകാൻ സാധിക്കില്ലെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. കൂടാതെ വിദേശങ്ങളിലെത്തുന്ന കുട്ടികൾക്ക് ഏകദേശം രണ്ടുവർഷം അവിടെ താമസിക്കാനും വളരെ പെട്ടെന്നുതന്നെ പെർമനെന്റ് റെസിഡന്റാകാനും സാധിക്കുന്നു. ഇത്തരം ആനുകൂല്യം വിദേശങ്ങളിൽ കിട്ടുന്നത് അവർക്ക് അങ്ങോട്ടുപോകാനുള്ള അട്രാക്ഷനാണ്. ആ സാഹചര്യം ഇവിടെയും ഒരുക്കിക്കൊടുക്കാൻവേണ്ട ഇടപെടൽ നടത്തേണ്ടതാണെന്നുകൂടി സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, പഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ വ്യാപകമായി വിദേശത്തേയ്ക്ക് പോകുന്നുവെന്നാണ് അങ്ങിവിടെ പറഞ്ഞത്. പ്രവാസികളുമായി ബന്ധപ്പെട്ട ബില്ലിനെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾ അവിടെ പാർട് ടൈം ജോലി ചെയ്താണ് പഠനം മുന്നോട്ടുകൊണ്ടുപോകുന്നത്. പക്ഷേ പ്രവാസികൾക്കുള്ള സ്കീമോ മറ്റ് കാര്യങ്ങളോ പരിശോധിച്ചാൽ ഇല്ലെങ്കിൽ പ്രവാസികളുടെ ഡാറ്റ പരിശോധിച്ചാൽ പ്രവാസികളുടെ നിർവ്വചനത്തിൽ വിദ്യാർത്ഥികളെയും പാർട്ട് ടൈം ജോലി ചെയ്യുന്നവരെയും

ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ വരുന്നതുകൊണ്ടുതന്നെ നിലവിൽ ഈ സംസ്ഥാനത്തുനിന്നും എത്രപേർ വിദേശത്ത് പഠിക്കുന്നുണ്ടെന്ന ഡാറ്റപോലും സർക്കാരിന്റെ കൈവശമില്ലെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി യു. പ്രതിഭ: തീർച്ചയായും. ഒരു സ്വകാര്യ ചർച്ചയിൽ ഇക്കാര്യം നമ്മൾ വിശദമായി സംസാരിച്ചതാണെന്ന കാര്യം ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. സ്റ്റുഡന്റ് വിസയിൽ പോകുന്നവരുടെ കൃത്യമായ കണക്കില്ലെന്ന് രാവിലെ ഇവിടെ നടന്ന ചർച്ചയിൽ പറഞ്ഞു. റഷ്യ-ഉക്രൈൻ യുദ്ധസമയത്താണ് നമ്മുടെ തൊട്ടടുത്ത് ഉക്രൈനിൽ പഠിക്കുന്ന കുട്ടികളുണ്ടെന്ന വിവരം നമ്മളറിയുന്നത്. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ ഡാറ്റാ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ആ സമയത്താണ് കൂടുതൽ ചർച്ച ചെയ്തത്. അവരെയും പ്രവാസികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. കേരളത്തിന്റെ വരുമാനത്തിന്റെ വലിയ പങ്കും നൽകുന്നത് പ്രവാസികളാണ്. അതുകൊണ്ടുതന്നെ പല കാരണങ്ങളാൽ വിദേശത്തുനിന്ന് തിരിച്ചുവരുന്നവരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനും വിദേശ കേരളീയരെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന്

പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ള പ്രവാസികാര്യ വകുപ്പും അതിന്റെ ഭാഗമായി 2002 മുതൽ പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സുമൊക്കെ ഇത്തരം കാര്യങ്ങളിൽ നിരന്തരമായി ഇടപെടുന്നുണ്ടെങ്കിലും ആ മേഖലയിൽ ഇനിയും നാം ഏറെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. അത്തറിന്റെ മണവും മിനുമിനുപ്പിനും അപ്പുറത്ത് വളരെ സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള മറ്റൊരു ജീവിതം അവർക്കുണ്ട്. ഗവൺമെന്റ് കോവിഡ് കാലത്ത് നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പലവീടുകളിലും ചെന്നപ്പോഴാണ് ഇരുനില വീടുകളിൽ കഴിയുന്നവരാണെങ്കിലും വിദേശത്തുള്ളവരുടെ ജോലി പെട്ടെന്ന് നഷ്ടപ്പെട്ടതിന്റെ ഫലമായി വളരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നിരവധിപേർ അവിടെയുണ്ടെന്ന് അറിയാൻ കഴിഞ്ഞത്, കോവിഡ് കാലത്ത് അത്തരക്കാരിലേയ്ക്ക് ഇറങ്ങിചെല്ലാൻ നമുക്കെല്ലാവർക്കും കഴിഞ്ഞിരുന്നു. ഇവിടെനിന്നും വിവിധ രാജ്യങ്ങളിലേയ്ക്ക് പോകുന്ന പല അവസ്ഥയിലുള്ളവരുണ്ട്, ദരിദ്രരും അതീവ ദരിദ്രരും സമ്പന്നരും ആ പട്ടികയിൽപ്പെടുന്നവരാണ്. വിദേശത്തുപോകുന്ന എല്ലാവരും സമ്പന്നരായല്ല മടങ്ങിവരുന്നത്, നന്നായി മുതൽമുടക്കി പോകുന്നവരുണ്ട്. പക്ഷേ നോർക്ക റൂട്ട്സിന്റെയും നോർക്കയുടെയും ലോക കേരള സഭയുടെയുമൊക്കെ

പശ്ചാത്തലത്തിൽ പഴയകാലത്തുണ്ടായിരുന്ന ചൂഷണം ഇന്നില്ല. അത് വളരെയധികം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബില്ലൊക്കെ ഇവിടെ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും....

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, നമ്മൾ വിദേശത്ത് പോകുമ്പോഴും അവർ നാട്ടിൽ വരുമ്പോഴും ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യം, 60 വയസ് കഴിഞ്ഞവരെ ക്ഷേമനിധിയിൽ ചേർക്കാൻ സാധിക്കാത്ത ഒരു പൊതു സ്ഥിതിയെകുറച്ചാണ്. അത് ചെയ്യാൻ സാധിക്കുമോയെന്ന് സംഘടനകളെല്ലാംതന്നെ എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 60 വയസ്സായവർക്ക് അഞ്ചുവർഷമോ ആറുവർഷമോ ഒരു നിശ്ചിത തുക ഒരുമിച്ച് അടയ്ക്കുന്ന വിധത്തിലോ മറ്റോ നിയമം വന്നാൽ ഇവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയില്ലേ; ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ചെയർപേഴ്സൺ: സമയം കഴിഞ്ഞു. പ്ലീസ്...

ശ്രീമതി യു. പ്രതിഭ: ഞാൻ വളരെ വേഗത്തിൽ അവസാനിപ്പിക്കാം. ലോക കേരള സഭയുടെ പശ്ചാത്തലത്തിൽ അത്തരം ചർച്ചകൾ

ഉയർന്നുവന്നിട്ടുണ്ട്. പ്രവാസികൾക്കും പ്രവാസി ക്ഷേമത്തിനും മുന്തിയ പ്രാധാന്യമാണ് നൽകുന്നതെന്നതിനാൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് നല്ല ഇടപെടലും നടത്തിയിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ, നമ്മുടെ ജീവിതത്തിന്റെ താളംതന്നെയാണ് പ്രവാസികൾ. കേരളത്തിൽ ജീവിക്കുന്ന എല്ലാവരും അവരുടെ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയുമെല്ലാം ആനുകൂല്യം പറ്റുന്നവരാണ്. അതുകൊണ്ടുതന്നെ നമ്മുടെ പ്രഥമ ഉത്തരവാദിത്തത്തിന്റെ ഭാഗംകൂടിയാണ് പ്രവാസികളുടെ സംരക്ഷണവും അവരെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക എന്നതും. തുടർച്ചയായി മൂന്നുവർഷം ഒരാൾക്ക് ചെയർമാൻഷിപ്പിലിരുന്ന് പരാതികളിലിടപെടാനും പരിഹരിക്കാനും കഴിയുന്നവിധത്തിലുള്ള ഭേദഗതിയാണിത്. അതുകൊണ്ടുതന്നെ ബഹുമാന്യനായ മന്ത്രി അവതരിപ്പിച്ച ഈ ഭേദഗതിക്ക് എല്ലാവിധ പിന്തുണയും നൽകുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, പൊതുവായിട്ടുള്ള നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ പൊതുവായിട്ടുള്ള പ്രായമാണ് നിലവിലുള്ള നിയമത്തിലുള്ളത്. അറുപത്തി അഞ്ചുവയസ്സ് പൂർത്തിയായ ഒരു

വ്യക്തി ചെയർപേഴ്സൺ അംഗമായി തുടരാൻ പാടുള്ളതല്ല. പ്രധാനമായും നേരത്തെ പറഞ്ഞതുതന്നെയാണ്. ഹൈക്കോടതി ജഡ്ജി റിട്ടയർ ചെയ്യുമ്പോൾ പ്രായം അറുപത്തിരണ്ടാവും. റിക്രൂട്ട്മെന്റ് പ്രോസസ്സ് കഴിയുമ്പോൾ മൂന്നുവർഷം കഴിയും. പിന്നെ നിയമിച്ചാൽത്തന്നെ കാലാവധി പൂർത്തിയാകുന്ന സ്ഥിതിയാകും. ആ പ്രായോഗികമായ പ്രശ്നത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ബിൽ വന്നിട്ടുള്ളത്.

ഏത് ഗവൺമെന്റ് ആയാലും കേരളം പോലുള്ള സംസ്ഥാനത്ത് പ്രവാസിസമൂഹം നൽകുന്ന സംഭാവനകൾ കണക്കിലെടുത്തുകൊണ്ടുതന്നെയാണ് പ്രവർത്തിക്കാൻ കഴിയുക. അങ്ങ് ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങളോടെല്ലാം ഗവൺമെന്റിന്റെ സമീപനവും പോസിറ്റീവ് തന്നെയാണ്. പ്രവാസജീവിതം കഴിഞ്ഞുവരുന്നവർക്കുള്ള സംവിധാനത്തെക്കുറിച്ച് പറയുകയുണ്ടായി. ദുരിതാശ്വാസ നിധിയെന്ന നിലയിൽ പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചെത്തി സാമ്പത്തികവും ശാരീരികവുമായ അവശത അനുഭവിക്കുന്ന പ്രവാസി കുടുംബങ്ങളുടെ സഹായത്തിന് രൂപീകരിച്ചിട്ടുള്ള പ്രത്യേക നിധിയാണ് 'സാന്ത്വന പദ്ധതി'.

ഇതുവരെ 21,987 കുടുംബങ്ങൾക്കായി 133 കോടി രൂപയുടെ ധനസഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്. 'എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി' പ്രകാരം നാട്ടിലേയ്ക്ക് തിരിച്ചുവരുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന്, 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം (പരമാവധി മൂന്ന് ലക്ഷം രൂപ) മൂലധന സബ്സിഡിയും നാല് വർഷത്തേയ്ക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകുന്നുണ്ട്. പതിനെട്ട് ധനകാര്യ സ്ഥാപനങ്ങളുടെ ആറായിരത്തിലധികം ശാഖകൾവഴിയും ധനസഹായം നൽകുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിൽ 4,860 സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നു. 84.49 കോടി രൂപ അതിന്റെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ 'പ്രവാസി ഭദ്രതാ സ്കീം' നിലവിലുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിലാണ് ഈ പുതിയ സ്കീം ആരംഭിച്ചത്. ഇതുവരെ 90.41 കോടി രൂപ ഈ സ്കീം വഴി വിതരണം ചെയ്തിട്ടുണ്ട്. അങ്ങ് പറഞ്ഞ ഒരുകാര്യം ശരിയാണ്. പല കേസുകളിലും ജയിൽ ശിക്ഷ അനുഭവിക്കുന്ന എല്ലാവരെയും നമുക്ക് സഹായിക്കാൻ കഴിഞ്ഞെന്നുവരില്ല. ഇപ്പോൾ നിയമസഹായ സെൽ രൂപീകരിച്ചിട്ടുണ്ട്. പത്തുലീഗൽ കൺസൾട്ടന്റുമാരെ ആറ് ജി.സി.സി. രാജ്യങ്ങളിലായി നിയമിക്കാൻ

കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ പുറത്തുനിന്നും എത്തുന്നവരുടെ ധനസഹായം. പുനരധിവാസത്തിനായി മൂന്നുലക്ഷം രൂപ ഒറ്റത്തവണ ധനസഹായം സംഘടനകൾക്കുവേണ്ടി നൽകുന്ന പദ്ധതിയുമുണ്ട്. ഇതുവരെ എഴുപതുസംഘടനകൾക്ക് രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ സ്കീമുകളും പറയുന്നില്ല. അങ്ങുപറഞ്ഞ മറ്റൊരു കാര്യമാണ് വ്യാജ റിക്രൂട്ട്മെന്റ്/ വിസ തട്ടിപ്പ്. വിസ/തൊഴിൽ തട്ടിപ്പിന് ഇരയാകുന്നവരുടെയും അനധികൃത ഏജന്റുമാരുടെയും ചതികുഴിയിൽപ്പെടുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് ബോധവൽക്കരണം നടത്തുവാൻ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, കേരള പോലീസ് എന്നിവരുടെ സഹകരണത്തോടെ 'ഓപ്പറേഷൻ ശുഭയാത്ര പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്.

പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത് വിദ്യാർത്ഥികളെ സംബന്ധിച്ചാണ്. അവർക്ക് Students ID Card നൽകും. ഉക്രൈൻ പ്രശ്നം ശ്രീമതി യു. പ്രതിഭ പറഞ്ഞതുപോലെ വളരെ ഗൗരവമുള്ളതാണ്. എത്ര കുട്ടികളുണ്ടെന്ന കാര്യത്തിൽ വേണ്ടത്ര വ്യക്തതയില്ല; പൊതുവെ രാജ്യത്തിന്റെ സ്ഥിതി ഇതാണെങ്കിൽ കേരളത്തിന്റെ സ്ഥിതിയും

അതുതന്നെയായിരിക്കും. ഉക്രൈനിൽ നമ്മൾ കുറെയേറെ നടപടികൾ സ്വീകരിച്ചിരുന്നു. അതെല്ലാം വിശദീകരിക്കുന്നില്ല. കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് പരമാവധി കുട്ടികളെ തിരിച്ചെത്തിക്കാൻ ശ്രമിച്ചു. അതോടൊപ്പംതന്നെ രജിസ്ട്രേഷനും ആരംഭിച്ചു. അതുകഴിഞ്ഞപ്പോഴാണ് അതിനുമപ്പുറത്തേയ്ക്ക് കുട്ടികളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടത്. തിരികെവരുന്ന വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാൻ പതിനഞ്ച് ചാർട്ടേഡ് വിമാനങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, പ്രവാസിയായതുകൊണ്ടാണ് ഒരു വിഷയം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് ഒരുപാട് മലയാളി ഡ്രൈവേഴ്സും അതുപോലെ വീട്ടുജോലിക്കാരുമുള്ള പ്രദേശമാണ് ഗൾഫ് രാജ്യങ്ങൾ. ഇന്ത്യൻ എംബസ്സിയിൽ മലയാളികളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോ? കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുവാൻ സാധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പൊതുവെ ഇത്തരം വിദേശകാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽപ്പെടുന്നതല്ല;

കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. എങ്കിൽപോലും മുൻ അംബാസഡറായിരുന്ന ശ്രീ. വേണു രാജാമണിക്ക് ഡൽഹിയിൽ സംസ്ഥാന സർക്കാർ പ്രത്യേക ചുമതല നൽകിയിട്ടുണ്ട്. അദ്ദേഹം ഇത്തരം സന്ദർഭങ്ങളിലെല്ലാം എംബസ്സികളുമായി കോ-ഓർഡിനേറ്റ് ചെയ്ത് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഉക്രൈനിൽനിന്ന് പതിനഞ്ച് ചാർട്ടേഡ് വിമാനങ്ങൾ വന്നു. ഡൽഹി-മുംബൈ വിമാനത്താവളത്തിൽ എത്തുന്ന വിദ്യാർത്ഥികളെ വിവിധ എയർപോർട്ടുകളിൽ എത്തിക്കുന്നതിന് വിമാനയാത്രാ ടിക്കറ്റുകൾ നോർക്ക സൗജന്യമായി നൽകുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം; ലോക കേരളസഭ പരാജയപ്പെട്ടുവെന്ന അങ്ങയുടെ വാദത്തോട് യോജിപ്പില്ല, കാരണം ലോക കേരളസഭ പൊതുവെ നല്ല രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സമ്മേളനങ്ങളിലെല്ലാം വളരെ ക്രിയാത്മകമായി ചർച്ചകൾ വരുന്നുണ്ട്. അതിന്റെ ഭാഗമായി നിരവധി നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലണ്ടനിൽ പോയ സന്ദർഭത്തിൽ അവിടെ നടന്ന യൂറോപ്പ് മേഖലയുടെ പ്രാദേശിക സമ്മേളനം; അത് വളരെ

ക്രിയാത്മകമായിരുന്നു. ഒത്തിരി നിർദ്ദേശങ്ങളുണ്ടായി. ആ സന്ദർഭത്തിലാണ് ഇവിടെ അങ്ങും ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യും വിദേശ തൊഴിൽസാധ്യതകൾ എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകളുടെ ഭാഗമായി ഗവൺമെന്റ് സംവിധാനത്തിൽ ചതിക്കുഴികളിൽ ഒന്നുംപെടാതെ നേരിട്ടുതന്നെ റിക്രൂട്ട്മെന്റ് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

INKEL വഴി ആലോചിക്കുന്ന മറ്റൊരുകാര്യം; വിദേശത്തുപോയ ആളുകൾ ചിലപ്പോൾ സ്ഥലം വാങ്ങിയിടുകയും, പക്ഷേ പിന്നീട് ആ സ്ഥലം എങ്ങനെ ഉപയോഗപ്പെടുത്തണമെന്നറിയാതെവരികയും ചെയ്യുന്നുണ്ട്. ആ സാഹചര്യത്തിൽ അവയെ ലോജിസ്റ്റിക് പാർക്കുകളായി മാറ്റാൻ INKEL-മായി ചേർന്ന് ഒരുപുതിയ പദ്ധതി ഇപ്പോൾ മുന്നോട്ടുവച്ചിട്ടുണ്ട്. നല്ല രീതിയിലുള്ള പ്രതികരണമാണ് അതുമായി ബന്ധപ്പെട്ടുവന്നിട്ടുള്ളത്. ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ച ഈ കമ്മിറ്റിയുടെ ശിപാർശകൾ അത്തരം കാര്യങ്ങളിൽ നമുക്ക് നിലപാട് സ്വീകരിക്കാൻ കഴിയും. ലോക കേരളസഭയെന്നുള്ളത് ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒരു

സംവിധാനമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രവാസികളായതുകൊണ്ടുള്ള പ്രധാനപ്പെട്ട ഒരു പ്രശ്നം നമ്മൾ നേരത്തെ ചർച്ച ചെയ്തിട്ടുള്ളൊരു കാര്യമാണ്. എയർ ടിക്കറ്റ് ചാർജ്ജ് ചില സീസണുകളിൽ അമിതമായി കൊടുക്കേണ്ടി വരുന്നുവെന്നതാണ് പ്രവാസികൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഓണത്തിനോ, പെരുന്നാളിനോ നാട്ടിൽ വരാമെന്നുവച്ചാൽ ഒരു വർഷം മുഴുവനും കുടുംബനാഥൻ അവിടെ ജോലി ചെയ്താൽ കിട്ടുന്ന തുക മുഴുവനും ഒരു കുടുംബത്തിന് ടിക്കറ്റ് ചാർജ്ജായി കൊടുക്കേണ്ടിവരുന്നു. തിരുവനന്തപുരത്തുനിന്നും ലണ്ടനിലേക്കുള്ള ചാർജ്ജ് അതുപോലെതന്നെ തിരുവനന്തപുരത്തുനിന്നും ദുബായിലേക്കുള്ള ചാർജ്ജ് എത്രയോ വ്യത്യാസമുണ്ട്. ഇതിൽ നമുക്ക് എന്തു ചെയ്യാൻ കഴിയും? മറ്റൊരു പ്രധാനപ്പെട്ട കാര്യം; നമ്മുടെ അഭ്യസ്തവിദ്യരായ യുവാക്കൾ ജോലി തേടി വിദേശരാജ്യങ്ങളിൽ പോകുന്നതാണ്. അവർ വിസിറ്റിംഗ് വിസയിലായിരിക്കും പോകുന്നത്. അവർക്ക് ആ വിസിറ്റിംഗ് വിസയുടെ കാലാവധി അവസാനിക്കുന്നതിന്റെ ഇടയിൽ ഏതെങ്കിലും നല്ല കമ്പനിയിൽ ജോലി കിട്ടും, ആ ജോലിക്ക് ഓഫർ ഉണ്ടാകും. അവർക്ക് ജോലിക്ക്

കയറണമെങ്കിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് വേണം; മുമ്പ് ഓൺലൈനിലോ അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും ഒരാളോ ജില്ലാ പോലീസ് മേധാവിയെ സമീപിച്ചാൽ ആ സർട്ടിഫിക്കറ്റ് കിട്ടുമായിരുന്നു. ഇപ്പോൾ അങ്ങനെയല്ല; ആ യുവാവ് നേരിട്ടുതന്നെ ജില്ലാ പോലീസ് മേധാവിയുടെ മുമ്പിൽ ഹാജരാകണം. ഇതാണ് ഏറ്റവും ഒടുവിൽ വന്നിട്ടുള്ള നിയമം. അക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?

<u>ശ്രീ. പി. രാജീവ്</u>: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും വിമാനയാത്രകളെക്കുറിച്ച് ഉന്നയിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ നമ്മുടെ നിയന്ത്രണത്തിലല്ല. വിമാനകമ്പനികൾ ഇത്തരത്തിൽ കൊള്ള നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പലതവണ കേന്ദ്ര വ്യോമ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. വ്യോമ മന്ത്രിമാരുടെ യോഗത്തിലും ഈ പ്രശ്നം വളരെ ഗൗരവമായി ഉന്നയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള സമീപനം പ്രത്യേകിച്ചും സീസണിൽ ഇങ്ങോട്ടുവരുന്ന സന്ദർഭത്തിൽ പെട്ടെന്ന് ടിക്കറ്റിന്റെ നിരക്ക് ഉയർത്തുന്നു. ഇവിടെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞതുപോലെ ഭൗതികശരീരം കൊണ്ടുവരുന്നതിന് കൊള്ളസമീപനം സ്വീകരിക്കുന്നുണ്ട്. ശക്തമായ നമ്മുടെ

വികാരം നേരത്തെതന്നെ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. നമ്മുടെ പാർലമെന്റ് അംഗങ്ങളും വളരെ ശക്തമായിത്തന്നെ ഈ പ്രശ്നം അവിടെ ഉന്നയിക്കണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് കഴിയാവുന്ന തരത്തിൽ സർക്കാരും ഇടപ്പെടുന്നതായിരിക്കും. ശ്രീമതി യു. പ്രതിഭ സംസാരിച്ചപ്പോൾ ശ്രീ. മാത്യു കുഴൽനാടൻ ഇടപ്പെട്ട് നിർവചനത്തെക്കുറിച്ച് ഒരു സംശയം ഉന്നയിക്കുകയുണ്ടായി. ആ സംശയത്തിന് വലിയ പ്രസക്തിയുള്ളതല്ല. കാരണം ഈ നിയമത്തിൽ പറയുന്നത്: അംഗമെന്നാൽ

"2. (ഇ) "പ്രവാസി ഭാരതീയർ, കേരളീയർ" എന്നാൽ കേരളത്തിൽ സ്ഥിര താമസമാക്കിയിട്ടുള്ളതും എന്നാൽ,-

i) ഭാരതത്തിനു പുറത്ത് ജോലി നോക്കുന്നതിനോ;

ii) ഭാരതത്തിനു പുറത്ത് പഠനത്തിനോ തൊഴിലിനോ, വ്യാപാര സംബന്ധമായ ആവശ്യത്തിനോ;

iii) ഭാരതത്തിനുപുറത്ത് താമസിക്കുന്നതിനുള്ള അയാളുടെ ഉദ്ദേശ്യം സൂചിപ്പിക്കുന്ന അത്തരം സാഹചര്യങ്ങളിൽ, മറ്റേതെങ്കിലും ആവശ്യത്തിനോ ആയി നിശ്ചിതമല്ലാത്ത കാലയളവിലേയ്ക്ക്;

സ്ഥിരമായോ താൽക്കാലികമായോ ഭാരതത്തിനുപുറത്തു താമസിക്കുന്ന

ഒരു ഭാരത പൗരൻ എന്നർത്ഥമാകുന്നു."

വളരെ വിശാലമായ ഒരു നിർവ്വചനമാണിത്. വിദ്യാർത്ഥികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

രജിസ്ട്രേഷന്റെ കാര്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ച ചില പരിമിതികളുണ്ട്. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ നിലനിർത്തുന്നതിൽ പ്രവാസി സമൂഹം സാമൂഹിക സാംസ്കാരിക മേഖലയിൽ നടത്തിയ സംഭാവനകൾ വളരെ പ്രധാനപ്പെട്ടതാണ്. അവരെ ചേർത്തുപിടിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അവരുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ കഴിയുന്നതരത്തിൽ ലോക കേരളസഭയെ കൊണ്ടുവന്നത്. പുതിയ കമ്മീഷന്റെ ഭേദഗതി വരുന്നതോടുകൂടി അദ്ദേഹം പറഞ്ഞതുപോലെ നിയമനം നടത്താൻ വളരെ എളുപ്പത്തിൽ ചെയ്യാൻ കഴിയും. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ ഒന്നുകൂടി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി പ്രസ്

ചെയ്യുന്നുണ്ടോ?

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ, 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................................

പ്രതികൂലിക്കുന്നവർ ...................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എൻ. വാസവൻ: സർ, 2013 ജനുവരി 10-ന് നിലവിൽ വന്ന

ക്ഷേമനിധി ആക്ടാണിത്. 2013 ഏപ്രിൽ 9-ന് ക്ഷേമനിധി ചട്ടങ്ങളും അതോടൊപ്പം തന്നെ ക്ഷേമനിധി പദ്ധതിയും നിലവിൽവന്നു. അതിൽ ആധാരമെഴുത്തുകാരുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നും വന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഭേദഗതികളാണ് 7, 9 എന്നീ വകുപ്പുകളിൽ വരുത്താനുദ്ദേശിച്ചിരിക്കുന്നത്. അതിലൊന്ന്, ഒരു വർഷത്തിലധികം അംശദായം അടയ്ക്കാതെ അംഗത്വം നഷ്ടപ്പെട്ടവർക്ക് പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയെന്നതാണ്. നേരത്തെ ആറുമാസക്കാലം കുടിശ്ശികയുണ്ടെങ്കിൽ 12 ശതമാനം പലിശ അടച്ച് പുതുക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. അതിനോട് ബന്ധപ്പെടുത്തിയാണ് ഒരു വർഷക്കാലംവരെയുള്ളത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കി അധികാരം മാറ്റുന്നത്. രണ്ട്, ക്ഷേമനിധി ബോർഡ് അദ്ധ്യക്ഷൻ നിലവിൽ നികുതി വകുപ്പുസെക്രട്ടറിയായിരുന്നു. അത് രജിസ്ട്രേഷൻ വകുപ്പുമന്ത്രിയായി മാറണമെന്ന നിർദ്ദേശം പൊതുവെ ക്ഷേമനിധി അംഗങ്ങളുടെ ഇടയിൽനിന്നു വന്നു. ചർച്ചയിലൂടെ ധാരണയായി. അതാണ് മറ്റൊരു ഭേദഗതി. മൂന്നാമതായി, നിലവിൽ ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് ചേർന്ന്

ഒരു വൺ ടൈം സെറ്റിൽമെന്റ് നടപ്പാക്കുന്ന കാര്യമാണ് നിർദ്ദേശത്തിലുള്ളത്. ഇങ്ങനെ 7, 9 വകുപ്പുകളിൽ ഭേദഗതി നിർദ്ദേശിക്കുന്നതാണ് ഈ ഭേദഗതി ബിൽ. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒന്നര നൂറ്റാണ്ട് പഴക്കമുള്ള കേരളത്തിലെ പരമ്പരാഗത തൊഴിലാണ് ആധാരമെഴുത്ത്. ജനങ്ങൾക്കുവേണ്ടി സാമൂഹ്യബോധത്തോടെ സമർപ്പിതമായ സേവനമാണ് ആധാരമെഴുത്തുകാരും പകർപ്പെഴുത്തുകാരും സ്റ്റാമ്പ് വെണ്ടർമാരും ചെയ്തുവരുന്നത്. രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സസൂക്ഷ്മം തയ്യാറാക്കി നൂതന സംവിധാനത്തോടെ രജിസ്റ്റർ ചെയ്തുവരുന്ന സ്വത്തിന്റെ ആധികാരിക രേഖയാണ് നമുക്കാധാരം. രജിസ്ട്രേഷൻ വകുപ്പിന്റെ മേൽനോട്ടത്തിനുകീഴിൽ രജിസ്ട്രേഷൻ

നിയമങ്ങൾക്ക് വിധേയമായിട്ടാണ് ആധാരമെഴുത്തുകാർ ഇന്ന് ജോലി ചെയ്യുന്നത്. ഇവർ വസ്തുരജിസ്ട്രേഷൻ ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിൽനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടുന്ന എല്ലാ സേവനങ്ങളും നിശ്ചിതമായ ഒരു ഫീസ് ഈടാക്കിക്കൊണ്ട് ചെയ്തുകൊടുക്കുകയാണ്. ഇവർക്ക് നിശ്ചിതമായ അധികാര പരിധിയുമുണ്ട്. കക്ഷികൾ കൊണ്ടുവരുന്ന പ്രമാണങ്ങളുടെയും തിരിച്ചറിയൽ രേഖകളുടെയും അനന്യതയും സൂക്ഷ്മതയും കൃത്യതയും സത്യസന്ധതയും പരിശോധിച്ച് നിയമാനുസൃതമായി ഫീസുകൾ ഒടുക്കാൻ സഹായിച്ചും ഇടപാടുകൾ സത്യസന്ധമായി നടത്തേണ്ടത് ഇവരുടെ ഉത്തരവാദിത്വമാണ്. വളരെയധികം അറിവും പരിചയസമ്പത്തും കൃത്യനിർവ്വഹണശേഷിയും സൂക്ഷ്മതയും അനിവാര്യമായ ഒരു തൊഴിൽ മേഖലയാണിത്. ചെറിയ പിഴവുകൾപോലും കക്ഷികൾക്ക് അപരിഹാര്യമായിട്ടുള്ള നഷ്ടം വരുത്തിവയ്ക്കാൻ ഇടയുമുണ്ട്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾ സർക്കാരിന് യാതൊരു ബാധ്യതയുമില്ലാതെ സ്വയംതൊഴിൽ എടുത്തുവരുന്നതിനാൽ ഇത് പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ജീവിച്ചുപോകാൻ വേണ്ടിയുള്ള ജീവനോപാധികൂടിയാണ്. പക്ഷേ അടുത്തകാലത്ത് ഗഹാൻ, പണയാധാരങ്ങൾ, വിവാഹ രജിസ്ട്രേഷൻ

തുടങ്ങിയ പലതും ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇതിനോടകം തന്നെ നഷ്ടപ്പെട്ടു. അവശേഷിക്കുന്ന ചില ആധാരങ്ങൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അമ്പതിനായിരത്തോളം വരുന്ന ആധാരമെഴുത്ത് മേഖലയിലെ കുടുംബങ്ങൾക്ക് ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്താനുതകുന്ന കൂടുതൽ പദ്ധതികൾ ഈ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ഈ ബില്ലിലേക്ക് വന്നാൽ പ്രധാനമായും മൂന്ന് മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിലൊന്ന്, അംഗത്വം പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശമാണ്. പ്രധാന ആക്ടിലെ 7-ാം വകുപ്പിൽ ചേർക്കുന്ന കാര്യം "എന്നാൽ, ഒരു വർഷത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു അംഗത്തിന്റെ അംഗത്വം സർക്കാർ അനുമതി കൂടാതെ പുനരുജ്ജീവിപ്പിക്കാൻ പാടുള്ളതല്ല.", എന്നതും 7 (എ)-യിൽ പരാമർശിക്കുന്നത് "അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ട ആളുകളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കാൻ വേണ്ടി, സർക്കാരിന്, വിജ്ഞാപനം വഴി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്" എന്ന നിർദ്ദേശവുമാണ്. ഇത്

സ്വാഗതാർഹമാണ്. ഇത് കൃത്യമായി പ്രയോജനകരമാകണമെങ്കിൽ ഒരു പ്രൊവിഷൻ കൂടിവേണം. അതായത്, അംശദായം അടയ്ക്കുന്നതിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന നിരവധിയായ ആളുകൾ നമ്മുടെ ഇടയിലുണ്ട്. പ്രത്യേകിച്ച്, കോവിഡ് മഹാമാരിമൂലം രണ്ടുവർഷക്കാലം ജോലിയില്ലാതിരുന്ന നിരവധിയാളുകൾക്ക് അംശദായം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. 200 രൂപയാണ് ഒരു മാസം അടയ്ക്കേണ്ടത്. അത് ഒറ്റത്തവണയായി തീർപ്പാക്കുമ്പോൾ താങ്ങാൻ കഴിയാത്ത വലിയൊരു തുക അവർക്ക് അടയ്ക്കേണ്ടി വരുന്നുണ്ട്. ഇപ്പോൾ പലിശയോടുകൂടിയാണ് അടയ്ക്കേണ്ടത്. അംഗങ്ങൾക്ക് ഈ തുക പലിശരഹിതമായും തവണകളായും അടയ്ക്കാനുള്ള ഒരു സൗകര്യം ഏർപ്പെടുത്തണമെന്നുള്ളതാണ് സുപ്രധാന നിർദ്ദേശമായി എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. ഇല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൊണ്ട് അംഗങ്ങൾക്ക് പ്രയോജനം ലഭിക്കില്ല. മറ്റൊരു പ്രധാന ഭേദഗതി നിർദ്ദേശിക്കുന്നത് 9-ാം വകുപ്പിലാണ്. ബോർഡിന്റെ ചെയർമാൻ നിലവിൽ നികുതി വകുപ്പ് സെക്രട്ടറിയാണ്. അതിനുപകരം ഇപ്പോൾ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ബോർഡിന്റെ ചെയർമാൻ ആകുകയാണ്. ഇതൊരു പ്രധാനപ്പെട്ട മാറ്റമാണ്.

ഞാൻ അതിനെയും സ്വാഗതം ചെയ്യുന്നു. ബോർഡിന്റെ കാലാവധി നിലവിൽ മൂന്നുവർഷമാണ്. പക്ഷേ നമ്മൾ പരിശോധിക്കുമ്പോൾ കഴിഞ്ഞ ബോർഡ് നിലവിൽ വന്ന് രണ്ടുവർഷം പിന്നിട്ടിട്ടും ബോർഡിന്റെ ഒരു യോഗം മാത്രമാണ് ആകെ നടന്നത്. അതായത്, പരിചയപ്പെടാൻവേണ്ടി നടത്തിയിട്ടുള്ള യോഗമാണത്. അതിനുശേഷം ബോർഡിന്റെ യോഗം നടക്കുന്നില്ല. നികുതി വകുപ്പുസെക്രട്ടറി ഔദ്യോഗികമായിട്ടുള്ള വലിയ തിരക്കുള്ള പദവി വഹിക്കുന്ന ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് കൃത്യമായ ഇടവേളകളിൽ ഈ യോഗം ചേരാൻ സാധിച്ചിരുന്നില്ല. ഈ ദൗർഭാഗ്യകരമായിട്ടുള്ള സാഹചര്യം ആവർത്തിക്കാതിരിക്കണമെങ്കിൽ പ്രത്യേകമായ ജാഗ്രതയുണ്ടാകണം. മന്ത്രി തന്നെ ചെയർമാനാകുമ്പോൾ തീർച്ചയായും സമയബന്ധിതമായി നമുക്കത് നടപ്പിലാക്കാൻ കഴിയും. കാരണം ബോർഡിന്റെ യോഗം ചേരുന്നുവെന്ന് നമുക്ക് ഉറപ്പുവരുത്തണം. ആധാരമെഴുത്തുകാർ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നവരായതുകൊണ്ടാണ് രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി തന്നെ ബോർഡിന്റെ ചെയർമാനാകുന്നത് നല്ല കാര്യമാണെന്നുള്ള ഒരു ചർച്ച വന്നിട്ടുള്ളത്. പക്ഷേ ഇതൊരിക്കലും ഒരു തലവേദനയാകാൻ പാടില്ല.

ഭരണഘടനാപരമായിട്ടുള്ള നിരവധി കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ബഹുമാനപ്പെട്ട മന്ത്രി, സമയത്ത് യോഗം ചേർന്നാൽ മാത്രമേ സംസ്ഥാനതലത്തിൽ തീരുമാനിക്കപ്പെടുന്ന ബോർഡിന്റെ ആനുകൂല്യങ്ങളും സഹായങ്ങളും സമയബന്ധിതമായി അംഗങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. മറ്റൊരു ഭേദഗതി വൈസ് ചെയർമാന്റെ കാര്യമാണ്. നിലവിലെ വൈസ് ചെയർമാൻ ഐ.ജി. ഓഫ് രജിസ്ട്രേഷനുപകരം നികുതി വകുപ്പുസെക്രട്ടറി ഇതിന്റെ വൈസ് ചെയർമാൻ ആകുന്നുവെന്നുള്ളതാണ്. ഇതുമൂലം ഒരു പ്രയോജനവുമുണ്ടാകില്ല. നികുതി വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവ രണ്ടുവകുപ്പായതിനാലും രണ്ടുമന്ത്രിമാരുടെ കീഴിലായതിനാലും ഈ ബോർഡിൽ നികുതി വകുപ്പുസെക്രട്ടറിയെ ഉൾപ്പെടുത്തുന്നതുകൊണ്ട് കാര്യമായ ഗുണം ചെയ്യില്ല. നിലവിലുള്ളതുപോലെ തന്നെ ഐ.ജി. ഓഫ് രജിസ്ട്രേഷൻ വൈസ് ചെയർമാനായി തുടരുന്നതാണ് നമുക്ക് അഭികാമ്യം. ചെയർമാൻ ഇല്ലെങ്കിൽ ഈ യോഗത്തിന് അദ്ധ്യക്ഷത വഹിക്കേണ്ടത് വൈസ് ചെയർമാനാണ്. ഇപ്പോൾ യോഗം വിളിച്ചുചേർക്കാത്ത നികുതി വകുപ്പ് സെക്രട്ടറിക്ക് ഇനിയും അതിന് കഴിയുമെന്ന് തോന്നുന്നില്ല. കേരളത്തിലെ എല്ലാ ഫയലുകൾക്കും തീരുമാനമെടുക്കേണ്ടത്

സംസ്ഥാനതലത്തിലുള്ള ബോർഡാണ്. അവിടെ ആകെ ഒരുദ്യോഗസ്ഥൻ മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ അവിടെ കാര്യങ്ങളൊന്നും സമയത്ത് നടക്കുന്നില്ല. നിലവിൽ ഈ ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആധാരമെഴുത്തുകാരുടെയും ബന്ധപ്പെട്ടവരുടെയും 5 അംഗങ്ങളാണ് നിലവിലുള്ളത്. ഈ മേഖലയുമായി തൊഴിൽ പരിചയമോ ബന്ധമോ ഇല്ലാത്ത ആളുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനുപകരം ആധാരമെഴുത്ത് തൊഴിലാളികളുടെ സംഘടനകളുടെ കീഴിൽ ഹിതപരിശോധന നടത്തി അതിൽ അംഗീകൃത യൂണിയനുകളെ തെരഞ്ഞെടുത്ത് അതിന്റെ പ്രതിനിധികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നത് ഉചിതമായിരിക്കും. ഇതുമൂലം ഈ തൊഴിൽമേഖലയിലുള്ളവർക്ക് കൂടുതലവസരം ലഭിക്കും. കാര്യങ്ങൾ കൃത്യമായി നമുക്ക് ചെയ്യാൻ സാധിക്കും. മറ്റ് പ്രധാനപ്പെട്ട ഒരു നിർദ്ദേശം, ഈ ക്ഷേമനിധിയിൽ ഇപ്പോൾ സർക്കാരിന്റെ വിഹിതം ലഭിക്കുന്നില്ലായെന്നുള്ളതാണ്. മറ്റെല്ലാ ക്ഷേമനിധികളിലും സർക്കാർ വിഹിതമുണ്ട്. പക്ഷേ ഇവിടെ സർക്കാർ വിഹിതമില്ല. മറ്റംഗങ്ങൾ നൽകുന്നതുപോലെ തുല്യമായ വിഹിതം സർക്കാരും ഈ ക്ഷേമനിധിയിലേക്ക് നൽകേണ്ടതുണ്ട്. അതുപോലെ തന്നെ

അംഗങ്ങളുടെ അംശദായം കുടിശ്ശികയാകുന്ന തുകയ്ക്ക് 12 ശതമാനം പലിശ ഈടാക്കുന്നുണ്ട്. പക്ഷേ അംശദായം അടച്ചവർക്ക് കാലാവധി കഴിയുമ്പോൾ അടച്ച തുകമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. ഇതിന് ഒരു പലിശയും ലഭിക്കുന്നില്ല. ഇപ്പോൾ റിട്ടയർമെന്റ് ആനുകൂല്യമായി ചെറിയൊരു തുകയാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്, ഇരുപത് മുപ്പതുവർഷക്കാലം തുടർച്ചയായി ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് 25,000-30,000 രൂപയാണ് റിട്ടയർമെന്റ് ആനുകൂല്യമായി ലഭിക്കുന്നത്. കുറഞ്ഞത് പത്തുവർഷമെങ്കിലും ഈ രംഗത്ത് പ്രവർത്തിച്ചവർക്ക് ഒരു ലക്ഷം രൂപയെങ്കിലും റിട്ടയർമെന്റ് ആനുകൂല്യമായി നൽകണം. മാത്രമല്ല കാലഘട്ടത്തിനനുസൃതമായ ആനുകൂല്യം നൽകാനും കഴിയണം. അതുപോലെതന്നെ അവർക്ക് ലഭിക്കുന്ന പെൻഷൻ തുക ആയിരം രൂപ മാത്രമാണ്, മാത്രമല്ല ഈ തുക അവർക്ക് പെൻഷനായി ലഭിക്കണമെങ്കിൽ അവരുടെ ലൈസൻസ് സറണ്ടർ ചെയ്യണമെന്ന വ്യവസ്ഥകൂടിയുണ്ട്. അതിലും മാറ്റം വരുത്തേണ്ടതുണ്ട് ഇവിടേയും കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഇപ്പോൾ അവർക്ക് ലഭിക്കുന്ന വിവാഹ ധനസഹായം ഇരുപത്തയ്യായിരം

രൂപയാണ്, ആ തുകയിലും കാലാനുസൃതമായ മാറ്റമുണ്ടാകണം. അതുപോലെതന്നെ അവർക്ക് ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന വായ്പാതുക രണ്ടുലക്ഷം രൂപയാണ് ആ തുകയിലും കൂടുതൽ വർദ്ധന വരുത്താൻ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ചോദ്യം ചെയ്യുന്ന പലതിനോടുമൊപ്പം ഇപ്പോൾ 'വൺ നേഷൻ വൺ രജിസ്ട്രേഷൻ' എന്ന കേന്ദ്ര സർക്കാരിന്റെ തെറ്റായ നയസമീപനം എതിർക്കപ്പെടേണ്ട ഒന്നാണ്. പക്ഷെ അതിന്റെ ഭാഗമായിട്ടുള്ള ടെംപ്ലേറ്റ്സ് ഏറെ ചർച്ച ചെയ്യപ്പെട്ട വിവാദപരമായിട്ടുള്ള ഒരു തീരുമാനമാണ്. അതിനെ സംസ്ഥാന സർക്കാർ ആവേശത്തോടെ നടപ്പാക്കാൻ ശ്രമിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്, അതിൽനിന്നും സർക്കാർ പിന്തിരിയണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നത്. ഈ സിസ്റ്റം നടപ്പാക്കുന്നതോടുകൂടി അവശേഷിക്കുന്ന ജോലിയും നഷ്ടപ്പെട്ട്, ഈ മേഖലയിലെ തൊഴിലാളികൾ അന്യം നിന്നുപോകുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടാകാനിടവരും. അതുപോലെതന്നെ ഇത് കേന്ദ്ര സർക്കാരിന്റെ വിവിധങ്ങളായിട്ടുള്ള ഫെഡറൽ സംവിധാനത്തിനെതിരെയുള്ള നീക്കങ്ങളാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഈ രീതി

പരീക്ഷിക്കുകയും പരാജയമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അതിൽനിന്നും പിന്മാറേണ്ടിവന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയുമാണ്. മറ്റേതാനും ചില നിർദ്ദേശങ്ങൾകൂടിയുണ്ട്; സമയക്കുറവുകാരണം അതിലേയ്ക്കൊന്നും കടക്കുന്നില്ല. രജിസ്ട്രേഷൻ മേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ നമ്മുടെ രജിസ്ട്രാർ ഓഫീസുകളിൽ പലപ്പോഴും അനാരോഗ്യപരമായിട്ടുള്ള പല പ്രവണതകളും കണ്ടുവരാറുണ്ട്. ഈ കാലഘട്ടത്തിലും ഇത്തരത്തിലുള്ള സാഹചര്യങ്ങൾ തുടരുന്നത് കേരളത്തിനുതന്നെ നാണക്കേടാണ്, ആയതിനാൽ ഇത്തരം പ്രവണതകൾ തടയാനുള്ള കർശനമായ നടപടികളുണ്ടാകണം. ഫെയർവാല്യൂ റിവിഷനുൾപ്പെടെയുള്ള കാര്യങ്ങൾ പലപ്പോഴും അഴിമതിക്ക് കാരണമാകുന്നുണ്ട്. ഇത് തടയാനുള്ള സുതാര്യവും ശക്തവുമായിട്ടുള്ള ഒരു സംവിധാനം രൂപപ്പെടുത്തുന്നതിനെപ്പറ്റി ഈ സർക്കാർ ആലോചിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയമ ഭേദഗതി കൂടുതൽ കുറ്റമറ്റതും അർത്ഥപൂർണ്ണവുമാക്കാൻ വേണ്ടി ഈ ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്നുള്ള പ്രമേയം

അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു, നന്ദി.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും അതുപോലെതന്നെ അവരുടെ സുരക്ഷയ്ക്കുമായി കേരള സർക്കാർ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കിവരികയാണ്. ഇതിൽ ചില ക്ഷേമപദ്ധതികൾ നിയമത്തിന്റെ പ്രാബല്യമുള്ള സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ളതും മറ്റ് ചിലത് എക്സിക്യൂട്ടീവ് ഓർഡേഴ്സ് ആധാരമായിട്ടുള്ള ക്ഷേമനിധിയും നിലവിലുണ്ട്. മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാനില്ലാത്ത വളരെയധികം ക്ഷേമനിധികളുള്ള ഒരു സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ച് ഒരു ക്ഷേമ രാഷ്ട്രസങ്കൽപ്പത്തിന് അനുഗുണമായി പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇന്ത്യയിലെ ഏറ്റവും മികവുറ്റതും തൊഴിലാളി സൗഹൃദവുമായ സംസ്ഥാനമേതാണെന്ന് ചോദിച്ചാൽ, അതിനുള്ള ഉത്തരം

കേരളമാണെന്നാണ്. ക്ഷേമനിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾതന്നെയാണ് അതിനുള്ള ഒരു പ്രധാനപ്പെട്ട കാരണം. അവർക്ക് ലഭിക്കുന്ന വേതനം, തൊഴിലിന്റെ സുരക്ഷ, ചികിത്സാ സഹായം, പ്രസവാനുകൂല്യം, നിരവധിയായ സ്കോളർഷിപ്പുകൾ, അതുപോലെ വിവാഹത്തിനുള്ള ധനസഹായം അങ്ങനെ തൊഴിലാളികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ ഇതിലൂടെ നടപ്പാക്കിവരുന്നു. തൊഴിലാളിക്ഷേമമാണ് ഈ സർക്കാരിന്റെ മുഖമുദ്രയെന്ന് തെളിയിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിവരുന്നത്. സംസ്ഥാന സർക്കാർ ഇത്തരത്തിലുള്ള തൊഴിലാളിപക്ഷ നിലപാടുകളെടുക്കുമ്പോൾതന്നെ, കേന്ദ്ര സർക്കാരിന്റെ സമീപനം സംബന്ധിച്ച് എല്ലാവർക്കും നല്ല ബോധ്യമുള്ളതാണ്. എട്ടുമണിക്കൂർ തൊഴിൽ സമയമെന്ന അവകാശം ഇപ്പോൾ റദ്ദാവുകയും തൊഴിൽ സ്ഥിരതയെന്നത് ഒരു സ്വപ്നം മാത്രമായി മാറാൻ പോവുകയാണ്. ഏത് മുതലാളിക്കും തൊഴിലാളികളെ പിരിച്ചുവിടാനും തൊഴിലാളി യൂണിയൻ പ്രവർത്തനം നടത്തണമെങ്കിൽ മുതലാളിയുടെ അനുമതി വേണമെന്ന തരത്തിലുള്ള നിയമങ്ങൾ വരാൻ പോവുകയാണ്. ഇത്തരം നിയമങ്ങൾ നടപ്പാക്കുമ്പോൾ

അതിനെതിരെ നന്നായി ശബ്ദിക്കേണ്ട സംഘടനകൾ ഇപ്പോൾ എവിടെയാണ്? യു.ഡി.എഫ്. ഉൾപ്പെടെയുള്ള പാർട്ടിക്കാർക്ക് വിവാദമുണ്ടാക്കാനാണ് താൽപര്യം, അതിനപ്പുറത്തേയ്ക്ക് പോകുന്ന സ്ഥിതിയില്ല. ഇപ്പോൾ ആഗോള താപപനമൂലം ലോകം മുഴുവൻ തീരശോഷണം സംഭവിച്ച സന്ദർഭത്തിൽ അതുമായി ബന്ധപ്പെട്ട് ശാസ്ത്രജ്ഞന്മാർ ആയിരക്കണക്കിന് പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്, പക്ഷെ തിരുവനന്തപുരത്തുമാത്രം തീരശോഷണം സംഭവിച്ചത്, വിഴിഞ്ഞം തുറമുഖനിർമ്മാണം നടന്നതുകൊണ്ടാണെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവരാണ് സഭയിൽ ഇരിക്കുന്നത്. ഏതായാലും നിലവിലുള്ള ക്ഷേമനിധിയുടെ അപാകതകൾ ഓരോന്നായി പരിഹരിക്കുന്നതിനുള്ള നല്ല ശ്രമമാണ് സർക്കാർ നടത്തുന്നത്. അതിന് ഒരു പ്രധാനപ്പെട്ട കാര്യം നേരത്തെ മന്ത്രി സൂചിപ്പിച്ചു; ക്ഷേമനിധിയിലെ ഒരംഗം തുടർച്ചയായി ഒരു വർഷംവരെ പെന്റിംഗ് വരുത്തിയാൽ അത്തരം ആളുകളുടെ അംഗത്വം വീണ്ടും പുന:സ്ഥാപിക്കാൻ കഴിയുന്ന ഒരു പുതിയ നിയമമായി ഇത് മാറുകയാണ്. അതുപോലെ എനിക്ക് സൂചിപ്പിക്കാനുള്ളത് ആധാരമെഴുത്തുകാർ, പകർത്തെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ തുടങ്ങിയ

വിഭാഗത്തിൽപ്പെട്ടവർക്ക് എല്ലാവർക്കുംകൂടി നിലവിൽ ഒന്നിച്ചാണ് ക്ഷേമനിധി. എന്നാൽ അതിൽ വെണ്ടർക്കുമാത്രം അടയ്ക്കുന്ന 200 രൂപയ്ക്ക് പുറമെ അവരുടെ വരുമാനത്തിന്റെ രണ്ട് ശതമാനം സംഖ്യകൂടി അടയ്ക്കേണ്ടതായിട്ടുണ്ട്, അത്തരത്തിലുള്ള തീരുമാനം വിവേചനപരമായിട്ടുള്ളതും അല്ലെങ്കിൽ യുക്തിരഹിതവുമായിട്ടുള്ളതാണോയെന്ന ഒരു സംശയമുണ്ട്. അക്കാര്യം പരിശോധിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം.

രണ്ടാമത്തേത് അങ്ങനെ വരുമ്പോൾതന്നെ ഒരുപാട് ആളുകൾ, കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, വെണ്ടർമാരുടെ പ്രാതിനിധ്യമില്ലാത്ത ബോർഡ് നിലവിലുണ്ടായിരുന്ന സമയത്താണ് ഇത്തരത്തിലൊരു നിയമം കൊണ്ടുവന്നത്. അക്കാരണത്താൽ ക്ഷേമനിധി അടയ്ക്കാൻകഴിയാതെ ക്ഷേമനിധിയിൽനിന്നും കുറെ ആളുകൾ പിരിഞ്ഞുപോയി. അപ്പോൾ അങ്ങനെയുള്ളവരുടെ അംഗത്വംകൂടി ചേർത്തുകൊണ്ട് ക്ഷേമനിധി പുനഃസ്ഥാപിക്കാനുള്ള സ്ഥിതിയുണ്ട്, അതൊന്ന് പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്, പത്തും പതിനഞ്ചും കൊല്ലക്കാലം സേവനം ചെയ്ത അച്ഛനും

അമ്മയുമെല്ലാം മരിച്ചുപോയ ധാരാളം താൽക്കാലിക വെണ്ടർമാരുണ്ട്, അങ്ങനെയുള്ളവർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്, അവർക്ക് ക്ഷേമനിധിയിൽ ചേരാൻ കഴിയുമോയെന്നുള്ള കാര്യംകൂടി ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം അതിന്റെ തലവന്മാരായി വരുന്നത് ജനപ്രതിനിധികളായ മന്ത്രിമാരാണ്, ഉറപ്പായും ജനാധിപത്യത്തിൽ ജനപ്രതിനിധികൾക്ക് തന്നെയായിരിക്കണം ഉദ്യോഗസ്ഥന്മാരെക്കാൾ ഉയർന്ന സ്ഥാനം നൽകേണ്ടത്. ആ കാഴ്ചപ്പാടിൽനിന്നുകൊണ്ടാണ് ചെയർമാനായി സെക്രട്ടറിക്ക് പകരം രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെ തെരഞ്ഞെടുക്കണമെന്ന നിർദ്ദേശം വച്ചിട്ടുള്ളത്; വളരെ ശാസ്ത്രീയമായിട്ടുള്ളതും അഭികാമ്യവുമായിട്ടുള്ള ഒരു തീരുമാനമാണത്.

ഒരു വൺടൈം സെറ്റിൽമെന്റിനെക്കുറിച്ച് പറയുന്നുണ്ട്; ഇത്തരം പ്രശ്നങ്ങളെയെല്ലാം ഒരുമിച്ച് കൂട്ടായി പരിഹരിക്കാനുള്ള പ്രവർത്തനംകൂടി ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ഇതെല്ലാം ഈ മേഖലയിലുള്ളവരുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ബഹുമാനപ്പെട്ട അംഗം ഇവിടെ ആധാരം എഴുത്തുകാരുടെയും വെണ്ടർമാരുടെയും ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ടാണ് സംസാരിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഈ മേഖലയിൽ തൊഴിൽ സുരക്ഷിതത്വം നഷ്ടപ്പെടാൻ പോവുകയാണ്. പതിനായിരക്കണക്കിന് ആളുകൾ നമ്മുടെ സംസ്ഥാനത്ത് ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അതിൽ നല്ലൊരു വിഭാഗം സ്ത്രീകളാണ്, അവർ പരമ്പരാഗതമായി ഈ മേഖലയിൽ പണിയെടുക്കുന്ന ഒരു വിഭാഗമാണ്. 'വൺ നേഷൻ വൺ രജിസ്ട്രേഷൻ' എന്ന സംവിധാനം വരുന്നതോടുകൂടി ഇതെല്ലാം ഓൺലൈനിലേയ്ക്ക് മാറുകയാണ്. അങ്ങനെ മാറുമ്പോൾ പരമ്പരാഗതമായി ആധാരമെഴുത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിൽ നഷ്ടപ്പെടാനും അതുപോലെ ആധാരത്തിന്റേതുൾപ്പെടെയുള്ള സുതാര്യത നഷ്ടപ്പെടാനും സാധ്യതയുണ്ട്.

<u>മി. സ്പീക്കർ</u>: ഇപ്പോൾ താങ്കൾ ചർച്ചയിൽ പങ്കെടുക്കുന്നതുപോലെയായി...പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഇവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും ആധാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

സുരക്ഷിതമായിരിക്കുമെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇക്കാര്യമുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ മേഖലയിലുള്ള ഇ-സ്റ്റാമ്പിംഗ്, വെണ്ടർമാരുടെ തൊഴിൽ സംരക്ഷണം തുടങ്ങി നിരവധിയായ പരിഷ്കാരങ്ങൾ വകുപ്പ് ശ്രദ്ധിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ ക്ഷേമനിധി ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇക്കാര്യം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ മേഖലയിലുള്ള നിരവധി പരിഷ്കാരങ്ങൾ, ഇ-സ്റ്റാമ്പിംഗ്, വെണ്ടർമാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം എന്നിവയുൾപ്പെടെ വകുപ്പ് ശ്രദ്ധിക്കും. ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാനിവിടെ മുന്നോട്ടുവച്ച ഭേദഗതിയെ സ്വാഗതം ചെയ്തുകൊണ്ടാണ് രണ്ടുപേരും സംസാരിച്ചത്. അതിൽ ബഹുമാന്യനായ

സജി ചെറിയാൻ സൂചിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിൽ ഗവൺമെന്റ് നിലപാടും അതുതന്നെയാണ്. One Nation, One Registration എന്ന ആശയത്തോട് നമുക്ക് യോജിക്കാൻ കഴിയില്ല. അത് നമ്മുടെ ഫെഡറൽ സംവിധാനത്തിന് വെല്ലുവിളിയാണ്. ആ രൂപത്തിൽത്തന്നെയാണ് ഗവൺമെന്റ് പ്രസ്തുത വിഷയത്തെ കാണുന്നത്.

One Time Settlement-ന് പലിശ ഒഴിവാക്കണമെന്നൊരു നിർദ്ദേശം പറയുകയുണ്ടായി. One Time Settlement എന്നുപറയുന്നതുതന്നെ അവർക്ക് ആകെ വരുന്ന എമൗണ്ട് മുഴുവൻ അടയ്ക്കാതെ അതിൽ ഭേദഗതി ചെയ്ത് കഴിയാവുന്ന രൂപത്തിൽ അവരുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കുക എന്നതുതന്നെയാണ്. അതുകൊണ്ട് അങ്ങ് സൂചിപ്പിച്ച അക്കാര്യത്തെ സംബന്ധിച്ച്... നിർദ്ദേശം വളരെ വ്യക്തമാണ്. അതിൽ സംശയംവേണ്ട.

വെണ്ടർമാരുടെ വിഹിതം സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. വെണ്ടർമാരും എഴുത്തുകാരും ഒരുപോലെയല്ല. എഴുത്തുകാർ അവർ ചെയ്യുന്ന ജോലിയുടെ പ്രതിഫലം വാങ്ങുന്നുണ്ട്. വെണ്ടർമാർ ഏജൻസികളാണ്. സർക്കാരിന്റെ മുദ്രപത്രം വാങ്ങി നൽകുമ്പോൾ അവർ കമ്മീഷൻ വാങ്ങുകയാണ് ചെയ്യുന്നത്. ആ കമ്മീഷന്റെ ഒരു ഭാഗമാണ് അവരുടെ രണ്ട്

ശതമാനം. എഴുത്തുകാരും വെണ്ടർമാരും ബിസിനസ്സുകാരും ഒരുപോലെയല്ല. അതാണ് അതിന്റെ വ്യത്യാസം. അതങ്ങ് തിരിച്ചറിയണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മറ്റ് ക്രിയാത്മകമായി വന്നിട്ടുള്ള നിർദ്ദേശങ്ങൾ പൊതുവിൽ ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ്, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീസ് ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടും അടിയന്തര സാഹചര്യം പരിഗണിച്ചുകൊണ്ടും 2022 ഡിസംബർ 6-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഒരു കൂട്ടിച്ചേർക്കൽ വരുത്തിക്കൊണ്ട് 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ കൂടി ഇന്ന് അവതരിപ്പിക്കാൻ സഭ തീരുമാനിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന് ചട്ടം സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ....

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കേണ്ടതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ബില്ലിന്റെ ഉദ്ദേശ്യം മാത്രം ചുരുക്കി പറയാം. കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന മദ്യവും കേരളത്തിലെതന്നെ ഡിസ്റ്റിലറികളിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യവും നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിലേയ്ക്ക് അല്ലെങ്കിൽ ബിവറേജസ് കോർപ്പറേഷനിൽ വിതരണം ചെയ്യുന്നുണ്ട്. കേരളത്തിന് പുറത്തുനിന്ന് വരുന്ന മദ്യത്തിന് ടേണോവർ ടാക്സില്ല. എന്നാൽ കേരളത്തിലുള്ള ഡിസ്റ്റിലറികളിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന് ടേണോവർ

ടാക്സുണ്ട്. ഇതിങ്ങനെ നിൽക്കുമ്പോൾ, അടുത്ത സമയത്ത് Extra Neutral alcohol (ഇ.എൻ.എ.)-ന്റെ വില വലിയ തോതിൽ വർദ്ധിച്ചു. 50 ശതമാനത്തോളം ഉൽപ്പാദനം കേരളത്തിനുള്ളിനാണെന്നാണ് കണക്ക്, ഇ.എൻ.എ.-യുടെ വില ലിറ്ററിന് 15 രൂപവരെ വർദ്ധിച്ചപ്പോൾ 57 രൂപയിൽനിന്നും അത് 72-73 രൂപയായി ഉയർന്നു. ടേണോവർ ടാക്സ് ഒഴിവാക്കിത്തരണമെന്നുള്ള ആവശ്യം കഴിഞ്ഞ കുറേ നാളുകളായി പ്രസ്തുത ഡിസ്റ്റിലറികൾ ആവശ്യപ്പെടുകയാണ്. കുറച്ചുകാലമായി അത് കുറയ്ക്കാൻ സാധിച്ചില്ല. ഈ അടുത്ത കാലത്ത് അവർ ഉൽപ്പാദനം നിർത്തി. അതിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന വിലകുറഞ്ഞ മദ്യത്തിന് വലിയതോതിൽ ഷോർട്ടേജ് വന്നു. ആ സമയത്ത് അത് വലിയ വാർത്തയായിരുന്നു. ഇങ്ങനെ ഷോർട്ടേജ് വന്നതിനെത്തുടർന്ന് വിൽപ്പനയും കുറഞ്ഞു. അതിന്റെ കണക്ക് നമ്മുടെ കൈവശമുണ്ട്. രണ്ടാഴ്ചത്തെ കച്ചവടം കുറഞ്ഞതിന്റെ ഭാഗമായി വലിയ തോതിലുള്ള നഷ്ടമുണ്ടായി. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് വളരെ വിശദമായി പരിശോധിച്ച് കേരളത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്നതും പുറത്ത് ഉൽപ്പാദിപ്പിക്കുന്നതും തുല്യമായ നിലയിൽ ഒരേ കാറ്റഗറിയായി കണക്കാക്കി

പ്രസ്തുത ടേണോവർ ടാക്സ് 5% എന്നുള്ളത് ഒഴിവാക്കാൻ തീരുമാനിച്ചു. അങ്ങനെ ഒഴിവാകുമ്പോൾ നമ്മുടെ മദ്യത്തിൽനിന്നുള്ള വരുമാനത്തിൽ വർഷം ഏകദേശം 170 കോടി രൂപയുടെ വ്യത്യാസം വരും. നമ്മുടെ വിൽപ്പന നികുതിയിൽ 4% വ്യത്യാസം വരുത്തിയാൽ പ്രസ്തുത നഷ്ടം നികത്താൻ സാധിക്കും. ഫലത്തിൽ മദ്യത്തിന്റെ വിലയിൽ ഉപഭോക്താവിന് 2% കൂടുതൽ നൽകേണ്ടി വരും. പരമാവധി ഒരു കുപ്പി മദ്യത്തിന് 10 രൂപയും ചില ഇനങ്ങൾക്ക് അൽപ്പംകൂടി വില വർദ്ധിക്കും. ടേണോവർ ടാക്സ് പിൻവലിക്കുകയും അതിനനുസരിച്ച് വിൽപ്പന നികുതി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി. അടിയന്തര സ്വഭാവം വേറൊന്നുമല്ല, ബിൽ എത്രയുംപെട്ടെന്ന് പാസ്സാക്കിയാൽ മാത്രമേ തുക കളക്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ റവന്യൂവിന്റെ പ്രശ്നമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ടേണോവർ ടാക്സ് ഒഴിവാക്കുമ്പോൾ അവസാന വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന് എത്ര തുക നഷ്ടമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓരോ വർഷവും വ്യത്യാസം വരും. ഏകദേശം 150 കോടി രൂപയാണ് ടേണോവർ ടാക്സ് വരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, 4% നികുതി ഏർപ്പെടുത്തുമ്പോൾ എത്ര തുകയാണ് അധിക വരുമാനമായി പ്രതീക്ഷിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബിവറേജസ് കോർപ്പറേഷന്റെ നിലവിലെ കണക്കെടുത്ത് പരിശോധിക്കുമ്പോൾ ഏകദേശം ഇതിന് തുല്യമായ തുക വരുന്ന തരത്തിലുള്ള കാൽക്കുലേഷനാണ് നടത്തിയിരിക്കുന്നത്. അതനുസരിച്ച് സെക്രട്ടറിതല കമ്മിറ്റി പലതവണ ചേർന്നതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 158-160 കോടി രൂപ വരുന്ന വിധത്തിലാണ് കാൽക്കുലേഷൻ നടത്തിയിരിക്കുന്നത്. പക്ഷെ, രണ്ടാഴ്ചക്കാലത്തെ മദ്യത്തിന്റെ കച്ചവടം കുറഞ്ഞതുവഴി സംസ്ഥാന ഖജനാവിലേയ്ക്ക് ഏകദേശം 60 കോടി രൂപയിലധികം നഷ്ടംവന്നിട്ടുണ്ട്. മാർക്കറ്റിൽ ജവാൻ പോലെയുള്ള വിലകുറഞ്ഞ മദ്യ ഇനങ്ങളുടെ ലഭ്യത കുറഞ്ഞതുകാരണം വിൽപ്പനയിൽ കുറവ് വന്നു. ടേണോവർ ടാക്സ് മാത്രമല്ല, ആകെ കച്ചവടം കുറയുന്ന സ്ഥിതിയുണ്ടായി. രണ്ടാഴ്ചകൊണ്ട് 60 കോടി രൂപയിലധികം കുറവ് വന്നതായാണ് കണക്ക്.

മി. സ്പീക്കർ: 2022-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഇതിന് ചർച്ചയില്ലേ; ഇതിന്റെ പൊതുധാരണയെന്താണ്?

മി. സ്പീക്കർ: ചർച്ചയില്ലാതെ പാസ്സാക്കുക എന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വകുപ്പുതിരിച്ചുള്ള പരിഗണനയാണല്ലോ നടക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതൊരു അടിയന്തര സാഹചര്യത്തിൽ ഉൾപ്പെടുത്തി എന്നതിന് കുഴപ്പമില്ല. പക്ഷെ, ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ കോപ്പി സർക്കുലേറ്റ് ചെയ്യുക എന്നത് നമ്മുടെ പ്രൊസീഡ്യുവറിൽ കൃത്യമായി പറയുന്നതാണ്. ഏത് അടിയന്തര സാഹചര്യത്തിലാണെങ്കിലും അജണ്ട തെറ്റിച്ചുകൊണ്ട് എടുക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. പക്ഷെ, ബിൽ സർക്കുലേറ്റ് ചെയ്യണം.

മി. സ്പീക്കർ: ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്.

ഇതിന്മേൽ ചർച്ച വേണ്ടതല്ലേ?

മി. സ്പീക്കർ: ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ സഹകരിക്കണം. ഇതൊരു പ്രത്യേക സാഹചര്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ ഗൗരവകരമായ ബില്ലാണെന്ന് പറയാൻ കാരണം ഇതിൽ ഉൽപ്പാദകർക്ക് 150 കോടി രൂപയുടെ ലാഭമുണ്ടാകുകയാണ്. ഇതിലെ കൺസ്യൂമറിനാണ് മന്ത്രി പറഞ്ഞതനുസരിച്ച് അത്രയും വലിയ നഷ്ടം വരുന്നത്. ഇത് സോഷ്യൽ ഇംപാക്ട് ഉണ്ടാക്കുന്ന സംഭവമാണ്, കാരണം വീടുകളെ ബാധിക്കുന്ന പ്രശ്നമാണ്. അതായത്, മദ്യം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആളുകൾ ടാക്സ് വർദ്ധിച്ചതുകൊണ്ട് ഉപയോഗം കുറയ്ക്കാൻ പോകുന്നില്ല. അവർ വീട്ടിൽ കൊടുക്കുന്ന തുകയായിരിക്കും കുറയാൻ പോകുന്നത്. അതിനൊരു സോഷ്യൽ ഇംപാക്ടുണ്ട്, നഷ്ടം സാധാരണ കുടുംബങ്ങൾക്കും ലാഭം കമ്പനികൾക്കുമാണ്, വളരെ ഗൗരവമായ ബില്ലാണ്, ചർച്ച ചെയ്യപ്പെടേണ്ട ബില്ലാണ്.

മി. സ്പീക്കർ: ഇതൊരു പ്രീസിഡന്റ് ആകുകയില്ല, ഇപ്പോഴത്തെ പ്രത്യേക സാഹചര്യമാണ്, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചതാണ്. ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ സഹകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ ടാക്സ് കൊടുക്കണമെന്നും കേരളത്തിനു പുറത്തുനിന്നും കൊണ്ടുവരുന്നവർ ടാക്സ് കൊടുക്കണ്ടെന്നും പറയുന്നൊരു വിവേചനത്തിന്റെ പ്രശ്നമുണ്ടായി. അപ്പോൾ കേരളത്തിലെ 80 ശതമാനത്തോളം ഉൽപ്പാദനം വരുന്ന കമ്പനികൾ അവരുടെ പ്രൊഡക്ഷൻ നിർത്തി. എക്സൈസ് വകുപ്പിന്റെ കീഴിലുള്ള തിരുവല്ലയിലെ ജവാൻ മദ്യം ഉൽപ്പാദിപ്പിക്കുന്ന കമ്പനിക്ക് ഒരു കെയ്സിന് 18 രൂപയ്ക്കടുത്ത് നഷ്ടം വന്നു. അവർക്ക് ഉൽപ്പാദനത്തിൽ പ്രശ്നം വന്നു, നമ്മുടെ ഡൊമസ്റ്റിക് പ്രൊഡക്ഷനിൽ ഗവൺമെന്റിന് ഒരു സ്ഥാപനമാണുള്ളത്, ആ സ്ഥാപനം ഉൾപ്പെടെ പ്രൊഡക്ഷൻ നിർത്തുന്ന സ്ഥിതി വന്നു. അങ്ങനെ വരുമ്പോൾ യഥാർത്ഥത്തിൽ പുറത്തുനിന്നും വരുന്ന കമ്പനികളുടെ മദ്യം മാത്രമേ വരൂ. ആവശ്യത്തിന് കിട്ടാതെ വരും, പ്രധാനപ്പെട്ട പത്രങ്ങളിലെല്ലാം ആ ദിവസങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. സ്പിരിറ്റിന്റെ വിലകൂടി, മദ്യ നിർമ്മാണശാലകൾ പൂട്ടി, കുറെ ദിവസങ്ങളായി പ്രശ്നമാണ്. ബിവറേജ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ സാധനങ്ങളില്ലാത്തതിനാൽ അടച്ചുപൂട്ടപ്പെടുന്ന സ്ഥിതി വന്നു, വ്യാജമദ്യം വരുമെന്ന പ്രശ്നം വന്നു,

എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് വന്നു, കെ.എസ്.ബി.സി.-യുടെ കണക്ക് ഞാൻ പറഞ്ഞു, നമ്മുടെ മദ്യ വിൽപ്പനയുടെ ഭാഗമായി ഈ പറഞ്ഞ രണ്ടാഴ്ചത്തെ കംപാരിസൺ എടുക്കുമ്പോൾ തന്നെ നമ്മുടെ സംസ്ഥാന ഖജനാവിലേയ്ക്ക് മദ്യവിൽപ്പനയിൽ നിന്നുവരുന്ന വരുമാനം 80 കോടി രൂപ കുറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങൾ വന്നതുകൊണ്ടുതന്നെ, ഈ കണക്കുകൾ വച്ച് സംസ്ഥാനത്തിന് പുറത്ത് ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾക്കുമാത്രമേ നിൽക്കാൻ പറ്റൂ. സംസ്ഥാനത്തിനകത്ത് ഈ വ്യത്യാസം വരുന്നതിന്റെ പ്രശ്നം ഉൾപ്പെടെയുണ്ട്, അതുവച്ചിട്ടാണ് ഈ ബിൽ വന്നത്. ഏറ്റവും വിലകുറഞ്ഞ, സാധാരണ കടകളിൽ കിട്ടുന്ന മദ്യം ഇല്ലാതാകുന്നതുകാരണം അവിടെ വ്യാജമദ്യം വരുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ വരുന്നു. അതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്, ഏകദേശം എഴെട്ടു മാസക്കാലം വിവിധ കമ്മിറ്റികൾ പഠിച്ചതാണ്. ഈയടുത്ത കാലത്ത് ഇതിന്റെ വലിയ പ്രശ്നം വന്നു, അതുകൊണ്ടാണ് അടിയന്തരമായി ഈ കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചത്.

<u>മി. സ്പീക്കർ</u>: ഒരു ഡിബേറ്റിലേയ്ക്ക് പോകാതെ, ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ഉത്തരം കൺവീനിയൻസ്ഡ് ആയിരിക്കുമെന്നാണ്

ധരിക്കുന്നത്.

ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ): സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതിന്റെ അർജൻസി പറഞ്ഞത് മനസ്സിലാകും, അങ്ങനെയാണെങ്കിൽ ഇവിടെ കുറെ ബില്ലുകൾ കൊണ്ടുവന്നതിൽ അർജന്റായിട്ടുള്ളവയുടെ കൂട്ടത്തിൽ എടുത്താൽ പോരായിരുന്നോ?

മി. സ്പീക്കർ: നിങ്ങൾ തമ്മിൽ ഇതുസംബന്ധിച്ച് ധാരണയിലെത്തിയെന്നാണ് ചെയറിന്റെ ബോധ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബിൽ ഗവർണർ ഒപ്പിട്ടുവരുന്നതിന്റെയൊരു പ്രശ്നമുണ്ടായിരുന്നു. കാര്യോപദേശകസമിതി ചേരുന്ന സമയത്ത് ഗവർണർ ഒപ്പിട്ട് ഈ ബിൽ വന്നിരുന്നില്ല. ഇത് ധനകാര്യത്തിൽ വളരെ പ്രാധാന്യമുള്ളൊരു കാര്യമാണ്, കഴിഞ്ഞ ദിവസം ബി.എ.സി. കൂടുന്ന സമയത്ത് ഈ ബിൽ ഗവർണർ ഒപ്പിട്ടു വന്നില്ല, അതുകൊണ്ടാണ് ഈ ബിൽ ഉൾപ്പെടുത്താത്തത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് നമ്മൾ അംഗീകരിച്ചതുകൊണ്ടാണ് ഈ ബിൽ സഭയിൽ എടുക്കാൻ സമ്മതിച്ചത്. പക്ഷെ ചർച്ച കൂടാതെ ബിൽ പാസ്സാക്കുകയാണ്. ഗൗരവതരമായ ഈ

വിഷയത്തിന്റെ വിവിധഭാഗങ്ങൾ സംസാരിക്കാതെ ബിൽ പാസ്സാക്കുന്നത് ശരിയല്ല, നമുക്ക് ചർച്ച ചെയ്യണം. ബിൽ ചർച്ച ചെയ്യണം. കാരണം ഇത് ഗൗരവതരമായ കാര്യമാണ്. ഇവിടെ പറഞ്ഞ വാദമുഖങ്ങളോടൊക്കെ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. കാരണം പുറത്തുനിന്നു വരുന്ന മദ്യത്തിന് ടേണോവർ ടാക്സില്ല, ഇവിടെയുള്ളതിന് ഉണ്ടെന്നാണ് വാദം. അതുകൊണ്ട് ഇവിടെ എടുത്തുകളയുകയാണെന്നാണ്. 150 കോടി രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടായിരുന്നത് വേണ്ടെന്ന് വയ്ക്കുകയാണ്, എന്നിട്ട് അതിന്റെ ഭാരം മുഴുവൻ കൺസ്യൂമേഴ്സിന്റെ തലയിൽ വയ്ക്കുകയാണ്. ഇപ്പോൾതന്നെ കേരളത്തിൽ 247 ശതമാനം ടാക്സുണ്ട്, ഇന്ത്യയിൽ ഒരിടത്തുമില്ല 247 ശതമാനം. അത് ഇപ്പോൾ 251 ശതമാനമാകുകയാണ്. സാധാരണ പറയാറുള്ളത് മദ്യത്തിന്റെ ഉപഭോഗം കുറയുമെന്നാണ്. ടാക്സ് കൂടിക്കഴിഞ്ഞാൽ മദ്യത്തിന്റെ ഉപഭോഗം കുറയുകയില്ല.

മി. സ്പീക്കർ: അങ്ങനെയാണെങ്കിൽ ബിൽ നാളെ ചർച്ചയ്ക്കെടുക്കാം.

ഓർഡർ.....ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ 8-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക്

വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.17-ന് പിരിഞ്ഞു.)

*************